# ശ്രുതിരേഖ
# SRUTHIREKHA

ശ്രുതി യു.കെ. പ്രസിദ്ധീകരണം



2019 - 1194

GOOD FOOD GUIDE 2018

Waitrose Good Food Guide 2017,2018 & 2019

MICHELIN 2019

Michelin Restaurant Guide 2015,2016,2017, 2018 & 2019 recommended

Harden's

Harden's Restaurant Guide 2015,2016,2017,2018 & 2019 recommended

tripadvisor

Top 10 curry house in UK by Tripadvisor,2015

Yorkshire Evening Post

Reviewed 5 star

THE YORKSHIRE POST

Reviewed 5 star

BBC goodfood

The Best Places in Leeds to Eat.

theguardian

Recommended in the Alt City Guide to Leeds

msn TRAVEL

Recommended as one of the top 10 Indian Restaurants in UK

ENGLISH CURRY AWARDS 2016

Best South Indian Restaurant in England

METRO

Recommended as one of the Top 10 Restaurants in Yorkshire.

THE SUNDAY TIMES

Recommended for Best Indian Food in Leeds

lonely planet

Best Restaurants in Leeds

Yorkshire & the Humber Enterprise 2017

Best Indian Restaurant

TOP 100 RESTAURANTS IN THE NORTH WEST

Tharavadu

Home of Kerala Cuisine

www.tharavadurestaurants.com




**Front Cover:**
*Sketch by Aaysha Shahid, art work by Shobin.*

**Graphics courtesy :**
*www.vectorstock.com*

**Back Cover Photo :** *Suresh Elamon*
**Verse :** *Edasseri (Pulimavu Vetti)*


**Editor:** *Sethulakshmi S*

**Magazine Committee:**
*Breeze George*
*Sangeeta Unnikrishnan*
*Bobby Hariharadas*
*Resmi Sarala*

**Illustrations:**
*Joma George*
*Neeraj Cherukunnath*
*Mahesh Narayanan*
*Sreeraj R Nair*
*Vinod Francis*
*Anju Gopinath*
*Gowri*
*Arnav*

**Design & Layout:**
*Sangeeta, Resmi Sarala*

**Sruthi UK Executive Committee:**
*Sethu Wariyar*
*Rathi Venugopal*
*Chovodath Unnikrishnan*
*Sreekanth Balasubramaniam*
*Ajith Kartha*
*Usha Binooj*
*Breeze George*
*Rashmi Sudhir*
*Shahid Rashid*
*Satheesh Manayankath*

*sruthirekhauk@gmail.com*
*http://www.sruthionline.com*

**ISSN 2052-3009 (Print)**

**Publisher:**
*Sruthi UK*
*19 Vaughan Road,*
*Stamford Brook*
*Altrincham, WA14 5UY*


# ഉള്ളടക്കം CONTENTS


| | |
|---|---|
| 2 | ആമുഖം |
| 3 | 1956 നവംബർ 1: അങ്ങനെയായിരുന്നു ആ ദിവസം<br>ഡോ. പി.കെ രാജശേഖരൻ *Dr P K Rajasekharan* |
| 8 | ചാത്തങ്കുളങ്ങര ഹനുമാൻ-സീത ദാരുശിൽപ്പം: സ്ഥല-കാല-ചലന പ്രഭാവങ്ങൾ<br>എതിരൻ കതിരവൻ *Ethiran Kathiravan* |
| 12 | വൈക്കം സത്യഗ്രഹവും ആമചാടി തേവനും<br>ഗണേഷ് പുത്തൂർ *Ganesh Puthur* |
| 14 | കാഞ്ഞിരപ്പള്ളിക്കാരൻ കവിയുടെ മാവേലിപ്പാട്ട്<br>ഡോ. കാനം ശങ്കരപ്പിള്ള *Dr Kanam Sankara Pillai* |
| 16 | ശ്രീനാരായണഗുരു അറിവും അലിവും ചേർന്ന കൃപാനിധി<br>സജനീവ് ഇത്തിത്താനം *Sajaneev Ithithanam* |
| 19 | ആയുർവ്വേദം ചരിത്രപശ്ചാത്തലം<br>എം ആർ രാഘവവാര്യർ *M R Raghava Varier* |
| 25 | ഓർമ്മത്താളിൽ മങ്ങിപ്പോയ ഒലന്തക്കളരി<br>പള്ളിക്കോണം രാജീവ് *Pallikkonam Rajeev* |
| 30 | മാപ്പിളപ്പാട്ട് - ചരിത്രവും, വർത്തമാനവും<br>ഫൈസൽ എളേറ്റിൽ *Faisal Elettil* |
| 33 | തൃശ്ശൂർ - ഒരു പൂരക്കാഴ്ച<br>സരിത അയ്യത്ത് മധുസൂദനൻ *Saritha Ayyath Madhusudanan* |
| 37 | സ്നേഹഗീതങ്ങളുടെ പാട്ടുകാരൻ<br>രവി മേനോൻ *Ravi Menon* |
| 39 | Sruthi Report 2018-19<br>ചൊവ്വോടത്ത് ഉണ്ണികൃഷ്ണൻ *Chovodath Unnikrishnan* |
| 43 | ശ്രീ ഷാജി. എൻ. കരുൺ (മുഖാമുഖം—2018)<br>ഡോ. ദീപ്തി ജ്യോതിഷ്, മധു ഷൺമുഖൻ<br>*Dr Deepthy Jyothish, Madhu Shanmukhan* |
| 48 | തകഴിയുടെ രണ്ടിടങ്ങഴി<br>ഡോ. നൈനാൻ ഡാനിയൽ *Dr. Ninan Daniel* |
| 51 | ഒരുവട്ടംകൂടി: എന്റെ പാഠപുസ്തകങ്ങൾ<br>ചൊവ്വോടത്ത് ഉണ്ണികൃഷ്ണൻ *Chovodath Unnikrishnan* |
| 54 | CHANGE IS THE ONLY CONSTANT<br>ബ്രീസ് ജോർജ്ജ് *Breeze George* |
| 58 | ഒറ്റനോട്ടത്തിൽ....<br>രഞ്ജീവ് കുറുപ്പ് *Renjeev Kurup* |
| 60 | A PLUNGE TO LIVE IN GOD'S OWN COUNTRY:<br>WHAT WE NOW SURELY KNOW<br>ഡോ. ശോഭ അരുൺ *Dr. Shoba Arun* |
| 64 | ടീലോമിയറിന്റെ ദൈർഘ്യം<br>ഡോ. ഇ. നന്ദകുമാർ *Dr. E. Nandakumar* |
| 66 | ഗാമ<br>സുധ നാരായണൻ *Sudha Narayanan* |
| 68 | മുകുളങ്ങൾ KIDS CORNER |

നമസ്കാരം...

ഒരായിരം ആശങ്കകളോടെയും അതിലേറെ അഭിമാനത്തോടെയും പ്രതീക്ഷയോടെയുമാണ് ശ്രുതിരേഖയുടെ ചുമതല എന്ന വെല്ലുവിളി ഈ സമിതി ഏറ്റെടുത്തത്. ശ്രുതിരേഖയെ ഇതുവരെ കൈപിടിച്ചു നടത്തിയവരുടെ മാർഗനിർദേശങ്ങളേയും, വാത്സല്യപൂർവ്വം അവളുടെ കാതിൽ പേരുചൊല്ലി വിളിച്ച, എവിടെയോ മറഞ്ഞിരുന്ന് ഇന്നും നമ്മെ നോക്കി പുഞ്ചിരിതൂകുന്ന ആ മഹാപ്രതിഭയുടെ അനുഗ്രഹത്തെയും നന്ദിയോടെ ഓർത്തുകൊണ്ട് ശ്രുതിരേഖയുടെ ഏഴാം ലക്കത്തിലേക്ക്...

ശ്രുതിരേഖയുടെ ഈ ലക്കത്തിലെ വിഷയം കേരളത്തിന്റെ സാംസ്കാരിക ചരിത്രമാണ്. അതായത് നമ്മുടെ കഥയും ജീവിതവും.

ചരിത്രം... നാം കഴിഞ്ഞ കാലത്തെ മനസ്സിലാക്കുന്ന അളവുകോലാണത്. നമ്മുടെ വീരന്മാരുടെയും നായകന്മാരുടെയും പേരുകൾ സുവർണ്ണലിപികളിൽ അവിടെ എഴുതപ്പെട്ടിരിക്കുന്നു. ഒറ്റവാക്കിൽ പറയാമെങ്കിലും അറിയാൻ ഒരു ആയുഷ്ക്കാലം മുഴുവൻ പോരാതെ അനന്തമായി പരന്നു കിടക്കുന്ന ഒന്നാണത്. കക്ക കൊണ്ട് കടൽവെള്ളം അളക്കുന്നതുപോലെയാണ് അതെക്കുറിച്ചു പരാമർശിക്കാൻ ശ്രമിക്കുന്നതെന്നറിയായ്കയല്ല. എന്നാൽ അധികമാരും അറിയാത്ത ഒരു പിടി കാര്യങ്ങൾ പറയാൻ ശ്രമിക്കുകയാണ് ശ്രുതിരേഖ ഇവിടെ.

ചരിത്രം എന്നും വിജയിക്കുന്നവന്റെ ഗാഥയാണ്. എന്നാൽ, “ആ രാജാവിന്റെയും ഈ രാജാവിന്റെയും” വിജയപരാജയങ്ങളുടെ കഥകൾ മാത്രമാണോ കാലത്തിനു മാനദണ്ഡം? നാം നമ്മെ അറിയേണ്ടത് രാജ്യം വെട്ടിപ്പിടിച്ചവരുടെയും അതിർത്തി വികസിപ്പിച്ചവരുടേയും ഭരണപരിഷ്കാരങ്ങൾ നടത്തിയവരുടേയും കഥകളിലൂടെ മാത്രമാണോ? സാധാരണക്കാരായ എല്ലാവർക്കും ചരിത്രത്തിൽ സ്ഥാനവും അവകാശവുമില്ലേ? സൂര്യന്മാരെപ്പോലെ ജ്വലിച്ചുനിന്ന രാജാക്കന്മാരുടെയും നേതാക്കളുടെയും പ്രകാശം ചെന്നെത്താത്ത ഇടങ്ങളിൽ മെഴുകുതിരിയായി എരിഞ്ഞവർക്കും കേരളചരിത്രത്തിന്റെ താളുകളെ മനോഹരങ്ങളാക്കാൻ പരിശ്രമിച്ചവർക്കുമായി ശ്രുതിരേഖയുടെ ഈ ലക്കം സമർപ്പിക്കുന്നു. ഇതിനുമുൻപ് വന്ന ശ്രുതിരേഖയുടെ എല്ലാ പതിപ്പുകളെയും കൈനീട്ടി സ്വീകരിച്ച നിങ്ങളുടെ മുൻപിലേക്ക് അതേ സ്നേഹം പ്രതീക്ഷിച്ച് ശ്രുതിരേഖ വീണ്ടും എത്തുകയാണ്.

...ലക്ഷ്മി

# 1956 നവംബർ 1: അങ്ങനെയായിരുന്നു ആ ദിവസം



രണ്ടു ദീപശിഖകൾ, പച്ചമലയാളത്തിൽ പറഞ്ഞാൽ രണ്ടു തീപ്പന്തങ്ങൾ - അവയായിരുന്നു ആ വിളക്കിച്ചേർക്കലിന്റെ പ്രതീകങ്ങൾ. തെക്കും വടക്കുമായി, തിരുവിതാംകൂറും കൊച്ചിയും മലബാറുമായി കിടന്നിരുന്ന വിഭക്തകേരളത്തെ 1956 നവംബർ ഒന്നിന് രാവിലെ ഐക്യകേരളമായി വിളക്കിച്ചേർത്തു. അതോടെ മലയാളവും മലയാളിയും ഇന്ത്യാറിപ്പബ്ലിക്കിലെ ഒരു സംസ്ഥാനമായി ഭാഷാന്തരപ്പെട്ടു. കല്ലേപ്പിളർക്കുന്ന കല്പനയുണ്ടായിരുന്ന അവസാനത്തെ രാജാവും ചരിത്രത്തിലേക്കും കഥയിലേക്കും മറഞ്ഞു. ഒരു വ്യാഴാഴ്ചയായിരുന്നു ആ കേരളപ്പിറവിദിനം. കൊല്ലവർഷം 1132 തുലാം 16. നാട്ടുമുഴുവൻ ആഘോഷങ്ങളും ഘോഷയാത്രകളുമുണ്ടായിരുന്നെങ്കിലും പല രാജ്യങ്ങളായി പണ്ടുപണ്ടേയുണ്ടായിരുന്ന കേരളം പുതിയ സംസ്ഥാനമായി വീണ്ടും പിറന്നത് തിരുവനന്തപുരത്തായിരുന്നുവെന്നു പറയാം, സെക്രട്ടറിയേറ്റിലെ ദർബാർഹാളിലും അതിനു പിന്നിലുള്ള സ്റ്റേഡിയത്തിലുമായി. ഔദ്യോഗിക ചിട്ടവട്ടങ്ങളുടെ ആഡംബരങ്ങളും അനുഷ്ഠാനങ്ങളും മറിമായങ്ങളുമൊക്കെയായാണ് കേരളപ്പിറവിയുടെ കഥ തുടങ്ങിയത്. ആന്ധ്രക്കാരനായ പെണ്ഡ്യാല സത്യനാരായണ റാവു എന്ന പി.എസ്. റാവു രാവിലെ എട്ടരയ്ക്ക് ദർബാർഹാളിൽ ഒഫിഷിയേറ്റിങ് ഗവർണ്ണറായി സത്യപ്രതിജ്ഞ ചെയ്തതോടെ ചടങ്ങുകൾ തുടങ്ങി. അധികാരമേറ്റ് പുറത്തുവന്ന ഗവർണ്ണർ സെക്രട്ടറിയേറ്റിന്റെ കിഴക്കേമുറ്റത്തെ പ്രസംഗമണ്ഡപത്തിൽ ദേശീയപതാക ഉയർത്തി കേരളപ്പിറവിച്ചടങ്ങ് ഉദ്ഘാടനം ചെയ്തു. അതിനുമുന്നിൽ സെൻട്രൽ സ്റ്റേഡിയത്തിൽ തിങ്ങിനിറഞ്ഞിരുന്ന പുരുഷാരം ആരവങ്ങളുമായി ഇളകിമറിഞ്ഞു.

കോഴിക്കോട്ടുനിന്ന് റിലേയായി സഞ്ചരിച്ചെത്തിയ ദീപശിഖയേന്തി സെക്രട്ടറിയേറ്റങ്കണത്തിലേക്കു കടന്നുവന്നത് പി. വാസവൻ എന്ന കായികതാരമായിരുന്നു. സൗഹാർദ്ദദീപമെന്നും സൗഹാർദ്ദദീപയഷ്ടിയെന്നും വിളിക്കപ്പെട്ട ആ തീപ്പന്തം ഉയർത്തിപ്പിടിച്ച് ഓടിവന്ന വാസവൻ നിസ്സാരനൊന്നുമായിരുന്നില്ല. തിരു-കൊച്ചി സംസ്ഥാനത്തിനുവേണ്ടി 'പോൾവോൾട്ട്' എന്ന മുളകുത്തിച്ചാട്ടത്തിൽ 1952-ൽ ചെന്നൈയിൽ നടന്ന ദേശീയ കായികമേളയിൽ വെള്ളിമെഡലും 1954-ൽ ഡൽഹിയിൽ നടന്ന മേളയിൽ വെങ്കലവും നേടിയ വാസവൻ പിന്നീട് പോലീസിലെ ഡെപ്യൂട്ടി സൂപ്രണ്ടായാണു വിരമിച്ചത്. ഡൽഹി ദേശീയ കായികമേളയിലെ വെള്ളി മെഡൽ ജേതാവും മലയാളി ആയിരുന്നു – സർവീസസിനു വേണ്ടി 12.3 അടി ഉയർന്നുചാടിയ കെ. ജോർജ്. മയിലെണ്ണയിലിട്ടപോലെ വളയുന്ന ആധുനിക ഫൈബർ പോളുകളൊന്നും ഇന്ത്യയിലില്ലാതിരുന്ന കാലത്താണ് വാസവൻമാരും ജോർജുമാരുമൊക്ക ഉയരങ്ങളിലേക്ക് ചാടിപ്പൊങ്ങിയത്. കാർബൺ ഫൈബർ പോളുകൾ കുത്തി ഇരുപതടിയോളമാണ് ഇന്നത്തെ കളിക്കാർ ചാടുന്നത്. വളയുന്ന പോളുകൾ ഇന്ത്യയിൽ എത്തിയതിനു പിന്നിലും ഒരു മലയാളിയുണ്ട് – വി.പി. നായർ. 'ട്രാവൻകൂർ മാനുവൽ' എന്ന അമൂല്യചരിത്രരേഖയെഴുതിയ സദസ്യതിലകൻ ടി.കെ. വേലുപ്പിള്ളയുടെ മകനായ വി.പി. നായർ എന്ന വി. പരമേശ്വരൻ നായർ 1952 മുതൽ 1962 വരെ ലോക് സഭാംഗമായിരുന്നു. 'മാലി' എന്ന തൂലികാനാമത്തിൽ പ്രസിദ്ധനായ ബാലസാഹിത്യകാരനും ആട്ടക്കഥാകൃത്തുമായ വി. മാധവൻ നായരുടെ സഹോദരൻ കൂടിയായ വി.പി. നായർ (തിരുവനന്തപുരത്തുകാരായ ഇരുവരും ഒന്നാംകിട ടെന്നീസ് കളിക്കാരായിരുന്നു) കമ്യൂണിസ്റ്റ് സ്വതന്ത്രനായി ചിറയൻകീഴ് മണ്ഡലത്തിൽനിന്നും രണ്ടു തവണ ലോക് സഭയിലെത്തി. കൊല്ലത്ത് ആർ.എസ്.പിയുടെ പരമശക്തനായ എൻ. ശ്രീകണ്ഠൻ നായരെയാണ് അദ്ദേഹം തോൽപ്പിച്ചത്. കായികവിദ്യയെ സ്നേഹിച്ചിരുന്ന വി.പി. നായർ ഒരിക്കൽ വിദേശയാത്രയ്ക്കു പോകുന്ന പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനോട് ആവശ്യപ്പെട്ടത് ആധുനിക പോളുകൾ കൊണ്ടുവരാനാണ്. നെഹ്റു അത് മറന്നില്ല. അദ്ദേഹം കൊണ്ടു വന്ന ഒറ്റ പോൾ കൊണ്ട്



**ഡോ. പി കെ. രാജശേഖരൻ**

സാഹിത്യകാരൻ, സാഹിത്യനിരൂപകൻ, ചരിത്രകാരൻ, പത്രപ്രവർത്തകൻ, അദ്ധ്യാപകൻ തുടങ്ങി നിരവധി മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

വലിയ പ്രയോജനമുണ്ടായില്ലെങ്കിലും അത് കായികവിദ്യയുടെ ആധുനികമുഖം വെളിപ്പെടുത്താൻ സഹായിച്ചു. അക്കഥ അവിടെ നിൽക്കട്ടെ. സെക്രട്ടറിയേറ്റങ്കണത്തിലെ പ്രസംഗ മണ്ഡപത്തിലേക്ക് ഒളിംപിക് ദീപശിഖയെന്ന പോലെ കേരളപ്പിറവിയുടെ പന്തവുമായി ഓടിയെത്തിയ വാസവൻ അത് ഗവർണ്ണർ പി.എസ്. റാവുവിനു കൈമാറി. ഗവർണ്ണർ അത് അന്നത്തെ തിരുവനന്തപുരം മേയർ പൊന്നറ ശ്രീധറിനു കൈമാറി. തിരുവിതാംകൂറിലെ സ്വാതന്ത്ര്യസമര പ്രസ്ഥാനമായിരുന്ന പൊന്നറ ശ്രീധർ ആ ദീപശിഖ ഹ്രസ്വമായൊരു നിശ്ശബ്ദപ്രാർഥനയോടെ തൊട്ടടുത്തു തയ്യാറാക്കിയിരുന്ന സ്തംഭത്തിൽ സ്ഥാപിച്ച നിമിഷത്തിൽ ഔദ്യോഗികമായി കേരള സംസ്ഥാനം പിറന്നു.

വടക്കും അതേസമയത്ത് കേരളം പിറന്നു, കോഴിക്കോട്ട്. മലബാറിന്റെ അനൗദ്യോഗിക തലസ്ഥാനമായ കോഴിക്കോട്ടെ മാനാഞ്ചിറ മൈതാനത്തേക്ക് തിരുവനന്തപുരത്തു നിന്നു കൊണ്ടു പോയ സൗഹാർദ്ദദീപയഷ്ടിയുമായി പ്രൊവിഡൻസ് കോളേജിലെ പ്രീ-യൂണിവേഴ്സിറ്റി (ഇന്നത്തെ പ്ലസ്ടു) വിദ്യാർത്ഥിനിയായ പി.കെ. ദേവി ഓടുകയായിരുന്നു. മുഴുപ്പാവാടയും മുഴുക്കൈക്കുപ്പായവും രണ്ടായിപിന്നിയിട്ട നീൾമുടിയുള്ള നഗ്നപാദയായ ആ പെൺകുട്ടി കൈമാറിയ ദീപശിഖ ഏറ്റുവാങ്ങി മലബാർ ജില്ലാകളക്ടർ പി.കെ. നമ്പ്യാർ ദേശീയ പതാക ഉയർത്തിയതോടെ വടക്കും കേരളം പിറന്നു. ഒക്ടോബർ 30-ന് രാവിലെ എട്ടുമണിക്ക് മെയിൻ റോഡിനു സമീപം തയ്യാറാക്കിയിരുന്ന പീഠത്തിലെ നിലവിളക്കിൽ നിന്ന് മേയർ പൊന്നറ ശ്രീധർ കത്തിച്ചു നൽകിയ ദീപശിഖയാണ് റിലേ ഓട്ടമായി പല സ്ഥലങ്ങളിൽ സ്വീകരണമേറ്റുവാങ്ങി കോഴിക്കോട്ടെത്തിയത്. ഗവൺമെന്റ് വിമൻസ് കോളേജിലെ വിദ്യാർത്ഥിനി ഐവോൺ എഡ്മൺഡ്സാണ് മേയറിൽനിന്നു ദീപശിഖ സ്വീകരിച്ച് ഓട്ടം തുടങ്ങിയത്. പഴവങ്ങാടി ഗണപതി കോവിലിനു മുന്നിൽവച്ച് ഐവോൺ അത് എ.ജി. ചെറിയാൻ എന്ന ഓട്ടക്കാരനു കൈമാറി. ട്രാൻസ്പോർട്ടിലെ കണ്ടക്ടറായിരുന്നു എ.ജി. ചെറിയാൻ. നഗരത്തിനകത്ത് ഓരോ ഫർലോങ്ങ് ദൂരം ഓരോരുത്തരും നഗരാതിർത്തി കഴിഞ്ഞ് ഓരോ മൈൽ ദൂരം ഓരോരുത്തരും എന്ന കണക്കിലായിരുന്നു ദീപശിഖാപ്രയാണം.

കോഴിക്കോട്ട് ദീപശിഖ വഹിക്കേണ്ട അവസാനത്തെയാളായ ഷൊർണ്ണൂരുകാരി പി.കെ. ദേവിക്ക് ചുമതല കിട്ടിയത് ഒരു ഓട്ടമത്സരത്തിലെ വിജയത്തിൽ നിന്നാണ്. ഷൊർണ്ണൂർ സെയ്ന്റ് ട്രീസാസ് കോൺവെന്റിൽ പഠിച്ച ദേവി തന്റെ ഓട്ടമത്സരമികവിലൂടെയാണ് കോഴിക്കോട്ടെ പ്രൊവിഡൻസ് കോളേജിൽ പ്രീയൂണിവേഴ്സിറ്റിക്കു പ്രവേശനം നേടിയത്. 1956 ഒക്ടോബർ 31-ന് പ്രൊവിഡൻസിന്റെ പ്രിൻസിപ്പലായ കന്യാസ്ത്രീ, ദേവിയുൾപ്പെടെയുള്ള ഓട്ടക്കാരികളെ കോളേജ് മൈതാനത്തേക്ക് നിർബന്ധിച്ചു കൂട്ടിക്കൊണ്ടുപോയി. ഒരുപാടു പെൺകുട്ടികൾ പങ്കെടുത്ത ആ നൂറുമീറ്റർ ഓട്ടപ്പന്തയം പല വട്ടം നീണ്ടു. അവശേഷിച്ച രണ്ടുപേരിൽ ഒന്നാമതെത്തിയതോടെയാണ് ദേവിക്ക് ദീപശിഖാവാഹകയാകാൻ അവസരം കിട്ടിയത്. നവംബർ ഒന്നിന് രാവിലെ കൃത്യം എട്ടിന് കോഴിക്കോട്ടെത്തിയ ദീപശിഖ യൂണിഫോമണിഞ്ഞ ഏതോ റിലേ ഓട്ടക്കാരനിൽ നിന്ന് ഏറ്റുവാങ്ങി പി.കെ. ദേവി മാനാഞ്ചിറ മൈതാനത്തേക്ക് പ്രവേശിച്ചു. അതിനുമുമ്പ് നാലുചുറ്റ് ഓടിയ ശേഷമാണ് അലങ്കരിച്ച കിഴക്കേ വാതിലിലൂടെ പുറത്തുകടന്ന് ദേവി തിരുവനന്തപുരത്തു നിന്നെത്തിയ സൗഹാർദ്ദദീപം സ്വീകരിച്ച് വീണ്ടും മൈതാനത്തേക്ക് കടന്നത്. കളക്ടർ പി.കെ. നമ്പ്യാർ ആ ബാലികയിൽനിന്ന് ദീപശിഖ ഏറ്റുവാങ്ങി സ്തംഭത്തിൽ സ്ഥാപിച്ചു. വി.കെ. കൃഷ്ണമേനോൻ ഉദ്ഘാടനം ചെയ്ത ആ കേരളപ്പിറവിയാഘോഷത്തിന്റെ വേദിയിൽ ദേവിക്കും ഇരിപ്പിടമുണ്ടായിരുന്നു. ഒരു ചരിത്രമുഹൂർത്തത്തിന്റെ പന്തമേന്തിയ ആ ഓട്ടക്കാരി പിൽക്കാലത്ത് കാവിയുടുത്തു. അധ്യാപികയും ഭാര്യയും അമ്മയുമായി മാറിയ പി.കെ. ദേവി ഭർത്താവ് രാമചന്ദ്രമേനോനോടൊപ്പം ജീവിതസായാഹ്നം ചെലവിടാൻ തിരഞ്ഞെടുത്തത് കൊല്ലം ജില്ലയിലെ വള്ളിക്കാവിലുള്ള അമൃതാനന്ദമയീമഠമാണ്.

കേരളപ്പിറവി കാണാൻ ക്ഷണിക്കപ്പെട്ട വിശിഷ്ടാതിഥികൾ 1956 നവംബർ ഒന്നിന് രാവിലെ 8:10-നു മുൻപു തന്നെ സെക്രട്ടറിയേറ്റിലെ ദർബാർ ഹാളിലെത്തി അവരവർക്കായി സജ്ജീകരിക്കപ്പെട്ടിരുന്ന ഇരിപ്പിടങ്ങളിരുന്നു. മുന്നൂറോളം പേരുണ്ടായിരുന്ന ആ ക്ഷണിക്കപ്പെട്ട വിശിഷ്ടരുടെ പട്ടിക അന്ന് തിരുവനന്തപുരത്ത് എഡിഷൻ ഇല്ലാതിരുന്ന കോഴിക്കോടൻ പത്രമായ 'മാതൃഭൂമി' നവംബർ രണ്ടിന് ഇങ്ങനെയാണ് അവതരിപ്പിച്ചത്: "തിരുവനന്തപുരം ആർച്ച് ബിഷപ്പ് റവ. ഡോ. ഡെരീര, സഹയാത്രികൻ റവ. ഡോ. പരീര, എറണാകുളം ആർച്ച് ബിഷപ്പ് റവ. ഡോ. പാറേക്കാട്ടിൽ, കോൺഗ്രസ് ജനറൽ സിക്രട്ടറി ശ്രീ കെ.പി മാധവൻ നായർ, കേരളപ്രദേശ് കോൺഗ്രസ് കമ്മിറ്റി പ്രസിഡണ്ട് ശ്രീ കെ. മാധവ മേനോൻ, കോൺഗ്രസ് പ്രവർത്തക കമ്മിറ്റി മെമ്പർ ശ്രീമതി എ.വി. കുട്ടിമാളുഅമ്മ, തിരുക്കൊച്ചി മേഖലാ കോൺഗ്രസ് പ്രസിഡണ്ട് ശ്രീ എ.പി. ഉദയഭാനു, മിസ്സിസ് എ.പി. ഉദയഭാനു എം.പി., മിസ്സിസ് ലീലാ ദാമോദരമേനോൻ, ശ്രീ എ.വി ജോർജ്, തിരുക്കൊച്ചി മുൻമുഖ്യമന്ത്രിമാരായ ശ്രീ. പറവൂർ ടി.കെ. നാരായണപിള്ള, എ.ജെ. ജോൺ, പനമ്പിള്ളി ഗോവിന്ദമേനോൻ, മുൻമന്ത്രിമാരായ ശ്രീ എ.എ. റഹീം, കളത്തിൽ വേലായുധൻ നായർ, മുൻ ഡെപ്യൂട്ടി സ്പീക്കർ ശ്രീ ടി.ടി. കേശവശാസ്ത്രി, തിരുവനന്തപുരം മേയർ പൊന്നറ ശ്രീധർ, കേരളത്തിലെ ദിനപത്രങ്ങളിൽ പലതിന്റെയും പത്രാധിപൻമാർ, പ്രമുഖൻമാരായ ഉദ്യോഗസ്ഥൻമാർ മുതലായ മുന്നൂറോളം പേർ ദർബാർ ഹാളിലെ ചടങ്ങുകൾ വീക്ഷിക്കുകയുണ്ടായി. മദിരാശി ധനകാര്യമന്ത്രി ശ്രീ സി. സുബ്രഹ്മണ്യം പ്രത്യേക ക്ഷണമനുസരിച്ചു സന്നിഹിതനായിരുന്നു."

അക്കാലത്തെ പ്രമുഖ തെക്കൻപത്രങ്ങളിലൊന്നായ 'മലയാളരാജ്യം' (കൊല്ലത്തുനിന്നായിരുന്നു പ്രസിദ്ധീകരണം) നവംബർ മൂന്നിന് ആ വാർത്ത നൽകിയപ്പോൾ 'മാതൃഭൂമി'യിലേതിനോളം വിശദമായ അതിഥിപ്പട്ടികയൊന്നും നൽകിയില്ല. പത്രത്തിന്റെ ഒന്നാംപേജിലെ പ്രധാനവാർത്തതന്നെ ഈജിപ്റ്റിൽ ബ്രിട്ടനും ഫ്രാൻസും നടത്തിയ ആക്രമണമായിരുന്നു. "പ്രത്യേകം ക്ഷണിക്കപ്പെട്ടിരുന്ന മുൻമന്ത്രിമാർ, കെ.പി.സി.സി. പ്രസിഡന്റ്, എം.പി.മാർ, ഉദ്യോഗസ്ഥന്മാർ, സംസ്ഥാനത്തെ എല്ലാ ദിനപത്രങ്ങളുടെയും അധിപൻമാർ, പ്രമുഖ അഭിഭാഷകന്മാർ, ഗവർമെന്റ് സിക്രട്ടറിമാർ, മതമേലധ്യക്ഷന്മാർ, ഹൈക്കോടതി ജഡ്ജിമാർ, വ്യവസായ പ്രമുഖർ, തോട്ടമുടമസ്ഥർ, ചീഫ് ജസ്റ്റിസ്, അഡ്വക്കേറ്റ് ജനറൽ, പൗര പ്രമുഖർ" എന്ന ഒഴുക്കൻ പട്ടികയാണ് മലയാളരാജ്യത്തിന്റെ സ്വന്തം ലേഖകൻ നൽകിയത്. സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന

ചടങ്ങുകളിലും വിശിഷ്ടാതിഥികൾക്കായി പ്രത്യേകം ബ്ലോക്കുകൾ തിരിച്ച് ഇരിപ്പിടങ്ങൾ ഒരുക്കിയിരുന്നു. മൈതാനത്തിലും പടിഞ്ഞാറുവശത്തു നിർമിച്ചിരുന്ന ഗാലറികളിലുമായിരുന്നു പൊതുജനങ്ങൾക്കു സ്ഥാനം.

കേരളത്തിന്റെ ഒഫിഷിയേറ്റിങ് ഗവർണ്ണറായി നിയമിതനായ പി.എസ്. റാവു തുറന്ന കാറിൽ ഘോഷയാത്രയായി നവംബർ ഒന്നിന് രാവിലെ 8:28-ന് ദർബാർഹാളിനു മുന്നിൽ വന്നിറങ്ങി. അന്നത്തെ ചീഫ് സെക്രട്ടറി എൻ.ഇ.എസ്. രാഘവാചാരി അദ്ദേഹത്തെ സ്വീകരിച്ച് അകത്തേക്കാനയിച്ചു. ആന്ധ്രമഹാസഭയുടെ നേതാക്കളിലൊരാളായിരുന്ന റാവു ഗവർണ്ണറുടെ ഇരിപ്പിടത്തിനു സമീപം ചെന്നു നിന്നയുടൻ ചീഫ് സെക്രട്ടറി ഇന്ത്യാറിപ്പബ്ലിക്കിന്റെ രാഷ്ട്രപതി രാജേന്ദ്രപ്രസാദിന്റെ ഉത്തരവു വായിച്ചു. കേരളത്തിൽ സ്ഥിരം ഗവർണ്ണറെ നിയമിക്കുന്നതുവരെ പി.എസ്. റാവുവിനെ ആ ചുമതല നിർവഹിക്കാൻ അധികാരപ്പെടുത്തുന്നതായിരുന്നു രാഷ്ട്രപതിയുടെ ഉത്തരവ്. പുതിയ കേരള ഹൈക്കോടതിയുടെ നിയുക്ത ചീഫ് ജസ്റ്റിസ് കെ.ടി. കോശിയാണ് നിയുക്ത ഗവർണ്ണറെ സത്യപ്രതിജ്ഞ ചെയ്യിച്ചത്. ഈ സമയത്ത് പതിനേഴ് കതിനാവെടികൾ മുഴങ്ങി. 8:35-ന് ഗവർണ്ണർ ചീഫ് ജസ്റ്റിസിനെ സത്യപ്രതിജ്ഞ ചെയ്യിച്ചു. കെ. ശങ്കരൻ, ജി. കുമാരപിള്ള, എം.എസ്. മേനോൻ, ടി.കെ. ജോസഫ്, എൻ. വരദരാജയ്യങ്കാർ എന്നീ ഹൈക്കോടതി ജഡ്ജിമാരും സത്യപ്രതിജ്ഞ ചെയ്തു. ഈ ചടങ്ങുകൾക്കു ശേഷം ദർബാർഹാളിൽ നിന്നു പുറത്തുവന്ന ഗവർണ്ണറും സംഘവും 8:45-ന് സെക്രട്ടറിയേറ്റിനും സെൻട്രൽ സ്റ്റേഡിയത്തിനും ഇടയ്ക്കുള്ള സ്ഥലത്ത് തയ്യാറാക്കിയിരുന്ന പ്രസംഗമണ്ഡപത്തിലെത്തി. ദേശീയപതാക ഉയർത്തി ഗവർണ്ണർ പൊതുയോഗം ഉദ്ഘാടനം ചെയ്തപ്പോഴാണ് പി. വാസവൻ ആ ദീപശിഖയുമായി കടന്നു വന്നത്.

ആഹ്ലാദകരങ്ങളായ ചടങ്ങുകൾ തുടങ്ങാനിരിക്കുകയായിരുന്നു. കേരളത്തെയും മലയാളത്തെയും കവിതയുടെ മണ്ണും വെള്ളവുമാക്കിയ മഹാകവി വള്ളത്തോൾ നാരായണമേനോന്റേതായിരുന്നു അടുത്ത ഊഴം. ചീഫ് സെക്രട്ടറി രാഘവാചാരി അദ്ദേഹത്തെ പ്രസംഗമണ്ഡപത്തിലേക്കു കൂട്ടിക്കൊണ്ടുവന്ന് ഗവർണ്ണർക്കു പരിചയപ്പെടുത്തി. എഴുപത്തെട്ടു വയസ്സായിക്കഴിഞ്ഞിരുന്ന മഹാകവി സദസ്സിനോട് ഇങ്ങനെ പറഞ്ഞു: "ഈ അവസരത്തിൽ വായിക്കുന്നതിനായി ഞാൻ എഴുതിയിട്ടുള്ള കവിത വായിക്കാൻ നല്ല തൊണ്ടയുള്ള ഒരാളെ ഗവർമ്മന്റ് ഏർപ്പെടുത്തിയിട്ടുണ്ട്." വള്ളത്തോളിന്റെ **'മൂന്നു കൊടിക്കൈകൾ'** എന്ന കവിത 'നല്ല തൊണ്ട'യിൽ വായിച്ചത് ആകാശവാണിയുടെ തിരുവനന്തപുരം നിലയത്തിലെ പി. ഗംഗാധരൻ നായർ ആയിരുന്നു. റേഡിയോ നാടകങ്ങളും **'ബാലലോകം'** പരിപാടിയും സിനിമയിലെ ഡബ്ബിംഗുമൊക്കെ വഴി പ്രശസ്തനായ ഗംഗാധരൻ നായരാണ് പിന്നീട് അടൂർ ഗോപാലകൃഷ്ണന്റെ **'മുഖാമുഖ'**ത്തിൽ നായകനായി അഭിനയിച്ചത്. പി. രാമദാസിന്റെ **'ന്യൂസ്പേപ്പർ ബോയി'** യിലും അടൂരിന്റെ **'മതിലു'**കളിലും **'കഥാപുരുഷ'**നിലും ചെറുവേഷങ്ങളിൽ ഗംഗാധരൻ നായർ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. പ്രശസ്ത റേഡിയോകലാകാരി ടി.പി. രാധാമണിയാണ് അദ്ദേഹത്തിന്റെ ഭാര്യ. ആ ദമ്പതിമാരുടെ മകൻ ജി.ആർ. കണ്ണനാണ് മലയാള ടെലിവിഷനിലെ




ആദ്യത്തെ വാർത്താവായനക്കാരൻ. കണ്ണന്റെ ഭാര്യ ഹേമലതയാണ് മലയാളത്തിലെ ആദ്യത്തെ വാർത്താവായനക്കാരി.

കാവ്യാലാപനത്തിനുശേഷം ഗവർണ്ണർ കേരളത്തോട് ഇംഗ്ലീഷിൽ സംസാരിച്ചു. കുറ്റംപറയരുതല്ലോ, ഇന്ത്യാറിപ്പബ്ലിക്കിന്റെ 'നാനാത്വത്തിലെ ഏകത്വ'ത്തെ ഇണക്കിച്ചേർക്കാൻ പാടുപെട്ട് തോൽപ്പിച്ചോടിച്ച ബ്രിട്ടീഷുകാരന്റെ ഭാഷയാണു സഹായിച്ചത്. ഗവർണ്ണറുടെ പ്രസംഗത്തിന്റെ മലയാളപരിഭാഷ വായിക്കാനുള്ള ചുമതല മറ്റൊരു മഹാകവിക്കായിരുന്നു. ഒരു പതിറ്റാണ്ടിനു ശേഷം 1965-ൽ ആദ്യത്തെ ജ്ഞാനപീഠ പുരസ്കാരം നേടാനിരുന്ന ജി. ശങ്കരക്കുറുപ്പിന്. ഓടക്കുഴൽ മീട്ടിയ ശങ്കരക്കുറുപ്പിനു ശേഷം മദ്രാസ് ധനകാര്യമന്ത്രി സി. സുബ്രഹ്മണ്യം (1910–2000) സംസസാരിച്ചു. 9:10-ന് ഗവർണ്ണർ എഴുന്നേറ്റ് പോലീസുകാരുടെ അഭിവാദ്യം സ്വീകരിച്ച ശേഷം രാജഭവനിലേക്കു (തിരുവിതാംകൂർ രാജകുടുംബത്തിന്റെ പഴയ അതിഥി മന്ദിരമാണ് പുതിയരാജാവായ ഗവർണ്ണറുടെ രാജഭവനമായി മാറിയത്) സപരിവാരം മടങ്ങിയതോടെ കേരളപ്പിറവിയുടെ ഔദ്യോഗികച്ചടങ്ങുകൾ പൂർത്തിയായി.

പൊന്നുതമ്പുരാനും കൺകണ്ടദൈവവുമായ രാജാക്കൻമാരുടെ വാഴ്ച അവസാനിപ്പിച്ച് കേരളം ഒന്നായിത്തീർന്ന ആ സന്ദർഭത്തിൽ ദൈവതുല്യനായ ഒരു ചക്രവർത്തി തിരുവനന്തപുരത്തുണ്ടായിരുന്നു. ഭാരതസർക്കാരിന്റെ അതിഥിയായിരുന്നെങ്കിലും രാജാധിപത്യം ജനാധിപത്യത്തിനു വഴിമാറുന്ന ആ ചടങ്ങിൽ അദ്ദേഹം പങ്കെടുത്തില്ലെന്നു മാത്രം. ആഫ്രിക്കൻ രാജ്യമായ ഇത്യോപ്യയുടെ ചക്രവർത്തി ഹെയ്‌ലി സെലാസിയായിരുന്നു ആ മന്നൻ. ഇത്യോപ്യൻ റീജന്റും (1916-30) ചക്രവർത്തി (1930-74) യുമായിരുന്ന ഹെയ്‌ലി സെലാസി നിസ്സാരനൊന്നുമായിരുന്നില്ല. ബൈബിളിൽ പറയുന്ന ഇസ്രായേലിലെ സോളമൻ രാജാവിന്റെ പിന്തുടർച്ച അവകാശപ്പെടുന്ന ഇത്യോപ്യൻ രാജവംശത്തിൽ പിറന്ന സെലാസി അറുപതുകൾ വരെ ആഫ്രിക്കൻ രാഷ്ട്രീയത്തിലും ലോകരാഷ്ട്രീയത്തിലും നിറഞ്ഞുനിന്ന വ്യക്തിത്വമാണ്. ഓർത്തഡോക്സ് ക്രൈസ്തവ വിശ്വാസിയായ അദ്ദേഹത്തെ പിതാവായ ദൈവത്തിന്റെയോ യേശുവിന്റെയോ അവതാരമായി ആരാധിക്കുന്ന വിശ്വാസി വിഭാഗമാണ് '*റാസ്തഫാറി* (**Rastafari**) കൾ. തഫാറി മക്കൊന്നൻ വോൾഡ മൈക്കൽ എന്ന യഥാർത്ഥ പേരുള്ള ഹെയ്‌ലി സെലാസി 1930ൽ ചക്രവർത്തിയായപ്പോൾ കരീബിയൻ രാജ്യമായ ജമൈക്കയിൽ ആരംഭിച്ച പ്രസ്ഥാനമാണ് റാസ്തഫാറി.

അരാമിക് ഭാഷയിൽ *റാസ്* (**Ras**) എന്ന വാക്കിനർത്ഥം തലവൻ എന്നാണ്. പൂജ്യപാദൻ എന്നർത്ഥമുള്ള *തഫാരി* അതിനോട് കൂട്ടിച്ചേർത്താണ് വിശ്വാസികൾ തങ്ങളുടെ പ്രസ്ഥാനത്തിനു പേരിട്ടത്. വിഖ്യാതഗായകനായ ബോബ് മാർലി റാസ്തഫാരിയനായിരുന്നു.

പ്രാചീനമായ ഇത്യോപ്യൻ ഓർത്തഡോക്സ് സഭയിലെ അംഗവും അവതാരപുരുഷനുമായ ഹെയ്ലി സെലാസി മൂന്നാഴ്ചത്തെ സന്ദർശനത്തിനായി 1956 ഒക്ടോബർ 25-നാണ് ഇന്ത്യയിൽ എത്തിയത്. പുരാതന ഓർത്തഡോക്സ് ക്രൈസ്തവ പാരമ്പര്യമുള്ള കേരളമായിരുന്നു അദ്ദേഹത്തിന്റെ പര്യടനത്തിലെ പ്രധാനകേന്ദ്രം. ഒക്ടോബർ 30-ന് കോതമംഗലത്തെത്തിയ അദ്ദേഹം മലങ്കര യാക്കോബായ സുറിയാനി സഭയുടെ വകയായ മാർ അത്തനേഷ്യസ് കോളേജ് ഉദ്ഘാടനം ചെയ്തു. സ്വർണത്താക്കോൽ കൊണ്ട് മുഖ്യകവാടം തുറന്നായിരുന്നു ഉദ്ഘാടനം, ദന്തപ്പെട്ടിയിലടച്ച മംഗളപത്രവും ആറന്മുളക്കണ്ണാടിയും മലബാർ കരിശ്ശും യാക്കോബായ സഭ ചക്രവർത്തിക്കു സമ്മാനിച്ചു. ഇത്യോപ്യൻ സ്വർണ്ണക്കുരിശും വെള്ളിയിലുള്ള ധൂപക്കുറ്റിയും ഇത്യോപ്യൻ ഭാഷയിലെ ബൈബിളും ഇത്യോപ്യൻ പരവതാനിയുമായിരുന്നു ചക്രവർത്തി നൽകിയത്. പല പള്ളികളും അദ്ദേഹം സന്ദർശിച്ചു. ഒക്ടോബർ 31-ന് കൊല്ലത്തെത്തിയ ചക്രവർത്തി റെസിഡൻസി ബംഗ്ലാവിൽ മാങ്കുളം വിഷ്ണു നമ്പൂതിരിയും സംഘവും അവതരിപ്പിച്ച കഥകളി കണ്ടു. കൊല്ലത്തുനിന്ന് തിരുവനന്തപുരം വഴി കന്യാകുമാരിക്കു പോയ ചക്രവർത്തിയും പരിവാരവും (മകനും മകളും മരുമകളും ഇത്യോപ്യൻ സ്ഥാനപതിയുമൊക്കെയുണ്ടായിരുന്നു കൂട്ടത്തിൽ) കേരളപ്പിറവിദിനം ഉച്ചയ്ക്ക് തലസ്ഥാനത്തു തിരിച്ചെത്തി. വൈകുന്നേരം നാലിന് നഗരസഭയുടെ സ്വീകരണവും മംഗളപത്രസമർപ്പണവും കഴിഞ്ഞ് അദ്ദേഹം സി.എസ്.ഐ സഭയുടെ ക്രൈസ്റ്റ് ചർച്ചിന്റെ സെന്റിനറി ഹാളിനു തറക്കല്ലിട്ടു. ഹാളിന്റെ നിർമ്മാണത്തിന് ഇരുപതിനായിരം രൂപ സംഭാവനയും നൽകി. രാത്രി എട്ടരയ്ക്ക് കനകക്കുന്നു കൊട്ടാരത്തിൽ വച്ച് ഗവർണ്ണർ പി.എസ്. റാവു ചക്രവർത്തിക്ക് അത്താഴവിരുന്ന് നൽകി. പിറ്റേന്നു രാവിലെ രാഷ്ട്രപതിയുടെ പ്രത്യേക വിമാനത്തിൽ ചക്രവർത്തി ഡൽഹിക്കു മടങ്ങി. 1968-ൽ ഒരിക്കൽക്കൂടി ഹെയ്ലി സെലാസി ഇന്ത്യ സന്ദർശിച്ചിരുന്നു.

തിരുവനന്തപുരത്തും കോഴിക്കോട്ടും മാത്രമല്ല നാടിന്റെ മുക്കിലും മൂലയിലും ആ നവംബർ ഒന്നിന് കേരളം പിറന്നു. മൂന്നു ഘട്ടമായിട്ടായിരുന്നു തിരുപ്പിറവിയാഘോഷം. ഒക്ടോബർ 31-ന് രാത്രി മിക്കയിടത്തും കതിനാവെടിയും കൂട്ടമണിയടിയുമായി പിറവിപ്രഖ്യാപനമുണ്ടായി; പിറ്റേന്നുരാവിലെ തിരുവനന്തപുരത്തെ ചടങ്ങുകളുടെ അതേസമയത്ത് എല്ലായിടത്തും ദേശീയ പതാകയുയർത്തലും വെടിയുമൊക്കെയായി പിറവിപ്രഖ്യാപനവും. ഉച്ച തിരിഞ്ഞായിരുന്നു പൊതുയോഗങ്ങളും ഘോഷയാത്രകളും. രാവിലത്തെ ദീപശിഖാസ്ഥാപനം കഴിഞ്ഞതോടെ കോഴിക്കോട്ട് മാനാഞ്ചിറ മൈതാനത്ത് കേരളീയ രീതിയിൽ നിറപറയും നിലവിളക്കും പൂർണ്ണകുംഭവും വച്ച വേദിയിൽ വി.കെ. കൃഷ്ണമേനോൻ കേരളപ്പിറവി ഉദ്ഘാടനം ചെയ്തു. പേരിൽ മാത്രം രാജാവായ സാമൂതിരിയായിരുന്നു അധ്യക്ഷൻ (തിരുവനന്തപുരത്തെ ചടങ്ങുകളിൽ സ്വാതന്ത്ര്യാനന്തരം തിരുക്കൊച്ചി സംസ്ഥാനം വന്നതോടെ മഹാരാജാവിൽനിന്നു രാജപ്രമുഖനായിക്കഴിഞ്ഞിരുന്ന ചിത്തിരതിരുനാൾ ബാലരാമ വർമ പങ്കെടുത്തിരുന്നില്ല). തലേ രാത്രി ടാഗോർ പാർക്കിൽ 101 കതിനാവെടി മുഴക്കി കോഴിക്കോട്ടുകാർ കേരളപ്പിറവി അറിയിച്ചു കഴിഞ്ഞിരുന്നു. എറണാകുളം മുൻസിപ്പൽ മൈതാനത്തു നടന്ന പിറവിയാഘോഷത്തിന്റെ ഉദ്ഘാടകൻ കെ. പി. കേശവമേനോനായിരുന്നു. തൃശ്ശൂരിൽ സ്വരാജ് റൗണ്ടിലെ വിദ്യാർത്ഥി കോർണറിൽ നടന്ന ചടങ്ങുകൾ ജില്ലാകളക്ടർ കെ.എസ്. മേനോൻ പതാക ഉയർത്തിയതോടെയാണ് ആരംഭിച്ചത്. ഉച്ചതിരിഞ്ഞായിരുന്നു യഥാർത്ഥ ജനകീയാഘോഷങ്ങൾ. തിരുവനന്തപുരത്ത് വൈകുന്നേരം മൂന്നുമണിക്ക് കരമനപ്പാലത്തിനടുത്തുനിന്നു പുറപ്പെട്ട ഉത്സവഘോഷയാത്ര അഞ്ചേ മുക്കാലിന് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ സമാപിച്ചു. നെറ്റിപ്പട്ടം കെട്ടിയ ആനകളും ആനവണ്ടിയെന്നറിയപ്പെട്ട ട്രാൻസ്പോർട്ട് ബസുകളുമൊക്കെയാണ് ഘോഷയാത്രയിൽ പങ്കെടുത്തത്. പൊന്നറ ശ്രീധരന്റെ അദ്ധ്യക്ഷതയിൽ പൊതുയോഗവും നടന്നു. കൊല്ലത്ത് ബിഷപ്പ് ജെറോം ഫെർണാൻഡസിന്റെ അദ്ധ്യക്ഷതയിൽച്ചേർന്ന യോഗം മുനിസിപ്പിൽ ചെയർമാൻ കെ. കേശവൻ പോറ്റി ഉദ്ഘാടനം ചെയ്തു. വി. ഗംഗാധരൻ, ടി.കെ ദിവാകരൻ, ആർ. ശങ്കർ, എ.എ റഹിം, സി.എം. സ്റ്റീഫൻ തുടങ്ങിയവർ തുടങ്ങിയവർ സംസാരിച്ചു. ആലപ്പുഴയിൽ വൈകുന്നേരം നാലിന് ജില്ലാക്കോടതി വളപ്പിൽനിന്നു തുടങ്ങിയ ഘോഷയാത്ര ത്രിവർണ്ണ പതാകയേന്തി മുന്നിൽ നിന്ന് നയിച്ചത് കമ്യൂണിസ്റ്റ് നേതാവായ മുനിസിപ്പൽ ചെയർമാൻ ടി.വി. തോമസായിരുന്നു. മനോരഞ്ജിനിസഭ 'സ്വദേശാഭിമാനിയുടെ നാട്ടുകടത്തൽ', 'ശാസ്ത്രം ജീവിക്കുന്നു' എന്ന ദൃശ്യപരിപാടികളും ആലപ്പി ആർട്സ് ക്ലബ്ബ് 'വേലുത്തമ്പിദളവ' എന്ന നാടകവും അവതരിപ്പിച്ചു. മഹാപണ്ഡിതനും എഴുത്തുകാരനുമായിരുന്ന വടക്കുംകൂർ രാജരാജവർമ്മയായിരുന്നു വൈക്കത്ത് ടി.ബി. മൈതാനത്തിൽ നടന്ന ആഘോഷത്തിന്റെ അദ്ധ്യക്ഷൻ. പറഞ്ഞു തുടങ്ങിയാൽ തീരാത്ത കേരളാഹ്ലാദത്തിന്റെ കഥയാണത്. അംഗീകൃത ചരിത്രങ്ങളിലും പാഠപുസ്തകങ്ങളിലുമൊന്നും ആ ജനകീയ ചരിത്രം രേഖപ്പെടുത്തിയിട്ടില്ലെന്നുമാത്രം.

തങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട സമരമുറയായ ഹർത്താൽ പ്രഖ്യാപിച്ചു കൊണ്ടാണ് മലയാളി കേരളപ്പിറവിയുടെ അനന്തരദിനങ്ങൾ ആഘോഷിച്ചത്. ഉലകുടപ്പെരുമാൾ, ഇരവിക്കുട്ടിപ്പിള്ള, വേലുത്തമ്പി തുടങ്ങിയവരുടെ വാളിന്റെയും സ്വദേശാഭിമാനി രാമകൃഷ്ണപിള്ള കേസരി ബാലകൃഷ്ണപിള്ള തുടങ്ങിയവരുടെ പേനയുടെയും മള്ളൂർ ഗോവിന്ദപ്പിള്ളയുടെ നാക്കിന്റെയും പൈതൃകം അവകാശപ്പെടുന്ന തിരുവിതാംകൂറുകാരാണ് ഹർത്താലുമായി ചാടി വീണത്. മാവേലിക്കരക്കാരാണ് അത് തുടങ്ങിവച്ചത്. ഇന്ന് ആലപ്പുഴ ജില്ലയിൽപ്പെടുന്ന മാവേലിക്കരയിൽ അന്നുണ്ടായിരുന്ന ജില്ലാക്കോടതി സംസ്ഥാന രൂപവത്കരണത്തിന്റെ ഭാഗമായി നിർത്തലാക്കിയതായിരുന്നു പ്രകോപനത്തിനു കാരണം. നവംബർ അഞ്ചിന് മാവേലിക്കര ടൗണിൽ പൊതുപണിമുടക്ക്, ഹർത്താൽ, കോടതി ബഹിഷ്കരണം, വിദ്യാലയങ്ങളിൽ പഠിപ്പു മുടക്ക് എന്നിവ നടത്താൻ നവംബർ രണ്ടിനു ചേർന്ന പൗരപ്രമുഖന്മാരുടെ പൊതുയോഗം ആഹ്വാനം ചെയ്തു. മാവേലിക്കര കേന്ദ്രമാക്കി ഒരു ജില്ല തന്നെ സ്ഥാപിക്കണമെന്നും അവർ ആവശ്യപ്പെട്ടു. നവംബർ

അഞ്ചിന് അങ്ങനെ കേരളം പിറന്നതിനു ശേഷമുള്ള ആദ്യത്തെ ഹർത്താൽ നടന്നു.

പൊന്നുതമ്പുരാന്റെയും അദ്ദേഹത്തെക്കാൾ വലിയവനായ ശ്രീപദ്മനാഭന്റെയും സ്വന്തം ദേശമായ തിരുവനന്തപുരവും വിട്ടില്ല. തലസ്ഥാനമായെങ്കിലും ഹൈക്കോടതി എറണാകുളത്തേക്കു പോയതിൽ പ്രതിഷേധിച്ച് തിരുവനന്തപുരത്തെ പൗരപ്രമാണികളും നവംബർ ഏഴു തൊട്ട് സമരവും ഹർത്താലുമായി രംഗത്തിറങ്ങി. കേരളഹൈക്കോടതിയുടെ ഒരു ബെഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നവംബർ ഒമ്പതിന് ഹർത്താലാചരിച്ചു. ആ സമരം ഇപ്പോഴും തുടരുന്നുണ്ടെങ്കിലും ഹൈക്കോടതി ബെഞ്ചുമാത്രം വന്നിട്ടില്ല.

**നുറുങ്ങ് –1**

ഇദ്ദേഹം ആര്?

നയതന്ത്രജ്ഞൻ, സാഹിത്യകാരൻ, ചരിത്രകാരൻ, എന്നീ നിലകളിൽ പ്രശസ്തനായിരുന്ന ഈ മഹാനുഭാവൻ, സംസ്ഥാനരൂപരേഖാസമിതിയംഗം കൂടി ആയിരുന്നു.



# ചാത്തങ്കുളങ്ങര ഹനുമാൻ-സീത ദാരുശിൽപ്പം: സ്ഥല-കാല-ചലന പ്രഭാവങ്ങൾ



**എതിരൻ കതിരവൻ**

എഴുത്തുകാരൻ, ലേഖകൻ, ബ്ലോഗർ, ഗവേഷകൻ, ജനിതകശ്സ്ത്രജ്ഞൻ. കേരളചരിത്രത്തിലും സംസ്കാരത്തിലും താത്പര്യമുള്ള ലേഖകൻ ഇപ്പോൾ യു.എസ്സിലെ ഷിക്കാഗോയിൽ താമസിക്കുന്നു.

ദൂരെ ഹനുമാൻ ഒരു മരത്തിനു മുകളിൽ ഇരിക്കുന്നത് കാണുന്നു. പെട്ടെന്ന് ചാടാൻ തയ്യാറെടുത്താണ് ഇരിപ്പ്. താഴെ ദുഃഖിതയായ സീത. പിന്നെ താഴെച്ചാടിയിട്ട് സീതയോട് രഹസ്യസന്ദേശം കൈമാറുന്ന ഹനുമാൻ. ഒരു പുണ്യപുരാണചിത്രത്തിലെ രംഗമല്ല ഇത്; ചെങ്ങന്നൂരെ 'ചാത്തങ്കുളങ്ങര' അമ്പലത്തിലെ ദാരുശിൽപ്പമാണ്. ഭാരതത്തിലെ ദാരുശിൽപ്പങ്ങളിൽ അപൂർവ്വമായി കാണുന്ന സ്ഥല/കാല (time/space) പ്രത്യക്ഷങ്ങൾ ഉൾക്കൊള്ളിച്ചെടുത്ത അദ്ഭുതശിൽപ്പമാണിത്.

തടിയിൽ കൊത്തിയെടുത്ത ശിൽപ്പങ്ങൾ കേരളത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടേ ഇല്ല. നമ്മുടെ കലാസാംസ്കാരിക വിനിമയങ്ങളിൽ എത്തപ്പെടാതെ അമ്പലങ്ങളുടെ ഉള്ളിൽ അത്ര ശ്രദ്ധയാകർഷിക്കാതെ നിഴൽപറ്റി ഒതുങ്ങിക്കൂടുന്നവയാണിവ. പഠനങ്ങൾ ഉൾക്കൊള്ളിച്ച പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടില്ല, ഫോട്ടോഗ്രാഫുകൾ കാണാനേ ഇല്ല. ക്യാമറയുമായി അലഞ്ഞുതിരിയുന്ന ആയിരക്കണക്കിനു ഫോട്ടോഗ്രാഫർമാർ കേരളത്തിൽ ഉണ്ടെങ്കിലും അവരുടെ ശ്രദ്ധ ഇതിലേക്ക് തിരിഞ്ഞിട്ടില്ല. ചിലവയെ ഒന്നും ചെയ്യാനും പറ്റുകയില്ല; കാരണം ദൈവീകമെന്ന ബ്രാൻഡിങ്ങിൽ ആർക്കും 'തൊട്ടുകളിക്കാൻ' അനുവാദവുമില്ല.

നമസ്കാരമണ്ഡപങ്ങൾക്ക് മുകളിൽ, നാലമ്പലവഴികൾക്കരികിൽ, മുഖപ്പുകളിൽ, ശ്രീകോവിലിനു ചുറ്റിലും മേൽക്കൂരയ്ക്ക് താങ്ങായി അനന്യസൗന്ദര്യവിലാസങ്ങൾ വിലസുന്നത് കലാപാരമ്പര്യത്തിൽ ഊറ്റം കൊള്ളുന്ന മലയാളികൾ അവഗണിക്കുന്നത് അറിവില്ലായ്മ തന്നെ എന്ന് കരുതണം. അറുനൂറോളം വർഷങ്ങൾ നീണ്ടു നിന്ന അത്യുദാത്തകലാവിദ്യ നാശോന്മുഖമാകുന്നുമുണ്ട്. കാരണം ദാരുശിൽപ്പങ്ങളെ അറിയാനും കലാപരമായ വിശദീകരണങ്ങൾക്ക് ശ്രമിക്കാനും മറുനാട്ടിൽ നിന്നും വന്ന സായിപ്പോ മദാമ്മയോ മാത്രമേ ഇതു വരെ ഉണ്ടായിരുന്നിട്ടുള്ളൂ. സ്റ്റെല്ലാ ക്രേമ്രിഷോ റോണൽഡ് ബെർണിയറൊ അവരുടെ പുസ്തകങ്ങളിൽ നമ്മുടെ ദാരുശിൽപ്പങ്ങളെ വാഴ്ത്തിയെങ്കിൽ അതുപോലും നമ്മുടെ സാംസ്കാരികചിന്തകളിൽ ഇടം നേടിയിട്ടില്ല. എം.ജി ശശിഭൂഷൺ സാമാന്യപഠനം നടത്തിയത് വിസ്മരിക്കുന്നില്ല, മറ്റുചില കലാനിരീക്ഷകരുടേതായിട്ട് അവിടവിടെ ചുരുക്കം ചില വിവരണാത്മകലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടിട്ടുമുണ്ട്. വാഴപ്പള്ളി അമ്പലമോ കോഴിക്കോട് തളിക്ഷേത്രമോ തൃച്ചംബരം അമ്പലമോ നമുക്ക് കലാകേന്ദ്രങ്ങളായി കാണാനുള്ള വിദ്യാഭ്യാസം ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു. പാഴൂരും പൊന്മേരിയും കവിയൂരും നിസ്തുലങ്ങളായ ദാരുശിൽപ്പങ്ങളോട് ബന്ധപ്പെടുത്തി ചിന്താപദ്ധതിയിൽ ഉൾക്കൊള്ളാൻ കാലം ഇനിയും കഴിയണം എന്നതാണ് ദയനീയത. മിത്തുകളിൽ മോഹമുഗ്ധരാകുന്ന മലയാളി ജനത പെരുന്തച്ചനെ സ്തുതിപ്രശംസകളാൽ ഉന്നതപീഠമേറ്റിയിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെയൊ മറ്റ് തച്ചന്മാരുടേയൊ ആവിഷ്ക്കാരങ്ങളെ വാസ്തുശാസ്ത്രപരമായിട്ടോ തച്ചുശാസ്ത്രപരമായിട്ടോ താരതമ്യചരിത്ര (comparative history) പരമായിട്ടോ പഠിക്കാൻ പോയിട്ട് അറിയാൻ പോലും താൽപ്പര്യപ്പെട്ടിട്ടില്ല.

ചെങ്ങന്നൂരെ ചാത്തങ്കുളങ്ങര ക്ഷേത്രം ദാരുശിൽപ്പങ്ങൾക്ക് ഒട്ടൊരു പ്രസിദ്ധി ആർജ്ജിച്ചിട്ടുണ്ട് എന്നത് വിസ്മരിക്കുന്നില്ല. പക്ഷേ അമ്പലത്തിൽ പോകുന്നവർക്ക് ഒരു നോക്കിനായി സ്വരുക്കൂട്ടിയ വേലകൾ എന്നതിനപ്പുറം ആ ശിൽപ്പങ്ങളെ പഠിക്കാൻ അമ്പലം അധികൃതരോ ദേവസ്വം ബോർഡോ തുനിഞ്ഞിട്ടുണ്ടോ എന്ന് സംശയം. ഭക്തിയിൽ നിന്നും വേർപെടുത്തി കലയുടെ തനത് ആവിഷ്ക്കാരം എന്ന നിലയ്ക്കാണ് കേരള ക്ഷേത്രങ്ങളിലെ ചുവർചിത്രങ്ങളും കൊത്തുപണികളും സ്വരൂപം പ്രാപിച്ചത്. അമ്പലത്തിലെ പ്രതിഷ്ഠയുമായി ബന്ധമില്ലാത്തതാണ് ഈ സുന്ദരാവിഷ്ക്കാരങ്ങൾ. പുരാണങ്ങളും മിത്തുകളും പ്രമേയമാക്കി എടുത്തിട്ടുണ്ടെങ്കിലും അവയിലെ നാടകീയാംശങ്ങളാണ് മേൽപ്പറഞ്ഞ

ത്രൂപകൽപ്പനകളിൽ തെളിഞ്ഞുവിലസുന്നത്. ഏറ്റുമാനൂരമ്പലത്തിൽ ശിവന്റെ പ്രതിഷ്ഠയാണെങ്കിലും ശ്രീകോവിലിനു ചുറ്റും രാമായണ കഥകളും മറ്റുമാണ് തെളിഞ്ഞു വിടരുന്നത്. ഏറ്റവും ജനസമ്മതിയാർജ്ജിച്ച കഥ എന്ന നിലയ്ക്കേ രാമായണത്തിന്റെ സാംഗത്യത്തെ വീക്ഷിക്കാനാവൂ. കാൽപ്പനിക സൗന്ദര്യത്തിന്റെ വിശദീകരണത്തിനും പ്രത്യക്ഷത്തിനും കൃഷ്ണകഥകൾ പലേ അമ്പലങ്ങളിലും ചുവർചിത്രങ്ങളായും കൊത്തുപണികളായും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. പ്രധാന ഉപാസനാമൂർത്തിയുടെ പ്രസക്തിയുമായി വിഘടിച്ചുനിൽക്കുന്നു ഇത്.

ഈ വാതാവരണത്തിലാണ് ചാത്തങ്കുളങ്ങര അമ്പലത്തിലെ ദാരുശിൽപ്പങ്ങളെ വീക്ഷിക്കേണ്ടത്. നേരത്തെ ശാസ്താക്ഷേത്രമായിരുന്നത് നരസിംഹപ്രതിഷ്ഠയോടെ വൈഷ്ണവവൽക്കരിക്കപ്പെട്ടതായിരിക്കണം. 14-ആം നൂറ്റാണ്ടിൽ നവീകരിക്കപ്പെട്ടതാകയാൽ ദാരുശിൽപ്പങ്ങൾ അതോടൊപ്പമായിരിക്കണം നിർമ്മിച്ചെടുക്കപ്പെട്ടത്. 1200 കൾ മുതലാണ് കേരളത്തിലെ ദാരുശിൽപ്പകല വികാസം പ്രാപിച്ചത് എന്ന് ചരിത്രം. അതിനും മുൻപത്തെ ശിൽപ്പങ്ങൾ നശിച്ചുപോയതായിരിക്കാനും സാദ്ധ്യതയുണ്ട്. ദാരുശിൽപ്പങ്ങളുടെ ബാല്യകാലമായതിനാലും ചുവർചിത്രകല സാങ്കേതികയിൽ മികവ് നേടിയിട്ടില്ലാത്തതിനാലും ചാത്തങ്കുളങ്ങര ദാരുശിൽപ്പങ്ങൾ 1500-കളിൽ ആവിഷ്ക്കരിക്കപ്പെട്ട ഏറ്റുമാനൂർ ദാരുശിൽപ്പങ്ങളോളം സൂക്ഷ്മത കൈവരിച്ചിട്ടില്ല എന്ന് പറയുമ്പോൾ ഒരു താരതമ്യത്തിനു സാദ്ധ്യതയില്ലെന്നും സമ്മതിക്കേണ്ടതാണ്. ലംബമായിത്തീർത്ത പാനെലുകളിലാണ് മിക്കവാറും ശിൽപ്പങ്ങൾ എഴുന്നരുളുന്നത്. ഗജേന്ദ്രമോക്ഷം, അനന്തശയനം, ഗോപികാവസ്ത്രാപഹരണം, ദശാവതാരം, നരസിംഹം, പൊക്കിയെടുത്ത പശുവിന്റെ പാൽ കുടിക്കുന്ന ശ്രീകൃഷ്ണൻ എന്നിവയൊക്കെയാണ് പ്ലാവിന്റെ കാതലിൽ കൊത്തിയെടുത്ത ശിൽപങ്ങളിൽ പ്രധാനം. ശ്രീകോവിലിന്റെ ചുറ്റും നിബന്ധിച്ചിരിക്കുന്ന ഇവയിൽ പലവയും രാമായണത്തിലെ രംഗങ്ങളാണ്.

1300 കളിൽ രാമായണത്തിലെ നാടകീയസന്ദർഭങ്ങൾ ശിൽപ്പികളെ സ്വാധീനിച്ചിരുന്നു എന്നത് ആ മഹദ് കഥ ജനസമ്മതിയാർജ്ജിച്ചിരുന്നതു കൊണ്ടു തന്നെ. ഈ ശിൽപ്പങ്ങൾക്കു ശേഷം, 200 കൊല്ലം കഴിഞ്ഞ്, 1500 കളിൽ എഴുത്തച്ഛൻ കിളിപ്പാട്ടായി എഴുതി മലയാളിയെക്കൊണ്ട് പാടിക്കാൻ പോകുന്നതേ ഉള്ളൂ ഈ കൃതി എന്നത് ഓർമ്മിക്കേണ്ടതാണ്. അശോകവനത്തിൽ ശിംശപാവൃക്ഷച്ചുവട്ടിൽ അതി ദുഃഖഭാരത്താൽ വലതുകയ്യിന്മേൽ തലചായ്ച്ചിരിക്കുന്ന സീതയെ ഹനുമാൻ കണ്ട് സന്ദേശമോതുന്ന ചിത്രീകരണം പേറുന്ന ദാരുശിൽപ്പം ഇവയിൽ പ്രാമാണികത ഏറ്റവും ഏറുന്ന ഒന്നാണ്. ചതുർമാനങ്ങളെ മാത്രമല്ല സ്ഥലം കാലം ഇവയൊക്കെ ആഴത്തിൽ നിബന്ധിച്ച് വിസ്മയങ്ങൾ തീർക്കാൻ പ്രാപ്തനായിരുന്നു ഇതിന്റെ ശിൽപ്പി എന്നത് സുനിശ്ചിതമാണ്. ലങ്കയിലേക്ക് വലിയ കുന്നിൻ മുകളിൽ നിന്ന് ചാടാനുദ്യമിക്കുന്ന ഹനുമാന്റെ പാനലിനു താഴെയാണിത് എന്നതിനാൽ കഥാഭാഗത്തിന്റെ അനുസ്യൂതി നിലനിർത്തിയിട്ടുമുണ്ട്. ആഡംബരങ്ങൾ തീരെ വർജ്ജിച്ചിരിക്കുന്ന രീതിയിലാണ് ചിത്രീകരണം, സന്ദർഭത്തിനൊത്ത്. ക്ഷേത്രത്തിനു മുൻവശത്തുള്ള ദ്വാരപാലക ശിൽപ്പം ശ്രദ്ധിച്ചാലറിയാം ശിൽപ്പിക്ക് ആഡംബരനിബന്ധനയിൽ എത്ര ആവേശം ഉണ്ടെന്ന്. 1300 കളിലെ കൽശിൽപ്പങ്ങളിലോ ദാരുശിൽപങ്ങളിലോ പ്രധാനകഥാപാത്രത്തിന്റെ,



അതും നായികയുടെ കദനഭാവം ചിത്രീകരിക്കാൻ ഒരുമ്പെടുക എന്നത് ഇന്ത്യയിൽ മറ്റൊരിടത്തും കാണാവതല്ല എന്നത് പ്രസ്താവ്യമാണ്. പിന്നീട് വന്ന ചുവർചിത്രങ്ങളും ഈ സീതാദുരന്തരംഗം ഏറ്റെടുത്തിട്ടില്ല. ശ്രീരാമന്റെ വീരാപദാനങ്ങൾ വ്യാഖ്യാനിക്കാൻ തക്കവണ്ണമുള്ള രംഗങ്ങളാണ് സാധാരണ മറ്റ് കൽ/ദാരു ശിൽപ്പങ്ങളിലെ പ്രമേയം. അല്ലെങ്കിൽ ശ്രീകൃഷ്ണന്റെ ലീലകൾ. വീരമോ ശൃംഗാരമോ പ്രധാനരസമായി കൊണ്ടാടപ്പെടുന്ന ശിൽപ്പങ്ങൾക്ക് നേർവിപരീതമാണ് ഈ സീത. മുഖത്തെ ഭാവം തീവ്രമായിട്ട് രേഖപ്പെടുത്തിയിരിക്കുന്നു; വിതുമ്പുന്ന ചുണ്ടുകൾ പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ശിൽപ്പത്തിന്റെ ഇടത്തെക്കോണിൽ സ്വൽപ്പം വലത്തോട്ട് ചാഞ്ഞാണ് സീതയുടെ ഇരിപ്പ്. ഈ ചായലിന്റെ വക്രതയ്ക്ക് സമീകരണം എന്ന നിലയ്ക്ക് മരത്തിന്റെ വർത്തുളത വലത്തുനിന്നും ഇടത്തോട്ട് ചാഞ്ഞ് വീണ്ടും വലതു ഭാഗത്ത് എത്തുകയാണ്. മരത്തിന്റെ താഴത്തെ ഭാഗം സാങ്കൽപ്പികമാണ്, ശിൽപ്പത്തിലില്ല. സീതയ്ക്കും ഹനുമാനുമിടയ്ക്ക് ലയിച്ചില്ലാതെയാകുകയാണ് ഈ ഭാഗം. കുറച്ചു പുറകിലായി പെട്ടെന്ന് പ്രത്യക്ഷപ്പെടുകയാണ് മരം. എന്നാൽ പാനലിന്റെ ആകെ ഇടത്തിന്റെ പകുതിയിലേറെ മരവും ചില്ലകളും ദൃശ്യമാക്കാൻ ഉപയോഗിച്ചിരിക്കുകയാണ്. മറ്റ് ദാരുശിൽപങ്ങളിലെന്ന പോലെ അലങ്കാരദ്യോതകമായ ചിത്രപ്പുല്ല് (പന്നൽച്ചെടി-fern) പാറ്റേണുകളാണ് ഇലകൾക്കും ചില്ലകൾക്കും. കദനഭാവത്തിനു

തെല്ലൊരു ആശ്വാസമണയ്ക്കാനായിരിക്കണം ഈ വിദ്യ. പിന്നീട് വന്ന കവിയൂരെ ഗോപികാവസ്ത്രാപഹരണ ശിൽപ്പത്തിൽ ഇടതൂർന്ന ഇലകൾ അത്ര കലാപരമല്ലാതെ യഥാതഥമായാണ് ചിത്രീകരിച്ചിരിക്കുന്നത് എന്ന് ഓർക്കേണ്ടതാണ്. സീതയുടെ തലമുടി കാഴ്ച്ച പിടിച്ചെടുക്കുന്നു, ആകർഷണീയത ഒഴിവാക്കി നീണ്ട നാരുപോലെ, അഭംഗി തോന്നത്തക്ക വിധം വളവുകൾ വർജ്ജിച്ച് ശരീരത്തെ ഒരു പൊതിയ്ക്കുള്ളിൽ നിബന്ധിക്കുന്ന പോലെയാണ് വിന്യാസം. ഇത് അവരുടെ തീവ്രസങ്കടത്തിനു ആക്കം കൂട്ടുന്നു എന്നുള്ളത് പ്രത്യേകതയാണ്. ശിൽപ്പങ്ങളിൽ കാണാത്ത സ്വരൂപവിശേഷമാണ് തലമുടിയ്ക്ക്. സ്വന്തം തലമുടി കയറു പോലെ ഉപയോഗിച്ച് ആത്മഹത്യ ചെയ്താലോ എന്ന് ആലോചിക്കുന്നതായി രാമായണത്തിൽ ഉണ്ടെന്നുള്ളത് ശിൽപ്പിക്ക് ഈ ആശയം പ്രദാനം ചെയ്തുകാണണം. കൊത്തുപണികളിലേയും ചുവർചിത്രങ്ങളിലേയും ലാവണ്യസങ്കൽപ്പങ്ങളെ വെല്ലുവിളിച്ചുകൊണ്ടാണ് ഈ ചിത്രീകരണം. (1700 കളിൽ മെനഞ്ഞ പദ്മനാഭപുരം രാമസ്വാമി അമ്പലത്തിലെ ശ്രീരാമന്റെ മടിയിൽ കിടക്കുന്ന സീതയ്ക്ക് ഏകദേശം ഇതേ കേശഭാര സ്വരൂപമാണെങ്കിലും അതീവചാരുത നിബന്ധിച്ചാണ് അവതരണം). സീതയുടെ കൈകൾക്ക് അസാമാന്യമായ നീളമാണ്; വിരലുകൾ വളരെ നീണ്ടു മെലിഞ്ഞതും കൂർത്തതുമാണ്. അവരുടെ അവസ്ഥയുടെ കരാളത തീവ്രതരമാക്കപ്പെട്ടിരിക്കയാണ് ഈ കൈകളുടെ രൂപവൈചിത്ര്യത്താൽ. ശ്രീകോവിലിലെ പ്രധാനവാതിലിനു വശത്തുള്ള ദ്വാരപാലകനും ഇതേ രൂപവൈചിത്രമുള്ള കൈകൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ടെങ്കിലും ശരീരത്തിന്റെ അളവുകൾ വച്ച് നോക്കിയാൽ വലിപ്പത്തിൽ വലിയ അസാധാരണത്വം കാണാനാവില്ല. മറ്റു മനുഷ്യ രൂപങ്ങൾക്കൊന്നും ശിൽപ്പി ഈ നീണ്ടുകൂർത്ത വിരലുകൾ നൽകിയിട്ടില്ല. ശരീരഭാഗങ്ങളുടേയോ മുഖത്തിന്റേയോ അനുപാതത്തിനപ്പുറമാണ് സീതയുടെ കൈപ്പത്തികളുടെ നീളം. ഈ ചിത്രചട്ടത്തിന്റെ പകുതിയോളം ഭാഗം അശോകമരത്തെ ഒരു പ്രധാനചിത്രീകരണവസ്തുവായി പ്രദർശിപ്പിക്കാൻ ഉപയോഗിച്ചിരിക്കയാണ്. ചില്ലകളിൽ പതുങ്ങി മറ്റൊരു ഹനുമാൻ ഉണ്ടെന്നുള്ളതാണ് ഈ ദാരുശിൽപ്പത്തിന്റെ സവിശേഷത. ഹനുമാൻ ചവിട്ടുന്നതിനാൽ നടുഭാഗത്തെ ചില്ലകൾ താഴോട്ട് മടങ്ങിയിരിക്കുകയാണ്. ഒറ്റനോട്ടത്തിൽ ഭംഗിയാർന്ന ചില്ലകൾ കാഴ്ച്ച പിടിച്ചെടുക്കുമെങ്കിലും താഴത്തെപ്പകുതി നാടകീയതയാൽ വിജൃംഭിക്കയാണ്.

**ഇട (space) ത്തിന്റെ പ്രത്യക്ഷം**

അപാരചാതുരിയോടെയാണ് ഇടങ്ങൾ വിന്യസിച്ചിരിക്കുന്നത്. ഒരേ പ്രതലത്തിൽ രണ്ട് ഇടങ്ങൾ എന്നത് ഒരു മാന്ത്രികവിദ്യപോലെ ഉൾക്കൊള്ളിച്ചിരിക്കുന്നു. മരത്തിൽ ഇരിക്കുന്ന ഹനുമാൻ, താഴെ നിൽക്കുന്ന ഹനുമാൻ എന്നിങ്ങനെ രണ്ട് രൂപങ്ങളാണ് ഈ ഇടങ്ങളുടെ കേന്ദ്രീകരണം. മരത്തിലെ ഹനുമാൻ കുറച്ചു പിന്നിൽ, ദൂരെയാണ്; അതുകൊണ്ട് ചെറുതും. ഒരേ ഒരു കാഴ്ചയുടെ രണ്ട് പ്രതലങ്ങൾ എന്നത് വെളിവാക്കാനെന്ന വണ്ണം. ഈ രണ്ട് സ്പെയ്സിനേയും വേർതിരിക്കുന്നതും ഒന്നിക്കുന്നതും അശോകമരം തന്നെ. സീതയ്ക്കും ഹനുമാനുമിടയ്ക്ക് അദൃശ്യതയിൽ നിന്നും പൊന്തി വരുന്നതു പോലെയാണ് മരത്തിന്റെ ചിത്രീകരണം. ഹനുമാൻ ചവിട്ടി മടക്കുന്ന ചില്ലകൾ ദൂരെ പിറകിൽ ദൃശ്യമാവുന്ന മരത്തിന്റേതെന്ന പോലെ ചെറുതാണ്, എന്നാൽ സീതയുടെ മേൽ



ചായുന്ന ചില്ലകളും ഹനുമാന്റെ തലയ്ക്കു മുകളിൽ ഉള്ള ഇലക്കൂട്ടങ്ങളും മുൻപിലുമാണെന്ന പ്രതീതിയാണ് ദൃശ്യസമക്ഷം ബോധിപ്പിക്കുന്നത്. പിറകിൽ തറയ്ക്കുന്ന നമ്മുടെ നോട്ടം പതുക്കെ മുന്നോട്ട് വന്ന് മുൻപിൽ ഹനുമാനിലും സീതയിലും കേന്ദ്രീകരിക്കണം എന്നാണ് ഈ ചിത്രക്കാഴ്ച്ച നിർദ്ദേശിക്കുന്നത്. മരത്തിനു മുകളിലത്തെ ഹനുമാൻ അതീവ ശ്രദ്ധാലുവും ജാഗരൂകനുമാണെന്ന മട്ടിൽ മുഖഭാവം കൊത്തിയെടുത്തിട്ടുണ്ട്. പിന്നീട് വന്ന ചുവർച്ചിത്രങ്ങളിലോ കൊത്തുപണികളിലോ ഒരേ ചട്ടത്തിൽ രണ്ട് സ്പെയ്സ് എന്നത് പരീക്ഷിക്കപ്പെട്ടിട്ടേ ഇല്ല എന്നത് ഈ ദാരുശിൽപ്പത്തെ അനന്യവും നിസ്തുലവുമാക്കുന്നു.

**സമയ (time)ത്തിന്റെ പ്രത്യക്ഷം**

ഈ രണ്ട് സ്പെയ്സും രണ്ട് സമയങ്ങളിലുമാണ്. പിറകിൽ മരത്തിന്റെ മുകളിൽ നിന്നും ചാടാൻ തുടങ്ങുന്ന ഹനുമാൻ ആദ്യം നടന്ന സംഭവവും മുന്നിൽ നിലത്തിറങ്ങിയ ഹനുമാൻ സന്ദേശമോതുന്നത് അതിനു ശേഷം നടന്ന സംഭവവും എന്നിങ്ങനെ രണ്ട് കാലനിബന്ധനകൾ ആണിവിടെ. സ്പേയ്സ് നിബന്ധനയിൽ സന്നിവേശിക്കപ്പെട്ട മരത്തിന്റെ തായ്ത്തടിയുടെ വിനിയോഗം ഇവിടെയും കാലങ്ങളെ ബന്ധിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്നു. രണ്ട് സമയങ്ങൾക്കും ഇടയിൽ നിന്നാണ് മരം ആവിർഭവിക്കുന്നത്. ഇവിടെയും മുൻപ് നടന്ന സംഭവം എന്ന് സൂചിപ്പിക്കാൻ ഹനുമാൻ രൂപം ചെറുതാക്കിയെടുത്തിരിക്കുന്നു. തൊട്ട് മുകളിലത്തെ പാനലിൽ മല മുകളിൽ നിന്നും ചാടാൻ തുടങ്ങുന്ന ഹനുമാനാണ്, കഥാഗതിയിലെ അനുസ്യൂതി പരിപാലിക്കപ്പെടുകയാണ്, ഒരു ഫലകത്തിൽ രണ്ട് സമയങ്ങൾ എന്ന വിചിത്രപര്യാലോചനയിൽ ഈ തുടർച്ച എളുപ്പം പരിപാലിക്കപ്പെടുന്നു.

സ്ഥല-കാല ഭ്രമാത്മകത ഇപ്രകാരം സ്വരുക്കൂട്ടിയെടുക്കാൻ പതിനാലാം നൂറ്റാണ്ടിലെ ശിൽപ്പിക്ക് സാധിച്ചു എന്നത് ഭാരതീയ ശിൽപ്പകലയ്ക്ക് നിസ്തുലമായ സംഭാവന നൽകിയ വേളയാണ്. ഒറ്റനോട്ടത്തിൽ രാമണീയകത്തിൻ ധാമം പോലെ വിടർന്നുല്ലസിക്കുന്ന മരച്ചില്ലകൾ — അതും വരകളുടെ വളവുകളാൽ ഭംഗിയേറ്റിയതും — ആണ് കണ്ണിലുടക്കുന്നതെങ്കിലും താഴെ തീവ്രസങ്കടമുണർത്തുന്ന ദൃശ്യം നേർവിപരീതമാണ്. രണ്ട് കാഴ്ച്ചകൾ കാണാനാണ് ശിൽപ്പം നമ്മെ ക്ഷണിക്കുന്നത്. ചെറിയ കള്ളിയിലൊതുക്കപ്പെട്ട ദാരുശിൽപ്പം ബൃഹത്തായി പരിണമിക്കുകയാണ്.

**ചലനാത്മകത**

ശിൽപ്പങ്ങളിൽ ചലനമോ വേഗമോ ചിത്രീകരിക്കുക എന്നത് ദുഷ്ക്കരമാണ്. എന്നാൽ നമ്മുടെ ശിൽപ്പികൾ ഈ വെല്ലുവിളി സധൈര്യം ഏറ്റെടുത്തിട്ടുണ്ട്. കയ്യിലും തലയിലും മറ്റും കുടങ്ങൾ ഉരുട്ടിയും തത്തിയും നൃത്തം ചെയ്യുന്ന "കുടക്കൂത്ത്" നർത്തകികളെ പതിനൊന്നാം നൂറ്റാണ്ടിൽ തന്നെ കല്ലിൽ കൊത്തിയെടുത്തിരുന്നു എന്നതിനു തെളിവാണ് കിടങ്ങൂർ അമ്പലത്തിലെ സോപാനത്തിന്റെ വശത്തെ കല്ലുപാളികളിൽ തെളിയുന്നത്. വായുവിൽ പാറി നിൽക്കുന്ന കുടങ്ങളും നീട്ടിയ കയ്യിന്മേൽ ഒഴുകി നീങ്ങുന്ന കുടങ്ങളും നൃത്തത്തിന്റെ വിന്യാസത്തോടൊപ്പം ചിത്രീകരിച്ചിരിക്കുന്നത് ചലനം എന്നത് എങ്ങനെ കല്ലിൽ കൊത്തിയ ശിൽപ്പത്തിൽ വെളിവാക്കാം എന്നതിന്റെ ഗംഭീര ഉദാഹരണമാണ്. ഇതേ ശിൽപ്പത്തിന്റെ പകർപ്പോ അനുകരണമോ എന്നു തോന്നുമാറ് ത്രിവിക്രമമംഗലത്തിലെ അമ്പലത്തിലെ സോപാനത്തിനു മുൻപിലെ കൽപ്പാളി (12-ആം നൂറ്റാണ്ട്) യിലും ഒഴുകിനീങ്ങുന്ന കുടങ്ങൾ നർത്തകികളോടൊപ്പം പ്രത്യക്ഷപ്പെടുന്നുണ്ട്. എന്നാൽ ചാത്തങ്കുളങ്ങരയിലെ ഹനുമദ്ദൂത് ശിൽപ്പത്തിൽ ചടുല പ്രത്യക്ഷമാകുന്ന ചലനാത്മകതയല്ല, ശരീരവിന്യാസങ്ങൾ ഗൂഢമായി നിബന്ധിച്ചിരിക്കയാണ്. ശിൽപ്പത്തിനുള്ളിലാണ് ഈ അദൃശ്യ ചലനം. മരത്തിൽ നിന്നും ചാടാനായുന്ന ഹനുമാനു ശേഷം നിലത്തിറങ്ങിയ ഹനുമാനെ തൊട്ടുമുന്നിൽ വെളിവാക്കുമ്പോൾ ആ ചാട്ടം കഴിഞ്ഞു എന്ന് സൂചിപ്പിക്കുകയാണ്. ഒരു ഫലകത്തിന്മേൽ തന്നെ സൃഷ്ടിച്ചെടുത്ത ഒരേ കഥാപാത്രം രണ്ട് നിലപാടുകൾ കൈക്കൊള്ളുന്ന, സ്ഥല-കാല വ്യത്യാസത്തോടെ ഭ്രമാത്മകത സൃഷ്ടിച്ചെടുക്കുമ്പോൾ അവർക്കിടയിൽ ചലനം എന്നത് മാത്രമാണ് ബന്ധസൂചകമായിട്ടുള്ളത്.

എന്നാൽ തീക്ഷ്ണമായ ചലനവേഗങ്ങൾ ചിത്രീകരിച്ചിട്ടുള്ള മറ്റൊരു ദാരുശിൽപം ചാത്തങ്കുളങ്ങരെത്തന്നെയുണ്ട്. സേതുബന്ധന സമയത്ത് കല്ലുകൾ ശേഖരിക്കുന്ന കുരങ്ങിന്റെ (ഹനുമാൻ രൂപിയാണ്) തലയിൽ നിന്നും കയ്യിൽ നിന്നും കല്ലുകൾ വീണുപോകുന്ന ഊർജ്ജസ്വല ചലനചിത്രീകരണത്തിന്റെ ഉദാഹരണമാണിത്. കല്ലുകളുടെ നിപാതത്തിലെ പല നിമിഷങ്ങൾ ചലച്ചിത്രത്തിലെ അനുസ്യൂതഫ്രെയിമുകൾ പോലെയാണ് കൊത്തിയെടുത്തിരിക്കുന്നത്. 1300 കളിലെ അദ്ഭുതമായി ഗണിക്കേണ്ടതാണ് ഈ ഭാവനാവിലാസം. തോൾ വരെ എത്തിയ കല്ല്, കൈയ്ക്കു താഴെ എത്തിയ കല്ലുകൾ, നിലത്ത് തൊട്ടുതൊട്ടില്ല എന്ന മട്ടിലെത്തിയ കല്ല് ഒക്കെ ചലത്ശിൽപ്പത്തിൽ പ്രദർശിതമാവുകയാണ്.

കല്ലുകൾ വീണ് പോവുന്നതിലുള്ള ജാഗ്രത കൃത്യമായാണ് വെളിവാക്കിയിരിക്കുന്നത് എന്നതിനാൽ ആകസ്മികമാണിതെന്നും സൂചനയുണ്ട്.

ചാത്തങ്കുളങ്ങരയിലെ ശിൽപ്പി/ശിൽപ്പികൾ എടുത്ത സ്വാതന്ത്ര്യവും തുറസ്സായി സാത്മീകരിച്ച ഭാവനയും അതേ രീതിയിൽ പിന്തുടരപ്പെട്ടില്ല. ഏറ്റുമാനൂരേയും കവിയൂരേയും ചില ദാരുശിൽപ്പങ്ങൾ അദ്ഭുതകരമായി അതിസാങ്കേതികതയും ചാരുതയും സമ്മിളിതമാക്കിയിട്ടുണ്ട് എങ്കിലും സ്ഥല-കാല നിബന്ധനയും ഗൂഢമായ ചലന പദ്ധതികളും 1300 കളിൽ പ്ലാവിൻ തടിയിൽ വിരിയിച്ചെടുത്തത് ചാത്തങ്കുളങ്ങരത്തന്നെ. 1800 കളോടെ കേരളത്തിലെ ദാരുശിൽപ്പ കല നവീകരണത്തിന്റേയോ ഭാവനാവികാസത്തിന്റേയോ വഴി സഞ്ചരിക്കാതെ അന്യം നിന്നു പോകയാണുണ്ടായത്. സമർത്ഥമായ ചില അനുകരണങ്ങൾ മാത്രം ബാക്കിവച്ചിട്ടാണ് 600 ഓളം വർഷങ്ങൾ നീണ്ടുനിന്ന ഈ മഹദ് പാരമ്പര്യം കലാകേരളത്തെ വിട്ടുപോയത്.

**നറുങ്ങ്-2**

Name the first Malayali to win the Magsaysay Award?

# വൈക്കം സത്യഗ്രഹവും ആമചാടി തേവനും



*Ganesh Puthur*
*is currently pursuing Masters Degree in History from Hyderabad Central University. He is also a poet and has poems published in magazines including 'Mathrubhumi' weekly, 'Kalakaumudi', 'Madhyamam' weekly and 'Kalapoorna'.*

കേരള നവോഥാന ചരിത്രത്തിന്റെ നിർണായകമായ ഒരേടാണ് വൈക്കം സത്യഗ്രഹം. വൈക്കം മഹാദേവക്ഷേത്രത്തിന്റെ മതിൽക്കെട്ടിന് പുറത്തുള്ള പൊതുവഴിയിലൂടെ അവർണർക്ക് സഞ്ചാരസ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ടുള്ള കീഴ്‌വഴക്കത്തിനെതിരെയുള്ള കലഹമായിരുന്നു വൈക്കം സത്യഗ്രഹം. മഹാത്മാഗാന്ധിയുടെയും മന്നത്ത് പത്മനാഭന്റെയും ശ്രീനാരായണഗുരുവിന്റെയും കെ. കേളപ്പന്റെയും കെ.പി കേശവമേനോന്റെയും മാർഗ നിർദേശങ്ങൾ സ്വീകരിച്ച ആയിരക്കണക്കിന് സമരഭടന്മാരുടെ നിതാന്തമായ പരിശ്രമത്തിന്റെ ഫലമായി കാലങ്ങളായി സമൂഹത്തിന് കളങ്കമായി നിന്ന ഒരു അനാചാരം അവസാനിപ്പിക്കാനായി. മഹാത്മാഗാന്ധി സത്യഗ്രഹത്തിൽ സ്വയം പങ്കെടുത്തു എന്ന സവിശേഷത കൂടാതെ ഇ.വി. രാമസ്വാമി നായ്ക്കർ, പഞ്ചാബിൽ നിന്ന് അകാലികൾ എന്നിവരും വൈക്കത്ത് എത്തിയിരുന്നു. മഹാത്മാഗാന്ധിയുടെ തൊട്ടുകൂടായ്മയ്ക്കെതിരെയുള്ള പോരാട്ടത്തിന്റെ നിർണായകമായ നാഴികക്കല്ലായി കണക്കാക്കപ്പെടുന്ന വൈക്കം സത്യഗ്രഹത്തിന്റെ മുന്നണി പോരാളിയായിരുന്നു ആമചാടി തേവൻ. കേരളചരിത്രത്തിലെവിടെയും ഇടം നേടാതെ പോയ ഒരു അവർണൻ.

ചേർത്തല താലൂക്കിന്റെ ഭാഗമായ പെരുമ്പളം ദ്വീപിൽ കണ്ണന്റെയും കാളിയുടെയും മകനായി തേവൻ ജനിച്ചു. തന്റെ നാലാമത്തെ വയസ്സിൽ മാതാപിതാക്കളെ നഷ്ടമായ തേവനെ പെരുമ്പളത്തെ പ്രശസ്തമായ നായർ തറവാട്ടിലേക്ക് അവിടുത്തെ 'അച്ചുക്കുട്ടി അമ്മ' കൂട്ടിക്കൊണ്ടുപോയി. തീണ്ടലും തൊടീലും മറ്റും ശക്തമായിരുന്ന കാലത്തായിരുന്നു ഈ സംഭവം. ഒരുപക്ഷെ തേവൻ ജീവിതത്തിൽ കണ്ട ആദ്യത്തെ വിപ്ലവകാരിയായിരുന്നു അച്ചുക്കുട്ടി അമ്മ.

ആമചാടി തുരുത്തിലെ തേവന്റെ പൊളിഞ്ഞുവീഴാറായ വീട്ടിലിരുന്ന് അദ്ദേഹത്തിന്റെ മകൻ പ്രഭാകരൻ തേവന്റെ ചെറുപ്പകാലത്തെക്കുറിച്ച് വാചാലനായി. അച്ചുക്കുട്ടിയമ്മ സ്വന്തം മക്കൾക്കൊപ്പം തന്നെ തേവനും വിദ്യാഭ്യാസം നൽകിയിരുന്നു. പക്ഷെ തറവാട്ടിലെ തേവന്റെ സാന്നിധ്യം സവർണർക്കിടയിലുണ്ടാക്കുന്ന അസ്വസ്ഥത തിരിച്ചറിഞ്ഞ അച്ചുക്കുട്ടിയമ്മ തേവന് കൃഷിഭൂമിയ്ക്ക് അരികിലായി പുരവയ്ക്കാനായി സ്ഥലം നൽകി. ഈ കാലയളവിൽ ശ്രീ നാരായണഗുരുവിന്റെയും മഹാത്മാഗാന്ധിയുടെയും പുസ്തകങ്ങൾ ധാരാളമായി തേവൻ വായിച്ചു.

പുകയില കൈവശം വെയ്ക്കുന്നത് അകാലത്ത് അനധികൃതമായിരുന്നു. കൊച്ചി രാജ്യത്തും തിരുവിതാംകൂറിലും പുകയില കണ്ടെത്താനും പിടിച്ചെടുക്കാനുമുള്ള സേനകൾ ഉണ്ടായിരുന്നു. തേവനോട് വൈരാഗ്യമുണ്ടായിരുന്ന ഒരു സവർണ്ണൻ പെരുമ്പളത്തെ തേവന്റെ പുരയിൽ പുകയില ഒളിപ്പിക്കുകയും ആ വിവരം പോലീസിന് കൈമാറുകയും ചെയ്തു. വൈക്കം പോലീസ് സ്റ്റേഷനിൽ വെച്ച് കൊടിയ പീഡനമാണ് തേവൻ അനുഭവിച്ചത്. പെരുമ്പളത്ത് താൻ സുരക്ഷിതനല്ല എന്ന് തിരിച്ചറിഞ്ഞ തേവൻ പെരുമ്പളം ഉപേക്ഷിച്ച് ആമചാടി എന്ന ദ്വീപിൽ താമസമാരംഭിച്ചു. പ്രദേശത്തെ ആറ് ദ്വീപുകളിൽ പ്രധാനമായിരുന്നു ആമചാടി ദ്വീപ്. തിരിച്ചറിയാൻ കഴിയാതെ പോവുന്ന ശവശരീരങ്ങൾ സംസ്കരിക്കാനായിരുന്നു ദ്വീപ് ഉപയോഗിച്ചിരുന്നത്. ആമകൾ ദ്വീപിൽ നിന്ന് പുഴയിലേക്ക് ചാടിയിരുന്നതുകൊണ്ടാണ് ദ്വീപിന് ആമചാടി എന്ന് പേര് വന്നത്. അവിടെ വെച്ച് തേവൻ കാളിയെ വിവാഹം കഴിച്ചു, അതിൽ നാല് കുട്ടികൾ ഉണ്ടായി. കാളിയുടെ മരണത്തിനു ശേഷം പൊന്നാച്ചിയെ വിവാഹം കഴിക്കുകയും അതിൽ എട്ടു മക്കൾ ഉണ്ടാവുകയും ചെയ്തു

ശ്രീവല്ലഭ ക്ഷേതത്തിൽ വിഗ്രഹം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പൂത്തോട്ടയിലെ



*തേവൻ: താഴത്തെ വരിയിൽ മേൽവസ്ത്രം ഇല്ലാതെ ഇരിക്കുന്നു*

ത്തിയ ശ്രീനാരായണഗുരു തേവനെ പരിചയപ്പെട്ടുകയും അദ്ദേഹത്തിന്റെ അറിവിനെയും സ്വഭാവസവിഷേതയെയും പ്രകീർത്തിക്കുകയും ചെയ്തു. “താങ്കൾ തേവനല്ല ദേവനാണ്” എന്നാണ് ശ്രീനാരായണഗുരു തേവനോട് പറഞ്ഞത്. തേവനെ ഏതു വിധേനയും വേട്ടയാടണം എന്ന് തീരുമാനിച്ച ചിലർ തേവനെതിരെ വൈക്കം പോലീസ് മേധാവിക്ക് പരാതി നൽകി. തേവനെ ചോദ്യം ചെയ്യാനെത്തിയ അദ്ദേഹം കണ്ടത് തലേന്ന് പെയ്ത മഴയിൽ നനഞ്ഞു കുതിർന്ന പുസ്തകങ്ങൾ വെയിലത്ത് ഉണക്കാനിടുന്ന തേവനെയാണ്. പുസ്തകങ്ങളുടെ വലിയ ഒരു ശേഖരം കണ്ട പോലീസ് മേധാവി തേവന് ആശംസകൾ നേർന്നാണ് തിരികെ പോയത്.

ഈ സമയത്താണ് അയിത്തോച്ചാടനത്തിനെതിരെ രാജ്യവ്യാപകമായ സമരത്തിന് മഹാത്മാഗാന്ധി ആഹ്വാനം ചെയ്തത്. അതിന്റെ അലയൊലികൾ തിരുവിതാംകൂറിലും പ്രതിഫലിച്ചു. സത്യഗ്രഹത്തിന്റെ തയ്യറെടുപ്പുകൾ വിലയിരുത്താൻ പൂത്തോട്ടയിലെത്തിയ ടി.കെ മാധവൻ ആമചാടി തേവനെ കണ്ടുമുട്ടുന്നു. കേരളത്തിൽ വളരെ കുറവ് മാത്രം കണ്ടു വരുന്ന ക്ഷേത്രനിർമ്മാണരീതിയിലുള്ള ഒരു ക്ഷേത്രം പൂത്തോട്ടയിലുണ്ട്. ശിവന്റെയും കൃഷ്ണന്റെയും അടുത്തടുത്തുള്ള രണ്ടു ക്ഷേത്രങ്ങളിലുള്ള പ്രതിഷ്ഠയാണ് അതിനെ വ്യത്യസ്തമാക്കുന്നത്. അത് മാത്രമല്ല തിരുവിതാംകൂർ - കൊച്ചി ദേവസ്വം ബോർഡുകൾ ഇതിലെ ഓരോ ക്ഷേത്രങ്ങളുടെ ഭരണം നിർവഹിച്ചിരുന്നു. ടി.കെ മാധവന്റെയും തേവന്റെയും നേതൃത്വത്തിൽ നൂറുകണക്കിന് പുലയന്മാർ ക്ഷേത്രത്തിൽ പ്രവേശിക്കുകയും പ്രാർത്ഥന നടത്തുകയും ചെയ്തു. 'പൂത്തോട്ട കേസ്' എന്നറിയപ്പെടുന്ന ഈ സംഭവത്തിന് ശേഷം ടി.കെ. മാധവനെയും തേവനെയും രണ്ട് ആഴ്ചക്കാലത്തേയ്ക്ക് ജയിലിലിട്ടു. ഇതിനു ശേഷമാണ് സത്യഗ്രഹത്തിൽ തേവൻ പങ്കുചേർന്നതും കോൺഗ്രസിന്റെ അംഗത്വം സ്വീകരിച്ചതും.

വളരെ ശക്തമായി സത്യഗ്രഹത്തിൽ പങ്കെടുത്തിരുന്ന തേവൻ. കെ.പി കേശവമേനോൻ തേവനെ മഹാത്മാഗാന്ധിയ്ക്ക് പരിചയപ്പെടുത്തി. മദ്യത്തിനെതിരെയുള്ള പ്രചാരണത്തിന്റെയും വൃത്തിയുടെ മഹത്വത്തെക്കുറിച്ചും മഹാത്മാഗാന്ധി തേവന് നിർദേശങ്ങൾ നൽകി. കാലിനു മുറിവ് പറ്റി തിരുവനന്തപുരത്തേക്ക് പോയ ടി.കെ. മാധവന് സത്യഗ്രഹത്തെക്കുറിച്ചുള്ള വിവരങ്ങൾ നൽകിക്കൊണ്ട് തേവൻ കത്തുകളയയ്ക്കുമായിരുന്നു. കോട്ടുകോഴിക്കൽ വേലായുധന് എഴുതിയ ഒരു കത്തിൽ ടി.കെ മാധവൻ ഇത് സൂചിപ്പിക്കുന്നുണ്ട്.

സത്യാഗ്രഹത്തിൽ പങ്കെടുത്തതിന് ശേഷം തുരുത്തിലേക്ക് തിരികെ എത്തവേ ഇണ്ടംതുരുത്തി മനയിലെ ഗുണ്ടകൾ തേവനെ ആക്രമിച്ചു. ശേഷം കണ്ണിൽ ചുണ്ണാമ്പ് പുരട്ടി. കാഴ്ചശക്തി ഭാഗികമായി നശിച്ച തേവനെ വൈക്കം സ്റ്റേഷനിൽ വെച്ച് ക്രൂരമായി മർദിച്ചു. ഈ സമയത്തു തേവന്റെ ഭാര്യ നാല് കുഞ്ഞുങ്ങളുമായി വൈക്കം ആശ്രമത്തിൽ അഭയം പ്രാപിച്ചു. ഈ സംഭവം കെ.പി കേശവമേനോൻ മഹാത്മാഗാന്ധിയുടെ ശ്രദ്ധയിൽ പെടുത്തി. കെ.പി കേശവമേനോൻ മുഖാന്തരം ഗാന്ധി ഒരു മരുന്ന് കൊടുത്തുവിടുകയും ആട്ടിൻപാലിൽ കലക്കി കണ്ണിൽ ഒഴിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഇങ്ങനെ ചെയ്തു രണ്ടു കൊല്ലങ്ങൾക്ക് ശേഷം തേവന് കാഴ്ച തിരിച്ചു കിട്ടിയതായി പറയപ്പെടുന്നു. കാഴ്ച തിരികെ ലഭിച്ചതിനു ശേഷം ജീവിതത്തിന്റെ സിംഹഭാഗവും തേവൻ കൃഷിയിൽ വ്യാപൃതനായി ആമചാടി തുരുത്തിൽ തന്നെ ചിലവഴിച്ചു. ജീവിതത്തിന്റെ അവസാനം വരെ അടിയുറച്ച കോൺഗ്രസ്സുകാരനായിരുന്ന തേവനെ ഒരു ഘട്ടത്തിലും അംഗീകരിക്കാൻ നേതൃത്വം തയ്യാറായില്ല. കെ.പി കേശവമേനോൻ മാത്രമാണ് തേവന്റെ ക്ഷേമം അന്വേഷിച്ചതെന്ന് തേവന്റെ മകൻ പ്രഭാകരൻ പറയുന്നു.

ആമചാടി തേവൻ എന്ന മനുഷ്യൻ ജീവിച്ചിരുന്നു എന്നതിന് അവശേഷിക്കുന്നത് വളരെ കുറച്ചു തെളിവുകളാണ് ഉള്ളത്. ആമചാടി എന്ന തുരുത്ത്, അതിൽ പൊളിഞ്ഞു വീഴാറായ ഒരു വീട്, ആ വീടിനു മുന്നിൽ വിണ്ടുകീറിയ തേവന്റെ സ്മാരകം, പ്രഭാകരൻ എന്ന മകൻ, അവ്യക്തമായ ഒരു ഫോട്ടോ. തേവൻ നാടിനും നാട്ടുകാർക്കും ഇന്ന് അപരിചിതനാണ്. കാലഹരണപ്പെട്ട പ്രാകൃതനിയതികൾക്കെതിരെ പോരാടിയ തേവന് ജീവിതത്തിൽ യാതനകൾ ലഭിക്കുകയല്ലാതെ അയാൾ ഒരിക്കൽപോലും സമ്മാനിതനായിട്ടില്ല. വൈക്കം സത്യഗ്രഹത്തിന്റെ മഹത്തായ സന്ദേശം വരും തലമുറയിലേക്ക് പകരുമ്പോൾ അതിൽ ആമചാടി തേവനും ഒരു ഇടമുണ്ടാവട്ടെ.

**അവലംബം**


1. ‘ആമചാടി തേവനെ വീണ്ടെടുക്കുമ്പോൾ’, ഒർണ കൃഷ്ണൻകുട്ടി, മാതൃഭൂമി വാരാന്തപ്പതിപ്പ്, 2014 ഏപ്രിൽ 13

2. ‘ആ മഹത്തായ സമരത്തിന് നവതി’, സുബ്രഹ്മണ്യൻ അമ്പാടി, മാതൃഭൂമി വാരാന്തപ്പതിപ്പ്, 2014 മാർച്ച് 30

3. ‘ആമചാടി തേവൻ എന്ന വിനയാധികാരി’, മണർകാട് ശശികുമാർ, ഇടനേരം ബ്ലോഗ്

# കാഞ്ഞിരപ്പള്ളിക്കാരൻ കവിയുടെ മാവേലിപ്പാട്ട്

*"മാവേലി നാടു വാണീടും കാലം*
*മാനുഷരെല്ലാരുമൊന്നു പോലെ...*
*കള്ളവുമില്ല ചതിവുമില്ല,*
*എള്ളോളമില്ല പൊളിവചനം വെള്ളിക്കോലാദികൾ നാഴികളും*
*കള്ളപ്പറയും ചെറുനാഴിയും"*

"ഓണപ്പാട്ട്" എന്നു പരക്കെ പരാമർശിക്കപ്പെടുന്ന ഈ പഴയ നാടൻ പാട്ട് കേൾക്കാത്ത മലയാളി ഉണ്ടാവില്ല. പതിമൂന്നാം നൂറ്റാണ്ടിനു ശേഷം കാഞ്ഞിരപ്പള്ളിക്കാരനായ ഒരു പച്ചമലയാള കർഷകകവി രചിച്ച നാടൻപാട്ട്, "ഓണപ്പാട്ട്" എന്നു പലരും തെറ്റിധരിക്കുന്നു. പക്ഷേ അതിൽ ഒരിടത്തും ഓണം എന്ന പരാമർശിക്കപ്പെടുന്നില്ല എന്ന കാര്യം ആരും മനസ്സിലാക്കുന്നില്ല. പുരാണകഥകളിലെ കുടവയറൻ, ഓലക്കുട ചൂടും മഹാബലി ചക്രവർത്തിയുമായും ഈ പാട്ടിനു ബന്ധമില്ല എന്നതാണ് വാസ്തവം. അത് അറിയാവുന്ന മലയാളികൾ വിരളം. കഷ്ടം എന്നല്ലാതെ എന്തു പറയാൻ!

മാവേലി നാട്ടിലെ മാവേലി രാജാവിന്റെ നാമം നാം കാണുന്നതു മറ്റു രണ്ടിടങ്ങളിൽ മാത്രമാണെന്ന് ഓർക്കുക. ഒന്ന് ആലപ്പുഴ ജില്ലയിലെ മാവേലിക്കര എന്ന സ്ഥലനാമത്തിൽ. രണ്ടാമത്, കാഞ്ഞിരപ്പള്ളിയിലെ അതിപുരാതനമായ വെള്ളാളപിള്ളകളാൽ നിർമ്മിതമായ മധുരമീനാക്ഷിക്ഷേത്രത്തിലെ "മാവേലി" ശാസനത്തിലും. ഈ മൂന്നിടങ്ങളിലൊഴിച്ച് മറ്റൊരിടത്തും മാവേലി എന്ന പേര് വരുന്നില്ല.

The Pandyan Kingdom എന്ന അതിപ്രസിദ്ധമായ ചരിത്രഗ്രന്ഥത്തിൽ പ്രൊഫസർ കെ. എ. നീലകണ്ഠ ശാസ്ത്രികൾ എഴുതിയത് നമുക്കൊന്നു നോക്കാം. പാണ്ഡ്യരാജാവായിരുന്ന മാരവർമ്മൻ കുലശേഖരൻ (എ.ഡി. 1268), സമകാലീകൻ വീരപാണ്ഡ്യൻ (എ.ഡി. 1253) എന്നിവരുടെ ശാസനങ്ങളിൽ "മാവേലി വാണാദിരായൻ" എന്നൊരു രാജാവിനെ നമുക്ക് കാണാം. ഈ രാജാക്കൻമാരെ "പിള്ള", "മക്കൾ" എന്നൊക്കെ പരാമർശിച്ചിരുന്നതായി ശാസ്ത്രികൾ എഴുതുന്നു. ജഡാവർമ്മൻ പാണ്ഡ്യൻ എന്ന ചക്രവർത്തിയുടെ ശാസനത്തിൽ "പിള്ളൈ കുലശേഖര മാവേലി വാണാദിരായൻ" എന്ന പേര് കാണാം. "കേരള സിംഹ വളനാട്" എന്ന രാജ്യം ഭരിച്ചിരുന്ന ചിറ്ററചൻ ആയിരുന്നു ഈ മാവേലി. തമിഴ്നാട്ടിലെ രാമനാഥപുരം ജില്ലയുടെ ഭാഗമായിരുന്നു ഈ കേരള സിംഹ വളനാട് എന്നും ശാസ്ത്രികൾ തുടർന്നെഴുതുന്നു. ഏ.ഡി. ആദ്യ ശതകം മുതൽ പത്താം നൂറ്റാണ്ടു വരെ പാലാർ നദീതീരത്തുള്ള വിസ്തൃതമായ രാജ്യം ഭരിച്ചിരുന്നവർ ആയിരുന്നു മാവേലി രാജാക്കൻമാർ. മധുരയും രാമനാഥപുരവും ഭരിച്ചിരുന്ന മാവേലി രാജാവ് തന്റെ ഭരണം കിഴക്കു നിന്ന് പടിഞ്ഞാറോട്ട് മാവേലിക്കര വരെ ഒരുകാലത്ത് വ്യാപിപ്പിച്ചിരിക്കണം എന്ന് എസ്. ശങ്കു അയ്യർ അദ്ദേഹത്തിന്റെ "കേരളചരിത്രത്തിലെ ചില അജ്ഞാത ഭാഗങ്ങൾ" (എൻ.ബി.എസ്.; 1963; പേജ് 116 കാണുക) എന്ന ചരിത്രപുസ്തകത്തിൽ എഴുതുന്നു. ഒരു മാവേലി രാജാവ് മാവേലിക്കരയോ കാഞ്ഞിരപ്പള്ളിയോ തലസ്ഥാനമാക്കിരുന്നു എന്നും വരാം. "വളനാട്" എന്നു പറഞ്ഞാൽ ചെറു ചെറുനാട്ടുകൾ ചേർന്ന പ്രദേശം. അത് കേരളം വരെ വ്യാപിച്ചിരുന്നു എന്നതിനു തെളിവാണ് "കേരള സിംഹ വളനാട്" എന്ന രാജ്യനാമം. ഏ. ഡി 1100 – 1300 കാലഘട്ടത്തിലായിരുന്നു മാവേലിക്കര വരെ വ്യാപിച്ചിരുന്ന പാണ്ടിനാട് നിലനിന്നത്.

മാവേലിപ്പാട്ടിലെ "വാണീടും", "ഒന്നു പോലെ", "ആർക്കും", "എള്ളോളം", "ചെറുനാഴി" എന്നീ പ്രയോഗങ്ങൾ കൊല്ലം ആറാം നൂറ്റാണ്ടിനു മുൻപുള്ള സാഹിത്യത്തിൽ കാണുന്നില്ല. ഈ പദങ്ങൾക്കാകട്ടെ പഴയകാല കോട്ടയം (തെക്കുംകൂർ-കാഞ്ഞിരപ്പള്ളി) 'ചുവ' ഉണ്ടെന്നും എസ്.



***Dr Kanam Sankara Pillai, MS.DGO***
*Retired from Kerala Health Service as its Deputy Director, is passionate in Kerala history. An active blogger and prolific writer, Dr Kanam has published 10 books and several articles. He has taken a keen interest in the history of Kerala and his blogs offer us rare glimpses of various epochs from our history hitherto unknown to the wider public.*



*തിരുവിതാംകൂർ ആർക്കിയോളജി ശിലാരേഖ നംമ്പർ 44/1099: സമരകോലാഹല മന്നൻ - യുദ്ധ തന്ത്രജ്ഞനായ മാവേലി വാണാദിരായൻ പൊതിമാടുകൾക്ക് – ഭാരം ചുമന്നുകൊണ്ടു പോകുന്ന മാടുകൾക്ക് – ഏർപ്പെടുത്തിയ നികുതിയെക്കുറിച്ചുള്ള ശാസനം; ക്ഷേത്രത്തിനു മുമ്പിലൂടെ പോകുമ്പോൾ മധുര മീനാക്ഷിക്കു നൽകേണ്ടുന്ന കരം എത്ര എന്നു വ്യക്തമാക്കുന്ന ശിലാശാസനം, വട്ടെഴുത്ത് ശാസനം (ഏ. ഡി. 1110-1300).*



*മാവേലിശാസനം കണ്ടെത്തിയിട്ടുള്ള കാഞ്ഞിരപ്പള്ളിയിലെ മധുരമീനാക്ഷി ക്ഷേത്രം*

ശങ്കു അയ്യർ. മാവേലിയുടെ ഭരണകാലത്ത് കള്ളപ്പറയും ചെറുനാഴിയും ഇല്ലായിരുന്നു എന്നും തൂക്കം നോക്കാൻ ഉപയോഗിച്ചിരുന്ന "വെള്ളിക്കോൽ" കിറുകൃത്യമായിരുന്നു എന്നും "എള്ള്" ("എള്ളോളമില്ല പൊളിവചനം" എന്ന പ്രയോഗം ശ്രദ്ധിക്കുക) കൃഷിക്കാരനായ പുരാതന കാഞ്ഞിരപ്പളിളിക്കാരൻ, ശുദ്ധ പച്ച മലയാളം കവി പാടിയത് കാണുക. പാണ്ഡ്യരാജാക്കൻമാർ ഒരു പ്രദേശം പിടിച്ചടക്കിയാൽ ആദ്യം ചെയ്യുന്നത് ആ പ്രദേശത്തെ അളവുകളും തൂക്കങ്ങളും കിറുകൃത്യമാക്കുക എന്നതായിരുന്നു. പാരാന്തകപാണ്ഡ്യൻ തിരുവനന്തപുരത്തെ കാന്തളൂർ ശാഖ പിടിച്ചടക്കിയപ്പോൾ ആദ്യം ചെയ്തത് തൂക്കവും അളവും പുതുക്കി അവയിൽ പാണ്ഡ്യരുടെ മത്സ്യമുദ്ര കുത്തി എന്നതായിരുന്നു എന്ന് കാണുക.

ചുരുക്കത്തിൽ ഏ. ഡി. 1110-1300 വരെ വേണാട് ഓടനാട് വെമ്പോലിനാട് എന്നിവയ്ക്കു പുറമേ കാഞ്ഞിരപ്പള്ളിയും മാവേലിക്കരയും ഉൾപ്പെട്ട ഒരു രാജ്യം കൂടി നമ്മുടെ കേരളത്തിൽ ഉണ്ടായിരുന്നു—'കേരള സിംഹ വളനാട്' എന്ന മാവേലിനാട്. മാവേലിപ്പാട്ടിന്റെ നാട്. ഈ രാജ്യം ഭരിച്ചിരുന്ന 'മാവേലി' രാജാവിന്റെ വട്ടെഴുത്തു ശാസനം കാഞ്ഞിരപ്പള്ളിയിലെ ക്ഷേത്രത്തിൽ ഇന്നും കാണപ്പെടുന്നു.

"ചമര കോലാഹലൻ മ-
തിയാത മന്ന മണവാള-
ൻ മാവേലി വാണാദിരായൻ പകവ-
തിക്കു വിചം എരു 1 കു മേൽ -
വിചി"

**അവലംബം**

ഡോ. കാനം ശങ്കരപ്പിള്ള, ആനിക്കാട് ശങ്കരപ്പിള്ള. എരുമേലി പേട്ട തുള്ളലും ക്ഷേത്രപുരാവൃത്തങ്ങളും. 1976

എ. സ് ശങ്കു അയ്യർ. "കേരളചരിത്രത്തിലെ ചില അജ്ഞാത ഭാഗങ്ങൾ. എൻ.ബി.എസ്. 1963.

**നുറുങ്ങ് –3**

Which great poet-translator met with an car accident in 1914 and died in the hands of his nephew, disciple and equally eminent literary figure?

# ശ്രീനാരായണഗുരു: അറിവും അലിവും ചേർന്ന കൃപാനിധി



*സജനീവ് ഇത്തിത്താനം*

*ചങ്ങനാശ്ശേരിക്കടുത്ത് ഇത്തിത്താനം സ്വദേശി. കലാ ഗവേഷകൻ, ഗ്രന്ഥകർത്താവ്, ഗാനരചയിതാവ് എന്നീ നിലകളിൽ ശ്രദ്ധേയൻ. മത്തവിലാസം ആട്ടക്കഥ, മയിൽപ്പീലിത്തൂക്കം (അർജ്ജുനനൃത്തം), താളപ്പെരുമയുടെ കല എന്നിവയാണ് പ്രധാന രചനകൾ. വേദാന്തം, ചരിത്രം, കല എന്നീ വിഷയങ്ങളിൽ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.*

സ്പഷ്ടം നിലാവങ്ങുനീങ്ങി ദിനകരനുദയംചെയ്തു ചന്ദ്രൻ മറഞ്ഞു
തട്ടിത്തട്ടിപ്പെരുക്കിപ്പെരുവെളിയതിലാക്കീടുവാൻ പിന്നെയാട്ടെ
കഷ്ടം ദീനം പിടിച്ചോ മദിരയതുകുടിച്ചോ കിടക്കുന്നലോകർ-
ക്കുത്തിഷ്ഠോത്തിഷ്ഠശീഘ്രം നദിയിൽ മുഴുകുവാൻ കാലമായ് വന്നിതിപ്പോൾ"

(സുബ്രഹ്മണ്യകീർത്തനം- ശ്ലോകം12)

"എനിക്കെല്ലാം സ്പഷ്ടമായിരിക്കുന്നു. നിലാവെളിച്ചം നീങ്ങി. ചന്ദ്രൻ മറഞ്ഞു. സൂര്യൻ ഉദിച്ചിരിക്കുന്നു. ഭഗവാനേ നീ എന്നെ ആ മഹാപ്രകാശത്തിലാക്കുന്നത് പിന്നെയാകട്ടെ. കഷ്ടം! ഏതെങ്കിലും തരത്തിലുള്ള രോഗം പിടിച്ചോ മദ്യപാനം ചെയ്തോ കിടക്കുന്ന ലോകരേ ഉണരൂ വേഗമുണരൂ. നദിയിലിറങ്ങി മുങ്ങിക്കുളിക്കുവാനുള്ള നേരമായി."

കേരളമെന്ന കൊച്ചുനാട്ടിൽ മലയാളമെന്ന കൊച്ചു ഭാഷയിൽ ശ്രീ നാരായണൻ എന്ന ജഗദ്ഗുരു കുറിച്ച ഏതാനം വരികളാണ് മുകളിലെഴുതിയത്. ഇതിൽ ഭഗവാന്റെ അനുഗ്രഹം കൊണ്ട് ആ മഹാപ്രകാശത്തിലമർന്ന് സ്വയം ഇല്ലാതെയായിത്തീരുവാനുള്ള ഭാഗ്യം ലഭിച്ചതായി ആദ്യത്തെ രണ്ടു വരികളിൽ നിന്നും മനസ്സിലാക്കാം. എന്നാലോ, "എന്റെ സഹജീവികളായ മനുഷ്യർ രോഗം കൊണ്ടും മറ്റു പല കാരണങ്ങൾ കൊണ്ടും കഷ്ടപ്പെടുമ്പോൾ എനിക്കു മാത്രമായി ആ ഭാഗ്യം വേണ്ട. ഞാനവരെ വിളിക്കുകയാണ്, എഴുന്നേൽക്കൂ, വേഗമെഴുന്നേൽക്കൂ, അറിവിന്റെ നദിയിൽ കുളിച്ചു വരൂ." എന്നിങ്ങനെ മൂന്നും നാലും വരികളിലൂടെ പറയുന്ന കാരുണ്യത്തിന്റെ തലം പ്രേമത്തിന്റെ മൂർത്തിമദ്ഭാവമായ ഒരു ഗുരുവിനു മാത്രമെ ചിന്തിക്കാൻ കഴിയുകയുള്ളൂ. കാരണം, ഒരിക്കൽ താനിറങ്ങിപ്പോയ ലോകത്തിന്റെ നടുവിലേക്ക് സാക്ഷാത്കാരത്തിന്റെ ലോകത്തുനിന്നും വീണ്ടും വരുന്ന ഗുരുക്കന്മാർ അപൂർവ്വമാണ്. ആ രീതിയിൽ കേവലസത്യത്തിൽ ആരും എന്നിൽ നിന്നന്യരല്ലാത്തതുകൊണ്ട് അവരുടെ ദുഃഖം എന്റെയും കൂടി ദുഃഖമാണെന്നു കരുതി താനറിഞ്ഞ സത്യത്തിന്റെ വെളിച്ചം എല്ലാവർക്കും പകർന്നു നൽകാൻ അവതരിച്ച ദയാനിധികളായ ഗുരുക്കന്മാരിലൊരാളായിരുന്നു നാരായണഗുരു. ഗുരുവിന് മുപ്പത്തിനാലോ മുപ്പത്തിയഞ്ചോ വയസ്സുള്ളപ്പോളെഴുതിയ ഈ ശ്ലോകത്തിൽ ലോകത്തിനു മുഴുവൻ മാർഗ്ഗദർശകമായ ശ്രീനാരായണദർശനത്തിന്റെ കാതൽ സ്പർശമുണ്ട്. ജാതിയുടേയും ദാരിദ്ര്യത്തിന്റേയും വെറുപ്പിന്റേയും നിലയില്ലാത്ത നരകത്തിൽ വീണു വലഞ്ഞിരുന്ന ഒരു ജനതയെ അറിവിന്റേയും മനുഷ്യത്വത്തിന്റേയും ലോകത്തിലേക്ക് ജ്ഞാനസ്നാനം ചെയ്യിക്കുവാനുള്ള ഗുരുവിന്റെ ആഹ്വാനമായി ഈ വാക്കുകളെ നമുക്കു കാണാം.

ഏതൊരു സത്യമാണോ ഈ പ്രപഞ്ചത്തിനു മുഴുവൻ ആധാരമായിരിക്കുന്നത് ആ സത്യത്തെ ഗുരു അറിവെന്നു വിളിക്കുന്നു. ആ അറിവിന്റെ അടിസ്ഥാനത്തിൽ സകല പ്രശ്നങ്ങളേയും നിർദ്ധാരണം ചെയ്യുകയാണ് ഗുരുവിന്റെ രീതി. അറിവിനേയും അപരനോടുള്ള ശ്രദ്ധാപൂർവ്വമായ കാരുണ്യത്തേയും ചേർത്തു വച്ചു കൊണ്ട് ഗുരു പറയുന്നു-

"അവനിവനെന്നറിയുന്നവയൊക്കെയോർത്താ-
ലവനിയിലാദിമമായൊരാത്മരൂപം
അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം"

(ആത്മോപദേശശതകം -24)

"നമ്മൾ അവനെന്നും ഇവനെന്നും വേർതിരിക്കുന്നതെല്ലാം ഓർത്തു നോക്കിയാൽ



sree narayana guru in adwaita ashram

പ്രപഞ്ചത്തിൽ ആദിമമായ ഒരേയൊരു ആത്മരൂപമാണ്. അതുകൊണ്ട് ഓരോരുത്തരും അവനവന്റെ സുഖത്തിനായി ചെയ്യുന്നതെല്ലാം അപരനുകൂടി സുഖം നൽകുന്നതായി തീരണം."

പലരായും പലതായും നമ്മൾ കാണുന്ന ഈ ലോകം ഒരേയൊരു ആത്മരൂപമാണെന്ന് അറിയുകയാണ് പ്രാഥമിക പാഠം. എങ്ങനെയാണ് ആ പാഠം പഠിക്കുക? ആ പാഠം പഠിപ്പിക്കുന്നതിന് ഗുരുവിന് തന്റേതായ രീതിയുണ്ട്. അദ്വൈതവും വേദാന്തതത്ത്വവും ഇതേ അറിവിനെക്കുറിച്ചാണ് പറയുന്നതെങ്കിലും ആധുനിക ശാസ്ത്രത്തിനുകൂടി സമ്മതമാകുന്ന രീതിയിൽ ലളിതമായാണ് ഗുരു ഇക്കാര്യങ്ങളെല്ലാം വിശദമാക്കുന്നത്. ചില ഉദാഹരണങ്ങൾ നോക്കൂ-

"വാസസ്സുതന്തുവിതുപഞ്ഞിയിതാദിമൂല-
ഭൂതപ്രഘാതമിതുമോർക്കുകിലിപ്രകാരം
ബോധത്തിൽനിന്നു വിലസുന്നു മരുസ്ഥലത്തു
പാഥസ്സുപോലെ പരമാവധി ബോധമത്രെ"

(അദ്വൈതദീപിക-3)

"ഇതൊരു തുണിയാണ്. ആ തുണി യഥാർത്ഥത്തിൽ നൂലാണ്. ആ നൂല് യഥാർത്ഥത്തിൽ പഞ്ഞിയാണ്. ഇനിയാ പഞ്ഞി വേർതിരിച്ചാലോ നമുക്ക് കാണാൻ കഴിയാത്ത രീതിയിൽ പഞ്ചഭൂതാത്മകമാണ്. ഇങ്ങനെ വേർപിരിച്ചു നോക്കിയാൽ സകലതും നമ്മുടെ ബോധത്തിലിരിക്കുന്ന അറിവാകുന്നു. മരുഭൂമിയിൽ ഉണ്ടെന്നു തോന്നുന്ന ജലം പോലെയാണ് ഈ ലോകം."

"വിഭജ്യാവയവം സർവ
മേകൈകം തത്ര ദൃശ്യതേ
ചിന്മാത്രമഖിലം നാന്യ-
ദിതിമായാവിദൂരകം"

(ദർശനമാല- അപവാദദർശനം-7)

"ലോകത്തിന്റെ അവയവങ്ങളായി ഇരിക്കുന്ന ഓരോന്നിനേയും വിഭജിച്ചു നോക്കിയാൽ സത്യമായിട്ടുള്ളത് മായാവിമുക്തമായ ചിത് അഥവാ അറിവ് മാത്രമാണെന്നു കാണാം."

"ഒന്നൊന്നായെണ്ണിയെണ്ണിത്തൊ-
ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണം"

(ദൈവദശകം-2)

"ഒന്നൊന്നായി ഓരോന്നിനേയും വേർപിരിച്ച് പൊരുളന്വേഷിച്ച് തീർന്നാൽ അതറിയുന്നവനായ ഞാൻ അറിവാകുന്ന നിന്നിൽ കലർന്ന് ഒന്നായി തീരണം"

പലതായിക്കാണുന്ന സ്ഥൂലലോകത്തെ സൂക്ഷ്മതലത്തിലേക്കു വിഭജിച്ചാൽ അതിൽ നിന്നു വേറിട്ടല്ലാതെ നിൽക്കുന്ന ബോധത്തെയാണ് മേൽപറഞ്ഞ ഓരോ ശ്ലോകത്തിലും ഗുരു ബ്രഹ്മം, ഈശ്വരൻ, പരംപൊരുൾ എന്ന അർത്ഥത്തിൽ അറിവെന്നു വിളിക്കുന്നത്. ഈ അറിവിൽ നമ്മെളെല്ലാം ഒന്നാണ് അതുകൊണ്ട് ഓരോരുത്തരും ആത്മസുഖത്തിനാചരിക്കുന്നതെല്ലാം മറ്റുള്ളവർക്കു കൂടി സുഖത്തെ നൽകുന്നതാവണം. ആത്മസുഖത്തെ തേടുക എന്നത് മനുഷ്യകുലത്തിനു മുഴുവൻ ഏകമതമായിട്ടുള്ളതാണെന്ന് ഗുരു പറയുന്നു.

"അഖിലരുമാത്മസുഖത്തിനായ് പ്രയത്നം
സകലവുമിങ്ങു സദാപി ചെയ്തിടുന്നു
ജഗതിയിലിമ്മതമേകമെന്നു ചിന്തി-
ച്ചഘമണയാതകതാരമർത്തിടേണം"

(ആത്മോപദേശശതകം-47)

"എല്ലാ മനുഷ്യരും ആത്മസുഖത്തിനു വേണ്ടിയാണ് സകല പ്രയത്നവും ചെയ്യുന്നത്. ഈയൊരു മതം ലോകത്തിൽ എല്ലാവർക്കും ഒരു പോലെയാണെന്നറിഞ്ഞ് തെറ്റുകളിൽ ചെന്നു പെടാതെ മനസ്സിനെ കൂടുതൽ പ്രകാശമാനമാക്കി വയ്ക്കണം."

ഓർത്തുനോക്കിയാൽ സകലരും ആത്മസുഖത്തിനു വേണ്ടിയല്ലേ ഈ പരക്കംപാച്ചിലുകളെല്ലാം നടത്തുന്നത്. ആനന്ദത്തെ തേടിയുള്ള ഈ യാത്രയിൽ എന്തെല്ലാം ദുഷ്ടതകളാണ് മനുഷ്യർ പരസ്പരം ചെയ്തു കൂട്ടുന്നത്? പല മതങ്ങളായും ജാതികളായും രാഷ്ട്രീയസംഘടനകളായുമൊക്കെ പരസ്പരം പോരടിക്കുന്നവർ അടിസ്ഥാനപരമായ ഈ തത്ത്വത്തെ മനസ്സിലാക്കി പ്രവർത്തിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു! അതുകൊണ്ടാണ് ഗുരു പറഞ്ഞത്

"പലമതസാരവുമേകമെന്നു
പാരാതുലകിലൊരാനയിലന്ധരെന്നപോലെ
പലവിധ യുക്തിപറഞ്ഞു
പാമരന്മാരലവതുകണ്ടലയാതമർന്നിടേണം" എന്ന്.

(ആത്മോപദേശശതകം-44)

എല്ലാ മതങ്ങളുടേയും സാരം ഒന്നാണെന്നറിയാതെ അന്ധന്മാർ ആനയെ കണ്ട് വിവരിച്ചതുപോലെ പല യുക്തികൾ പറഞ്ഞ് അലയാതെ ശാന്തരാകുക.

ആത്മസുഖമാണ് ഏകമതമെന്ന് മുൻപ് പറഞ്ഞല്ലോ. അപ്പോൾ ജാതിയെന്താണ്. മനുഷ്യർക്ക് മനുഷ്യത്വമാണ് ജാതി.

"മനുഷ്യാണാം മനുഷ്യത്വം
ജാതിർ ഗോത്വം ഗവാം യഥാ
ന ബ്രാഹ്മണാദിരസ്യൈവം
ഹാ! തത്ത്വം വേത്തി കോപി ന"

(ജാതി നിർണ്ണയം-1)

"പശുക്കൾക്ക് പശുത്വമാണ് ജാതി. അതുപോലെ മനുഷ്യർക്ക് മനുഷ്യത്വമാണ് ജാതി. അല്ലാതെ ബ്രാഹ്മണർ തുടങ്ങിയുള്ളവ യല്ല. കഷ്ടം ഈ തത്ത്വം ആരുമറിയുന്നില്ലല്ലോ."

ഒരു ജീവി ഏതെന്ന് തിരിച്ചറിയുന്നത് അതിന്റെ രൂപ ത്തിലൂടെയാണ്. അങ്ങനെ നോക്കുമ്പോൾ പശുവിന് പശുത്വം പോലെ മനുഷ്യന്റെ ജാതി മനുഷ്യത്വമാണ്. മനുഷ്യത്വമെന്ന വാക്കിനെ കാരുണ്യത്തിന്റെ വിശാലതയിലേക്ക് കൂട്ടിക്കൊണ്ടു പോവുകയാണ് ഗുരു ചെയ്തത്. അതുകൊണ്ടാണ് "ഒരു പീഡ യെറുമ്പിനും വരുത്തരുതെ"ന്നും "അരുളും അൻപും അനുകമ്പ യുമാണ് ജീവിതത്തിന്റെ പൊരുളെ"ന്നും ഗുരു പറഞ്ഞത്.

മനുഷ്യന് മനുഷ്യത്വമാണ് ജാതി, ആത്മസുഖമാണ് ഏകമതം, അറിവാണ് ഏക ദൈവം. നാരായണഗുരുവിനെ പ്പോലെ തന്റെ ജീവിതംകൊണ്ട് ഇതെല്ലാം ഇത്ര സ്പഷ്ടമായി പറഞ്ഞുതന്ന മറ്റൊരാളില്ല.

എങ്ങനെയാണ് നമ്മൾ ഈ മഹാത്മാവിനെ മനസ്സിലാ ക്കേണ്ടത്? ഏതെങ്കിലും താത്പര്യം മുൻനിർത്തി ആരെങ്കിലും ഗുരുവിനെക്കുറിച്ചെഴുതിയത് വായിക്കുന്നതിനേക്കാൾ ഗുരുവി ന്റെ കൃതികൾ പഠിക്കുക തന്നെയാണ് അതിനേറ്റവും നല്ല മാർഗ്ഗം. പല കാലങ്ങളിലായി ഏകദേശം എഴുപതോളം കൃതി കൾ ഗുരു എഴുതിയിട്ടുണ്ട്. അതിൽ മുപ്പത്തിയഞ്ചോളം കൃതികൾ സ്തോത്രകൃതികളാണ്. പത്തു കൃതികൾ ദാർശനികകൃതി കളാണ്. പന്ത്രണ്ടോളം കൃതികൾ ഉദ്ബോധനാത്മക കൃതിക ളാണ്. നാലു ഗദ്യ കൃതികളും രണ്ടു തർജ്ജിമകളും വേറെ. ഗുരു തന്റെ തത്ത്വപ്രകാശനം സംസ്കൃതത്തിൽ നൂറു ശ്ലോകങ്ങളിൽ അധ്യാരോപം, അപവാദം, അസത്യം, മായ, ഭാനം, കർമ്മം, ജ്ഞാനം, ഭക്തി, യോഗം, നിർവ്വാണം എന്നിങ്ങനെ പത്തു ദർശനങ്ങളിലായി അവതരിപ്പിക്കുന്ന കൃതിയാണ് ദർശനമാല. ഗുരുവിന്റെ എല്ലാ എഴുത്തുകളുടേയും ഉപദേശങ്ങളുടേയും സമഗ്രതയാണ് ആത്മോപദേശശതകത്തിനുള്ളത്. ഗുരുവിന്റെ മൗലികമായ ചിന്താധാരകൾ അടങ്ങിയ ഈ കൃതിയെ മലയാളത്തിന്റെ ഉപനിഷത്തെന്നുപറയാം. സ്വസ്വരൂപ സത്തയെ നിരന്തരമായി പിൻതുടർന്ന അനുഭൂതിയിലാണ്



ഗുരുവിന്റെ സ്തോത്രകൃതികളെല്ലാം എഴുതപ്പെട്ടിട്ടുള്ളത്. ആപാദമധുരം കലർന്ന സ്തോത്രകൃതികളിൽ ഏതു വായിച്ചാലും മനസ്സ് സ്വച്ഛന്ദമാകുകയും കരുണാർദ്രമായ ഒരു വികാരവൈവശ്യം നമ്മളെ ചൂഴ്ന്നു നിൽക്കുകയും ചെയ്യും.

സത്യാന്വേഷികൾക്ക് അദ്ദേഹം ഗുരുവായിരുന്നു. രാഷ്ട്രീയ നേതാക്കൾക്കും സമുദായനേതാക്കൻമാർക്കും അദ്ദേഹം സാമൂഹികപരിഷ്കർത്താവായിരുന്നു. ദു:ഖിതരും സാധാരണക്കാരുമായ ഭക്തൻമാർക്ക് അദ്ദേഹം ഗുരുദേവ നാണ്. ദാർശനികർക്ക് അദ്ദേഹം ലോകദാർശനികനായിരുന്നു. പണ്ഡിതർക്ക് മഹാ പണ്ഡിതൻ, കവികൾക്ക് കറയറ്റ കവി. ആരൊക്കെ ഏതൊക്കെ കള്ളിയിൽ ചേർക്കുവാൻ ശ്രമിച്ചാലും സഹസ്രകിരണനായി പ്രകാശം പരത്തുന്ന ആ അവതാര സൂര്യനു മുന്നിൽ തൊഴുകൈകളോടെ നിറകണ്ണുകളുമായി നിൽക്കുവാൻ മാത്രമെ മനുഷ്യവംശാവലിക്ക് സാധിക്കുകയുള്ളൂ. അറിവും അലിവും ചേർന്ന ആ കൃപാനിധിക്ക് കോടി നമസ്കാരം...

**നുറുങ്ങ്:4**

What was Professor Mannikoth Ramunni Nair better known as in Malayalam literary circle?

# ആയുർവ്വേദം ചരിത്രപശ്ചാത്തലം

ആയുർവ്വേദത്തിന്റെ ചികിത്സാമുറകളും ഔഷധസംസ്കാരവും പ്രാചീനഭാരതത്തിൽ തെക്കും വടക്കും ഒരുപോലെ നടപ്പാവുന്നത് മൗര്യൻമാരുടെ ഭരണകാലത്താണ്. അശോക ചക്രവർത്തിയുടെ ശിലാശാസനങ്ങളിലൊന്നിൽ ഈ ഔഷധപ്രചാരത്തിന്റെ കഥാസൂചന കാണാം. സാമ്രാജ്യത്തിനകത്തും അതിർത്തിദേശങ്ങളിലും അതുപോലെ ചോളർ, പാണ്ഡ്യർ, സത്യപുത്രർ, കേരളപുത്രർ എന്നിവരുടെ നാട്ടുകളിലും യവനരാജാവായ അന്തിയകന്റെ നാട്ടിലും (അന്ത്യോഖ്യാ-ലേ) അവരുടെ അയൽനാട്ടുകളിലും താമ്രപർണ്ണിവരേയും ദേവനാംപ്രിയൻ പ്രിയദർശിരാജാവ് രണ്ടു തരം ചികിത്സ ഏർപ്പെടുത്തിയിട്ടുണ്ട്. മനുഷ്യചികിത്സയും മൃഗചികിത്സയും. ഔഷധങ്ങൾ ഇല്ലാത്തേടങ്ങളിൽ അവ കൊണ്ടുവന്നു നട്ടുപിടിപ്പിച്ചിരിക്കുന്നു. വേരുകളും കനികളും ഇല്ലാത്തേടങ്ങളിൽ കൊണ്ടുവന്നു നട്ടുപിടിപ്പിച്ചിരിക്കുന്നു.

വൈദ്യവൃത്തിക്കും വൈദ്യശാസ്ത്രത്തിനും ഭരണകൂടത്തിന്റ ഒത്താശയോടെ സ്ഥാപനാസ്പദം കൈവരുന്നതിന്റെ ഏറ്റവും പഴയ തെളിവുകളിലൊന്നായി ഈ ശാസനപരാമർശത്തെ കണക്കാക്കാം. മന്ത്രപ്രയോഗവും ഔഷധപ്രയോഗവും കൈകോർക്കുന്ന വൈദികചികിത്സയുടെ ഒരാദിമദശയും കടന്ന് യുക്തിബോധത്തിന്റെയും ശാസ്ത്രചിന്തയുടെയും അടിസ്ഥാനത്തിൽ വേരുപിടിക്കാൻ തുടങ്ങിയ ആയുർവ്വേദത്തിന്റെ പിൽക്കാലസമ്പ്രദായം പുഷ്ടിപ്പെട്ടത് ജൈനബൗദ്ധസംഘങ്ങളുടെ വിഹാരങ്ങളിലാണ്. ബൗദ്ധവിഹാരങ്ങളും സംഘ ജീവിതവുമായി അശോകചക്രവർത്തിക്കുണ്ടായിരുന്ന ഉറ്റബന്ധവും താല്പര്യവും കണക്കിലെടുത്താൽ ആ പാരമ്പര്യത്തിന്റെ ചികിത്സാമുറകളും ഔഷധപ്രയോഗവും ആണ് അദ്ദേഹത്തിന്റെ കാലത്ത് നാടെങ്ങും നടപ്പായതെന്നു ന്യായമായൂഹിക്കാം.

മൗര്യകാലത്തു ദക്ഷിണേന്ത്യയിലേക്കുണ്ടായ വൈദ്യപ്രചാരത്തിന്റെ തോതും തരവും നിർണ്ണയിക്കാൻ ഉതകുന്ന മൂർത്തമായ മറ്റു തെളിവുകൾ കഷ്ടിയാണ്. ചികിത്സയുടെ ഗുണഭോക്താക്കൾ എവിടെവിടെ ആരൊക്കെ ആയിരുന്നു എന്നതും കൃത്യമായറിയാൻ വഴികളില്ല. കുറിഞ്ചി (കാടും മലയും നിറഞ്ഞ പ്രദേശം), മുല്ല (മേച്ചിൽപുറങ്ങളായ അടിക്കുന്നുകളുടെ പ്രദേശം), മരുതം (നീർപ്പറ്റാർന്നു നിരന്ന വയൽപ്പരപ്പുകൾ), നെയ്തൽ (നീണ്ട കടലോര പ്രദേശം) എന്നിങ്ങനെ തിരിഞ്ഞുകിടന്ന തിണകളും ആ തിണകളിൽ അവിടവിടെ വേരുപിടിച്ച ഊരുകളും – ഇതായിരുന്നു അന്നത്തെ ജനസമ്പ്രദായം. പ്രകൃതിയെപ്പറ്റിയും ഭൂമിയെപ്പറ്റിയും കാലാവസ്ഥ, സമുദായസ്ഥിതി, ഉല്പാദനസമ്പ്രദായം, വിനിമയരീതികൾ എന്നിവയെപ്പറ്റിയുമൊക്കെ പല പല അറിവുകൾ നേടിയവരായി ജനങ്ങളിൽ പലരും ഉണ്ടായിരുന്നതിന്നു പഴന്തമിഴ് പാട്ടുകൾ എന്നു വിളിക്കാവുന്ന വാമൊഴിപ്പാട്ടുകളിൽ ധാരാളം സൂചനകളുണ്ട്. ഈ പാട്ടുകളുടെ കാലം കഴിഞ്ഞ്, പിന്നീടുണ്ടായ ചില കൃതികളിലാണ് വൈദ്യശാസ്ത്രത്തെക്കുറിച്ചുള്ള വ്യക്തമായ സൂചനകൾ ലഭിക്കുന്നത്. ജീവകചിന്താമണി, ചെറുപഞ്ചമൂലം മുതലായ രചനകൾ ഉദാഹരിക്കാം. ജീവകചിന്താമണിയിൽ കാണുന്ന ചില ചികിത്സാവിധികൾ ആയുർവ്വേദത്തിലെ വ്രണരോപണവിധികളോട് അത്യന്തസദൃശങ്ങളാണ്.

പ്രേതപിശാചാദികളുടെ ബാധയാലുള്ള രോഗവും അതിനുള്ള ചില മറുവിധികളും പാട്ടുകളിൽ കിട്ടുന്ന സൂചനകളിലുണ്ട്. അതിനുപുറമേ, രോഗത്തിന്റെയും അതിനുള്ള ചികിത്സയുടെയും കാര്യം വിശദീകരിക്കുന്ന ഭാഗങ്ങൾ പാട്ടുകളിൽ കണ്ടിട്ടില്ല. ജീവിതസംബന്ധിയായ നാനാവ്യവഹാരങ്ങളും പാട്ടിൽ പരാമർശിക്കുന്നുണ്ടെന്നിരിക്കെ ഈയൊരു കാര്യത്തെക്കുറിച്ചു മാത്രം മിണ്ടാട്ടമില്ലെന്നു കാണുന്നതിനർത്ഥം എടുത്തു പറയത്തക്ക തരത്തിലുള്ള ചികിത്സാസമ്പ്രദായം പാട്ടു നടപ്പിലുള്ള പ്രദേശങ്ങളിൽ അന്നില്ലാത്തതു തന്നെയാവുമോ? ഖണ്ഡിതമായ ഒരഭിപ്രായം പറയാൻ ഞെരുക്കം. താൻ മുന്നോട്ടു നിന്ന് ചികിത്സ നടപ്പാക്കിയെന്ന അശോകചക്രവർത്തി എടുത്തുപറഞ്ഞ പ്രദേശങ്ങളുടെ കൂട്ടത്തിൽ പ്രാചീന തമിഴകത്തുപെട്ട പ്രദേശങ്ങളെല്ലാമുണ്ട്.



**എം.ആർ. രാഘവവാര്യർ**

*ചരിത്രകാരൻ, ഗ്രന്ഥകർത്താവ്, എന്നീ നിലകളിൽ പ്രശസ്തൻ. ഗുഹാചിത്രങ്ങളിൽ പ്രത്യേക താത്പര്യം. തൃപ്പൂണിത്തുറ സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന്റെ ഡയറക്ടർ ജനറൽ*

അങ്ങനെ നടപ്പായ ചികിത്സമൂലം ഉണ്ടായ ഒരു പ്രധാനകാര്യം വ്യക്തമായ രൂപമോ സ്ഥാപനങ്ങളുടെ അടിത്തറയോ ഇല്ലാതിരുന്ന ഒരിടത്തേക്ക് ഒരു ചികിത്സാപാരമ്പര്യം കടന്നുവന്നു എന്നതു തന്നെ. ഭരണ കൂടത്തിന്റെ ഇടപെടലോടെയാണ് ഇതു നടന്നതെന്നതിനാൽ ഈ പാരമ്പര്യത്തിന് ആധികാരികതയും കൈവന്നു. അധികൃതമായ ഒരു ചികിത്സാമാർഗ്ഗവും അതിന്റെ പ്രചാരവും നിശ്ചയമായും ശാസ്ത്രജ്ഞരുടെ സാന്നിധ്യം കുറിക്കുന്നുണ്ട്. എന്നാൽ ആ ശാസ്ത്രജ്ഞർ ആരായിരുന്നുവെന്നതിനെപ്പറ്റിയോ അവരുടെ സമുദായത്തിലുള്ള പദവി, വ്യക്തിജീവിതം തുടങ്ങിയ കാര്യങ്ങളെപ്പറ്റിയോ ഒന്നുമറിഞ്ഞുകൂടാ. ബൗദ്ധസംഘങ്ങളിലെ അഭിജ്ഞന്മാരായിരിക്കണം ഈ ആദിമചികിത്സാ രീതിയുടെ വക്താക്കളും പ്രയോക്താക്കളും എന്നു സാഹചര്യ തെളിവുകൾ ആസ്പദമാക്കി ഊഹിച്ചാൽ വലിയ തെറ്റുണ്ടാവില്ലെന്നു തോന്നുന്നു.

പഴന്തമിഴ് പാട്ടുകളും ആ പാട്ടിൽ പുകഴ്ന്ന വീരന്മാരും മൂവേന്തരെന്ന രാജാക്കളും മുടിച്ചൂടാമന്നന്മാരായ കുറുനിലമന്നരും അവരുടെ പരിവാരങ്ങളും അവരെ പുലർത്താൻവേണ്ടി വിഭവങ്ങളുൽപ്പാദിപ്പിച്ച സാമാന്യജനങ്ങളും അവരുടെ ഊരുകളും തിണകളുമെല്ലാം പോയ്മറഞ്ഞ് അവയുടെ സ്ഥാനത്ത് പുതിയൊരുതരം സാമൂഹ്യവ്യവസ്ഥയുടെ പോന്നുവരവ് ഉണ്ടായത് പല്ലവന്മാരുടെ കാലത്തോടെയാണ്, അതായത് ക്രിസ്ത്വബ്ദം അഞ്ചാം ശതകത്തോടെ. ഈ മഹാപരിവർത്തനത്തിന്റെ ഏറ്റവും അടിയിലുള്ള രണ്ടു കാര്യം എടുത്തുപറയണം. ഒന്ന്, തിണകളിലെ ഉല്പാദനത്തിന്നാവശ്യമായ തൊഴിലിന്റെ ഉറവിടം, കുടുംബമെന്ന പഴയ നില മാറി, തൊഴിൽക്കുലങ്ങളായി എന്നുള്ളതാണ്. ജാതിയുടെ ആരംഭം ഇവിടെയാണ്. ഇതിൽ നിന്നാണ് രണ്ടാമത്തെ പ്രത്യേകതയുടെ ജന്മം. ഓരോ അധിവാസ മാത്രയിലും അവിടേക്കാവശ്യമായ തൊഴിൽക്കൂട്ടായ്മകളെല്ലാം ലഭ്യമാകുന്ന വിധത്തിൽ പുതിയൊരു ഊർവഴക്കം - ഗ്രാമസമ്പ്രദായം - നിലവിലായി എന്നതാണ് മറ്റേ പ്രത്യേകത. ഒറ്റയൊറ്റ സംഭവങ്ങളായിട്ടല്ല, വ്യാപകവും ദീർഘവുമായ ഒരു പ്രക്രിയയെന്ന നിലയിലാണ് ഈ പരിവർത്തനമുണ്ടായതും പൂർത്തിയായതും. വിഭവങ്ങളുടേയും തൊഴിലുകളുടേയും പ്രാദേശികവത്ക്കരണം എന്നു ചില ചരിത്രകാരന്മാർ ഈ വ്യവസ്ഥയെ വിവരിച്ചിട്ടുണ്ട്.

മൗര്യകാലത്തിന്റെ ഒരു പാരമ്പര്യം എന്ന നിലക്കോ, അഥവാ തെക്കെ ഇന്ത്യയിൽത്തന്നെ രൂപപ്പെട്ടുവന്ന ശാസ്ത്രമായിട്ടോ, അതുമല്ലെങ്കിൽ ഉത്തരേന്ത്യൻ പ്രദേശങ്ങളിൽ നിന്ന് കാലാകാലങ്ങളിലുണ്ടാവുന്ന മാറ്റങ്ങളോട്ടുകൂടിയോ, ഏതു നിലയിലായാലും ഈ പുതിയ ഗ്രാമീണ സമൂഹങ്ങളിൽ നടപ്പായ വൈദ്യസമ്പ്രദായത്തിന് പ്രാചീനഭാരതത്തിന്റെ ഔഷധ സംസ്കാരവുമായുള്ള ഉറ്റബന്ധം സംശയാതീതമാണ്. ഇതിൽത്തന്നെ, ഒന്നിലധികം പ്രയോഗരീതികളും ഏർപ്പെട്ടിരിക്കണം എന്നുവേണം ഊഹിക്കാൻ. പിൽക്കാലത്ത് ആയുർവ്വേദസമ്പ്രദായത്തിൽത്തന്നെ ചിനച്ചുണ്ടായ പ്രാദേശികവഴക്കങ്ങളും പ്രയോഗഭേദങ്ങളും ഇങ്ങനെയൊരൂഹത്തിനാണ് വഴിവയ്ക്കുന്നത്. തമിഴകത്തു പൊതുവെ നടപ്പായ സിദ്ധവൈദ്യസമ്പ്രദായവും കേരളത്തിൽ വേരുറച്ച ചില ചികിത്സാമുറകളും മറ്റും ഇങ്ങനെയൊരൂഹത്തിലേക്ക് നയിക്കുന്ന ഉദാഹരണങ്ങളായി കണക്കാക്കാം. പ്രയോഗഭേദങ്ങളും സിദ്ധാന്തതർക്കങ്ങളുമെല്ലാമിരിക്കെ അവയ്ക്കിടയിൽ നൂലോടുന്ന ആയുർവേദ വിജ്ഞാനം ഇങ്ങോട്ടെത്തിയതെങ്ങനെ എന്നത് ചിന്തിച്ചറിയേണ്ട ഒരു കാര്യം തന്നെ. അതിനുള്ള പ്രത്യക്ഷമായ തെളിവുകൾ ഇല്ല എന്നു തന്നെ പറയാം. പരോക്ഷമായ തെളിവുകളോ? തമിഴകത്ത് പലയിടത്തും കാണുന്ന പാറ തുരന്നുണ്ടാക്കിയ ഗുഹകളും അവയിലെ ലിഖിതങ്ങളും ഈ വഴിക്കുള്ള ചില അന്വേഷണങ്ങളിൽ വിദൂരമെങ്കിലും അർത്ഥവത്തായ സൂചനകൾ നൽകിയേക്കാം. അക്ഷരവിദ്യ തെക്കേ ഇന്ത്യയിലേക്ക് വന്നെത്തിയത് ഈ ഗുഹകളുടെ കാലത്താണല്ലോ. സാഹചര്യത്തെളിവുകൾ കൊണ്ടുമാത്രമല്ല, നേർക്കുനേരെയുള്ള സൂചനകൾ അടിസ്ഥാനമാക്കി നോക്കിയാൽത്തന്നെ ഈ ഗുഹകൾ ജൈനമുനിമാർക്കായി അവരുടെ ആരാധകരും ഭക്തരും മറ്റും പണിതവയാണെന്നു കാണിക്കുന്ന രേഖകളുണ്ട്. ഈ ജൈനമുനിമാർ തന്നെയാവണം, ഉത്തരേന്ത്യൻ വിജ്ഞാനത്തിന്റെ പ്രചാരകരും പ്രയോക്താക്കളും എന്നു കരുതുന്നതു തെറ്റാവില്ല. ജ്യോതിശ്ശാസ്ത്രം, ഗണിതം, വൈദ്യം എന്നിവയുടെ ദക്ഷിണേന്ത്യയിലേക്കും തമിഴകത്തേക്കുമുള്ള വരവും ഈ മുനിവാടങ്ങളുടെ കാലവും ഒന്നുതന്നെയെന്ന് കരുതുവാൻ ന്യായമുണ്ട്.

ഗുഹാവാസികളുടെ വൈദ്യം പഠിപ്പിക്കലിനെപ്പറ്റിയുള്ള പില്ക്കാലത്തെളിവുകൾ ഇവിടെ ശ്രദ്ധേയമാവുന്നു.

> "എന്നെയേ കൊണ്ടുചെൻറു
> കുഹൈക്കുളൈ വൈത്തു
> 'എഴിലാന വിത്തൈകളൈ കർപ്പിത്തായേ"

എന്ന് 'ഭോഗർസട്ടകാണ്ഡം' എന്ന കൃതിയിൽ കാണുന്നത് ഈ വസ്തുതയിലേക്കുള്ള സൂചനയായി കണക്കാക്കാം. സിദ്ധൻമാരുടേതായി ചില സംഘങ്ങൾ ഉണ്ടായിരുന്നതായും അത്തരം സംഘങ്ങളിലെ ആചാര്യൻമാർ ജനോപകാരത്തിനായി വൈദ്യഗ്രന്ഥങ്ങൾ രചിച്ചിരുന്നതായും കാണിക്കുന്ന രേഖാമൂലമായ തെളിവുകൾ ഉണ്ട്. മധ്യശതകങ്ങളിൽ ജൈനരുടെയും ബൗദ്ധരുടെയും വിഹാരങ്ങളും പള്ളികളും വൈദ്യവിദ്യാഭ്യാസത്തിന്റെ കേന്ദ്രങ്ങളായി. ജൈനർ ഇക്കാലത്ത് തമിഴ്ഭാഷ പഠിക്കുകയും തമിഴിൽ ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്. 'ത്രികടുകം', 'നാന്മണിക്കടികൈ', 'ചെറുപഞ്ചമൂലം', 'ഏലാദി', തുടങ്ങിയ ജൈനകൃതികൾ ജൈനവൈദ്യപാരമ്പര്യത്തിന്റെ തെളിവുകളാണ്. ചെറുപഞ്ചമൂലത്തിന്റെ കർത്താവായ കാരി ആശാൻ വൈദ്യജ്ഞാനത്തിന്റെ ആചാര്യൻമാരിലൊരാളായിരുന്നു. പല്ലവകാലമായ ക്രി. 600-850 വരെയുള്ള കാലത്തെ ഇപ്പറഞ്ഞ വൈദ്യപഠനത്തിന്റെ രീതി കാണിക്കുന്നത്, വൈദ്യപഠനം ഒറ്റപ്പെട്ട ഗുരുശിഷ്യബന്ധത്തിൽനിന്ന് വിട്ട് സ്ഥാപനരൂപം കൈവരിച്ചു എന്നാവാം. തുടർന്ന് പതിനൊന്നും പന്ത്രണ്ടും ശതകങ്ങളാവുമ്പോഴേയ്ക്ക് ശൈവരുടെയും വൈഷ്ണവരുടെയും മഠങ്ങളും വിദ്യാദാനത്തിനുള്ള കേന്ദ്രങ്ങൾ കൂടിയായി എന്നാണ് രേഖകൾ കാണിക്കുന്നത്. വില്ലുപുരത്തിനടുത്ത് എണ്ണായിരം എന്നയിടത്തും പോണ്ടിച്ചേരിക്കടുത്ത് ത്രിഭുവനിയിലും ചിങ്കൽപെട്ടയ്ക്കു സമീപം തിരുമുക്കൂടൽ എന്നയിടത്തും ഇത്തരം സ്ഥാപനങ്ങൾ നിലവിൽ വന്നു. തിരുവാട്ടു തുറൈയിലെ വിദ്യാകേന്ദ്രത്തിൽ ചരകസംഹിത, അഷ്ടാംഗ ഹൃദയം മുതലായവ പഠിപ്പിച്ചിരുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. പന്ത്രണ്ടാംശതക മാണിതിന്റെ കാലം.

ചോഴന്മാരുടെ കാലത്ത് തമിഴകത്തുണ്ടായ ഈ സംഭവഗതികൾ കേരളീയ വൈദ്യശാസ്ത്രപഠനത്തിന്റെ ചരിത്രത്തെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്. പതിമൂന്നാം നൂറ്റാണ്ടിലേതെന്ന് ഭാഷാപണ്ഡിതർ കരുതുന്ന 'ഉണ്ണിയച്ചി

ചരിതം' എന്ന പ്രാചീനമണിപ്രവാളകൃതിയിൽ ഒരിടത്ത് 'പരദേശേപോയ് ചരകം കേട്ടേൻ' എന്നൊരു പരാമർശമുണ്ട്. തമിഴകവുമായി ഉറ്റ ബന്ധം പുലർത്തിയിരുന്ന കേരളത്തിൽ നിന്ന് വൈദ്യം പഠിക്കാൻ വിദ്യാർത്ഥികൾ തമിഴകത്തെത്തിയതിന്റെ കഥയാണല്ലോ ഈ സൂചനയിലുള്ളത്. കേരളീയവൈദ്യ പഠനത്തിന്റെ ചരിത്രത്തെക്കുറിച്ച് ഇതിൽ കൂടുതലായി വിവരങ്ങൾ ലഭ്യമാണ്.

വൈദ്യശാസ്ത്രത്തിന്റെ സമകാലികകേരളീയമുഖം നിഴലിപ്പിക്കുന്ന മൂന്നു ദീർഘഗദ്യങ്ങൾ ഉണ്ണിയച്ചിചരിതം എന്ന മണിപ്രവാളചമ്പൂ കാവ്യത്തിലുണ്ട്.

അശ്വതവരുവാനുള്ള മരുന്നും വശ്യമരുന്നും
വിവിധമരുന്നുകുറിച്ചുകൊട്ടപ്പാ-
നൊരു നാരായവുമൊരു
സംസ്കൃതതമിഴ്മയ യോഗഗ്രന്ഥം
കൊല്ലികഠാരിപ്രഭൃതിചയന്ത്രമി-
ടിന്റെ വയെല്ലാമെ വളിശാദികൾ
..............................................
ശോണിതയുതശസ്ത്രവിശേഷവു-
മീദൃശമിന്നുമനേകമിടിന്റെ-
പ്പുല്ലിങ്കവിളികൈക്കൊണ്ടോചില
ചാത്രരുമുളരായ്

ആലത്തൂർ മണിപ്രവാളംപോലെയുള്ള യോഗഗ്രന്ഥങ്ങളുടെ പ്രചാരത്തെക്കുറിച്ചുള്ള പരാമർശം ഈ പ്രകരണത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്. ശല്യതന്ത്രത്തിലെ പലതരം ശാസ്ത്രങ്ങളെക്കുറിച്ചുള്ള നാമമാത്രസൂചനയാണ് ശ്രദ്ധേയമായ മറ്റൊരുഘടകം. അവയുടെ പ്രയോക്താക്കളായി ചാത്രന്മാരെത്തന്നെ അവതരിപ്പിക്കുന്നതും അർത്ഥഗർഭമത്രേ. ചാത്രന്മാരുടെ അഭ്യാസകേന്ദ്രങ്ങൾ കേരളത്തിൽ ബ്രാഹ്മണീയ ക്ഷേത്രങ്ങളോടു ചേർന്ന് നാടുനീളെയുണ്ടായിരുന്ന ശാലകളായിരുന്നു. അവയിലെ പാഠ്യപദ്ധതിയിൽ വേദപാഠങ്ങൾക്കു പുറമേ പലതരം ശാസ്ത്രങ്ങളും ഉൾപ്പെട്ടിരുന്നതായി ഉദ്യോതന സൂരിയുടെ 'കുവലയമാലകഹാ' തുടങ്ങിയ ഗ്രന്ഥങ്ങളിൽനിന്നു ഗ്രഹിക്കാം. കേരളത്തിൽ മധ്യകാലത്തോടെ മുഖംകാട്ടാൻ തുടങ്ങുന്ന വൈദ്യഗ്രഹങ്ങളെപ്പറ്റിയുമുണ്ട് ഒരു പരാമർശം.

ആർങ്ങാവിന്നുമൊഴിക്കരുതായിതു
ഞാങ്ങളൊഴിച്ചേ ഞങ്ങൾക്കച്ചവ-
ളയ്മ്പതുതന്നാൾ-

ആർങ്ങാവിലെ വൈദ്യനും പിന്മടങ്ങിയേടത്ത് ഞങ്ങൾ വിജയിച്ചു എന്ന്. എന്നിട്ട് പ്രതിഫലമായി അമ്പത് അച്ചുകിട്ടി എന്നതിലാണ് ഊന്നൽ. അക്കാലത്ത് കേട്ടുകേൾവിയുള്ള വൈദ്യപാരമ്പര്യങ്ങളെക്കുറിച്ച് പറയുന്ന ഭാഗം കൗതുകകരം തന്നെ.

പരദേശേപോയ് ചരകം കേട്ടേ
ച്ചരതിച്ചൊരു പൊരുൾ ചപ്പും തുപ്പും
കൂടെച്ചൊല്ലാം വാഹടമി.................
വക്കാണിപ്പുള സൗശ്രുതവിശ്രുതനെ
ന്നറികെന്നെ............

ഒരാൾ ചരകത്തിൽ വിദഗ്ദ്ധൻ, മറ്റൊരാൾ സുശ്രുതഗ്രന്ഥം വ്യാഖ്യാനിക്കുന്നതിൽ വിളികൊണ്ടവൻ, ഭേളാർത്ഥം ഗ്രഹിച്ചയാൾ ഇനിയൊന്ന്, ആയുർവ്വേദമറിഞ്ഞവനപരൻ. അവരുടെ ആത്മപ്രശംസകളും ഉണ്ട്. അശ്വനീദേവകൾക്ക് ഞങ്ങളെക്കവിഞ്ഞുള്ളത് അദൃശ്യത, കാഴ്ചപ്പെടാതിരിക്കാനുള്ള ശക്തി മാത്രം. വൈദ്യവൃത്തിയിൽ സാക്ഷാൽ ധന്വന്തരിയും എനിക്കു കിടയല്ല.



എന്നളവല്ലാർ ധന്വന്തരിയും ഭേഷജകർമ്മണി
............കിടക്കിൽ പിന്നെ മരുന്നു-
ഞ്ചെയ്തൊരു പൊന്നരുവാക്കുവനിവിടെ-
ന്നരയുഞ്ജരയുമൊഴിച്ചു ചിരിപ്പുമിക്കു-
ഞ്ചില ചില രോഗചികിത്സയിൽ വച്ചപ്പാം

വാജീകരണങ്ങളെപ്പറ്റിയാണ് സൂചനകളേറെയുമെന്നത് ഒരു വാരാംഗനാപരിസരപ്രകരണത്തിൽ തികച്ചും സംഗതം തന്നെ. എന്നാൽ, അതിന്നപ്പുറം ചില അസാദ്ധ്യരോഗങ്ങളെക്കുറിച്ചും അവയ്ക്കുള്ള ചികിത്സയെപ്പറ്റിയും കൂടിയുണ്ട് പ്രസ്താവം.

മൂലവ്യാധിഹരങ്ങളിൽ മുഖ്യ-
മ്മൂലവഴുത്തി വഴക്കില്ലേതും
ശ്ലേഷ്മോദക...... വിരെഞ്ഞ-
ശ്ലേഷ്മോഴിപ്പാനൗഷധമിപ്പോഴ്
ഏറ്റന്ദീപനിമുക്കുടിയൊട്ടുപ-
നിക്കമ്മാതളനാരങ്ങായിടൈ നീരള
വാതളമേതിലുമില്ലോ-
ന്റെങ്കിലുമെണ്ണയിലും പതറാതെ
പതമറിവാമ്പതവൈദ്യകൾ വല്ലാം
വൈദ്യവിധാനപടുത്വം കണ്ടി-
ട്ടിവിടം വാഴിന്റടികണ്മാർക്കും
കുലഗുരുവായ ഹരിശ്ചന്ദ്രധിയാ
പെരുതുകുത്രൂഹലമെന്നെനിനൈച്ചാൽ
കടുകപ്പോരുകകടുവട്ടുവാനെ-
ന്റടികൾക്കുറുമ്പുയൊരെമ്പക്കയ്-
ത്തുട്ടരമനുഷ്യം വിട്ടാർ പോകിന്റോ-
നിന്റിത്ഥമബോധപ്രകടനശബ്ദൈഃ

എന്താണീ വൈദ്യോപാലംഭത്തിന്റെ ആന്തരം? കാഴ്ചപ്പുറത്തു ദുർവൈദ്യന്മാരാണെങ്കിലും അതിനെതിരെ അപ്പുറത്ത് കേരളീയ സമൂഹം ആർജ്ജിച്ചു കഴിഞ്ഞ വൈദ്യജ്ഞാനത്തിലേക്കുള്ള ചൂണ്ടുവിരലുണ്ടെന്ന കാര്യം കാണാതിരുന്നുകൂടാ. അത് പരോക്ഷമായി ചെന്നുലയിക്കുന്നത് വൈദ്യവൃ

ത്തിയുടെ പ്രചാരത്തിലേക്കും പാരമ്പര്യവൈവിധ്യങ്ങളിലേക്കും തന്നെ.

ചോഴകാലത്ത് തമിഴകത്ത് തഞ്ചാവൂർ, തിരുവിശലൂർ, വേമ്പത്തൂർ, തിരുമുക്കുടൽ, ശ്രീരംഗം തുടങ്ങി പലയിടത്തും ക്ഷേത്രങ്ങളോടനുബന്ധിച്ച് ആതുരശാലകൾ നിലവിൽ വന്നതായി തെളിയിക്കുന്ന ശിലാരേഖകളുണ്ട്. കേരളത്തിൽ തിരുവല്ലാ ക്ഷേത്രത്തോടനുബന്ധിച്ച് ഇത്തരമൊരു സ്ഥാപനം ആതുരശാലയെന്ന പേരിൽത്തന്നെ ഉണ്ടായിരുന്നതായി തിരുവല്ലാ ചെപ്പേട്ടുകൾ പരിശോധിച്ചാലറിയാം.

ക്ഷേത്രങ്ങളും അവയോട്ടുചേർന്ന ആതുരശാലകളും സംബന്ധിച്ച രേഖകൾ വൈദ്യവിദ്യയുടെ ചില സാമൂഹ്യവശങ്ങളിലേയ്ക്കു വെളിച്ചം വീശുന്നു. ഏറ്റവും പ്രകടമായതു ചികിത്സയുടെ സാമൂഹ്യ സ്വഭാവം തന്നെ. സമൂഹത്തിലെ ചില പ്രത്യേക വിഭാഗങ്ങളുടെ ചികിത്സാസംബന്ധിയായ പ്രത്യേക സൗകര്യം, ഭരണകൂടം മുഖേനയുള്ള പൊതുചികിത്സാരീതിയിൽ നിന്നു തികച്ചും മാറിയ ഒന്നാണ്. വ്യാപകത്വത്തിൽനിന്ന് സങ്കോചത്വത്തിലേയ്ക്കാണതിന്റെ പകർച്ച. ഒരുവേള, ക്ഷേത്രകേന്ദ്രിത സമൂഹങ്ങൾക്കു പുറത്ത് അമ്പലവട്ടങ്ങൾക്കകലെ സാമാന്യജനതയുടെ ഒരു ചികിത്സാപാരമ്പര്യം ഉണ്ടെന്നു കരുതുവാൻ ന്യായമുണ്ട്. പദവികൊണ്ടു നോക്കിയാൽ താഴെത്തട്ടുകാരായ ഈഴവർ, വേലന്മാർ എന്നിവരുടെയിടയിൽ വൈദ്യം കുലത്തൊഴിലാക്കിയവർ പണ്ടുമുണ്ടായിരുന്നു. അവരുടെ ചില ഗുരുകുലങ്ങളെങ്കിലും കേരളത്തിൽ നിലവിലുണ്ടായിരുന്നുവെന്ന വസ്തുതയെ ആധാരമാക്കിയുള്ള ഊഹമാണിത്. തെക്കൻ തിരുവിതാംകൂർ മുതൽ കോലത്തുനാട്ടുവരെ പൊതുവെ കാണുന്ന ഈ സ്വഭാവം നമ്മെ ക്ഷേത്രകേന്ദ്രിത വൈദ്യത്തിന്റെ തൊട്ടുപിന്നാലെ വന്ന ഗുരുകുലവൈദ്യ പാരമ്പര്യത്തിന്റെ മേഖലയിലേക്കെത്തിക്കുന്നു.

ഗുരുകുലവൈദ്യത്തിന്റെ കേരളീയകാലം പൊതുവെ പറഞ്ഞാൽ നാടുവാഴിസ്വരൂപങ്ങളുടെ കാലംതന്നെ എന്നു നിരീക്ഷിക്കാവുന്നതാണ്. അതായത് കൊടുങ്ങല്ലൂർ കേന്ദ്രമാക്കിയ പെരുമാക്കന്മാരുടെ വാഴ്ചയൊഴിഞ്ഞേടത്ത് അതാതു നാട്ടുകളിൽ തെഴുത്തുവന്ന പ്രാദേശിക സ്വരൂപങ്ങളുടെ വാഴ്ചക്കാലമെന്നർത്ഥം. അതു ക്രി. 12-ആം ശതകം മുതൽ 19-ആം ശതകം വരെയുള്ള നീണ്ട കാലയളവാകുന്നു. ഇക്കാലത്തുണ്ടായ മണിപ്രവാളകൃതികളിൽ സമകാലികവൈദ്യജ്ഞാനത്തെപ്പറ്റി ദുർലഭമെങ്കിലും കൗതുകകരമായ സൂചനകളുണ്ട്. ചരകം പഠിക്കാൻ പരദേശത്ത് ചെല്ലുന്നതിനെക്കുറിച്ചുള്ള പ്രസ്താവം, അക്കാലത്തു തമിഴകത്തു പലയിടത്തും നിലവിലുണ്ടായിരുന്ന ചരകപാരമ്പര്യത്തിലുള്ള ചികിത്സാകേന്ദ്രങ്ങളെക്കുറിച്ചുള്ള ലിഖിതപരവും മറ്റുമായ തെളിവുകളുടെ ഒപ്പം വച്ചു പരിശോധിക്കേണ്ടതുണ്ട്. അതോടൊപ്പം കേരളത്തിൽ വാഗ്ഭടീയമായ മറ്റൊരു പാരമ്പര്യവും കണ്ണിചേർന്നു. ഭേളസംഹിതയുടെ ആചാര്യനായിരുന്നാലും അദ്ദേഹം കേരളീയനായിരുന്നു എന്ന ശക്തമായ ഒരഭിപ്രായഗതിയുള്ളതും കൂടിയോർക്കണം. കേരളീയമായ ഒരായുർവേദ പാരമ്പര്യത്തിന്റെ ഉല്പത്തി വികാസങ്ങളിലേക്കാണ് ഇതെല്ലാം ചൂണ്ടുന്നത്. ആ പാരമ്പര്യം അചിരേണ സാമൂഹ്യമായ ഉച്ചനീചത്വങ്ങളുടെ അതിർവരമ്പുകളേയും മറികടന്ന് സാർവത്രികമായി പ്രചരിക്കാൻ തുടങ്ങി. നാടുവാഴിസ്വരൂപങ്ങളുടെ കാലത്തെ സാമൂഹ്യഘടനയും അവയുടെ വ്യവഹാരസ്വരൂപവും മറ്റും ചേർന്ന് ഈ പാരമ്പര്യം പുഷ്ടിപ്പെട്ടതു ഗുരുകുലങ്ങളിലാണ്. അഥവാ, നാമറിയുന്ന തെളിവുസാമഗ്രികൾ ചൂണ്ടുന്നത് അക്കാര്യത്തിലേ ക്കാണ്.

ഗുരുകുലങ്ങൾ മുഖ്യമായും അഷ്ടവൈദ്യഗൃഹങ്ങളായിരുന്നു, പൊതുവെ അഷ്ടവൈദ്യന്മാർ ഒന്നൊഴിയാതെ എല്ലാവരും ബ്രാഹ്മണരായിരുന്നു. ബ്രാഹ്മണ്യത്തിൽത്തന്നെ ആഢ്യത്വം അഷ്ടവൈദ്യന്മാർക്കല്പം കുറവാണെന്നുമുണ്ട്. സ്വാഭാവികമാണതാനും അത്. ശസ്ത്രക്രിയ പോലെയുള്ള കർമ്മങ്ങളും രോഗ പരിശോധനയുടെ നിരന്തരമായ ആവശ്യവും മറ്റും കാരണം, വൈദ്യവൃത്തിയിലേർപ്പെട്ടവർക്ക് ആഢ്യന്മാരെപ്പോലെ മെയ്യനങ്ങാതെ അലസജീവിതം നയിക്കാനാവില്ല. ശുദ്ധാശുദ്ധി വിധിയിലും കർമ്മവശാൽ നീക്കുപോക്കുകൾ വേണ്ടിവരുന്ന സന്ദർഭങ്ങളേറും. രോഗചികിത്സയ്ക്കുള്ള ഔഷധങ്ങളുടെ ചേരുവകളിൽ ശുദ്ധാശുദ്ധി വിധിപ്രകാരം വർജ്ജിക്കേണ്ട വസ്തുക്കളുണ്ട്. തിര്യക്കുകളുടെ വിസർജ്ജ്യങ്ങളും മാംസം മുതലായവയും ഈ കൂട്ടത്തിൽ പെടുമല്ലോ. ബ്രാഹ്മണ്യത്തിനു ചേരാത്ത ഇത്തരം സാഹചര്യങ്ങളുടെ ഇടയിൽ പെരുമാറേണ്ടി വന്നതാവാം വൈദ്യവൃത്തി വരിച്ച ബ്രാഹ്മണർക്കു പാതിത്യം വന്നുപെട്ടതിന്റെ കാരണം.

ബ്രാഹ്മണവർഗ്ഗത്തിൽനിന്നുവിട്ടു പുറത്തുള്ള ചില കൂട്ടായ്മകളിലും വൈദ്യവൃത്തിക്കാരായവരെ കാണാമെന്നു അല്പം മുമ്പ് സൂചിപ്പിച്ചു. ബ്രാഹ്മണേതരരായ അത്തരക്കാരിൽ ചിലരുടെ ചികിത്സയിൽ ഔഷധപ്രയോഗത്തോടൊപ്പം മന്ത്രതന്ത്രവിധികളും കൂടിക്കലരുന്ന സന്ദർഭങ്ങൾ ഉണ്ടായിരുന്നു. ആധുനികകാലത്തോളം തുടർന്നുപോന്ന ചില ചികിത്സാപാരമ്പര്യങ്ങളുടെ തെളിവുകളിൽ നിന്നുള്ള ഒരു നിഗമനമാണിത്. ഇതാകട്ടെ, യുക്തി വ്യാപാശ്രമായ ആയുർവേദസമ്പ്രദായത്തോടു തീർത്തും ഇണങ്ങിപ്പോകുന്ന സൈദ്ധാന്തികനിലപാടല്ലതാനും. എന്നിരുന്നാലും ഔഷധപ്രയോഗത്തിൽ പൊതുവെ ചികിത്സയുടെ അഷ്ടാംഗഹൃദയമാർഗ്ഗം തന്നെയാണ് അവരും അനുവർത്തിച്ചുപോന്നത്.

ഗുരുകുലനിഷ്ഠമായ വൈദ്യവൃത്തിയെക്കുറിച്ചുള്ള കേരളീയമായ തെളിവുകൾ ക്രി. പന്ത്രണ്ടാം ശതകം മുതൽക്കുള്ള പ്രാചീനമണിപ്രവാളകൃതികളിലാണുള്ളത്. പ്രാചീനമണിപ്രവാളത്തിന്റെ വ്യവഹാരങ്ങളിൽ ചാക്യാർപ്രബന്ധങ്ങൾ വൈദ്യവൃത്തിയെപ്പറ്റിയുള്ള സാമൂഹ്യധാരണകളിൽ പലതും ഉൾക്കൊള്ളുന്നവയാണ്. ഹാസ്യപ്രധാനമായ ആഖ്യാനങ്ങളിൽ വൈദ്യന്മാരുടെ നേർക്കുള്ള പരിഹാസത്തിന് മുൻതൂക്കമുണ്ടാവുന്നതു സ്വാഭാവികം. വൈദ്യനേയും കാലനേയും താരതമ്യപ്പെടുത്തിക്കൊണ്ടുള്ള ചില ചാക്യാർ ശ്ലോകങ്ങൾ ഇക്കൂട്ടത്തിൽ പെടുത്താം.

വൈദ്യഃ ക്രൂരോ, യമഃ ക്രൂരഃ
കോ ഭേദ യമവൈദ്യോഃ?
യമസ്തു ഹരതി പ്രാണൻ
വൈദ്യഃ പ്രാണധനാനിച

(വൈദ്യനും യമനും ക്രൂരർ
ഭേദമെന്തവർ തങ്ങളിൽ?
പ്രാണൻ കക്കും യമൻ, വൈദ്യൻ
പ്രാണനും ധനവും തഥാ)

വൈദ്യവൃത്തിയിൽ പ്രതിഫലസമ്പ്രദായത്തിന്റെ പ്രചാരത്തിലേക്കുകൂടി ഈ ഹാസ്യം വിരൽചൂണ്ടുന്നു എന്നതത്രേ ഈ പരാമർശത്തിന്റെ സാമൂഹ്യവശം. സ്ഥാപനരൂപങ്ങളായ ഭരണകൂടത്തിന്റെയും ക്ഷേത്രത്തിന്റെയും വരുതിയിൽനിന്ന് ചികിത്സ വ്യക്തികളുടേയും കുടുംബങ്ങളുടേയും പരിധികളിലേക്കു മാറിയതിന്റെ സൂചനകളും ഇവിടെയുണ്ട്. ഗുരുകുലസമ്പ്രദായത്തിന്റെ ഈയൊരു വശം ഉപരിചിന്തയും അന്വേഷണവും ആവശ്യപ്പെടുന്ന ഒന്നാകയാൽ വിസ്തരിക്കുവാനിവിടെ തുനിയുന്നില്ല. പ്രാചീനമണിപ്രവാളങ്ങളുടെ കാലത്തെ ചില ശ്ലോകങ്ങളിൽ വൈദ്യവൃത്തിയുടെയും ചികിത്സാമാർഗ്ഗത്തിന്റെയും മറ്റുവശങ്ങൾ പ്രത്യക്ഷപ്പെടുന്നു. ആട്ടക്കാരികളുടേയും മറ്റും വസതികളിലും ജനങ്ങൾ കൂടുന്ന മറ്റു സ്ഥലങ്ങളിലും വന്നു കൂടുന്നവരിൽ ഒരു കൂട്ടർ മുറിവൈദ്യൻമാരാണ്. ചികിത്സ ഒരു വരുമാനമാർഗ്ഗമാവുന്നതിന്റെ നേർതെളിവാണ് മുറിവൈദ്യൻമാർ. പല കൃതികളിലും ഇത്തരം മുറിവൈദ്യന്മാർ 'വലിയായ്മ'യെപ്പറ്റി പൊങ്ങച്ചം പറഞ്ഞും പ്രസിദ്ധ വൈദ്യകുലങ്ങളെ ദൂഷിച്ചും വ്യാപരിക്കുന്നതു കാണാം. അത്തരമൊരു സന്ദർഭത്തിൽ, ഉണ്ണുനീലിസന്ദേശത്തിലെ ഒരു പദ്യം കേരളത്തിൽ അന്നു കേളികേട്ട ചില വൈദ്യഗൃഹങ്ങളെപ്പറ്റി പറയും.

> ആർങ്ങാവേക്കാൾ നവരമയിരൂർനന്നു നമ്മോടു കേട്ടി-
> ട്ടാലത്തൂർക്കും ചില മുറിമരുന്നുണ്ടു കൈപ്പുണ്യമില്ല

ആർങ്ങാവ്, അയിരൂർ, ആലത്തൂർ എന്നീ മൂന്നു വൈദ്യകുടുംബങ്ങളെ ഒറ്റയടിക്കു നിരക്കനെ നിർത്തിക്കാണിച്ചുതരുന്ന ഈ ശ്ലോകം നമ്മുടെ അഷ്ടവൈദ്യപാരമ്പര്യത്തിന്റെ പഴമയെക്കുറിച്ചുകൂടിയാണ് പ്രസ്താവിക്കുന്നതെന്ന കാര്യം ശ്രദ്ധേയമത്രേ. വൈദ്യവൃത്തി ഗുരുകുലങ്ങളിൽ നിന്നും, അവിടങ്ങളിൽ നിന്ന് പഠിച്ചുവരുന്ന വൈദ്യന്മാരിൽ നിന്നും വിട്ട് പുറത്തേയ്ക്കും പരന്നെത്തുന്നതിന്റെ സൂചനകൂടി ഇത്തരം പരാമർശങ്ങളിലുണ്ടെന്ന് ഊഹിക്കണം.

പ്രാചീനമണിപ്രവാളകൃതികളിലെ മുഖ്യവർണ്ണനാവിഷയങ്ങളിലൊന്ന് അങ്ങാടികളാണ്. അങ്ങാടികളിൽ വിൽക്കാൻ വച്ച വസ്തുക്കളിൽ ഒരിനം, പലതരം പച്ചമരുന്നുകളും അങ്ങാടിമരുന്നുകളുമാകുന്നു. മുമ്പു പറഞ്ഞ ഉണ്ണുനീലിസന്ദേശമെന്ന കൃതിയിൽ അത്തരമൊരു പ്രകരണമുണ്ട്.

> ഏലം, കോലം, കടുക്, തകരം, കുന്തിരിക്കന്തിരിക്കം
> ചോനപ്പുല്ലും ചുകിലുമകിലും നാകിലം, തുത്തിനാകം
> തീമ്പു, കഞ്ചാ, വുലുവ, വിടയം, മാഞ്ചി, മഞ്ചട്ടി, കൊട്ടം
> ചാതിക്കായും പലവുമിവിടെക്കാണലാം തേ മരുന്നും

ഈ ചാർത്തിൽ, നാട്ടിൽനിന്നു പറിച്ചെടുക്കുന്ന മരുന്നുകളുമുണ്ട്; ഒപ്പം പുറം നാടുകളിൽനിന്നു വന്നെത്തുന്നവയുമുണ്ട്. വിപുലമായ ഭാരതദേശത്തിന്റെ വിദൂരപ്രദേശങ്ങളിൽ നിന്നു വരുന്ന ഔഷധികളും ഭാരതഖണ്ഡത്തിനുമപ്പുറത്തുനിന്നുള്ളവയും അക്കൂട്ടത്തിൽ കുറവല്ല. സാഹിത്യകൃതികളിലെ ഈ പരാമർശങ്ങളെ മണിപ്രവാളത്തിന്റെ ഭാഷാപാരമ്പര്യത്തിൽപ്പെട്ട ചില ശാസ്ത്രകൃതികളിലെ ഔഷധയോഗ വിവരണത്തോടു ചേർത്തു വെച്ചു പരിശോധിക്കുമ്പോഴത്രേ ചികിത്സാരൂപത്തിനെക്കുറിച്ചുള്ള വിവരം കിട്ടുക. ഉണ്ണുനീലിസന്ദേശത്തിൽ ഒരൊറ്റപ്പേരിനാൽ സൂചിപ്പിക്കപ്പെട്ട ആലത്തൂർ നമ്പിയുടെ ഗൃഹത്തിൽ നിന്നു പുറപ്പെട്ട് ഒടുവിൽ കോഴിക്കോടു സർവ്വകലാശാലയിലെ മലയാളം വകുപ്പിന്റെ ഗ്രന്ഥപ്പുരയിലെത്തിയതും ഇപ്പോൾ പുറത്തിറക്കുന്നതുമായ വൈദ്യഗ്രന്ഥം കേരളീയ വൈദ്യഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ പഴക്കമേറിയതാണ്. ഈ ഗ്രന്ഥത്തിലെ ഔഷധങ്ങളുടെ ഭൂമിശാസ്ത്ര ബന്ധം പരിശോധിച്ചാൽ അവയിൽ പലതും ഭാരതഭൂമിയ്ക്കും അപ്പുറത്തുള്ള നാടുകളിൽ നിന്നെത്തിയവയാണെന്നു കാണാം.

ഗുരുകുലവൈദ്യത്തിന്റെ ഈ പാരമ്പര്യം കേരളത്തിലെ ഗൃഹവൈദ്യത്തിന്റെ പാരമ്പര്യത്തിലേക്കുകൂടി വെളിച്ചം വീശുന്നുണ്ട്. ആലത്തൂർ വൈദ്യഗ്രന്ഥത്തിന്റെ വഴിക്കുള്ള ഒട്ടേറെ ഗ്രന്ഥങ്ങൾ മധ്യയുഗങ്ങളിൽ രചിക്കപ്പെട്ടിരിക്കണം. അവയിൽ പറയുന്ന യോഗങ്ങളധികവും വീടുകളിൽ അപ്പപ്പോൾ ആവശ്യത്തിനു തയ്യാറാക്കി ഉപയോഗിക്കാനുള്ള കഷായം, മുക്കടി, തൈലം, ചൂർണ്ണങ്ങൾ മുതലായ വയെക്കുറിച്ചാണ് വിവരിക്കുന്നത്. അങ്ങാടികളിലേയ്ക്കും ആസ്പത്രികളിലേയ്ക്കും വേണ്ടി തുകപ്പടിയായുണ്ടാക്കി നെടുനാളത്തേയ്ക്കു സൂക്ഷിച്ചു വെയ്ക്കേണ്ട മരുന്നുകളെപ്പറ്റി പ്രസ്താവം ഈ വകുപ്പിൽപ്പെട്ട ഗ്രന്ഥങ്ങളിൽ അത്യന്തദുർല്ലഭമാണ്. ഇല്ലെന്നുതന്നെ പറയാം. സർക്കാർ മുഖേനയും ക്ഷേത്രങ്ങളോടു ബന്ധപ്പെട്ട ആതുരശാല വഴിയും ഉണ്ടായിരുന്ന ചികിത്സയിൽനിന്നുമാറി വീടുകളിലേക്കൊതുങ്ങുന്നതാണ് ഈ പുതിയ ചികിത്സയുടെ വഴക്കം.

അങ്ങാടിവർണ്ണനകളിൽ പ്രത്യക്ഷമായും യോഗഗ്രന്ഥങ്ങളിൽ പരോക്ഷമായും പരാമർശിക്കുന്ന മരുന്നുപീടികകളുടെ ഒരു ദൃക്സാക്ഷി വിവരണം പതിനാറാം നൂറ്റാണ്ടിന്റെ ആദിയിൽ പറങ്കിക്കപ്പലുകളിൽ വന്നെത്തിയ ചില വിദേശീയരുടെ കൃതികളിലുണ്ട്. പതിനാറാം നൂറ്റാണ്ടിന്റെ ആദിയിൽ വാസ്കോ ഡി ഗാമയോടൊപ്പം കപ്പലിൽ പടിഞ്ഞാറൻ തീരത്തെത്തി ആദ്യം കോഴിക്കോട്ടും പിന്നീട് വളരെക്കാലം ഗോവയിലും വൈദ്യവൃത്തിയിലേർപ്പെട്ടും നാട്ടുജീവിതശൈലികൾ പഠിച്ചും കഴിഞ്ഞുകൂടിയ ഗാർഷ്യ ഡ ഓർട്ട എന്ന ഒരു പോർത്തുഗീസ് അപ്പാത്തിക്കിരിയുടെ ഗ്രന്ഥം ഇക്കൂട്ടത്തിൽ പ്രത്യേകം എടുത്തുപറയണം. ഗാർഷ്യ ഡ ഓർട്ട ഒഴിവുനേരങ്ങളിൽ കോഴിക്കോട്ടും പരിസരങ്ങളിലുമുള്ള മരുന്നു പീടികകളിൽ ചെന്ന് വിവരം ശേഖരിക്കുക പതിവായിരുന്നു. പാശ്ചാത്യൗഷധങ്ങളേക്കാൾ ഈ നാട്ടുമരുന്നുകൾക്കുള്ള ഫലസിദ്ധിയെപ്പറ്റിയും അപ്പോത്തിക്കരി എടുത്തു പറയുന്നുണ്ട്. കപ്പലിൽ കേരളത്തിലെത്തിയ പടിഞ്ഞാറൻ നാട്ടുകാർ നിവൃത്തിയുള്ളേടത്തോളം നാട്ടുമരുന്നുകൾ വേണം ഉപയോഗിക്കാൻ എന്ന ഉപദേശം രേഖപ്പെടുത്താനും ഗാർഷ്യ ഡ ഓർട്ട മറക്കുന്നില്ല.

**ഐതീഹ്യങ്ങൾ**

തലമുറതലമുറയായി കാതോടുകാതു പകർന്നുപോരുന്ന വാങ്മയങ്ങളാണ് ഐതിഹ്യങ്ങൾ. അവ ഒറ്റക്കേൾവിക്ക് അവിശ്വാസ്യങ്ങളോ അസംഭാവ്യങ്ങളോ ഒക്കെയാവാം. അത്ഭുതമാണവയുടെ അടിസ്ഥാനം. മധ്യയുഗങ്ങളിലെ മാനവസമൂഹങ്ങൾ ലോകമെമ്പാടും അത്ഭുതകഥകളിൽ അഭിരമിച്ചിരുന്നതിന്റെ തെളിവുകളാണ് ഓരോ ഭാഷയിലുമുള്ള അത്തരം കഥകൾ. എന്നാൽ അത്ഭുതത്തിനപ്പുറം അത്തരം കഥകൾ മറ്റെന്തോ ഘടകങ്ങൾക്കൂടി വിക്ഷേപണം ചെയ്യുന്നുണ്ട്. എന്നുവെച്ചാൽ വാച്യാർത്ഥത്തിനപ്പുറം കടന്ന് മറ്റെന്തോ സന്ദേശങ്ങൾക്കൂടി കഥകളിലുണ്ടെന്നുതന്നെ. പലപ്പോഴും ഇത്തരം സന്ദേശങ്ങൾ വിക്ഷേപിക്കാനുള്ള വാഹകമാവാം കഥയിൽ ചേരുന്ന അതിശയ ഘടകം. കാലത്താൽ സമൂഹത്തിന്റെ ചിന്തകളും താല്പര്യങ്ങളും ശേഷികളും മാറിമറയുന്നതിനനുസരിച്ച് ഗൂഢാർത്ഥങ്ങളും സന്ദേശങ്ങളും അപ്രാപ്യങ്ങളോ അപ്രസക്തങ്ങൾ

പോലുമോ ആയിപ്പോകാം. ഐതിഹ്യങ്ങളിൽ ചിലതെങ്കിലും സന്നിഹിതമായ യാഥാർത്ഥ്യത്തിന്റെ കിരണങ്ങളിൽക്കൂടി അപ്രാപ്യാംശങ്ങളോടൊപ്പം എന്നെന്നേക്കുമായി മങ്ങിക്കെട്ട് കിടന്നേക്കാം, പിന്നെയൊരു കാലം, നാനാവ്യവഹാരങ്ങളുടെ സന്ദർഭത്തിൽ അവയെ വ്യവഹരിക്കുമ്പോൾ പെട്ടെന്ന് ഒരു നവീനാർത്ഥം പോലെ തെളിവേല്ക്കാൻ.

അകത്തുനിന്നും പുറത്തുനിന്നുമുള്ള ബാധകളാൽ ആയുർവ്വേദത്തിന് ജീർണ്ണത സംഭവിച്ചിട്ടുണ്ട്. അകത്തുനിന്നുള്ള ബാധയ്ക്ക് പ്രധാനമായി മൂന്ന് ഘടകങ്ങൾ ഉണ്ട് – ഒന്ന്, പുതിയ അറിവിന്റെ അഭാവം. രണ്ട്, പ്രയോക്താക്കളുടെ അജ്ഞതയും അക്ഷമതയും. മൂന്ന്, കാലഹരണപ്പെട്ട അറിവുകൾ. ഇതിനെല്ലാം പുറമെ പതുമോടിക്കമ്പവും പൈതൃകത്തോടുള്ള അവഗണനയും വേറെയുമുണ്ട്.

എന്നാൽ വിരുദ്ധപ്രവണതകളൊക്കെയുണ്ടായിരുന്നാലും, കാലം തെളിയിച്ച കരുത്തോട്ടുകൂടിയ ഒരു ശാസ്ത്രത്തിനും പ്രചാരലോപം കൊണ്ട് വിസ്മൃതമാവാനാവില്ല. ആയുർവേദത്തിന്റെ കാര്യത്തിലും സംഭവിച്ചത് മറ്റൊന്നല്ല.

ഇരുപതാം ശതകത്തിൽ ഭാരതത്തിൽ പലയിടങ്ങളിലായി പ്രവർത്തിച്ചിരുന്ന യാമിനി ഭൂഷൺ റായ്, ശങ്കരദാജി പാദെ, സ്വാമി ലക്ഷ്മിറാം, ആചാര്യ യാദവ്ജി ത്രികംജി, പി.എം മേഹ്ത ദാമോദർ ശർമ്മ ഗൗഡ, പ്രിയവ്രതശർമ്മ എന്നീ മഹാപ്രതിഭകളുയുടെ പ്രവർത്തനപദ്ധതികളിൽ ശ്രദ്ധേയമായ ഐകരൂപ്യം കാണാം. ആധുനിക ഔഷധവിദ്യയിലും ആയുർവേദത്തിലെന്ന പോലേ ശ്രദ്ധയും പരിചയവും നേടിയവരാണെല്ലാവരും. രണ്ടാമതായി, ഇപ്പറഞ്ഞവരെല്ലാം ആയുർവേദത്തിന്റെ അടിസ്ഥാനഗ്രന്ഥങ്ങളിൽ പരിജ്ഞാനം നേടിയവരും, ആ ഗ്രന്ഥങ്ങൾ വ്യാഖ്യാനിച്ചവരുമാണ്. ആയുർവേദം പുതിയ കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് പുതുതലമുറയിലേക്ക് പ്രചരിപ്പിക്കാൻ വിജയകരമായി ശ്രമിച്ചവരാണ്. ദേശീയപ്രസ്ഥാനത്തിന്റെ ഉണർവ്വും ഉത്തേജനവുമായി ഈ പ്രതിഭാശാലികളുടെ ചരിത്ര പശ്ചാത്തലം.

കേരളത്തിൽ വൈദ്യരത്നം പി.എസ്. വാര്യർ ആര്യവൈദ്യശാല എന്നൊരു സ്ഥാപനം ആരംഭിച്ചതോടെ ഇപ്പറഞ്ഞ സമഗ്രപ്രവർത്തനത്തിന് ചികിത്സാരംഗത്ത് വേദിയൊരുങ്ങി. ഗുരുകുലപാരമ്പര്യത്തിന്റെ കട്ടപ്പവും നെടുപ്പവും അനുഭവം കൊണ്ട് സാക്ഷാത്കരിച്ച യുഗപ്രഭാവനായ ഒരു ഭിഷഗ്വരന്റെ പ്രവർത്തനങ്ങളാണ് കേരളീയ ചികിത്സാ പൈതൃക രംഗത്ത് ഒരു ചുവട്ടു മാറ്റത്തിന് നിമിത്തവും പ്രചോദകവുമായത്. വൈദ്യരത്നത്തിന്റെയും അദ്ദേഹം തുടങ്ങിവെച്ച സ്ഥാപനത്തിന്റെയും ചരിത്രമെന്നത് ഈ പരിവർത്തനത്തിന്റെ കഥ തന്നെ. ഈ മാറ്റത്തെ നാലു തലങ്ങളിലായി നടന്ന പരിഷ്കരണയത്നങ്ങളായി തിരിച്ചറിയാം. ആ മേഖലകൾ ഇവയാണ്:

കഷായക്കലത്തിൽനിന്ന് കുപ്പിയിലേക്ക്
വീട്ടുചികിത്സയിൽ നിന്ന് ആസ്പത്രിചികിത്സയിലേക്ക്
ഗുരുകുലപഠനത്തിൽനിന്ന് പാഠശാലാവിദ്യാഭ്യാസത്തിലേക്ക്
പ്രവർത്തനേകാന്തതയിൽ നിന്ന് സംഘടനാപ്രവർത്തനങ്ങളിലേക്ക്

കോട്ടയ്ക്കൽ ആര്യവൈദ്യശാല ഈ പരിവർത്തനങ്ങൾക്കെല്ലാം ആധാരസ്ഥാപനമായി വർത്തിച്ചു. വൈദ്യരത്നത്തിന്റെ പ്രവർത്തനം ഒറ്റപ്പെട്ട യത്നമായിരുന്നില്ലെന്ന് ഭാരതീയ വൈദ്യശാസ്ത്രത്തിന്റെ ചരിത്രം പരിശോധിച്ചാലറിയാം. ഇന്ത്യയിലുടനീളം തെക്കും വടക്കുമുള്ള നാട്ടുകളിൽ ഇതേ ശൈലിയിലുള്ള പ്രവർത്തനത്തിന് കളമൊരുക്കം നടക്കുന്നുണ്ടായിരുന്നു. ദേശീയപ്രസ്ഥാനവും അതിന്റെ ഊർജ്ജവും ഈ പരിവർത്തനത്തിന് ചുണ പകർന്നു.

**നറുങ്ങ്-5**

ഇടതു ഭാഗത്തുള്ള വ്യക്തിയുടെ പ്രവർത്തനമേഖല കേരളത്തിൽ തുടങ്ങി ഭാരതം ഒട്ടുക്ക് വ്യാപിച്ചു. ഇദ്ദേഹം ആര്?



# ഓർമ്മത്താളിൽ മങ്ങിപ്പോയ ഒലന്തക്കളരി

## (കോട്ടയത്തെ ഡച്ചു സ്കൂളിന്റെ ചരിത്രം)



കേരളത്തിൽ വൈദേശികാധിപത്യത്തിന്റെ കാലഘട്ടത്തിലുണ്ടായ സംസ്കാരിക സമന്വയത്തിന്റെ നല്ല ഫലങ്ങൾ ഉളവായത് പ്രധാനമായും വിദ്യാഭ്യാസമേഖലയിലാണെന്നത് തർക്കമറ്റ വസ്തുതയാണ്. സൂര്യനസ്തമിക്കാത്ത ആംഗലനാടിന്റെ രാഷ്ട്രീയാധിപത്യത്തിൻ കീഴിൽ കഴിഞ്ഞ ഒന്നര നൂറ്റാണ്ടു കൊണ്ട് ഇന്ത്യയടക്കമുള്ള രാജ്യങ്ങളിൽ ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രാമുഖ്യം കൈവന്നിരുന്നു. മദ്രാസ് പ്രസിഡൻസിയുടെ ഭാഗമെന്ന നിലയിൽ മലബാറിലും മേൽക്കോയ്മ എന്ന നിലയിൽ തിരുവിതാംകൂറിലുമുണ്ടായിരുന്ന ബ്രിട്ടീഷ് ഭരണസ്വാധീനം, അതതിടങ്ങളിൽ ആംഗ്ലിക്കൻ മിഷണറിമാർ വിദ്യാഭ്യാസരംഗത്ത് പ്രത്യേകിച്ച് ഭാഷാപഠന രംഗത്ത് മികച്ച സംഭാവനകൾ കാഴ്ചവയ്ക്കുന്നതിനുള്ള സാഹചര്യമുളവാക്കി. മലബാറിൽ 'ബാസൽ മിഷനും' ദക്ഷിണതിരുവിതാംകൂറിൽ 'എൽ.എം.എസും' മദ്ധ്യതിരുവിതാംകൂറിൽ പ്രത്യേകിച്ച് കോട്ടയത്ത് 'സി.എം.എസും' ഈ മേഖലയിൽ ചെയ്ത പ്രവർത്തനങ്ങൾ നിലവിൽ പഠന വിധേയമായിട്ടുള്ളതാണ്.

കോട്ടയത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായി AD 1817-ൽ കോളജ് ആരംഭിച്ചതും സി.എം.എസ് കോളജായി വളർന്ന് രണ്ടു നൂറ്റാണ്ടുകാലമായി വിദ്യാഭ്യാസരംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്നതും ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ മുന്നൂറ്റൻപതു വർഷങ്ങൾക്കു മുമ്പ് കൃത്യമായി പറഞ്ഞാൽ AD 1668-ൽ കോട്ടയത്ത് യൂറോപ്യൻ ഭാഷാപഠനത്തിന് തുടക്കം കുറിച്ച് ഡച്ചുകാർ മുൻകൈയെടുത്ത് ഒരു ചെറിയ സ്കൂൾ ആരംഭിച്ചത് കേരള ചരിത്രത്തിൽ ഒരിടത്തും രേഖപ്പെടുത്താതെ പോയതിനാൽ തികച്ചും അജ്ഞാതമായി തന്നെ അവശേഷിക്കുകയായിരുന്നു. ഹെർമൻ ഹാസൻ കാംപ് എന്ന ഡച്ചു ഭാഷാ പണ്ഡിതൻ ആരംഭിച്ച പരിഭാഷകർക്കായുള്ള സ്കൂളിനെകുറിച്ചുള്ള വിവരങ്ങൾ കൊച്ചിയിലെ ഡച്ചു കമാൻഡറും, 'ഹോർത്തൂസ് മലബാറിക്കുസ് ഇൻഡിക്കസ്' എന്ന സസ്യശാസ്ത്രഗ്രന്ഥത്തിന്റെ രചനയ്ക്ക് നേതൃത്വം കൊടുത്ത വ്യക്തിയുമായ ഹെൻറിക് ആഡ്രിയൻ വാൻ റീഡിനെ കുറിച്ച് ജെ. ഹെന്നിഗർ എഴുതിയ ജീവചരിത്രഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ഈ ഗ്രന്ഥത്തിൽ നിന്ന് ലഭ്യമായ വിവരങ്ങളെ മുന്നൂറ്റൻപത് വർഷങ്ങൾക്ക് മുമ്പ് തെക്കുംകൂർ നാട്ടുരാജ്യത്തിന്റെ ഭരണതലസ്ഥാനമായിരുന്ന കോട്ടയത്തെ സാഹചര്യങ്ങളുമായി ഒത്തു ചേർത്ത് എത്തിയ നിഗമനങ്ങളുടെ അടിസ്ഥാനത്തിലാണ് സ്കൂളിന്റെ സ്ഥാപനചരിത്രവും സംഭാവനകളും ഇവിടെ സംവദിക്കപ്പെടുന്നത്. 2018 ഡിസംബർ 15ന് കോട്ടയം ബസേലിയോസ് കോളജ് മലയാള വിഭാഗവുമായി ചേർന്ന് കോട്ടയം നാട്ടുകൂട്ടം ചരിത്ര-പൈതൃകപഠനവേദി സംഘടിപ്പിച്ച കോട്ടയത്തെ ഡച്ച് സ്കൂളിന്റെ മുന്നൂറ്റി അൻപതാം വാർഷികത്തിൽ നടന്ന ചരിത്ര സെമിനാറിൽ വച്ച് ലേഖകൻ ഡച്ചു സ്കൂളിന്റെ സ്ഥാപന ചരിത്രം പ്രബന്ധമായി അവതരിപ്പിച്ചു. പ്രസ്തുത ചരിത്രാന്വേഷണത്തിലെ പ്രസക്തമായ ഭാഗങ്ങൾ ഉൾപ്പെടുത്തിയുള്ള ഒരു ലേഖനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

**ഡച്ചുകാരുടെ കേരളാഗമനവും വ്യാപാര ബന്ധങ്ങളും.**

കേരളതീരത്ത് ഡച്ചു ശക്തി സ്വാധീനമുറപ്പിക്കുന്നത് AD 1661 മുതൽ 1663 വരെയുള്ള കാലയളവിലാണ്. പോർച്ചുഗീസുകാരുടെ മേൽക്കോയ്മയിലും ഭീഷണിയിലും നാട്ടുരാജ്യങ്ങൾ ഞെരുങ്ങിക്കഴിഞ്ഞിരുന്ന ഒരു കാലഘട്ടത്തിന് അന്ത്യം കുറിക്കുന്നത് പോർച്ചുഗീസുകാർക്കെതിരെ ഡച്ചുകാർ നേടിയ വിജയത്തോടെയായിരുന്നു.

കൊച്ചിക്കോട്ടയിലിരുന്ന് കൊച്ചി രാജ്യഭരണത്തിൽ അതിരു കടന്നുള്ള പോർച്ചുഗീസുകാരുടെ കൈകടത്തലുകൾ ഉളവാക്കിത്തീർത്ത അസ്വാരസ്യങ്ങളാണ്



**പള്ളിക്കോണം രാജീവ്**
പ്രാദേശികചരിത്രകാരൻ, പരിസ്ഥിതി പ്രവർത്തകൻ, ചിത്രകാരൻ, സംഗീതജ്ഞൻ. കോട്ടയം നാട്ടുകൂട്ടം (*Centre for Cultural and Heritage Studies of Kottayam* ) എന്ന പ്രസ്ഥാനത്തിന്റെ മുഖ്യ സംഘാടകൻ. മലയാള മനോരമയുടെ കുട്ടികളുടെ പ്രസിദ്ധീകരണമായ ബാലരമയുടെ ഡിസൈനറായി സേവനമനുഷ്ഠിക്കുന്നു. നിരവധി ചരിത്രലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഡച്ചുകാരുടെ ആഗമ നത്തിന് ഇടയാക്കിത്തീർത്തത്. കൊച്ചി രാജവംശത്തിലെ അനന്തരാവകാശിയെ തീരുമാനിക്കുന്നതിൽ വരെ ഇടപെട്ട് തങ്ങൾക്ക് താൽപര്യമുള്ള വെട്ടത്തു സ്വരൂപത്തിലെ രാജകുമാ രനെ കൊച്ചിരാജാവായി വാഴിക്കാൻ പോർച്ചുഗീസുകാർ ശ്രമി ച്ചത് യഥാർത്ഥ കിരീടാവകാശിയായ ചാഴൂർ താവഴിയിലെ വീര കേരളവർമ്മയെയും കൊച്ചിയിലെ പ്രധാനമന്ത്രിയായ പാലി യത്ത് കോമിയച്ചനെയും ചൊടിപ്പിച്ചു. പാലിയത്ത് കോമി യച്ചൻ പറങ്കികളെ നിഷ്കാസനം ചെയ്യുന്നതിനായി തെക്കും കൂർ, വടക്കുംകൂർ തുടങ്ങിയ രാജ്യങ്ങളുടെ സഹായം ഉറപ്പാക്കി യതിന് ശേഷം ഡച്ച് ഗവർണറായ വാൻ ഗ്ലൺസിനെ സന്ദർ ശിച്ച് പിന്തുണ അഭ്യർത്ഥിച്ചു. മലബാർ തീരത്തെ പോർച്ചുഗീസ് കച്ചവടക്കുത്തക തകർക്കാൻ ഉന്നം നോക്കിയിരുന്ന ഡച്ചു ഈസ്റ്റ് ഇന്ത്യാ കമ്പനി (VOC) കൊളംബോയിൽ നിന്ന് സർവ്വ സന്നാഹങ്ങളോടെ എത്തി, കൊടുങ്ങല്ലൂരും പള്ളിപ്പുറത്തും കൊച്ചിയിലുമുള്ള പോർച്ചുഗീസ് കോട്ടകൾ ആക്രമിച്ച് കീഴ്പ്പെ ടുത്തി. മുഴുവൻ പോർച്ചുഗീസുകാരെയും ഈശോസഭാ പുരോഹി തരെയും കെട്ടു കെട്ടിച്ച ശേഷം കൊച്ചിയിലെ വിദേശവ്യാപാര രംഗത്ത് സ്വാധീനമുറപ്പിച്ചു. അതിനു ശേഷം വിവിധ നാട്ടുരാജ്യ ങ്ങളുമായി നീണ്ടുനിൽക്കുന്ന കച്ചവടക്കരാറുകൾ ഉണ്ടാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു.

AD 1663-64 കാലഘട്ടങ്ങളിൽ പുറക്കാട് (ചെമ്പ കശ്ശേരി), തെക്കുംകൂർ, വടക്കുംകൂർ രാജ്യങ്ങളുമായി വ്യാപാര ഉടമ്പടികൾ ഉണ്ടാക്കി. AD 1664 ജൂൺ 11 ന് തെക്കുംകൂർ ആസ്ഥാനമായ കോട്ടയത്തെ തളിക്കോട്ടയിലെ ഇടത്തിൽ കൊട്ടാരത്തിൽ വച്ച് ഡച്ചു ക്യാപ്റ്റനായ ലുഡോൾഫ് വാൻ കൗൾസ്റ്ററും (Ludolf van Coulster) തെക്കുംകൂർ രാജാവായ കോതവർമ്മയും ചേർന്ന് ഒപ്പിട്ട കരാർ പ്രകാരം തുടർന്നു വരുന്ന പത്തു വർഷത്തേക്ക് തെക്കുംകൂർ രാജ്യത്ത് വിളയുന്ന കുരുമുളക്, കറുവപ്പട്ട, ചുക്ക്, ഏലം തുടങ്ങിയ സുഗന്ധ വ്യഞ്ജന ങ്ങളുടെ വ്യാപാരക്കുത്തക ഡച്ചു ഈസ്റ്റ് ഇന്ത്യ കമ്പനി (VOC) യിൽ നിക്ഷിപ്തമായി. ഇന്ന് താഴത്തങ്ങാടി എന്നറിയപ്പെടുന്ന കോട്ടയത്തങ്ങാടി (Basaar Cottate) യിൽ സംഭരിക്കുന്ന കിഴക്കൻ മലഞ്ചരക്കുകൾ അവിടെനിന്ന് ജലയാനങ്ങളിൽ പുറ ക്കാട്, കൊച്ചി എന്നീ തുറമുഖങ്ങളിൽ എത്തിക്കുന്നതിന് കൊങ്ങിണി വ്യാപാരികൾ നേതൃത്വപരമായ പങ്കുവഹിച്ചു.

ഈ വ്യാപാരം പുരോഗമിക്കുന്നതിനിടയിലുണ്ടായ ഒരു പ്രശ്നം ഭാഷാവിനിമയത്തിന്റേതായിരുന്നു. മുൻകാലങ്ങളിൽ സുറിയാനി, അറബി ഭാഷകളിൽ കച്ചവടക്കാരായ നസ്രാണി കൾക്കും മുഹമ്മദീയർക്കും പ്രാവീണ്യമുണ്ടായിരുന്നതിനാൽ പശ്ചിമേഷ്യൻ രാജ്യങ്ങളിലെ വ്യാപാരികളുമായി സംവദിക്കാനാ യെങ്കിലും യൂറോപ്യൻ ഭാഷകളിലുണ്ടായിരുന്ന അജ്ഞത ഇതോടെ വലിയ ബുദ്ധിമുട്ടുകൾക്ക് ഇടയാക്കിത്തീർത്തു. ഇട യ്ക്കിടെ എത്തുന്ന ഡച്ചു ഉദ്യോഗസ്ഥരും ക്യാപ്റ്റൻമാരും കൊച്ചിയിൽനിന്ന് ഒപ്പം കൂട്ടിയിരുന്ന തുപ്പായി (ദ്വിഭാഷി) മാ രാണ് പരിഭാഷകരായി ഇടയിൽനിന്നത്. പ്രായോഗികമായ വലിയ ബുദ്ധിമുട്ടുകൾ ഇതിനെല്ലാമുണ്ടായിരുന്നു.

**ഒലന്തക്കളരി പിറവിയെടുക്കുന്നു**

കൊച്ചിക്കോട്ട ആസ്ഥാനമാക്കി ഡച്ചുകാർ സ്വാധീന മുറപ്പിച്ചതിന് പിന്നാലെ പോർച്ചുഗീസുകാർ ഇവിടെ പ്രചരി പ്പിച്ച മതവീക്ഷണത്തെ പുറന്തള്ളുന്നതിനും പകരം ആസ്ഥാ




*AD 1697 ൽ ഡച്ചുകാർ നിർമ്മിച്ച കൊടുങ്ങല്ലൂർ മുതൽ കൊല്ലം വരെയുള്ള ഭൂപട ത്തിൽ കോട്ടയവും വേമ്പനാട്ടു കായലും ഉൾപ്പെടുന്ന വൈക്കം മുതൽ അമ്പലപ്പുഴ വരെ അടയാളപ്പെടുത്തിയ ഭാഗം.*

നത്ത് തങ്ങളുടേതായ കാൽവിയൻ പ്രൊട്ടസ്റ്റന്റ് വീക്ഷണത്തെ സ്ഥാപിക്കുന്നതിനുമായി ശ്രമങ്ങൾ ആരംഭിച്ചു. അതിന്റെ ഭാഗ മായി നിരവധി ഡച്ചു പുരോഹിതർ കേരളത്തിലെ സുറിയാനി ക്രൈസ്തവരെ സ്വാധീനിക്കുന്നതിനായി എത്തിച്ചേർന്നു. കൊച്ചിയിലും സമീപപ്രദേശങ്ങളിലുമുണ്ടായിരുന്ന കത്തോ ലിക്കാ സ്വാധീനത്തെ തങ്ങളാൽ അഴിക്കാൻ കഴിയില്ല എന്നു ബോധ്യപ്പെട്ടതിനാലാവാം വന്നെത്തിയ പുരോഹിതർ കത്തോ ലിക്കാ സ്വാധീനം കുറഞ്ഞ മറ്റു ദേശങ്ങളിലേയ്ക്ക് പ്രവർത്തന ങ്ങൾ വ്യാപിക്കാനുള്ള ശ്രമങ്ങൾക്ക് തുടക്കമിടുന്നത്.

അത്തരത്തിലാണ് രണ്ടു ഡച്ചു പുരോഹിതൻ താരത മ്യേന കത്തോലിക്ക വിമുക്തമായ കോട്ടയത്ത് തങ്ങളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ നടപ്പിലാക്കാമെന്ന മോഹത്തോടെ എത്തിച്ചേരു ന്നത്. മാർക്കസ് മാഷ്യസ് (Marcus Mashius), ജൊഹന്നാസ് കസേറിയസ് (Johannus Caserious) എന്നീ ഡച്ചു ചാപ്ലയിൻ മാർ കോട്ടയം സന്ദർശിക്കുകയും കോട്ടയത്തെ നസ്രാണികൾ ക്കിടയിൽ തങ്ങളുടെ ആശയങ്ങൾ പങ്കു വയ്ക്കുകയും ചെയ്തു. ക്രിസ്തുമതത്തിലെ നവീകരണ ആശയങ്ങൾ സ്വതവേ പാരമ്പര്യവാദികളായ സുറിയാനി ക്രിസ്ത്യാനികൾക്ക് ഉൾക്കൊ ള്ളാനാവാതെ പോയതുകൊണ്ടോ, ഭാഷാ വിനിമയത്തിലുണ്ടായ അപൂർണ്ണത കൊണ്ടോ തങ്ങളുടെ ലക്ഷ്യം നടപ്പിലാക്കാനാ വാതെ അവർ തൽക്കാലം പിന്തിരിഞ്ഞു. എന്നാൽ തിരിച്ചു പോകും മുമ്പ് അവർ തെക്കുംകൂർ രാജാവിനെ സന്ദർശിച്ച് കോട്ടയത്തെ നസ്രാണികളെ കുറച്ച് ലത്തീൻ പഠിപ്പിക്കുന്നതി നായി ഒരു സ്കൂൾ ആരംഭിക്കുന്നതിനായുള്ള അനുമതി തേടി.

യൂറോപ്യൻ ഭാഷാപരിജ്ഞാനമില്ലാത്തതിനാൽ വ്യാപാര രംഗത്ത് നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിഞ്ഞിരുന്ന കോതവർമ്മ രാജാവ് ഇത് നല്ല അവസരമായി തന്നെ കരുതി. തികഞ്ഞ ഒരു സംസ്കൃത ഭാഷാപണ്ഡിതൻ കൂടിയായിരുന്നു ഈ രാജാവ്. ഇപ്രകാരം രാജാവിൽ നിന്ന് സ്കൂൾ ആരംഭിക്കുന്നതിനായുള്ള



**ഹോർത്തൂസ് മലബാറിക്കൂസിൽ തെങ്ങിനെക്കുറിച്ചുള്ള പേജ്**

അനുമതിനേടിയ അവർ, കൊച്ചിയിലെത്തി അന്നത്തെ ഡച്ച് കമാൻഡർ ആയിരുന്ന ഹെൻറിക് വാൻ റീഡിനെ വിവരങ്ങൾ ധരിപ്പിച്ചു.

വാൻ റീഡാകട്ടെ, സ്വയം താൽപര്യമെടുത്ത് കേരളത്തിലെ സസ്യജാലങ്ങളെ പരിചയപ്പെടുത്തുന്ന സചിത്രവിവരണത്തോടുകൂടിയ ഒരു ഗ്രന്ഥം പുറത്തിറക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളിലായിരുന്നു. കോട്ടയത്ത് ഒരു സ്കൂൾ ആരംഭിച്ചാൽ ഈ ഗ്രന്ഥത്തിന്റെ രചനയ്ക്ക് സഹായകരമാകും എന്ന വാൻറീഡിന്റെ തിരിച്ചറിവ് സ്കൂൾ സ്ഥാപിക്കപ്പെടുന്നതിന് പ്രചോദനമായി.

ഹെർമൻ ഹാസൻകാംപ് എന്ന ഒരു വിരമിച്ച പട്ടാള ഉദ്യോഗസ്ഥൻ വിവിധ ദക്ഷിണേന്ത്യൻ ഭാഷയിലും സിംഹള ഭാഷയിലും പ്രാവീണ്യമുള്ള വ്യക്തിയായിരുന്നു. ഹാസൻ കാംപിനെ സംസ്കൃതം അഭ്യസിപ്പിക്കണം എന്നത് വാൻ റീഡിന്റെ പ്രത്യേക താൽപര്യം കൂടിയായിരുന്നു. ഔഷധസസ്യങ്ങളെപ്പറ്റി കൂടുതലായി അറിയുന്നതിനും ആയുർവേദം മനസിലാക്കുന്നതിനും സംസ്കൃതത്തിലുള്ള പ്രാവീണ്യം ആവശ്യമാണെന്ന് വാൻ റീഡ് തിരിച്ചറിഞ്ഞു. സംസ്കൃത വിദ്യാഭ്യാസത്തിന് പ്രായേണ മുൻതൂക്കവും അതിനായി നിരവധി സംസ്കൃത പാഠശാലകളുമുള്ള തെക്കുംകൂറിലേയ്ക്ക് ഹാസൻ കാംപിനെ അയയ്ക്കാൻ വാൻ റീഡ് തീരുമാനിച്ചത് ഈ പശ്ചാത്തലത്തിലാണ്. തദവസരത്തിലാണ് ഡച്ച്, ലത്തീൻ ഭാഷകൾ നാട്ടുകാരെ പഠിപ്പിക്കുന്നതിനായുള്ള സ്കൂൾ തുടങ്ങണമെന്ന് കോട്ടയത്ത് നിന്നും വന്നെത്തിയ ഡച്ചു ചാപ്ലയിൻമാരാൽ നിർദ്ദേശിക്കപ്പെടുന്നത്.

തുടർന്ന് വാൻ റീഡിന്റെ നിർദ്ദേശപ്രകാരം ഹെർമൻ ഹാസൻ കാംപ് കോട്ടയത്തെത്തി കോതവർമ്മയെ സന്ദർശിക്കുകയും തനിക്കായി സംസ്കൃതപഠനത്തിനുള്ള സൗകര്യം ഒരുക്കിത്തന്നാൽ പകരമായി ഡച്ച്, ലത്തീൻ ഭാഷകൾ നാട്ടുകാരെ പഠിപ്പിക്കുന്നതാണെന്ന് വാഗ്ദാനം ചെയ്തു. സന്തുഷ്ടനായ രാജാവ്, തളിക്കോട്ടയുടെ സമീപം സ്കൂളിനായുള്ള സൗകര്യം ഒരുക്കിക്കൊടുത്തു. നാട്ടുകാർ ഡച്ചുകാരെ 'ഒലന്തക്കാർ' (ഹോളണ്ടുകാർ) എന്നു വിളിച്ചിരുന്നതിനാൽ സ്കൂൾ നാട്ടുകാരാൽ 'ഒലന്തക്കളരി' എന്നു വിളിക്കപ്പെട്ടിരുന്നു എന്ന ഒരു സൂചന വാമൊഴിയായി ലഭ്യമായിട്ടുണ്ട്.

**പരിഭാഷകർക്കായുള്ള ബഹുഭാഷാ സ്കൂൾ**

AD 1668ൽ ഹെർമൻ ഹാസൻ കാംപ് അവബോധകനായി ആരംഭിച്ച സ്കൂളിൽ ഡച്ച്, ലത്തീൻ, മലയാളം, സംസ്കൃതം എന്നീ ഭാഷകളിലാണ് പഠനം നടന്നിരുന്നത്. നാട്ടുകാരായ ക്രിസ്ത്യാനികളും ബ്രാഹ്മണരും ഡച്ചും ലത്തീനും അഭ്യസിച്ചപ്പോൾ ചേറ്റുവാ, കൊടുങ്ങല്ലൂർ, കൊച്ചി, പുറക്കാട്, കായങ്കുളം, കൊല്ലം തുടങ്ങിയ ഡച്ചു സംഭരണശാലകളിൽ ജോലി ചെയ്തിരുന്ന ഡച്ചു ഈസ്റ്റ് ഇന്ത്യാ കമ്പനി ഉദ്യോഗസ്ഥരായ ഡച്ചുയുവാക്കൾ സംസ്കൃതം, മലയാളം എന്നീ ഭാഷകളിൽ പഠനം തുടങ്ങി. ബ്രാഹ്മണർ എന്നാണ് ഹെന്നിഗറുടെ ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നത്; ഈ സ്കൂളിനെ സംബന്ധിച്ചിടത്തോളം ഭാഷാപഠനം വ്യാപാരരംഗത്തെ ആശയവിനിമയത്തെ ലക്ഷ്യമിട്ട് ആയിരുന്നതിനാൽ വ്യാപാരരംഗത്തെ പ്രമുഖരായിരുന്ന കൊങ്കണി ബ്രാഹ്മണരാകാം ഇവിടെ പരാമർശവിധേയരാകുന്നത്.

തെക്കുംകൂർ രാജാവ് സ്കൂളിലെത്തി സംസ്കൃതത്തിൽ ക്ലാസ്സുകൾ എടുത്തിരുന്നത് വാൻ റീഡിന് വിസ്മയകരമായ അനുഭവമായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായി പ്രസ്തുത ഗ്രന്ഥത്തിൽ കാണുന്നു.

AD 1670 നവംബർ 2 ന് വാർദ്ധക്യസഹജമായ രോഗങ്ങൾ മൂർച്ഛിച്ച് ഹെർമൻ ഹാസൻകാംപ് കോട്ടയത്തു വച്ച് അന്തരിച്ചു. വിസ്ഡോർപയസ് എന്ന ഡച്ചു പണ്ഡിതനാണ് സ്കൂളിന്റെ അവബോധകനായി (Percepter) തുടർന്നു ചുമതലയേൽക്കുന്നത്. സ്കൂൾ സ്ഥാപനത്തിന് കാരണക്കാരനായ ജൊഹന്നാസ് കസേറിയസ് എന്ന പാതിരി തന്നെയാണ് സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചിരുന്നതും. ഡച്ചു വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പ്രദേശത്ത് താമസിക്കുന്നതിനാവശ്യമായ സൗകര്യങ്ങളും തെക്കുംകൂർ രാജാവ് ഒരുക്കികൊടുത്തിരുന്നതായി കരുതാം.

**തെക്കുംകൂറിന്റെ ഡച്ചു വ്യാപാരബന്ധങ്ങളും കോട്ടയത്തിന്റെ വളർച്ചയും.**

AD 1674ൽ അന്നത്തെ തെക്കുംകൂർ രാജാവായിരുന്ന കോതവർമ്മ നാടുനീങ്ങി. അനന്തരം പിൻഗാമിയായ ഉണ്ണിക്കേരളവർമ്മ (ഭരണകാലം AD 1674 - 1691) അധികാരത്തിലെത്തി. ആ വർഷം തന്നെയാണ് ഡച്ചു വ്യാപാരക്കരാർ പുതുക്കുന്നതും. അക്കാലത്ത് തെക്കുംകൂറിന്റെ പടിഞ്ഞാറൻ മേഖലയിലെ ആസ്ഥാനമായിരുന്ന ഒളശ്ശയിലെ പൈങ്ങുളത്ത് കൊട്ടാരത്തിൽ വച്ചാണ് പുതുക്കിയ കരാർ ഒപ്പുവയ്ക്കപ്പെടുന്നത്. വേമ്പനാട്ടുകായലിൽ നിന്ന് ജലമാർഗ്ഗം ഇവിടേക്ക് എളുപ്പം എത്തിച്ചേരാം എന്നതുകൊണ്ടാകാം അക്കാലത്തെ ഡച്ച്-തെക്കുംകൂർ സന്ധിസംഭാഷണങ്ങൾക്കൊക്കെ വേദിയായത് ഈ കൊട്ടാരമായിരുന്നു. ഡച്ചു ക്യാപ്റ്റനായ ബർഘാർട്ട് ഉയ്റ്റർ (Burghart Uytter) ആണ് ഇത്തവണ കരാറിൽ ഒപ്പുവച്ച ഡച്ചു പ്രതിനിധി.

ഡച്ചുകാരുമായുണ്ടായ വ്യാപാരത്തിലൂടെ തെക്കുംകൂർ സാമ്പത്തികമായി എക്കാലത്തെക്കാളും വളർച്ച നേടി. വാണിജ്യവിഭവങ്ങളുടെ ആവശ്യകത കൂടിക്കൂടി വന്നതോടെ നാണ്യവിളകളുടെ കൃഷി വിപുലമാക്കി വിളവ് വർദ്ധിപ്പിക്കേണ്ടി വന്നു. ഇടനാട്ടിലേക്കും, ഹൈറേഞ്ചി ലേയ്ക്കുമുള്ള കുടിയേറ്റങ്ങൾ

പ്രോത്സാഹിപ്പിക്കപ്പെട്ടു. മുൻകാലത്ത് കാടുകളാൽ നിറഞ്ഞിരുന്ന ഇടനാട്ടിൽ ചെറിയ നാട്ടിൻപുറങ്ങൾ പ്രത്യക്ഷപ്പെട്ടു. ജലഗതാഗതത്തിനൊപ്പം കരയിലൂടെയുള്ള ചരക്ക നീക്കത്തിനായി കാളവണ്ടികൾക്ക് സഞ്ചരിക്കാവുന്ന നാട്ടുപാതകൾ രൂപം കൊണ്ടു.

തിരുനക്കര ക്ഷേത്രത്തിന് ലഭിച്ച പ്രശസ്തി ക്ഷേത്രത്തിന്റെ സമീപപ്രദേശങ്ങളെ ജനവാസമേഖലയാക്കി മാറ്റി. തളിക്കോട്ടയിലും താഴത്തങ്ങാടിയിലും വല്യങ്ങാടിയിലും പുത്തനങ്ങാടിയിലും ഒതുങ്ങി നിന്ന കോട്ടയം പട്ടണം കിഴക്കോട്ട് വളരാൻ ആരംഭിച്ചു.

AD 1744 വരെയെങ്കിലും ഡച്ചുകാരുമായുള്ള വ്യാപാരക്കരാറുകൾ പുതുക്കി നിശ്ചയിച്ച് കച്ചവടബന്ധം നിലനിന്നിരുന്നു എന്നു കരുതാം. AD 1694-ൽ അന്നത്തെ തെക്കുംകൂർ രാജാവായ ഉദയമാർത്താണ്ഡവർമ്മ (ഭരണകാലം AD 1691-1716) യുമായി ചേർന്ന് ഒപ്പു വച്ച കരാർ വളരെ ചരിത്ര പ്രാധാന്യമുള്ളതും തെക്കുംകൂറിന് വളരെ ഗുണകരവുമായിരുന്നു. AD 1664 മുതൽ AD 1744 വരെയുള്ള എട്ടുപതിറ്റാണ്ടുകാലത്തെ തെക്കുംകൂറിന്റെ ഡച്ചു ബന്ധങ്ങളാണ് പമ്പയ്ക്കും മീനച്ചിലാറിനുമിടയിലുള്ള പ്രദേശങ്ങളിലെ കാർഷികവികസനത്തിനും ആധുനികനാഗരികതയ്ക്കും തുടക്കമിടുന്നത്.

**പരിഭാഷകരുടെ സ്കൂൾ കോട്ടയം വിടുന്നു.**

ഏതാനം വർഷങ്ങൾ മാത്രമേ ഡച്ചു സ്കൂൾ നിലവിലിരുന്നുള്ളൂ. Seer Bequam Meens - The education and church under the 17th century VOC എന്ന ഗ്രന്ഥത്തിൽ Tolkens school (പരിഭാഷകർക്കായുള്ള പള്ളിക്കൂടം) എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. AD 1681ൽ ഈ സ്കൂൾ കൊച്ചിയിലേയ്ക്ക് മാറ്റി സ്ഥാപിച്ചതായി അതിൽ പറയുന്നു. വ്യാപാര രംഗത്തും VOC യുടെ ഔദ്യോഗികരംഗത്തും ഭാഷാവിനിമയം എളുപ്പമാക്കുന്നതിനായി തുടങ്ങിയ സ്കൂൾ പതിമൂന്നു വർഷങ്ങൾ കൊണ്ട് ആ ദൗത്യം തെക്കുംകൂറിൽ പൂർത്തീകരിച്ചതുകൊണ്ടാകാം ഇവിടെ നിന്ന് മാറ്റാനിടയായത്. തെക്കുംകൂർ-ഡച്ചു ബന്ധങ്ങളിൽ വന്ന മാറ്റങ്ങൾ, പുതുതായി വന്ന രാജാവിന്റെ താൽപ്പര്യങ്ങൾ ഇവയൊക്കെയും ചിലപ്പോൾ ഇതിന് കാരണമായിട്ടുണ്ടാകാം. ഈ സ്കൂളിൽ നിന്ന് പഠിച്ചിറങ്ങിയ നാട്ടുകാരായ വിദ്യാർത്ഥികളിൽ നിന്ന് ഡച്ച്, ലത്തീൻ ഭാഷകൾ പിൽക്കാലത്ത് പ്രദേശത്ത് പ്രചരിപ്പിക്കപ്പെടാതിരുന്നതും അവരുടെ പഠനസാമഗ്രികൾ ഉപദാനങ്ങളെന്ന നിലയിൽ കണ്ടെടുക്കാനാവാതിരുന്നതും ഡച്ചുസ്കൂളിനെ കുറിച്ചുള്ള സ്മരണ ഇവിടെ നിലനിൽക്കാതിരിക്കുന്നതിന് കാരണമായി. സ്കൂൾ ആരംഭിക്കുന്നതിന് നേതൃത്വം നൽകിയ ഹെൻറിക് വാൻ റീഡിന് സസ്യശാസ്ത്രരംഗത്തെ ഗ്രന്ഥരചനയ്ക്ക് ആവശ്യമായ ഭാഷാ പഠനത്തിന് സ്കൂൾ വേദിയായി എന്നത് ഹെന്നിഗറുടെ ഗ്രന്ഥത്തിൽ നിന്ന് വ്യക്തമാകുന്നുണ്ട്. ഹോർത്തൂസ് മലബാറിക്കൂസ് ഇൻഡിക്കൂസിന്റെ രചനയ്ക്കാവശ്യമായ പ്രവർത്തനങ്ങൾ കേരളത്തിൽ നടക്കുന്നത് സ്കൂൾ പ്രവർത്തിച്ചിരുന്ന അതേ കാലഘട്ടത്തിലാണ്. ഡച്ച്, ലത്തീൻ, ദേവനാഗരി, മലയാളം, അറബി എന്നീ ഭാഷകളിലാണ് സസ്യ




*തെക്കുംകൂർ രാജ്യം AD.1743 ൽ (ലേഖകന്റെ പഠനത്തെ ആസ്പദമാക്കി അതിരുകൾ നിർണ്ണയിച്ചത്).*

ങ്ങളുടെ പേരുകൾ ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. ഈ ഗ്രന്ഥത്തിന്റെ പ്രവർത്തനങ്ങളിൽ മുഖ്യ പങ്കു വഹിച്ച ജൊഹന്നാസ് കസേറിയസ്, ഇമ്മാനുവൽ കർണീരിയോ, വിനായക് പണ്ഡിറ്റ് എന്നിവർ സ്കൂളിന്റെ പ്രവർത്തനങ്ങളിലും സജീവമായിരുന്നു.

AD 1674-ൽ സ്കൂളിൽ നിന്ന് ഡിസ്റ്റിംഗ്ഷനോടെ പഠനം പൂർത്തിയാക്കിയ ഹെർമൻ വാൻ ഡൊണേപ് ആണ് ഈ ഗ്രന്ഥത്തിൽ ലത്തീനിൽ തർജ്ജിമ നിർവഹിച്ചിരിക്കുന്നത്. ഡൊണേപ്, വാൻ റീഡിന്റെ സെക്രട്ടറിയായി നിയമിക്കപ്പെടുകയും പിൽക്കാലത്ത് കൊച്ചിയിലെ ജഡ്ജിയായി സേവന മനുഷ്ഠിക്കുകയും ചെയ്തു.

ഗ്രന്ഥത്തിന് വേണ്ടി രേഖാചിത്രങ്ങൾ രചിച്ചത് ഇറ്റാലിയൻ പുരോഹിതനായ മത്തേവൂസ് പാതിരി (Fr. Mathews of St. Joseph Seminary) യാണ്. വരാപ്പുഴ, ചാത്തോത്ത് പള്ളികളുടെ സ്ഥാപകനായ ഈ കർമ്മലീത്താ (Carmalite) പുരോഹിതൻ മലയാളിയായ ആദ്യത്തെ കത്തോലിക്ക ബിഷപ്പ് പറമ്പിൽ ചാണ്ടി മെത്രാന്റെ (Alexander de Campo) കീഴിൽ കുറവിലങ്ങാട് പള്ളിയിൽ വൈദികനായിരിക്കുമ്പോഴാണ് ചിത്രങ്ങൾ രചിക്കുന്നത്. കോട്ടയവും കുറവിലങ്ങാടും സമീപപ്രദേശങ്ങളാണെന്നത് ഇക്കാര്യം നിറവേറ്റുന്നതിന് എളുപ്പമായിരുന്നിരിക്കാം.

കണ്ടനാട്, കോട്ടയം എന്നിവിടങ്ങളിലെ ഡച്ചു തോട്ടങ്ങളിൽ നട്ടുവളർത്തിയിരുന്ന വിവിധയിനം സസ്യങ്ങൾ ഗ്രന്ഥരചനയ്ക്ക് മാതൃകയായി എന്നുള്ള സൂചനകളും ലഭ്യമാണ്. അത്തരത്തിൽ കോട്ടയത്തെ ഡച്ചു സ്കൂൾ വാൻ റീഡിന്റെ സ്വപ്നപദ്ധതി പൂവണിയിക്കുന്നതിന് സാഹചര്യമൊരുക്കി എന്നു കരുതാവുന്നതാണ്.

ഡച്ച് ഈസ്റ്റിന്ത്യ കമ്പനിക്ക് പൊതുവേ വാൻ റീഡിന്റെ സസ്യശാസ്ത്രപഠനങ്ങളോടും ഗ്രന്ഥരചനയോടും വേണ്ടത്ര മമത ഉണ്ടാകാതിരുന്നതും വാൻ റീഡ് കത്തോലിക്കനായ മത്തേവൂസ് പാതിരിയുമായി സഹകരിക്കുന്നതടക്കം മറ്റു ചില വിമർശനങ്ങൾ ഉണ്ടായതും സ്കൂളിന്റെ തിരോധാനത്തിന് മറ്റൊരു കാരണമായി എന്നു നിരീക്ഷിക്കാവുന്നതാണ്.

ഭാഷാപഠനരംഗത്ത് തുടർച്ചയുണ്ടാകാതെ പ്രദേശത്ത് യൂറോപ്യൻ ഭാഷയുടെ പിൽക്കാല സ്വാധീനമൊന്നുമുണ്ടാക്കാനാവാതെ ചരിത്രത്തിൽ തിരോഭവിച്ച ഒലന്തക്കളരി (ഡച്ചു സ്കൂളിന്റെ നാടൻ പേര്) കോട്ടയത്തിന്റെ യൂറോപ്യൻ ഭാഷാപഠനചരിത്രത്തിൽ ആദ്യത്തെ അടയാളപ്പെടുത്തലാണ്.

**അവലംബം:**

Henrick Aadriaan Vanreed Tot Drakenstine and Hortus Malabaricus Indicus - J. Henniger (Page 34 and onwords).

Een Seer Bequam middle: Ondervijs en kerk onder de zeventiende eeuwse VOC - Koolen, G.M.J. M. Paldisher Kampen: KOK.

കേരള സംസ്കാരം - ജോസഫ് ഇടമറുക്.

തെക്കുംകൂർ ചരിത്രവും പുരാവൃത്തവും—പ്രൊഫ. എൻ.ഇ. കേശവൻ നമ്പൂതിരി.

കേരള ഹിസ്റ്ററി കോൺഗ്രസ് 2016 തെരഞ്ഞെടുത്ത 200 പ്രബന്ധങ്ങൾ - സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.

A survey of the rise of Dutch power in Malabar - T. I. Punnen (Page140,154)

The Dutch power in Kerala - M.O. Koshy.

**നുറുങ്ങ്-6**

The stalled film project of 'Kunjali Marakkar' casting Mammootty in the title role is very much in the news; he has previously played the role of Pazhassi Raja. But which actor has played title roles of all three legendary freedom fighters - Pazhassi Raja, Veluthampi Dalava & Kunjali Marakkar?

# മാപ്പിളപ്പാട്ട് - ചരിത്രവും, വർത്തമാനവും



**ഫൈസൽ എളേറ്റിൽ**

*അധ്യാപകൻ, മാപ്പിളപ്പാട്ട് നിരൂപകൻ, കൈരളി ചാനലിലെ 'പട്ടുറുമാൽ' മീഡിയാവൺ ചാനലിലെ 'പതിനാലാം രാവ് ' എന്നീ റിയാലിറ്റി ഷോകളിലെ വിധികർത്താവ്, കേരള ഗവൺമെന്റിന്റെ സാംസ്കാരിക വകുപ്പിനു കീഴിലുള്ള മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി അംഗമാണ്*

മാപ്പിളപ്പാട്ടുകളെ എങ്ങിനെയാണ് പരിചയപ്പെടുത്തേണ്ടതെന്നറിയില്ല. കാരണം സാധാരണക്കാരായ മലയാളികളുടെ ഇടയിൽ ഇത്രത്തോളം സ്വാധീനം ചെലുത്തിയിട്ടുള്ള മറ്റൊരു സാഹിത്യസംഗീതശാഖ ഇല്ലെന്നു തന്നെ പറയാം. കേരളത്തിൽ പല സംഗീത ശാഖകളുമുണ്ട്. ചലച്ചിത്രഗാനശാഖ, ലളിതഗാനസംഗീതശാഖ, പലതരത്തിലുള്ള നാടൻ പാട്ടുശാഖകൾ എന്നിങ്ങനെ. പക്ഷെ, മാപ്പിളപ്പാട്ടു പോലെ, ഇത്രയേറെ പുസ്തകങ്ങൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവ കൊണ്ട് സമ്പന്നമായ, ഇത്രയേറെ ആസ്വാദകർ നെഞ്ചേറ്റുന്ന മറ്റൊരു സംഗീതശാഖയില്ല. എന്തുകൊണ്ട് ഈ മേഖലയിൽ ഇത്രയേറെ പുസ്തകൾ ഇറങ്ങുന്നു? പഠനങ്ങൾ നടക്കുന്നു? വിവാദങ്ങൾ ഉണ്ടാകുന്നു? ഇത്രയേറെ സമൂഹമാധ്യമങ്ങളിലൂടെ ചർച്ച ചെയ്യപ്പെടുന്നു? ആലോചിക്കുമ്പോൾ അതിന് ഒരു ഉത്തരം മാത്രമേയുള്ളൂ. അത്രമേൽ ജനമനസ്സുകളുമായി ഇത് ബന്ധപ്പെട്ടു കിടക്കുന്നു. ജനങ്ങളുടെ ജീവിതമാണ് ഇതിന്റെ ഇതിവൃത്തങ്ങൾ. സാധാരണക്കാരനെ ബാധിക്കുന്ന എല്ലാ വിഷയങ്ങളും - സന്തോഷവും സങ്കടവും ആത്മീയവും നേരമ്പോക്കുകളും, സമരങ്ങളും, തമാശകളും ജീവിതം തന്നെയും - ഇതിൽ ഉൾപ്പെടുന്നു എന്നതുകൊണ്ടാണ്.

രേഖകൾ പ്രകാരം, കണ്ടെടുക്കപ്പെട്ട ആദ്യത്തെ മാപ്പിളപ്പാട്ട് കൃതി കോഴിക്കോട് ഖാളി മുഹമ്മദ് എഴുതിയ 'മുഹിയിദ്ദീൻ മാല'യാണ്. അത് എഴുതിയത് 1607 ലാണ്. കൊല്ലം എഴുന്നൂറ്റി എൺപത്തി രണ്ടിൽ "ഞാൻ കോർത്തെ ഈ മാലേനെ നൂറ്റമ്പത്തഞ്ചിമ്മൽ" എന്ന് മുഹിയിദ്ദീൻ മാലയിൽ തന്നെ പറയുന്നുണ്ട്. 155 വരികളാണെന്നും, കൊല്ലവർഷം 782 ൽ ആണ് രചിക്കപ്പെട്ടതെന്നും പറയുന്നു. ആദ്യകാല മാപ്പിളപ്പാട്ടുകൾ ഇത്തരത്തിലുള്ള സ്തുതി ഗീതങ്ങളും, മാലപ്പാട്ടുകളുമായിരുന്നു. മുഹിയിദ്ദീൻ മാലയെ തുടർന്നുണ്ടായ 'രിഫാഇമാല', 'മഞ്ഞക്കുളം മാല', 'നഫീസത്തുമാല' തുടങ്ങിയവയൊക്കെ നമുക്കിടയിൽ ഉണ്ടാക്കിയ സ്വാധീനം ചെറുതല്ല.

"ബിസ്മിയും ഹംദും സ്വലാത്തും ബിണ്ടതിയിൽ പിന്നെ.
ബില്ലി നഫീസത്തുമാല ഞാൻ തുടങ്ങീടുന്നേ."

എന്നു തുടങ്ങുന്നതാണ് നഫീസത്തുമാല. നമുക്കിഷ്ടപ്പെട്ട മഹാന്മാരായ ആളുകൾ, ആത്മീയ നേതാക്കന്മാർ, രാഷ്ടീയനേതാക്കൾ, നവോത്ഥാനനായകർ തുടങ്ങിയവരെക്കുറിച്ചൊക്കെ മാലപ്പാട്ടുകൾ പിൽക്കാലത്തും ഉണ്ടായിട്ടുണ്ട്. ഏതാണ്ട് 500ൽ അധികം മാലപ്പാട്ടുകൾ മാപ്പിളപ്പാട്ടു സാഹിത്യത്തിൽ രചിക്കപ്പെട്ടിട്ടുണ്ട് എന്നാണ് എന്റെ എളിയ പഠനത്തിൽ കൂടി ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.

അതുപോലെ തന്നെ ജനങ്ങൾ ഏറ്റെടുത്ത മാപ്പിളപ്പാട്ടിലെ ഒരു ശാഖയാണ് പടപ്പാട്ടുകൾ. മോയിൻകുട്ടി വൈദ്യർ 1852 ൽ ജനിച്ച് 1892 ൽ മരിച്ച ആളാണ്. 40 വയസ്സുവരെ മാത്രമേ അദ്ദേഹം ജീവിച്ചുള്ളൂ. അദ്ദേഹം എഴുതിയ 'ബദർ പടപ്പാട്ടാ'ണ് പടപ്പാട്ടുകളിൽ ഏറ്റവും മുമ്പിൽ നിൽക്കുന്നത്. ബദർ യുദ്ധചരിത്രത്തിന് ഇസ്ലാമിക ജീവിതവുമായുള്ള ബന്ധവും, മാപ്പിള സമൂഹത്തിൽ അത് ചെലുത്തിയ സ്വാധീനവും വളരെ വലുതാണ്. ഇത് പ്രതിപാദിക്കുന്നതും പാടിപ്പറയുന്നതും പുണ്യമായി കരുതിയ സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ബദർ പടപ്പാട്ട് കേവലം ഒരു കവിത അല്ലെങ്കിൽ ഒരു കാവ്യഗ്രന്ഥം മാത്രമായിരുന്നില്ല. അതവരുടെ ജീവിതത്തിന്റെ ഒരു ഭാഗമായി മാറിയിരുന്നു. അതു കൊണ്ടാണ് ഇന്നും മോയിൻകുട്ടി വൈദ്യരെ മാപ്പിളപ്പാട്ടിന്റെ പര്യായമായി കാണുന്നതും, അദ്ദേഹത്തിന്റെ ബദർ പടപ്പാട്ട് മാപ്പിളപ്പാട്ടിനോട് ചേർത്തുവെച്ച് പറയുന്നതും. ഇങ്ങനെ ഒട്ടേറെ പടപ്പാട്ടുകൾ മാപ്പിളപ്പാട്ട് സാഹിത്യത്തിൽ ഉണ്ടായി. വൈദ്യരുടെ തന്നെ 'ഉഹദുപടപ്പാട്ടും', 'മലപ്പുറം പടപ്പാട്ടും', 'സലീഖത്ത്', 'സലാസീൽ' തുടങ്ങിയ പാട്ടുകൾ. പിന്നെയും ഒരുപാട് ആളുകൾ പടപ്പാട്ടുകൾ എഴുതിയിട്ടുണ്ട്. വടക്കിനിയേടത്ത് അഹമ്മദ് കുട്ടി മുല്ലയുടെ 'ഖൈബർ', ഖാളിയാരകത്ത് കുഞ്ഞാവയുടെ 'ബഹനസ് പട', മുണ്ടമ്പ്ര ഉണ്ണി മമ്മതിന്റെ 'കർബല', മാളിയേക്കലകത്ത് കുഞ്ഞഹമ്മദിന്റെ 'ഹുനൈൻ പട'

ഇങ്ങനെ ഒട്ടേറെ പടപ്പാട്ടുകൾ. പടപ്പാട്ടുകൾ ഇസ്ലാമിക ചരിത്രകാവ്യങ്ങൾ എന്നതിലപ്പുറം, ജനങ്ങൾക്കിടയിൽ സ്വാധീനം ചെലുത്തിയത് മറ്റൊരുതരത്തിലാണ്. കേരളത്തിൽ 'സീറാപാരായണം' എന്ന പേരിൽ ഇത്തരം പടപ്പാട്ടുകൾ പാടിപ്പറയുന്ന സദസ്സുകൾ അനവധിയുണ്ടായിരുന്നു. സങ്കീർണ്ണമായ പദങ്ങൾ ഉപയോഗിച്ചു കൊണ്ട് മിശ്രഭാഷാ ശൈലിയിൽ എഴുതിയ മാപ്പിളപ്പാട്ടുകൾ വിശദീകരിച്ചു കൊടുത്തിരുന്ന അത്തരം സദസ്സുകളുടെ കാലത്താണ് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അലയൊലികൾ നമ്മുടെ കേരളത്തിലും എത്തിപ്പെട്ടത്. അക്കാലത്ത് സ്വാതന്ത്ര്യസമരത്തോടൊപ്പം പാട്ടുകളും സഞ്ചരിച്ചത് സ്വാഭാവികമാണ്. ചൂഷണങ്ങൾക്കെതിരെയും, രാജ്യസ്നേഹത്തിന്റെ പവിത്രതയും, രക്തസാക്ഷിത്വത്തിന്റെ പുണ്യവുമൊക്കെ വിശദീകരിക്കുമ്പോൾ ഇത്തരം പാട്ടു സദസ്സുകളിൽ നിന്ന് നാടിന്റെ സ്വാതന്ത്ര്യസമരത്തിലേയ്ക്ക് എടുത്തു ചാടാൻ നാട്ടിലെ സാധാരണ ജനങ്ങൾക്ക് പ്രചോദനമായെന്നാണ് ചരിത്രം പറയുന്നത്. അതുകൊണ്ടു തന്നെ പല പാട്ടുകളും ബ്രിട്ടീഷ്കാർ നിരോധിക്കുകവരെ ഉണ്ടായി.



മാപ്പിളപ്പാട്ടിനെ സംബന്ധിച്ച് ആദ്യം പഠനം നടത്തിയതും ബ്രിട്ടീഷ്കാരാണ്. ഫോസിറ്റ് എന്ന ചരിത്രകാരൻ 1942-ൽ ഇന്ത്യൻ ആന്റി ക്വയറിൽ 'A Popular Mappila Songs' എന്ന പേരിൽ മാപ്പിളപ്പാട്ടുകളുടെ സ്വാധീനം എന്ന ഒരു നോട്ട് എഴുതിയിട്ടുണ്ട്. പറഞ്ഞു വന്നത് മാപ്പിളപ്പാട്ടുകളിലെ പടപ്പാട്ടുകളിൽ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഏടുകളിൽ തുന്നിച്ചേർക്കാവുന്ന തരത്തിൽ സ്വാധീനമുള്ള പാട്ടുകളുണ്ടായിരുന്നു എന്നുള്ളതാണ്. ഉദാഹരണത്തിന് 'ചേറൂർ പടപ്പാട്ട്' - അത് ബ്രിട്ടീഷ്കാർ കണ്ടു കെട്ടിയ പാട്ടാണ്. ഉള്ള പ്രതികളെല്ലാം കത്തിച്ചു കളഞ്ഞു. പിന്നീട് ഏതോ ഒരു കയ്യെഴുത്തുപ്രതി കിട്ടിയതാണ് ഇന്ന് നമുക്ക് ലഭ്യമാകുന്നത്. 'പടപ്പാട്ടുകൾ' എന്ന വിഭാഗം വിട്ടു കഴിഞ്ഞാൽ 'ചരിത്രഗാനങ്ങൾ', 'കിസ്സപ്പാട്ടുകൾ', നമുക്ക് ഇഷ്ടപ്പെട്ട പുണ്യപുരുഷന്മാരുടെ അപദാനങ്ങൾ വാഴ്ത്തുന്ന, അവരുടെ വീരകഥകൾ പറയുന്ന പാട്ടുകൾ. ഇബ്രാഹിം നബിയുടെയും, ഇസ്മായിൽ നബിയുടെയും ത്യാഗത്തിന്റെ കഥ, യൂസുഫ് നബിയുടെ കഥ, യൂസുഫ് കിസ്സ എന്ന പേരിൽ തന്നെ മാപ്പിളപ്പാട്ട് കൃതിയുണ്ട്. ശുദ്ധമലയാളത്തിൽ എഴുതപ്പെട്ട "ഇബ്രാഹിം നബി ഇറയോനിൽ...", "മിസ്റിലെ രാജൻ അസീസിന്റാരംബ സൗജത്ത്....", തുടങ്ങിയ പാട്ടുകൾ ഉദാഹരണം. ഇതിൽ നിന്നൊക്കെ പുതിയ തലമുറയ്ക്ക് ഒരു പാട് കാര്യങ്ങൾ പഠിക്കാനുണ്ട്. ഉമറുബിനുൽ അബ്ദുൽ അസീസ് എന്ന മഹാനായ ഭരണാധികാരിയെക്കുറിച്ചാണ് "ഉണ്ടോ സഖീ ഒരു കുല മുന്തിരി......" എന്ന മനോഹരഗാനം എഴുതിയത്. സാതന്ത്ര്യസമരനായകനായിരുന്ന മുഹമ്മദ് അബ്ദുർ റഹ്മാൻ സാഹിബിനെക്കുറിച്ച്, അതു പോലെ അക്കാലത്തെയും, പിൽക്കാലത്തെ അനവധി സംഭവങ്ങളെക്കുറിച്ച്, 1924 ലും 1961 ലുമൊക്കെ നടന്ന വെള്ളപ്പൊക്കത്തെക്കുറിച്ചുള്ള പ്രസിദ്ധമായ പാട്ടുകൾ. പുലിക്കോട്ടിൽ ഹൈദറിന്റെ "വെള്ളപ്പൊക്കമാല", തോട്ടോളി മുഹമ്മദിന്റെ വെള്ളപ്പൊക്കത്തെക്കുച്ചുള്ള പാട്ടുകൾ എന്നിവയും പ്രസിദ്ധങ്ങളാണ്. "അമ്പുറ്റോരീ മലയാളം പെറ്റുള്ള വമ്പരാം മാപ്പിള വീരരെ " എന്നു തടങ്ങിയ പാട്ട് മലബാറിലെ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട അനേകം പാട്ടുകളിൽ ഒന്നാണ്. പിന്നെ സ്രഷ്ടാവിന്റെ അസ്തിത്വത്തെ വിളംബരം ചെയ്യുന്ന ആയിരക്കണക്കിന് ഭക്തിഗാനങ്ങൾ, പ്രവാചക മദ്ഹ് ഗാനങ്ങൾ, സ്വഹാബാക്കളെക്കുറിച്ചും ഔലിയാക്കളെക്കുറിച്ചും കുറിച്ചൊക്കെയുള്ള അനവധി ഗാനങ്ങൾ. കുഞ്ഞായിൻ മുസ്ലിയാരുടെ പ്രസിദ്ധമായ 'നൂൽമദ്ഹ്' ആദ്യ കാലത്തെ പ്രവാചക കീർത്തനങ്ങൾ ഏറ്റവും ശ്രദ്ധേയമായതാണ്.

പിന്നെ മറ്റൊരു വിഭാഗമാണ് കത്തു പാട്ടുകൾ. ആദ്യകാല കവികളൊക്കെത്തന്നെ കത്തു പാട്ടുകൾ എഴുതിയിട്ടുണ്ട്. "മുല്ലപ്പൂ ബീവിക്കറിവാൻ കുറിത്തെ കത്ത്...." എന്നു തുടങ്ങുന്ന വൈദ്യരുടെ കത്ത് പാട്ട്, പുലിക്കോട്ടിൽ ഹൈദറിന്റെ പ്രസിദ്ധമായ "മറിയക്കുട്ടിക്കത്ത്" സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ബെല്ലാരി ജയിലിൽ കഴിയുന്ന ഹസ്സൻകുട്ടി എന്ന മാരന് മറിയുക്കുട്ടി എന്ന ഒരു സാധാരണക്കാരിയായ ഭാര്യ എഴുതുന്ന തന്റെ നിഷ്കളങ്കത ബോധ്യപ്പെടുത്തുന്ന ഒരു കത്ത് പാട്ടാണത്. കേവലം ഒരു കത്തു പാട്ടെന്നതിലുപരി സ്വാതന്ത്ര്യസമരകാലത്തെ സാധാരണ മുസ്ലിം സ്ത്രീകളുടെ നിസ്സഹായതയും, ദൈന്യതയുമൊക്കെ ബോധ്യപ്പെടുത്തുന്ന ഒരു പാട്ടാണത്. അതൊക്കെ ചരിത്രത്തിന്റെ ഭാഗമാണ്. 1977-78 കാല ഘട്ടത്തിൽ എസ്.എ. ജമീൽ എന്ന പാട്ടുകാരൻ ദുബായിൽ ഒരു പ്രോഗ്രാമിനു പോയപ്പോൾ അതിനു വേണ്ടി എഴുതിയതാണ് "ദുബായ് കത്ത്". അത് 40 വർഷത്തിനുശേഷവും മാപ്പിളപ്പാട്ട് ആസ്വാദകരുടെ മനസ്സിൽ ഇന്നും സ്വാധീനം ചെലുത്തുന്നു എന്നത് കൊണ്ട് നാം മനസ്സിലാക്കേണ്ടത് ആ വിഷയം കൈകാര്യം ചെയ്ത കവിയുടെ കഴിവും, ആത്മാർത്ഥതയും തന്നെയാണ്. അങ്ങിനെ അനവധി കത്തു പാട്ടുകൾ മാപ്പിളപ്പാട്ടിൽ ഉണ്ട്. ഇന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നു.

വിരഹം മാപ്പിളപ്പാട്ടിന് ഏറെ ഇണങ്ങുന്ന ഒരു വിഷയമാണ്. അതുപോലെ സാരോപദേശഗാനങ്ങളും. മനുഷ്യരെ നന്മയിലേയ്ക്ക് നയിക്കുന്ന ഒരുപാട് ഗാനങ്ങൾ മാപ്പിളപ്പാട്ടുകളിൽ കാണാം. നവോത്ഥനരംഗത്ത് അനാചാരങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കുന്ന പാട്ടുകൾ ഉണ്ടായിട്ടുണ്ട്. അങ്ങിനെ ജീവിതത്തിലെ മുഴുവൻ വിഷയങ്ങളെയും ആവിഷ്കരിക്കുന്നു എന്നതാണ് മാപ്പിളപ്പാട്ടിന്റെ പ്രത്യേകത. ഇന്നും ഏറ്റവും സജീവമായി നിലനിൽക്കുന്ന ഒരു ഗാനശാഖയാണ് മാപ്പിളപ്പാട്ട്. ഞാൻ ഇത് എഴുതുമ്പോഴും മലയാളി ഉള്ളിടത്തെല്ലാം മാപ്പിളപ്പാട്ടുകൾ നിരന്തരം എഴുതിക്കൊണ്ടിരിക്കുകയാണ്. സോഷ്യൽ മീഡിയകളിൽ ഫെയ്സ് ബുക്ക് ഗ്രൂപ്പുകളായാലും, വാട്ട്സ് ആപ്പിലായാലും ഏറ്റവും കൂടുതൽ സൃഷ്ടിക്കപ്പെടുന്ന, ചർച്ച ചെയ്യപ്പെടുന്ന, ആലപിക്കപ്പെടുന്ന ഗ്രൂപ്പുകൾ ഉള്ളത് മാപ്പിളപ്പാട്ടുരംഗത്താണ്.

അതിന്റെ കാരണം, മനോഹരമായി ആവിഷ്കരിക്കാൻ, ചടുലമായ താളത്തിൽ ആലപിക്കാൻ കഴിയുന്ന മാപ്പിളപ്പാട്ടിന്റെ അനുഭൂതിദായകമായ ശൈലി തന്നെയാണ്.

തനതായ മാപ്പിളപ്പാട്ട് ശൈലിയിൽ നിന്ന് മാറി ചില രചനകൾ രംഗത്ത് വരുന്നു എന്നത് ആശങ്കാജനകമാണ്. ഒന്നാമതായി ഗൗരവതരമായ രചനകളുടെ അഭാവം. പഴയ കാലത്ത് വൈദ്യരുടെയും, പുലിക്കോട്ടിലിന്റെയും പേരന്വേഷിച്ച് മാപ്പിളപ്പാട്ട് പുസ്തകങ്ങളും, കാസറ്റുകളും വാങ്ങിയിരുന്നു. അല്ലെങ്കിൽ ബാപ്പു വെള്ളിപറമ്പിന്റെയും, ഒ.എം. കരുവാരക്കുണ്ടിന്റെയും, ബാപ്പു വാവാടിന്റെയും, കാനേഷ് പൂനൂരിന്റെയും, കെ.ടി. മൊയ്തീൻ, കെ.ടി. മുഹമ്മദ്, അഹമ്മദ് പള്ളിക്കര തുടങ്ങിയവരുടെയുമൊക്കെ പേര് തെരഞ്ഞെടുത്ത് പാട്ടുകൾ ആസ്വദിച്ചിരുന്ന കാലം. കവിയെ അന്വേഷിച്ച് പാട്ട് കണ്ടെത്തിയിരുന്ന കാലം. ഇന്നത് മാറി. ഇന്ന് പാട്ടുകാരന്റെ പേരിൽ മാത്രം അറിയപ്പെടുന്ന കാലം. ദൃശ്യാവിഷ്കരണത്തിൽ അതിൽ അഭിനയിക്കുന്നവർ മാത്രം താരങ്ങളാകുന്ന കാലം. അതിനിടയിൽ നല്ല രചനകളുടെ അഭാവം. ഇതിനെതിരെ പ്രതിരോധം തീർക്കേണ്ടത് നല്ല മാപ്പിളപ്പാട്ട് ആസ്വാദകർ തന്നെയാണ്. മനുഷ്യജീവിതത്തിന്റെ സമസ്ത ഭാവങ്ങളേയും ആവിഷ്കരിക്കാൻ കഴിയുന്ന മാപ്പിളപ്പാട്ടുകൾ ഇന്നും സജീവമാണ്. അതിനു കഴിയുന്ന പ്രതിഭാധനരായ രചയിതാക്കളാൽ സമ്പന്നമാണ് ഇന്നും മാപ്പിളപ്പാട്ട് ലോകം. അതുപോലെ മാപ്പിളപ്പാട്ടിന്റെ തനതായ ഒരു ഈണമുണ്ട്. മാപ്പിളപ്പാട്ടിനെ മറ്റ് പാട്ടുകളെ അപേക്ഷിച്ച് വ്യത്യസ്തമായി നിലനിർത്തുന്നത് അതിന്റെ ഈണം തന്നെയാണ്. പാട്ട് കേൾക്കുമ്പോൾ തന്നെ അത് മാപ്പിളപ്പാട്ടാണെന്ന് തിരിച്ചറിയാൻ കഴിയുന്ന ഈണത്തിൽ തന്നെ അവതരിപ്പിക്കുവാൻ കഴിയണം. സാങ്കേതികവിദ്യ വളരെ ഉയർന്ന ഈ പുതിയ കാലഘട്ടത്തിൽ ലോകത്ത് ഏതൊരു പാട്ടിന്റെയും സ്വാധീനം സ്വീകരിക്കാൻ കഴിയും. പക്ഷെ, പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുകയും, പുതിയ സാധ്യതകൾ കണ്ടെത്തുകയും ചെയ്യുന്നതോടൊപ്പം തന്നെ പഴയ തനിമയാർന്ന ഈണത്തോട് നീതി പുലർത്തേണ്ടതുണ്ട്. ഉസ്താദ് ചാന്ദ് ബാഷയും, എം.എസ്. ബാബുരാജും, വടകര കൃഷ്ണദാസുമൊക്കെ നമ്മുടെ മുൻപിൽ അവതരിപ്പിച്ച മഹത്തായ ഒരു മാതൃകയുണ്ട്. അത് വഴി മാപ്പിളപ്പാട്ടിന്റെ തനതായ ഈണത്തെയും, ഈടുറ്റ രചനകളെയും തിരിച്ചു കൊണ്ടുവരേണ്ടതാണ് ആവശ്യം. മുൻപ് ദുർബലമായ വികാരങ്ങളെക്കാളധികം, ഗൗരവങ്ങളായ ജീവിത സത്യങ്ങളെയാണ് മാപ്പിളപ്പാട്ടുകളിൽ ആവിഷ്കരിച്ചിട്ടുള്ളത്. സ്ത്രീധനം പോലുള്ള സമ്പ്രദായങ്ങൾ നമ്മുടെ നാട്ടിൽ വലിയ പ്രതിസന്ധികൾ സൃഷ്ടിച്ചപ്പോഴാണ് കെ.ജി സത്താർ

"പെണ്ണിനൊരു മാപ്പിള കിട്ടണമെങ്കില് സ്ത്രീധനം മുമ്പില് വെച്ചോ
പൊൻ പണ്ടം വേണ്ടതൊക്കെ മുമ്പ് കരുതിക്കോ...."
എന്നു പാടിയത്.

"പൊന്നും മിന്നും താലിയും മാലകളേറെ ലഭിക്കാഞ്ഞാൽ.... പെൺകുട്ടികളെ കെട്ടുകയില്ലിക്കാലത്ത്" എന്ന് ബാപ്പു വെള്ളിപറമ്പ് എഴുതി, വിളയിൽ ഫസീല പാടിയപ്പോൾ അത് സ്ത്രീധനം എന്ന വലിയ വിപത്തിനെതിരെയുള്ള പോരാട്ടമായി.

ഇന്നത്തെ പാട്ടുകളിൽ ആവിഷ്കരിക്കേണ്ടത് ഇന്നത്തെ വിഷയങ്ങളാണ്. മനുഷ്യർ തമ്മിലുള്ള സ്നേഹബന്ധങ്ങളെ ആരുമാരും അറിയാതെ ജീവിക്കുന്ന ഈ കാലത്ത്, പരസ്പര സ്നേഹത്തിന്റെ സന്ദേശം നൽകുന്ന, മാനവികതയെ ഉയർത്തിപ്പിടിക്കുന്ന, കാരുണ്യത്തിന്റെ സന്ദേശം വിളിച്ചറിയിക്കുന്ന രചനകൾ ഉണ്ടാവണം. അതു വഴി കാലത്തെ അതിജീവിക്കുവാൻ ഈ മാപ്പിളപ്പാട്ട്ശാഖക്ക് കഴിയുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അത്രത്തോളം മനുഷ്യനെ സ്വാധീനിക്കാൻ കഴിയുന്ന ഒന്നാണ് മാപ്പിളപ്പാട്ട്. അത് ക്രിയാത്മകമായി ഉപയോഗപ്പെടുത്തുകയാണ് മാപ്പിളപ്പാട്ട് ആസ്വാദകർ ചെയ്യേണ്ടത് എന്ന് ഞാൻ വിശ്വസിക്കുന്നു.

**നറുങ്ങ്:7**

**മലയാളത്തിന്റെ രണ്ട് ഇഷ്ടകവികൾ....**

**പേരു പറയാമോ...?**



# തൃശ്ശൂർ - ഒരു പൂരക്കാഴ്ച

കേരളത്തിന്റെ സാംസ്കാരിക നഗരമായ തൃശ്ശൂർ മഹാശിലായുഗം മുതൽ മനുഷ്യർ ജീവിച്ചിരുന്ന ഒരു പ്രദേശമായിരുന്നു. നഗരഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന തേക്കിൻകാട് മൈതാനത്തിന് ഒത്തനടുവിലുള്ള ശ്രീ വടക്കുന്നാഥക്ഷേത്രത്തിലെ മുഖ്യപ്രതിഷ്ഠയായ ശിവന്റെ പേരിൽ നിന്നാണ് തൃശ്ശൂരിന് ആ പേര് വന്നത്. പന്തിരുകുലത്തിലെ പെരുന്തച്ചന്റെ കാലത്തു നിർമ്മിക്കപ്പെട്ടു എന്ന് അവകാശപ്പെടുന്ന, പുരാതനകാലത്തെ ഒരു ബൗദ്ധവിഹാരമായിരുന്നു എന്ന് വിശ്വസിക്കപ്പെടുന്ന, ശ്രീ വടക്കുന്നാഥ ക്ഷേത്രം തൃശ്ശൂരിലെ രാജാവായ ശ്രീ ശക്തൻ തമ്പുരാനാണ് ഇന്നു കാണുന്ന രീതിയിൽ പുനർനിർമ്മിച്ചത്. തിരു ശിവന്റെ ഊരായ തൃശ്ശിവപേരൂർ ലോപിച്ചതാണ് ഇന്നത്തെ തൃശ്ശൂർ. ഏകദേശം 20 ഏക്കറിൽ സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രത്തിന്റെ ചുറ്റുമാണ് ലോകത്തിലെ തന്നെ ഏറ്റവും വലിയ round about കളിൽ ഒന്നായ സ്വരാജ് റൗണ്ട്. തൃശ്ശൂരിൽ എത്തുന്ന ഒരാൾക്ക് ഈ ക്ഷേത്രം കാണാതെ പോവുക എന്നത് അസാധ്യം തന്നെയാണ്. ലോകപ്രസിദ്ധമായ തൃശ്ശൂർ പൂരം എല്ലാ കൊല്ലവും അരങ്ങേറുന്നത് ഈ വടക്കുന്നാഥന്റെ മൈതാനത്തു വെച്ചാണ്.

ലോകത്തിലെ എല്ലാ ദേവീദേവന്മാരും പങ്കെടുത്തിരുന്നു എന്ന് വിശ്വസിച്ചിരുന്ന പ്രസിദ്ധമായ ആറാട്ടുപുഴ പൂരത്തിന് 1796 ൽ ശക്തമായ മഴയും കാറ്റും കാരണം തൃശ്ശൂരിലുള്ളവർക്കും അടുത്തുള്ളവർക്കും ഘോഷയാത്രയുമായി എത്താൻ സാധിക്കാതെ വരികയും, അത് കാരണം അവർക്ക് ആറാട്ടുപുഴ പൂരത്തിന് ഭ്രഷ്ട് കല്പിച്ചതായും പറയപ്പെടുന്നു. ഇതറിഞ്ഞു കോപിഷ്ഠനായ ശക്തൻ തമ്പുരാൻ ഇനി തൃശ്ശൂർക്കാർ വേറെ ഒരിടത്തേക്കും പൂരം കാണാൻ പോകേണ്ടതില്ല എന്ന് കൽപ്പിക്കുകയും, വടക്കുന്നാഥനെ ആസ്ഥാനമാക്കി പിന്നെ വന്ന മേടത്തിലെ പൂരം നാളിൽ തൃശ്ശൂരിലെ പ്രധാന ക്ഷേത്രങ്ങളായ തിരുവമ്പാടിയെയും പാറമേക്കാവിനെയും ഉൾപ്പെടുത്തി വിശ്വപ്രസിദ്ധമായ തൃശ്ശൂർ പൂരം ആരംഭിച്ചു.

കേരളത്തിനകത്തും പുറത്തും ഏറ്റവും ജനശ്രദ്ധയാകർഷിക്കുന്ന ഉത്സവങ്ങളിൽ ഒന്നാണ് തൃശ്ശൂർ പൂരം. മേടമാസത്തിലെ പൂരം നക്ഷത്രത്തിൽ, കുറച്ചുകൂടി കൃത്യമായി പറഞ്ഞാൽ മേട മാസത്തിൽ അർദ്ധരാത്രിക്ക് ഉത്രം നക്ഷത്രം വരുന്നതിന്റെ തലേന്നാണ് പൂരം ആഘോഷിക്കുന്നത്.

വടക്കുന്നാഥൻ ക്ഷേത്രത്തിലും ക്ഷേത്രത്തിനു ചുറ്റുമുള്ള തേക്കിൻകാട് മൈതാനത്തിലുമായാണ് പൂരത്തിന്റെ ചടങ്ങുകൾ നടക്കുന്നത്. തിരുവമ്പാടി-പാറമേക്കാവ് ക്ഷേത്രങ്ങളിലെ ദേവിമാരാണ് തൃശ്ശൂർ പൂരത്തിൽ പങ്കെടുക്കുന്നതായി സങ്കൽപ്പിക്കപ്പെടുന്നത്. പൂരത്തിന്റെ മുഖ്യ പങ്കാളിത്തവും ഈ രണ്ടു വിഭാഗക്കാർക്കാണ്. തിരുവമ്പാടിക്ഷേത്രത്തിലെ പ്രധാനപ്രതിഷ്ഠ കൃഷ്ണനാണെങ്കിലും അവിടത്തെ ഒരു ഉപദേവതയായ ഭഗവതിയാണ് പൂരത്തിൽ പങ്കെടുക്കുന്നത് എന്നത് കൗതുകകരമായ ഒരു വസ്തുതയാണ്. എട്ട് ചെറുപൂരങ്ങൾ അടങ്ങുന്നതാണ് തൃശ്ശൂർ പൂരം. പക്ഷെ മുഖ്യപങ്കാളികളായ തിരുവമ്പാടി, പാറമേക്കാവ് ദേവസ്വങ്ങൾക്ക് മാത്രമായി ചില അവകാശങ്ങൾ ഉണ്ട്. വടക്കുന്നാഥക്ഷേത്രത്തിന്റെ ചുറ്റുമുള്ള വഴിയും പ്രദക്ഷിണ വഴിയിൽ പന്തലുയർത്താനും മറ്റും അവർക്കു മാത്രം ഉള്ള അവകാശങ്ങളാണ്. ഇരു കൂട്ടരും തമ്മിൽ ആരോഗ്യകരമായ ഒരു മത്സരമാണ് നടക്കുന്നത്.

ആനകളും ആനക്കുടകളും മേളങ്ങളും വെടിക്കെട്ടുകളും എഴുന്നള്ളിപ്പുകളും ചേർന്ന ഒരു ദൃശ്യശ്രാവ്യ വിരുന്നാണ് തൃശ്ശൂർ പൂരം. തിരുവമ്പാടി ഭഗവതിയുടെ മഠത്തിൽ വരവ്, ഇലഞ്ഞിത്തറ മേളം, തെക്കോട്ടിറക്കം, കുടമാറ്റം, വെടിക്കെട്ട് എന്നിവയാണ് പ്രധാന പൂരച്ചടങ്ങുകൾ. പൂരത്തിന് ഒരാഴ്ച മുമ്പ് പങ്കാളികളായ ക്ഷേത്രങ്ങളിൽ കൊടി കയറും. തന്ത്രിയുടെയും മേൽശാന്തിയുടെയും നേതൃത്വത്തിൽ ശുദ്ധികലശം നടത്തി ക്ഷേത്രം അടിയന്തിരക്കാർ ചെത്തി മിനുക്കി തെയ്യാറാക്കിയ കവുങ്ങിന്റെ കൊടിമരം തട്ടകക്കാർ ആർപ്പുവിളികളോടെ നാട്ടുന്നു. തിരുവമ്പാടി ക്ഷേത്രത്തിൽ ചെമ്പട്ടുടുത്ത ഭഗവതിയുടെ കോമരത്തിന്റെ സാന്നിധ്യത്തിൽ ആശാരി ഭൂമിപൂജ നടത്തിയ ശേഷം



*Saritha Ayyath Madhusudanan*

*is a Journalism / English Literature postgraduate, a freelance journalist turned mural artist turned happy writer. She is the author of the book 'Kerala Natanam, The enchanting dance of India', the only book available in English on this dance form.*

കൊടിമരം തട്ടകത്തെ ജനങ്ങൾ ഏറ്റുവാങ്ങി നാമജപങ്ങളുടെയും കുരവകളുടെയും മേളത്തിന്റെയും അകമ്പടിയോടെ മണ്ണിട്ട് കുഴിയിൽ കൊടിമരം ഉറപ്പിക്കുന്നു. തുടർന്ന് ഭഗവതിയുടെ തിടമ്പ് ചേർത്തു കെട്ടിയിട്ടുള്ള കോലം ആനപ്പുറത്തു കയറ്റി കോലം വച്ച ആനയും മേളവുമായി ആളുകൾ മൂന്നുതവണ ക്ഷേത്രം വലം വയ്ക്കുന്നു.

പൂരം കൊടികയറിയാൽ റൗണ്ടിൽ പടിഞ്ഞാറ്, തെക്ക്, വടക്ക് ഭാഗത്ത് പന്തൽ പണി തുടങ്ങും. പാറമേക്കാവിന് മണികണ്ഠനാലിൽ ഒരു പന്തലും തിരുവമ്പാടിക്ക് നടുവിലാലും നായ്ക്കനാലിലും രണ്ടു പന്തലുകളുമാണ് ഉള്ളത്. നടുവിലാലിലെ പന്തലിന് ആചാരപ്രകാരം ഏറെ പ്രധാന്യമുള്ളതാണ്. തിരുവമ്പാടി ഭഗവതി മഠത്തിൽ നിന്നെഴുന്നള്ളുമ്പോൾ ശ്രീ വടക്കുംനാഥന്റെ നടയ്ക്കൽ മുഖം കാട്ടുന്നത് നടുവിലാലിലെ പന്തലിൽ നിന്നു കൊണ്ടാണ്. ഈ മുഹൂർത്തത്തിൽ പഞ്ചവാദ്യം 'ഇടത്തീർ' കലാശം കൊട്ടും. പുലർച്ചെ പ്രധാന വെടിക്കെട്ട് സമയത്ത് തിരുവമ്പാടിയുടെയും പാറമേക്കാവിന്റെയും ഓരോ ആനകൾ തിടമ്പേറ്റി നിൽക്കുന്നത് നായ്ക്കനാൽ - മണികണ്ഠനാൽ പന്തലുകളിലാണ്. പൂരത്തലേന്ന് പാറമേക്കാവ് - തിരുവമ്പാടി വിഭാഗങ്ങൾ പൂരം എഴുന്നള്ളിപ്പിന് ഉപയോഗിക്കുന്ന കോലം, നെറ്റിപ്പട്ടം, ആലവട്ടം, വെഞ്ചാമരം, കുടകൾ തുടങ്ങിയ ചമയങ്ങൾ പൊതുജനങ്ങൾക്കായി പ്രദർശിപ്പിക്കും. ഇതൊരു മനോഹരമായ കാഴ്ചയാണ്.




സമയക്രമമനുസരിച്ച് മുഖ്യവിഭാഗങ്ങൾക്കും വളരെ മുമ്പേതന്നെ നടക്കുന്ന ചെറുപൂരങ്ങളുടെ എഴുന്നള്ളിപ്പോടെയാണ് പ്രധാനദിവസത്തെ പൂരാഘോഷങ്ങൾക്ക് അരങ്ങൊരുങ്ങുന്നത്. വെയിലും മഞ്ഞും കൊള്ളാതെ രാവിലെ ആറരയോടെ കണിമംഗലം ശാസ്താവ് വടക്കുംനാഥന്റെ സന്നിധിയിലേക്ക് എഴുന്നള്ളുന്നതോടെയാണ് തുടർച്ചയായി 36 മണിക്കൂർ നീണ്ടു നിൽക്കുന്ന തൃശ്ശൂർ പൂരത്തിനു തുടക്കം കുറിക്കുക. പിന്നെ ഒന്നൊന്നായി മറ്റു ചെറുപൂരങ്ങൾ എത്തിത്തുടങ്ങും. കാരമുക്ക് ഭഗവതി, ചൂരക്കോട്ടുകാവ് ഭഗവതി, നൈതിലക്കാട്ട് ഭഗവതി. ലാലൂർ ഭഗവതി, പനയ്ക്കേമ്പിള്ളി ശാസ്താവ്, അയ്യന്തോൾ കാർത്ത്യായനി ഭഗവതി, ചെമ്പൂക്കാവ് ഭഗവതി എന്നീ എട്ട് ക്ഷേത്രങ്ങളിലെ ദേവതമാരാണ് ചെറുപൂരം അവതരിപ്പിക്കുന്നത്. ഇതിലെ ഏറ്റവും വലിയ പ്രത്യേകത ഈ എട്ടു പൂരങ്ങളും സ്വന്തം ക്ഷേത്രങ്ങളിൽ അരങ്ങേറാതെ, വടക്കുംനാഥന്റെ മുന്നിൽ തന്ത്രവിധികളും പൂജാക്രമങ്ങളും ഇല്ലാതെ അരങ്ങേറുന്നു എന്നതാണ്.

**പൂരദിവസത്തെ പരിപാടികൾ**

**പാറമേക്കാവ്**

രാവിലെ 6:00 ആറാട്ട്, നിവേദ്യം, പൂജകൾ.

രാവിലെ 11:30 ചൂരക്കോട് ഭഗവതിയെ ഇറക്കിയെഴുന്നെള്ളിക്കുന്നു.

ഉച്ചക്ക് 12:00 ചെറിയ പാണി.

ഉച്ചക്ക് 12:30 പുറത്തേക്ക് എഴുന്നെള്ളത്ത് - 15 ആനപ്പുറത്ത് പാറമേക്കാവ് ശ്രീ പത്മനാഭനു ഭഗവതിയുടെ തിടമ്പേറ്റുന്നു. തുടർന്ന് ചെമ്പട മേളം, ചെറിയ കുടമാറ്റം. ചെമ്പട കലാശിച്ച്

പാണ്ടിമേളം ആരംഭിക്കുന്നു.

ഉച്ചക്ക് 02:00 പെരുവനം കുട്ടന്മാരാരുടെ പ്രമാണത്തിൽ ഇരുനൂറ്റി അമ്പതിൽപരം കലാകാരന്മാർ പങ്കെടുക്കുന്ന ഇലഞ്ഞിത്തറമേളം.

ഉച്ചകഴിഞ്ഞ് 4:30 മേളം സമാപനം. ശ്രീവടക്കുന്നാഥനെ പ്രദക്ഷിണം ചെയ്തശേഷം ത്രിപുടതാളത്തോടെ തെക്കോട്ടിറക്കം. കൊച്ചിരാജാവിന്റെ പ്രതിമവരെ പോയി തിരിച്ച് പ്രദക്ഷിണ വഴിയിൽ എത്തുന്നതോടേ ശ്രീ തിരുവമ്പാടി ഭഗവതിയുമായി കൂടിക്കാഴ്ച.

ഉച്ചകഴിഞ്ഞ് 5.30 കുടമാറ്റം. ഈ സമയം പാഞ്ചാരിമേളം മൂന്നാം കാലത്തേക്ക് കടക്കുന്നു.

വൈകീട്ട് 6:30 തെക്കെ പ്രദക്ഷിണ വഴിയിലൂടെ നാദ സ്വരത്തിന്റെ അകമ്പടിയോടെ ക്ഷേത്രത്തിലേക്ക് എഴുന്നെള്ളുന്നു.

വൈകീട്ട് 7:00 ദീപാരാധന, അത്താഴപൂജ

രാത്രി 10:00 ഏഴ് ആനകളുടെ അകമ്പടിയോടെ എഴുന്നെള്ളത്ത്. ചോറ്റാനിക്കര വിജയൻ പ്രമാണം വഹിക്കുന്ന പഞ്ചവാദ്യം കിഴക്കെ വഴിയിലൂടെ നീങ്ങി മണികണ്ഠനാൽ പന്തലിൽ പ്രവേശിക്കുന്നു.

പുലർച്ച 2:30 മേളം പര്യവസാനിക്കുന്നു.

പുലർച്ച 3:00 ബ്രഹ്മമുഹൂർത്തത്തിൽ ഭഗവതി എഴുന്നെള്ളി നിൽക്കുമ്പോൾ പ്രധാനവെടിക്കെട്ട്.

പുലർച്ച 6:00 വെടിക്കെട്ട് പര്യവസാനിക്കുന്നു.

തിരുവമ്പാടി

പുലർച്ച 03:00 നടതുറക്കൽ, വാകച്ചാർത്ത്, അഭിഷേകങ്ങൾ.

പുലർച്ച 04:00 പറ നിറക്കൽ

കാലത്ത് 05:30 ഉഷപ്പൂജ, ശീവേലി

കാലത്ത് 07:00 മൂന്നാനപ്പുറത്ത് നടപ്പാണ്ടി(ചെണ്ടമേള)യുമായി പൂരം ക്ഷേത്രത്തിനു പുറത്തേക്ക് ഷൊർണ്ണൂർ റോഡിലൂടെ പുറപ്പെടുന്നു.

കാലത്ത് 09:00 പൂരം നായ്ക്കനാലിലെത്തി പടിഞ്ഞാറെ റൗണ്ടിറങ്ങി നടുവിൽ മഠത്തിലേക്ക്.

കാലത്ത് 11:30 നടുവിൽ മഠത്തിലെ ഉപചാരങ്ങൾക്ക് ശേഷം മഠത്തിൽ വരവ് ആരംഭിക്കുന്നു. പഞ്ചവാദ്യം അന്നമനട പരമേശ്വരമാരാരുടെ പ്രാമാണിത്തത്തിൽ

ഉച്ചക്ക് 01:15 മഠത്തിൽ വരവ് സ്വരാജ് ഗ്രൗണ്ടിൽ. ഏഴാനകളുമായി നടുവിലാലിൽ എത്തുന്നു.

ഉച്ചകഴിഞ്ഞ് 02:45 നായ്ക്കനാലിലെത്തി പഞ്ചവാദ്യം അവസാനിക്കുന്നു.

ഉച്ചകഴിഞ്ഞ് 03:00 പാണ്ടിമേളത്തോടെ ഘോഷയാത്ര തേക്കിൻകാട് മൈതാനത്തേക്ക് 15 ആനകളോടെ കയറുന്നു.

ഉച്ചകഴിഞ്ഞ് 04:40 ശ്രീമൂലസ്ഥാനത്ത് പാണ്ടിമേളം സമാപിക്കുന്നു. പിന്നീട് തിടമ്പേറ്റിയ ആന വടക്കുന്നാഥനെ പ്രദക്ഷിണം ചെയ്യുന്നു.

വൈകീട്ട് 05:10 പതിനഞ്ചാനകളും തെക്കെ ഗോപുരത്തിലൂടെ ഇറങ്ങി റൗണ്ടിൽ നിൽക്കുന്ന പാറമേക്കാവിന്റെ ഗജനിരക്ക് അഭിമുഖമായി നിൽക്കുന്നു

വൈകീട്ട് 05:30 കുടമാറ്റം

വൈകീട്ട് 06:45 തിടമ്പേറ്റിയ ആന തേക്കിൻകാട്ടിലൂടെ പഴയ നടക്കാവിന്റെ കിഴക്കേ അറ്റത്ത് ചെന്നു നിൽക്കുന്നു. പിന്നീട് കാണിപൂജ.

വൈകീട്ട് 07:45 തിടമ്പ് മഠത്തിൽ ഇറക്കുന്നു.

വൈകീട്ട് 07:45 മുതൽ മൈതാനത്ത് അമിട്ടുകളും ഗുണ്ടുകളും പൊട്ടിക്കുന്നു.

രാത്രി 11:30 മുതൽ 02:30 വരെ വീണ്ടും മഠത്തിൽ വരവ്.

പുലർച്ച 03:00 മുതൽ 06:00 വരെ വെടിക്കെട്ട്.

തൃശ്ശൂർ പൂരത്തിലെ ആകർഷകമായ ഒരു ചടങ്ങാണ് മഠത്തിൽ വരവ്. മഠത്തിൽ വരവിനെക്കുറിച്ച് രസകരമായൊരു ഐതിഹ്യമുണ്ട്. നമ്പൂതിരി ബ്രാഹ്മണരുടെ വേദപാഠശാലയായിരുന്ന തൃശ്ശൂർ നടുവിൽ മഠത്തിന്റെ കൈവശം സ്വർണ്ണത്തിൽ പൊതിഞ്ഞ നെറ്റിപ്പട്ടങ്ങൾ ഉണ്ടായിരുന്നു. മികച്ച തരം നെറ്റിപ്പട്ടം ആയതിനാൽ തിരുവമ്പാടി വിഭാഗത്തിന് ഈ നെറ്റിപ്പട്ടങ്ങൾ കിട്ടിയാൽ കൊള്ളാം എന്ന ആഗ്രഹത്തോടെ മഠത്തിന്റെ രക്ഷാധികാരിയായ സ്വാമിയാരെ സമീപിച്ചപ്പോൾ, ആനകളെ മഠത്തിലേക്ക് കൊണ്ടുവരികയാണെങ്കിൽ നെറ്റിപ്പട്ടം അവിടെ വെച്ച് അണിയിക്കാം എന്ന മറുപടി കിട്ടി. ഇതേ തുടർന്ന് തിരുവമ്പാടിയുടെ എഴുന്നള്ളിപ്പ് മഠത്തിലേക്ക് വരാനും അവിടെ വെച്ച് നെറ്റിപ്പട്ടം മാറ്റി അണിയാനും തുടങ്ങി. സ്വർണം പൊതിഞ്ഞ നെറ്റിപ്പട്ടങ്ങൾ ഇല്ലെങ്കിലും ഇന്നും ഈ ചടങ്ങ് തുടർന്നു വരുകയും മഠത്തിൽ ദേവചൈതന്യം ഉള്ളതു കൊണ്ട് അവിടെ വെച്ച് ഒരു ഇറക്കി പൂജ നടത്തുകയും ചെയ്യുന്നു. രാവിലെ എട്ടു മണിക്ക് തിരുവമ്പാടി ക്ഷേത്രത്തിൽ നിന്ന് ആരംഭിച്ച് രണ്ടര മണിക്കൂർ കൊണ്ട് മഠത്തിൽ എത്തി 'ഇറക്കി പൂജ' കഴിഞ്ഞ് പതിനൊന്നരയോടെ മഠത്തിൽ വരവ് ആരംഭിക്കുന്നു. പത്തോളം ആനയുമായി പുറപ്പെടുന്ന ഇത് നായ്ക്കനാൽ എത്തിച്ചേരുമ്പോൾ എണ്ണം 15 ആകുന്നു. മഠത്തിൽ വരവിലെ പഞ്ചവാദ്യം പ്രസിദ്ധമാണ്. ഇത് കാണാനും കേൾക്കാനും വേണ്ടി മാത്രം എത്തുന്ന പല പൂരപ്രേമികളും ഉണ്ട്.

പാണ്ടിമേളം ക്ഷേത്രമതിൽക്കകത്ത് കൊട്ടുന്ന ഏക മേളമാണ് തൃശ്ശൂർ പൂരത്തിലെ വിഖ്യാതമായ ഇലഞ്ഞിത്തറമേളം. വടക്കുന്നാഥന്റെ കൂത്തമ്പലത്തിനു മുന്നിലുള്ള ഇലഞ്ഞിത്തറയിൽ അരങ്ങേറുന്ന ഈ മേളത്തിൽ ഇരുനൂറ്റിഅമ്പതിൽപരം കലാകാരന്മാർ പങ്കെടുക്കുന്നു. പതികാലത്തിൽ തുടങ്ങി കലാശങ്ങളിലൂടെ തകൃതയായി ത്രിപുടയിലെത്തി മുട്ടിന്മേൽ ചെണ്ട വായിച്ച് കുഴഞ്ഞുമറിഞ്ഞ് കാണികളെ ആവേശത്തിന്റെ കൊടുമുടിയിലേക്കെത്തിക്കുന്നു ഈ മേളം.

ഇലഞ്ഞിത്തറ മേളത്തിന് ശേഷം പാറമേക്കാവ്, തിരുവമ്പാടി ഭഗവതിമാർ വടക്കുംനാഥ ക്ഷേത്രത്തിന്റെ തെക്കേ ഗോപുരത്തിലൂടെ തേക്കിൻകാട് മൈതാനത്തേക്ക് പ്രവേശിക്കും. പാറമേക്കാവിന്റെ 15 ആനകൾ തെക്കോട്ടിറങ്ങി കോർപ്പറേഷൻ ആപ്പീസിന്റെ മുമ്പിലുള്ള രാജാവിന്റെ പ്രതിമയെ ചുറ്റിയ ശേഷം നിരന്നു നിൽക്കും. തിരുവമ്പാടി വിഭാഗം തെക്കേ ഗോപുരത്തിലൂടെ ഇറങ്ങി പാറമേക്കാവ് വിഭാഗത്തിന് മുഖാമുഖം നിൽക്കുന്നതോടെ കുടമാറ്റം ആരംഭിക്കും.

മുഖാമുഖം നിൽക്കുന്ന രണ്ടു ദേവിമാരുടെ കൂടിക്കാഴ്ച...

അതിനു സാക്ഷിയാവുന്നതോ... ലക്ഷക്കണക്കിന് ജനങ്ങൾ. തൃശ്ശൂർക്കാർക്കു പോലും തൃശ്ശൂരിൽ എവിടെയാണ് തങ്ങൾ നിൽക്കുന്നത് എന്നറിയാൻ കഴിയാത്ത വിസ്മയം. തിക്കിലും തിരക്കിലും ആർപ്പുവിളികൾക്കൊരു കുറവും ഇല്ല. ലോകത്തെ വിടെയും കാണാൻ കഴിയാത്ത ഒരു കാഴ്ചയാണ് കുടമാറ്റം സമയത്തു തൃശ്ശൂരിൽ കാണുന്നത്. പാറമേക്കാവ്-തിരുവമ്പാടി വിഭാഗങ്ങൾ തമ്മിൽ പ്രൗഢഗംഭീരമായ വർണ്ണക്കുടകൾ പരസ്പരം ഉയർത്തി കാണിക്കുന്നു. ഓരോ കുട ഉയർത്തിയ ശേഷവും മൂന്നു പ്രാവശ്യം വെഞ്ചാമരവും ആലവട്ടവും ഉയർത്തി അടുത്ത കുട ഉയർത്തുന്നു. നടുവിലെ തിടമ്പേറ്റിയ ഗജവീരന് മാത്രം സ്പെഷ്യൽ കുട. മേളത്തിന്റെ അകമ്പടിയോടെ മാറി മാറി വരുന്ന വർണ്ണക്കുടകളും പൂത്തുലയുന്ന ആലവട്ടങ്ങളും വെഞ്ചാമരങ്ങളും തൃശ്ശൂരിനെ ലോകത്തിന്റെ നെറുകയിലേക്കെത്തിക്കുന്നു.

പിറ്റേന്ന് പകൽ പുലരും മുമ്പേ നടക്കുന്ന വെടിക്കെട്ട് കാണാനായി ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ആളുകൾ എത്തിച്ചേരാറുണ്ട്. നേരം പുലരുന്നതോടെ പകൽ പൂരം ആരംഭിക്കുകയായി. ഇത് തൃശ്ശൂർകാർക്കു വേണ്ടിയുള്ള പൂരമാണ്. പൂരദിവസം വീട്ടിലെ അതിഥികൾക്ക് വെച്ച് വിളമ്പി കൊടുത്ത് പൂരം കാണാൻ കഴിയാതെ പോയ വീട്ടിലെ സ്ത്രീകൾക്ക് വേണ്ടിയുള്ള പൂരം. പാറമേക്കാവ് ഭഗവതി മണി കണ്ഠനാലിൽ നിന്നും തിരുവമ്പാടി ഭഗവതി നായ്ക്കനാലിൽ നിന്നും രാവിലെ എട്ടു മണിയോടെ എഴുന്നള്ളും. 12 മണിയോടെ പാണ്ടിമേളം അവസാനിച്ച് വെടിക്കെട്ടിന് ശേഷം ദേവിമാർ പരസ്പരം ഉപചാരം ചൊല്ലി ശ്രീമൂലസ്ഥാനത്തു നിന്നും അടുത്ത പൂരത്തിനു കാണാമെന്ന ചൊല്ലോടെ വിടവാങ്ങുന്നതോടെ ഔപചാരികമായി പൂരം ചടങ്ങുകൾ സമാപിക്കുന്നു.

**നുറുങ്ങ്-8**

He is the first Malayali to become the Head of a Nation. Can you identify?



# സ്നേഹഗീതങ്ങളുടെ പാട്ടുകാരൻ

കൊച്ചി ബോൾഗാട്ടിപാലസിന് മുന്നിലുള്ള പുൽത്തകിടിയിൽ ഇരുന്ന് ഹാർമോണിയം മീട്ടി പാടുന്ന ഉമ്പായിയുടെ സൗമ്യവും ദീപ്തവുമായ രൂപമാണ് ഓർമ്മയിൽ. കണ്ണുകൾ ചിമ്മി, അദൃശ്യയായ ഏതോ പ്രണയിനിയോടെന്നോണം ഉമ്പായി മന്ത്രിക്കുന്നു: "ആംസൂ ഭരി ഹേ യെ ജീവൻ കി രാഹേ കോയി ഉൻസെ കെഹ്ദേ ഹമേ ഭൂൽ ജായെ..."

ടെലിവിഷൻ പരിപാടിയുടെ ചിത്രീകരണത്തിനിടെ വീണുകിട്ടിയ അപൂർവ നിമിഷങ്ങൾ. `പർവരിഷ്' (1958) എന്ന ചിത്രത്തിൽ ദത്താറാം വാഡ്ക്കറുടെ സംഗീതത്തിൽ മുകേഷ് വിഷാദമധുരമായി ആലപിച്ച ആ ഗാനം അത്രയും ഭാവതീവ്രമായി മറ്റാരും പേടിക്കേട്ടിട്ടില്ല അതുവരെ. പാട്ടു പാടിത്തീർന്നിട്ടും ആത്മവിസ്മൃതിയിൽ മുഴുകിയെന്നപോലെ ഹാർമോണിയത്തിൽ നിന്ന് കൈയെടുക്കാതെ കണ്ണടച്ചിരുന്നു ഉമ്പായി. നിശബ്ദമായ ഇടവേള. മൗനത്തിനൊടുവിൽ കയ്യിലെ തുവാല കൊണ്ട് കണ്ണിലെ നനവ് ഒപ്പിയെടുത്ത ശേഷം ശേഷം ഉമ്പായി പറഞ്ഞു: ``ക്ഷമിക്കണം. കരഞ്ഞുകൊണ്ടല്ലാതെ ഈ പാട്ട് പാടി മുഴുമിക്കാനായിട്ടില്ല എനിക്ക്. ഇതാ ഈ നിമിഷം വരെ.''

ആദ്യമായി ആ ഗാനം കാതിൽ ഒഴുകിയെത്തിയത് ചെറുപ്പത്തിലാണ്. ജീവിതം ലഹരിമയമായിരുന്ന നാളുകളിൽ. അസ്വസ്ഥമായ മനസ്സുമായി ഒരു ഗുരുവിനെ, വഴികാട്ടിയെ തേടി ഭ്രാന്തനെപ്പോലെ അലഞ്ഞിട്ടുണ്ട് അക്കാലത്ത് പി.എ ഇബ്രാഹിം എന്ന ഉമ്പായി. ഒടുവിൽ ഗുരു വന്നു; മനുഷ്യരൂപത്തിലല്ല എന്ന് മാത്രം... "മനസ്സ് കൈവിട്ടുപോകുമായിരുന്ന ആ നാളുകളിൽ ആത്മഹത്യാമുനമ്പിൽ നിന്ന് എന്നെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്നത് ആ പാട്ടാണ്. അതുകൊണ്ടുതന്നെ ആ പാട്ടാണ് എന്റെ ആദ്യഗുരു." - ഉമ്പായിയുടെ വാക്കുകൾ. നിയോഗം പോലെ ഒരു രാത്രി നിനച്ചിരിക്കാതെ കാതിൽ വന്നു പതിക്കുകയായിരുന്നു "ആംസൂ ഭരി ഹേ". മട്ടാഞ്ചേരിയിലെ ഏതോ കടയിലെ ഗ്രാമഫോണിൽ നിന്നാവണം. അന്നറിയില്ല ആ വരികളുടെ അർഥം. അറിഞ്ഞതും അവയിലെ കാമുകന്റെ ഹൃദയവേദന ഉൾക്കൊണ്ടതും വർഷങ്ങൾക്കു ശേഷമാണ്. "തീരാവേദനയും കണ്ണീരും നിറഞ്ഞതാണ് എന്റെ ജീവിതപ്പാത, ആരെങ്കിലും അവളോട് പറഞ്ഞേക്കൂ എന്നെ മറന്നുകളയാൻ... വിഷാദകാമുകന്റെ ആത്മഗീതം. വിതുമ്പിക്കൊണ്ടാവണം മുകേഷ് അത് പാടിയത്. തീവ്രവിഷാദത്തിന്റെ പ്രതീകമായ ആ ഗാനം പക്ഷേ എന്റെ ജീവിതത്തിൽ സന്തോഷമേ കൊണ്ടുവന്നിട്ടുള്ളൂ." - ഉമ്പായി.

സഹോദരതുല്യനായിരുന്ന മെഹബൂബ് ഭായിയുടെ ഉപദേശപ്രകാരം തബല പഠിക്കാൻ മുംബൈയിലേക്ക് വണ്ടി കയറുമ്പോഴും ആ പാട്ടായിരുന്നു ഉമ്പായിക്ക് കൂട്ട്. അവിടെ ഒരു ദർഗയിൽ വെച്ച് യാദൃച്ഛികമായി പരിചയപ്പെട്ട ഉസ്താദ് മുജാവർ അലി ഖാനിൽ ഉമ്പായി തന്റെ സംഗീത ഗുരുവിനെ കണ്ടെത്തുന്നു. ``നീണ്ട വിരലുകളായിരുന്നു എന്റേത്. തബലയാണ് ആ വിരലുകൾക്ക് എളുപ്പം വഴങ്ങുക എന്ന് തോന്നിയിരിക്കണം മെഹബൂബ് ഭായിക്ക്. മുംബൈയിൽ ചെന്ന് തബലയിൽ ഒരു ഗുരുവിനെ കണ്ടെത്താൻ ഭായി എന്നെ നിർബന്ധിച്ചതും അതുകൊണ്ടാവാം. ഖാൻ സാബിൽ നിന്ന് പരിശീലനം നേടിയത് തബലയിലാണ്. പക്ഷേ ഒരു നാൾ ഉസ്താദിന്റെ വസതിയുടെ മുകൾനിലയിൽ ഇരിക്കുമ്പോൾ വെറുതെ ഒരു തോന്നൽ. "ആംസൂ ഭരി ഹേ" പാടിയാലോ? ഒറ്റയ്ക്കല്ലേ? ആരെ പേടിക്കാൻ? സ്വയം മറന്നു തന്നെ പാടി. പാടിത്തീർന്നപ്പോൾ പതിവു പോലെ വിതുമ്പിപ്പോയിരുന്നു. കാൽപ്പെരുമാറ്റം കേട്ട് കണ്ണ് തുറന്ന പ്പോൾ മുന്നിൽ ഉസ്താദ്ജി. ഞെട്ടിപ്പോയി. മുഖത്ത് പതിവുള്ള ചിരിയില്ല. കോപമാണ്. എന്റെ മുന്നിൽ നിന്ന് തബല നീക്കി വെച്ച ശേഷം അദ്ദേഹം പറഞ്ഞു: "ഇബ്രാഹിം, ഇനി ഇതു വേണ്ട. നിനക്ക് പറഞ്ഞിട്ടുള്ളത് പാട്ടാണ്. താഴെ ചെന്ന് ഹാർമോണിയം എടുത്തു കൊണ്ടു വരൂ..."



*Ravi Menon*
മീഡിയപേർസൺ,
സംഗീതഗവേഷകൻ,
മാധ്യമപ്രവർത്തകൻ,
ഗ്രന്ഥകർത്താവ്. നിരവധി
പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.
മാതൃഭൂമിയുടെ സംഗീതവിഭാഗത്തിന്റെ
തലവനായി സേവനമനുഷ്ഠിക്കുന്നു.

അതായിരുന്നു വഴിത്തിരിവ്. മദ്യവും മയക്കുമരുന്നും കൂലിത്തല്ലും കള്ളക്കടത്തും ദാരിദ്ര്യവും എല്ലാം ചേർന്ന് വേട്ടയാടിയ കൗമാര യൗവനങ്ങളിൽ നിന്ന് ഉമ്പായി എന്ന മട്ടാഞ്ചേരിക്കാരൻ മോചിതനാകുന്നതും ഉള്ളിൽ ഉറങ്ങിക്കിടന്ന പാട്ടുകാരനെ ശരിക്കും തിരിച്ചറിയുന്നതും അന്നാണ്. പക്ഷേ "ആംസൂ ഭരി ഹേ"യുടെ ഇന്ദ്രജാലം അവസാനിച്ചിരുന്നില്ല ഉമ്പായിയുടെ ജീവിതത്തിൽ. ഒരു രാത്രി മുഴുവൻ തന്നെ വിളിച്ചിരുത്തി ആ ഗാനം മതിവരുവോളം പാടിച്ചുകേട്ട ജോൺ അബ്രഹാമിനെ എങ്ങനെ മറക്കാൻ? ഓരോ തവണയും പാടി നിർത്തിയാൽ ഓടിയെത്തി കവിളിൽ ഉമ്മവെക്കും ജോൺ. വീണ്ടും പാടാൻ ആജ്ഞാപിക്കും.

ആ ഗാനത്തിന്റെ വരികളുടെ അർഥം മനസ്സിലാക്കിയപ്പോൾ അതെഴുതിയ ഹസ്രത് ജയ്പുരിയെ എന്നെങ്കിലും നേരിൽ കാണണമെന്ന് മോഹിച്ചു തുടങ്ങുന്നു. അങ്ങനെയാണ് സുഹൃത്തിന്റെ സഹായത്തോടെ മുംബൈയിലെ കവിയുടെ വീട് തേടിച്ചെന്നത്. അത്ഭുതമായിരുന്നു ആദ്യം ഹസ്രത് സാഹിബിന്. വഴിതെറ്റി വന്ന ഏതോ അവധൂതനെപ്പോലെ മുഷിഞ്ഞ വേഷമണിഞ്ഞു മുന്നിൽ വന്നു നിന്ന യുവാവിന്റെ ഉറക്കച്ചടവുള്ള കണ്ണുകളിൽ നോക്കി രാജ്കപൂറിന്റെ പ്രിയപ്പെട്ട പാട്ടെഴുത്തുകാരൻ ചോദിച്ചു: "പാട്ടുകാരനെയും സംഗീത സംവിധായകനെയുമല്ലാതെ കവിയെ തേടി വരുന്ന ആരാധകനോ? അതും കേരളത്തിൽ നിന്ന്. വിശ്വസിക്കാനാകുന്നില്ല. എന്റെ ഏതു പാട്ടറിയാം നിങ്ങൾക്ക്? "

പരിഹാസത്തിന്റെ നേർത്ത ധ്വനിയുണ്ടായിരുന്നില്ലേ ആ ചോദ്യത്തിൽ? "ചിലപ്പോൾ എന്റെ അന്നത്തെ രൂപം കണ്ട് ഹസ്രത് സാബ് തെറ്റിദ്ധരിച്ചിരിക്കാം. കാവ്യാസ്വാദകന് വേണ്ട രൂപത്തെ കുറിച്ചു നമുക്ക് ചില ധാരണകളൊക്കെ ഉണ്ടല്ലോ. ആ മുൻവിധികൾക്കൊന്നും വഴങ്ങിയിരുന്നില്ല അന്നത്തെ എന്റെ രൂപം." - ഉമ്പായി. ഇനിയാണ് പരീക്ഷണഘട്ടം. വിശാലമായ സ്വീകരണമുറിയുടെ മൂലയിൽ പുതച്ചുമൂടി ഇരുന്ന ഹാർമോണിയം സന്ദർശകന്റെ മുന്നിലേക്ക് നീക്കിവെച്ചു കൊടുക്കാനുള്ള സൗമനസ്യം കാണിക്കുന്നു ഹസ്രത് ജയപുരി. നിലത്ത് ചമ്രം പടിഞ്ഞിരുന്ന് ഹാർമോണിയത്തിന്റെ കട്ടകളിലൂടെ മൃദുവായി വിരലോടിച്ചുകൊണ്ട് ഉമ്പായി പാടിത്തുടങ്ങുന്നു, "ആംസൂ ഭരി ഹേ യെ ജീവൻ കി രാഹേ..." യമൻ കല്യാണിന്റെ രാഗപഥങ്ങളിലൂടെ ഒരു കണ്ണീരരുവി പോലെ ഒഴുകിപ്പോകുന്ന ഗാനം. പാട്ടു പാടിക്കഴിഞ്ഞു പ്രതീക്ഷയോടെ ആതിഥേയന്റെ മുഖത്ത് നോക്കിയപ്പോൾ തലകുനിച്ചിരിക്കുന്നു ഹസ്രത്. കണ്ണീരടക്കാൻ പാടുപെടുകയാണദ്ദേഹം. "എന്റെ ആലാപനമാവില്ല അദ്ദേഹത്തെ വികാരാധീനനാക്കിയത്. ആ പാട്ട് പിറന്നുവീണ നിമിഷങ്ങളുടെ ഓർമകളാവണം. പലരുടെയും മുഖങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ തെളിഞ്ഞിരിക്കാം അപ്പോൾ. ദത്താറാമിന്റെ, മുകേഷിന്റെ, സർവോപരി രാജ് കപൂറിന്റെ..."

എഴുന്നേറ്റു വന്ന് സ്നേഹത്തോടെ തന്നെ ആശ്ലേഷിച്ച കവിയോട് ഉമ്പായി പറഞ്ഞു: "എന്നെ വിശ്വാസമായില്ലേ? ഇനി എനിക്ക് ചിട്ടപ്പെടുത്തി പാടാൻ കുറച്ച് ഗസലുകൾ തരാൻ



കനിവുണ്ടാവണം." കാവ്യഭംഗിയും അർത്ഥദീപ്തിയും ഒത്തിണങ്ങിയ ഗസലുകളുടെ ഒരു പുസ്തകം മലയാളി ചെറുപ്പക്കാരനെ വിശ്വസിച്ചേൽപ്പിക്കുന്നു ഹസ്രത് ജയ്പുരി. "ആദാബ്" എന്ന ആൽബത്തിന്റെ പിറവി അവിടെ നിന്നാണ്. അതായിരുന്നു തുടക്കം. തൊട്ടുപിന്നാലെ സുഹൃത്തായ വേണു. വി. ദേശത്തിന്റെ വരികളിൽ നിന്ന് `പ്രണാമം' എന്ന ആദ്യ മലയാള ഗസൽ കാസറ്റ്. മലയാളിയുടെ പ്രിയപ്പെട്ട ഗസൽ ഗായകനായി വളരുകയായിരുന്നു ഉമ്പായി.

കാതിൽ വീണ്ടും അതേ ശബ്ദം. ഹാർമോണിയത്തിൽ വിരലുകളോടിച്ചു പാടുകയാണ് ഉമ്പായി: "ആംസൂ ഭരി ഹേ യെ ജീവൻ കി രാഹേ കോയി ഉൻസെ കെഹ്ദേ ഹമേ ഭൂൽ ജായെ.." നനവാർന്ന കണ്ണുകളിൽ ഒരു പുഞ്ചിരിയുടെ തിളക്കം. സ്നേഹഗീതങ്ങളുടെ ഈ പാട്ടുകാരനെ നാം എങ്ങനെ മറക്കാൻ?

(കടപ്പാട്: മാതൃഭൂമി)

# Sruthi Report 2018-19

I am very glad to present the report of the activities of Sruthi over the last year.

### 1. The Team

The current ExCom was elected at the Annual General Body Meeting of the Sruthi members held at Durham on 16th September 2017. The following members were elected as office bearers for a three-year term.

**President:** Sethu Wariyar

**Vice-President:** Rathi Venugopal

**Secretary:** Chovodath Unnikrishnan

**Treasurer:** Sreekanth Balasubramanyam

**ExCom Members:**

Ajith Kartha, Satheesh Manayankath, Rashmi Sudhir

The following ExCom members had one more year remaining in their term: Amritha Jayakrishnan, Anil Thomas, Renjeev Kurup.

Amritha Jayakrishnan relinquished her post in January 2018 and Breeze George was co-opted to her place.

### 2. Annual Day

The 14th Sruthi Annual Day was held on 7th April 2018 at Carleton Community High School, Pontefract. The event was started with singing the opening song *'Ilathalam'* (ഇലത്താളം) by Sruthi members. Renowned film director and cinematographer Sri. Shaji N Karun was the Chief Guest of the day. Sruthi Secretary Chovodath Unnikrishnan welcomed the members and guests to the Annual Day, and President Sethu Wariyar delivered the presidential address.

The speech by Sri. Shaji N Karun was fascinating and very informative, featuring anecdotes and wisdom from both his personal and professional life. Further details about his life and works were revealed in the 'Abhimukham' programme later in the day. Madhu Shanmughan



*Chovodath Unnikrishnan*

*Sruthi Secretary*



and Deepthi Jyothish conducted the interview with the Chief Guest live on stage.

Sruthi's annual bilingual magazine, *Sruthirekha*, was released by the Chief Guest by presenting a copy to the President. The Chief Guest awarded the rolling trophy for Sruthi Annual Badminton tournament to the winners Anil Kumar and Ranjit Nair.

Famous *Ottan Thullal* artist and Head of Thullal department at *Kalamandalam*, Sri Kalamandalam Geethanandan, was planning to come as the Performing Guest but sadly passed away unexpectedly on 28th January. Sruthi Members and the ExCom were shocked by the sudden incident and we decided not to look for another guest in his place. We presented a special programme called "*Ninavu*" (നിനവ്) as a tribute to the departed artist. This included a short documentary on his life produced by Sruthi members followed by recital of a few '*Padams*' from the '*Thullal*' he was planning to present on the day.

Two dance items were presented by Sruthi members and friends - one classical and the other a folk dance. Amritha Jayakrishnan and her team performed '*Ramasaptham*' (രാമസപ്തം), presenting the story of Ramayana through *Mohiniyattam*. The item originally created by the legendary *Mohiniyattam* artist and teacher, late Smt. Kalayanikuttiyamma, showcased the excellent quality of our dancers with the beautiful display of this classical art form. Breeze George and her team presented *"Theyyo Thakatharo"* (തെയ്യോ തകതാരോ), in which a large group of dancers performed to traditional and folk songs in Malayalam. This programme took the audience to heights of enjoyment through the magnificent choreography and dancing skills of our artists. Both dances were very well received by the audience; a wonderful spectacle in their contrasting styles.

The programme that took the audience to a special elation was *"Vachumattam"* (വച്ചുമാറ്റം), the drama presented by children from Aberdeen. More than a dozen children of various



ages participated in this drama written by Sri. Kavalam Narayana Panicker. Children demonstrated their acting and vocal skills in this drama about the values of giving and sacrificing one's own belongings for the benefits of the more deprived group.

The music programme *Ganakairali"* (ഗാനകൈരളി) was led by Kishore Chandran for the fourth time in a row. The theme of this year's programme was a musical journey through the districts of Kerala, with songs representing each district. They started at the north in Kasaragod and took the audience down south to Thiruvananthapuram, through beautiful selection and delightful rendition.

The final programme of the day was the

drama *"Kaserakkali"* (കസേരക്കളി), written by Professor G Sankarappillai, and directed for Sruthi by Shameel Mattara. Shameel and his team of actors presented this satirical creation which dealt with the ever-present greed for power and its misuse by the ruling class. Participants demonstrated their brilliance in acting and humour in this drama which has stood the test of time.

Sruthi Treasurer Sreekanth Balasubramanyam presented the vote of thanks.

**Feedback:** We received very good feedback about the Annual Day. Feedback was collected after the event by filling the questionnaire and by email later.

### 3. Meet the Guest Programme

Another opportunity to meet and interact with the Chief Guest was provided the day after the Annual Day. About 60 people, mainly Sruthi members and their families, attended this event organised at the West Yorkshire Sports Club in Wakefield. The audience asked interesting and relevant questions to Sri Shaji N Karun about his life and work, and about the picturization of emotions and elements.

### 4. Sruthirekha

*Sruthirekha* is the annual bilingual magazine of Sruthi, which includes literary contributions both from the Malayali diaspora in the UK as well as leading figures in the Malayali arts and culture arena. Each edition of the magazine is dedicated to a topic and articles by eminent writers in that particular field are published. The theme for 2018 magazine, brought out by Sojan Vasudevan and team, was 'Musical Instruments' (വാദ്യകല). The seventh edition of Sruthirekha (2019 issue) will be released on the Annual Day by the Chief Guest - this year's theme is "Cultural history of Kerala" (കേരളത്തിന്റെ സാംസ്കാരികചരിത്രം). It will be brought out by the editorial team lead by Lakshmi Renjeev and we look forward to reading another magnificent edition of *Sruthirekha.*

### 5. Annual General Body Meeting (AGM)

The AGM was held at Altrincham Methodist Church, Timperley, Altrincham on Saturday, 15th September 2018. The Sruthi walk was conducted in the gardens of Dunham Massey National Park in the morning. The annual badminton tournament was organised at the Sale Leisure Centre in the afternoon. Kishore Chandran and Ranjit Nair were the winners this year. Various activities of fun and sports were organised for children, including drawing competitions and a netball match, and they enjoyed the afternoon very well. One of the children mentioned that it was the best Sruthi AGM that he ever attended.

The AGM Meeting was held in the evening. Various issues relating to Sruthi activities were discussed and decisions were taken, the most important of which are as below:

**Membership:** We had 79 members at the start of the year. Two members left the group, and five members were introduced in the meeting, so currently we have 82 member families.

**ExCom Changes:** Anil Thomas and Renjeev Kurup stepped down from the ExCom and Sojan Vasudevan from the post of *Sruthirekha* Editor, after serving for 3 years. Members thanked them for their immense contribution to Sruthi. Shahid Rasheed and Usha Binooj were elected to the ExCom and Lakshmi Renjeev as the *Sruthirekha* Editor.

Members agreed to organise the next AGM

at a suitable venue with overnight stay. The provisional date of next AGM was agreed to be 21 Sep 2019 as a first preference, or alternatively 14 Sep 2019.

Members agreed to set up a WhatsApp group of members for better communication, in addition to the current e-mail system.

Sruthi's new Literary Group, '*Sukrithi*' will be led by Madhu Shanmughan.

Decided to use the AGM as a platform to showcase children's talents, with inclusion in the Annual Day where possible.

### 6. Forthcoming Annual Day

The 15th Annual Day will be held at Horizon Community College, Barnsley on Sunday, the 5th of May 2019. The Chief Guests on the day will be: Dr. P K Rajasekharan, eminent scholar, literary critic and orator; and Kalaimamani Smt. Gopika Varma, renowned *Mohiniyattam* dancer.

### 7. Future developments of Sruthi

***Sukrithi* (സുകൃതി):** A literary group was created with the intention of encouraging and promoting literary activities of Sruthi members. Madhu Shanmughan has been given the responsibility of starting the activities.

**Sruthi Website:** The much-awaited creation of our new website was given utmost importance by this committee and measures were taken with the leadership of Anil Thomas. Anil and his team are working hard to create and present a very high-quality, interactive website which we are planning to inaugurate on the Annual Day.

Finally, I take this opportunity to thank you all for your whole-hearted cooperation and support which helped the ExCom undertake the above reported activities. We hope for the same support in the remaining period of our tenure. We wish you all the very best for your year ahead.

**നുറുങ്ങ്-9**

Identify this Malayali dancers being admired by Pt Nehru here



# ശ്രീ ഷാജി. എൻ. കരുൺ (അഭിമുഖം– ശ്രുതി 2018)

*2018 ശ്രുതി വാർഷികാഘോഷപരിപാടിയിൽ മുഖ്യാതിഥിയായെത്തിയ ശ്രീ ഷാജി. എൻ. കരുണുമായുള്ള മുഖാമുഖം. ശ്രീ ഷാജി. എൻ. കരുണുമായി സംസാരിച്ചത് ഡോ. ദീപ്തി ജ്യോതിഷ്, ശ്രീ മധു ഷൺമുഖൻ. ശ്രുതിരേഖയ്ക്കായി ഈ സംഭാഷണം എഴുതി തയ്യാറാക്കിയത് അഡ്വ. പ്രിയ കിരൺ.*

**ദീപ്തി:** നമസ്കാരം സർ... സാറിന്റെ കലാസപര്യ തുടങ്ങുന്നത് 1960-കളിൽ തിരുവനന്തപുരത്തു നിന്നാണല്ലോ. അക്കാലത്തു അവിടെ വളർന്ന ഒരു ബാലനിൽ ഛായാഗ്രഹണത്തിൽ ഇത്രയും താല്പര്യം ഉണ്ടാവുക, അത് തൊഴിലായി സ്വീകരിക്കാനുള്ള - അഭിരുചിയുണ്ടാവുക - ഇതിലേക്ക് എത്തിച്ചേർന്നതെങ്ങനെ എന്ന ചോദ്യത്തിൽ നിന്ന് നമുക്കു തുടങ്ങാം?

**ഷാജി എൻ കരുൺ**: നമ്മൾ ഇപ്പോൾ ഈ വേദിയിലിരുന്നു കേട്ട പാട്ടുകളോ കണ്ട കലാരൂപങ്ങളോ, പകരാൻ ശ്രമിച്ച ധാരണകളോ ഒക്കെ നമ്മെയെത്തിച്ചത് എവിടേക്കെന്നു ചോദിച്ചാൽ, നമ്മുടെ ഓർമകളിലേക്കാണ്. അത് പോലെ, 1960 കാലങ്ങളിൽ ഞാൻ കണ്ട കാഴ്ചകൾ - ഉദാഹരണത്തിന് എന്റെ ഗ്രാൻഡ് പാരെന്റ്സ് അഷ്ടമുടിക്കായലിന്റെ അടുത്ത് ഒരു വീട്ടിൽ താമസിക്കുന്ന സമയത്തു, രാവിലെ എഴുന്നേറ്റു വരും നേരം സൂര്യൻ ഉദിക്കുന്നതും, ഉദിക്കും മുൻപേ വലിയ ജലാശയത്തിൽ മേഘം പ്രതിബിംബിക്കുന്നതും, നിറങ്ങൾ മാറുന്നതും... വെറും കാഴ്ചകൾ എന്നതിൽ ഉപരി, നാം പിറകിലേക്ക് നോക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് അറിഞ്ഞോ അറിയാതെയോ ഈ സൗന്ദര്യങ്ങൾ പകരുന്ന ഓർമ്മകൾ - എത്ര വർഷങ്ങൾക്കു ശേഷമാണെങ്കിലും, ഈ ഓർമകളെല്ലാം മനസ്സിലേക്ക് തിരിച്ചു വരുന്ന ഒരു സമയമെന്നത്, മനുഷ്യമനസ്സിന്റെ നിഷ്കപടത തിരിച്ചറിയുന്ന സമയമാണ്. നമ്മുടെ നിഷ്കളങ്കതയുടെ പ്രതിഫലനമാണ് ഒരു വിധത്തിൽ, നമ്മിലേക്കെത്തുന്ന ഓർമ്മകൾ. ഭൂതകാലത്തിൽ ചിതറി ക്കിടക്കുന്ന ചില നിറങ്ങൾ, തിളക്കങ്ങൾ, നമ്മുടെ ബന്ധങ്ങൾ, നാമറിഞ്ഞ സ്നേഹങ്ങൾ, ആ സ്നേഹത്തിലുപരി സ്നേഹിച്ചവരിൽ നിന്നും നാം ആരാണെന്നു നമ്മൾ തിരിച്ചറിഞ്ഞ വിധങ്ങൾ ഇങ്ങനെ ഒരുപാടു കാര്യങ്ങൾ നമ്മുടെ നിഷ്കപടതയെ സ്വാധീനിക്കുന്നുണ്ട്. അത് പോലെ ഈ പറഞ്ഞ 1960 കാലഘട്ടത്തിലെ എന്റെ ഓർമ്മകൾ ചിതറിക്കിടക്കുന്നതും ഞാൻ പകർത്താനാഗ്രഹിച്ചതും ഈ പറഞ്ഞ മനുഷ്യബന്ധങ്ങളുടെ നന്മകളിൽക്കൂടി ഞാൻ സഞ്ചരിച്ച വഴികളാണ് എന്ന് വിശ്വസിക്കുന്നൊരു വ്യക്തിയാണ് ഞാൻ.

**ദീപ്തി:** നന്ദി സർ. സാറിന് ഫിലിം ഇൻസ്റ്റിറ്റൂട്ടിൽ പഠിക്കാൻ പ്രവേശനം ലഭിച്ച അതേ സമയത്തു തന്നെ തിരുവനന്തപുരത്തു മെഡിസിന് പഠിക്കാനും അഡ്മിഷൻ കിട്ടി എന്ന് ഞാൻ കേട്ടിട്ടുണ്ട്. റോബർട്ട് ഫ്രോസ്റ്റ് പറഞ്ഞത് പോലെ നന്നേ ചെറിയ പ്രായത്തിൽത്തന്നെ സ്വന്തം വഴി തിരഞ്ഞെടുക്കാനുള്ള ആത്മധൈര്യം സാറിനുണ്ടായിരുന്നു. മാത്രമല്ല, ശ്രുതിയിലെ ഇപ്പോഴത്തെ ഇളംതലമുറ ആശ്ചര്യപ്പെട്ടും പോലെ, ഇതിൽ നിന്നും ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് പഠനം തിരഞ്ഞെടുക്കുന്നെന്ന തീരുമാനത്തെ സാർ അന്ന് വീട്ടിൽ അംഗീകരിപ്പിച്ചെടുത്തത് എങ്ങിനെയാണ്?

**ഷാജി എൻ കരുൺ:** തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ബി.എസ്.സിക്കു പഠിച്ചിരുന്നപ്പോൾ ഞങ്ങൾ ആറു പേർക്കാണ് ഫസ്റ്റ് ക്ലാസ് ഉണ്ടായിരുന്നത്. അതിലൊരാൾ തന്നെ, ഞാൻ അടക്കം ഈ ആറു പേർക്കും വേണ്ടി മെഡിക്കൽ കോളജ് പ്രവേശനത്തിനുള്ള അപേക്ഷയെല്ലാം തയ്യാറാക്കി. ഏകദേശം അതെ സമയം തന്നെ, എഴുത്തു



*ദീപ്തി ജ്യോതിഷ്:*

*NHS -ൽ പീഡിയാ ട്രീഷ്യൻ. സിനിമ, സാഹിത്യ മേഖലകളിൽ താല്പര്യം.*



*മധു ഷൺമുഖൻ*

*ഐ.ടി.രംഗത്ത് ജോലി ചെയ്യുന്നു. കല, സാഹിത്യം എന്നിവയിൽ താത്പര്യം.*

പരീക്ഷ എല്ലാം കഴിഞ്ഞു, പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും എനിക്ക് ഇന്റർവ്യൂവിനു ക്ഷണം ലഭിച്ചു. പൂനെയിൽ ആയിരുന്നത് കൊണ്ട് ട്രെയിനിലായിരുന്നു യാത്ര. മൃണാൾ സെൻ ആണ് ഇന്റർവ്യൂ ചെയ്യുന്നതെന്ന് അവിടെയെത്തിയപ്പോഴാണ് ഞാൻ മനസ്സിലാക്കിയത്. ആ രണ്ടു ദിവസം കൊണ്ട് തന്നെ നാട്ടും വീട്ടിലെ ഭക്ഷണവുമൊക്കെ ഓർമ വന്നു തുടങ്ങിയ എനിക്ക് തിരിച്ചെത്തിയാൽ മതിയെന്നായിരുന്നു മനസ്സിൽ. അങ്ങനെ വീടെത്താനുള്ള ആഗ്രഹവുമായി മുന്നിലിരിക്കുന്ന എന്നോട് മൃണാൾ സെൻ ചില ചോദ്യങ്ങളൊക്കെ ചോദിക്കുന്നു; ചില ചിത്രങ്ങൾ എടുത്തിട്ടുണ്ടെന്നതിൽ കവിഞ്ഞു ഒന്നുമില്ലെന്നും, ഈ മൂന്നു വർഷത്തെ പഠനം കഴിഞ്ഞാൽ എന്ത് ചെയ്യണമെന്ന് പോലും വ്യക്തതയില്ലെന്നുമൊക്കെ ഞാൻ മറുപടി പറയുന്നു. ഒരുപക്ഷെ എന്റെ നിഷ്കളങ്കതയാവാം, അല്ലെങ്കിൽ വീടെത്തണമെന്ന ആഗ്രഹമാവാം. അദ്ദേഹം ഒന്നും പറയാതെ എന്റെ ചിത്രങ്ങൾ നോക്കുകയാണ്. ആയിരം പേരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഞങ്ങൾ എട്ടു പേർക്കാണ് അവിടെ പ്രവേശനം ലഭിച്ചത്. ഇതിനിടയിൽ മെഡിക്കൽ കോളേജിലും അഡ്മിഷൻ ലഭിച്ചു. അപ്പോൾ അയൽവാസിയായിരുന്ന ഡോക്ടർ പി.കെ.ആർ വാര്യരോട്, എന്ത് തീരുമാനിക്കണം എന്ന് അച്ഛൻ അഭിപ്രായം ആരാഞ്ഞു. അതായത് മെഡിക്കൽ കോളേജ് അഡ്മിഷൻ സ്വീകരിച്ച്, ഡോക്ടർ എന്ന മഹനീയമായ തൊഴിൽ സമ്പാദിക്കണോ, ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ചിറങ്ങി തെക്കു വടക്കു നടക്കണോ എന്നായിരുന്നു അച്ഛന്റെ ആ ചോദ്യത്തിന്റെ കാതൽ. "ഏതു ജോലിയാണോ ചെയ്യുമ്പോൾ കൂടുതൽ ആനന്ദം ലഭിക്കുക, അത് തിരഞ്ഞെടുക്കട്ടെ" എന്നായിരുന്നു ഞാൻ അമ്മാവൻ എന്ന് വിളിക്കുന്ന, ഡോക്ടർ പി. കെ.ആർ വാര്യർ അന്ന് അച്ഛനോട് പറഞ്ഞത്. "അടുത്ത അറുപത് വർഷക്കാലത്തേക്ക് സന്തോഷമായി ചെയ്യാൻ കഴിയുന്ന ജോലി തിരഞ്ഞെടുക്കലാണ് ആത്മാർത്ഥത" എന്ന് അമ്മാവൻ സൂചിപ്പിച്ചതിൽപ്പിന്നെ അച്ഛൻ എതിർത്തൊന്നും പറഞ്ഞില്ല. അതാണെന്റെ തുടക്കം. അങ്ങനെ ഞങ്ങൾ എട്ടു പേർക്ക് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശനം ലഭിച്ചതിൽ എങ്ങനെയോ ഞാൻ ആയിരുന്നു ലിസ്റ്റിൽ ഒന്നാം സ്ഥാനത്ത്. ഇന്റർവ്യൂവിലെ എനിക്കൊന്നുമറിയില്ലെന്ന പ്രസ്താവനക്ക് പിന്നിൽ, വീട്ടിൽ പോവണം എന്നുള്ള എന്റെ ആഗ്രഹമാണെന്നു മൃണാൾ സെൻ തിരിച്ചറിയാതിരുന്നതാവം ഒരുപക്ഷെ ആ ഒന്നാം സ്ഥാനത്തിന് പിറകിൽ. അന്നത്തെ ഒരൊറ്റ മലയാളി വിദ്യാർത്ഥിയായി അങ്ങനെ ഞാനാ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. അത് പോലെ തന്നെ ഡോക്ടർ പി.കെ.ആർ വാര്യർ എന്റച്ഛനോട് സൂചിപ്പിച്ച ഉപദേശത്തിന്റെ പ്രസക്തിയും. ഫിലിം മേക്കിങ് എന്നത് ഒരു ആക്സിഡന്റ്- യാദൃച്ഛികത - ആണെന്ന് ഞാൻ എപ്പോഴും ചിന്തിക്കാറുണ്ട്. ലോകത്തെ ഏതൊരു കലാകാരനും, താൻ ഇങ്ങനെയായിത്തീരണം എന്ന് തീരുമാനിച്ചുറപ്പിക്കുന്നതിലുപരിയായി, അയാളെ അയാളായി തീരാൻ മറ്റുള്ളവർ വഴിയൊരുക്കുക - അതിന്റെ ഒരു ഭാഗമായാണ് ഞാനിന്നൊരു ഫിലിം മേക്കർ ആയത് എന്നാണ് എനിക്ക് തോന്നുന്നത്.

**ദീപ്തി:** സാറിന് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് പ്രവേശനത്തിൽ ഒന്നാം റാങ്ക് കിട്ടിയത് എങ്ങനെയെന്ന് അറിയില്ലെന്ന് പറയുന്നുണ്ടെങ്കിലും, തിരുവനന്തപുരത്തെ ഇന്റർമീഡിയറ്റ് കോളേജ് ലൈബ്രറിയിലെ ഫോട്ടോഗ്രാഫി പുസ്തകങ്ങൾ, ബ്രിട്ടീഷ് ലൈബ്രറിയിലെ ഫോട്ടോഗ്രാഫി പുസ്തകങ്ങൾ ഇവയെല്ലാം സാറിന് സയൻസ് പുസ്തകങ്ങളെക്കാൾ മനഃപാഠമായിരുന്നു



എന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. അപ്പോൾ റാങ്ക് കിട്ടിയത് അത്ര യാദൃച്ഛികമൊന്നുമല്ല ( ചിരിക്കുന്നു ).

**മധു:** പിന്നീട് ഈ ഡോക്ടർ പി.കെ.ആർ വാരിയരുടെ മകൾ സാറിന്റെ ജീവിതസഖിയാവുകയും ചെയ്തു, അല്ലെ?

**ഷാജി എൻ കരുൺ:** ഞങ്ങൾ തൊട്ടടുത്ത വീടുകളിൽ താമസിക്കുന്നവർ, അതിലുപരി എന്റെ വീട്ടിലെ പല മാർഗനിർദ്ദേശങ്ങൾക്കും അച്ഛൻ ഡോക്ടർ അമ്മാവനെയാണ് സമീപിക്കാറുള്ളത്. അദ്ദേഹത്തിന് രണ്ടു കുട്ടികളാണ് - മൂത്തയാൾ കൃഷ്ണവാര്യരും ഇളയത് (തന്റെ ഭാര്യയായ) അനസൂയ വാര്യരും. എന്റെ സഹോദരി ഷീലയുടെ ഭർത്താവാണ് കൃഷ്ണവാരിയർ. പഠനം പൂർത്തിയാക്കി ഞാൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നെത്തിയ ഇടയ്ക്കു ഞങ്ങൾ ബാബു എന്ന് വിളിക്കുന്ന കൃഷ്ണകുമാർ, അദ്ദേഹത്തിന് താമസിക്കാതെ എന്റെ സഹോദരി ഷീലയെ വിവാഹം കഴിച്ചാൽ കൊള്ളാമെന്നുണ്ടെന്നു അറിയിച്ചു. അന്ന് വെറും 24 വയസ്സുണ്ടായിരുന്ന എന്നോട്, മകൾ അനസൂയയുമായുള്ള വിവാഹവും ഒപ്പം നടത്താൻ ഡോക്ടർ അമ്മാവൻ നിർദേശിച്ചു. ജോലിയായിട്ടില്ലാത്ത എന്നോട്, നിങ്ങളൊക്കെ ഞങ്ങളുടെ കുട്ടികളാണ്, ഞങ്ങൾ നോക്കിക്കോളാം എന്നായിരുന്നു ഡോക്ടറമ്മാവൻ പറഞ്ഞത്. മുഹൂർത്തത്തിലോ ദൈവത്തിലോ ഒന്നും വിശ്വാസമില്ലാതിരുന്ന അദ്ദേഹം, എന്റെ ജനനതീയതിയായ, ലോകം മുഴുവൻ ആഘോഷിക്കുന്നുണ്ടെന്ന ന്യായം പറഞ്ഞു ഞാൻ ആഘോഷിക്കാൻ വിസമ്മതിച്ചിരുന്ന ജനുവരി ഒന്നാണ് വിവാഹ ദിവസമായി തിരഞ്ഞെടുത്തത്. ഡോക്ടർ അമ്മാവൻ ഇംഗ്ലണ്ടിൽ എഫ്.ആർ.സി.എസ് പാസായി തിരുവനന്തപുരത്തെത്തുമ്പോൾ അദ്ദേഹത്തിന്റെ കൈവശം ഒരു ക്യാമറയുണ്ടായിരുന്നു. അതിലാണ് ഞാൻ എന്റെ ആദ്യ ചിത്രങ്ങൾ എടുത്തിരുന്നത്. അത് കണ്ടാണ് സഹോദരീ ഭർത്താവായ ബാബു ആദ്യമായി ഒരു പക്ഷെ ഫോട്ടോഗ്രഫിയാവാം എന്റെ മേഖലയെന്നു പറഞ്ഞത്. അക്കാലത്തു ബാബു മൂന്നോ നാലോ ദിവസത്തേക്കായി പർവതാരോഹണത്തിനു പോവുമ്പോൾ ചിത്രങ്ങളെടുക്കാനായി എന്നെയും കൂട്ടുമായിരുന്നു. മൊബൈൽ ഫോണോ മറ്റോ ഇല്ലാതിരുന്ന അന്ന് എന്റെ ചിത്രങ്ങളായിരുന്നു




യാത്രയുടെ ഓർമ്മക്കുറിപ്പുകൾ. അങ്ങനെ ഈ ചിത്രങ്ങൾ അവരുടെ വീട്ടിൽ വളരെ പ്രിയപ്പെട്ടതായി മാറി. ഇവ തന്നെയാണ് പിന്നീട് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് പ്രവേശനത്തിനു മൂണാൾ സെന്നിന് മുന്നിൽ കൊടുത്തതും. ഒരർത്ഥത്തിൽ പർവതത്തിൽ മുകളിലേക്ക് പോവും തോറും ലോങ്ങ് ഷോട്ടും ഷോർട്ട് ഷോട്ടും ക്ലോസപ്പുമെല്ലാം ഇതേ ക്യാമെറയിൽ തന്നെ പതിഞ്ഞിരുന്നു. അങ്ങനെ, നാം കണ്ട കാഴ്ചകളെല്ലാം കാലക്രമം അനുസരിച്ചു പകർത്താനുള്ള ഒരു അഭിരുചി വന്നു. ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് പ്രവേശനത്തിന് ഇതും ഒരു കാരണമായി തീർന്നിട്ടുണ്ടാവാം

**മധു:** ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് തിരിച്ചുവന്നപ്പോൾ സ്വാഭാവികമായിട്ടും ഇന്ത്യയിലെ കൊമേർഷ്യൽ സിനിമയിലെ പല കോണുകളിൽ നിന്നും അങ്ങേക്ക് ക്ഷണമുണ്ടായിട്ടുണ്ടാവും. പക്ഷെ അങ്ങു തിരഞ്ഞെടുത്തത് മലയാളമാണ് – അതും സമാന്തര സിനിമ. അത് വളരെ ബോധപൂർവമായ – നിശ്ചയദാർഢ്യത്തോടെയുള്ള ഒരു തിരഞ്ഞെടുപ്പായിരുന്നിരിക്കണം.

**ഷാജി എൻ കരുൺ:** വാസ്തവത്തിൽ ഞാൻ എന്താണ് സിനിമ എന്ന് മനസ്സിലാക്കുന്നത് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചാണ്. അതിനു മുമ്പൊക്കെ മഹത്തായ സിനിമകൾ കാണുമ്പോൾ ഞാൻ കരുതിയിരുന്നത് ഫോട്ടോഗ്രാഫർ ആണ് സിനിമയിൽ ഏറ്റവും വലിയ സ്ഥാനം അർഹിക്കുന്നത് എന്നാണ്. ഇൻസ്റ്റിറ്റ്യൂട്ടിൽ ചെന്നപ്പോഴാണ് ഒരു ഡിറക്ടറുടെ പ്രാധാന്യം എനിക്ക് മനസ്സിലാകുന്നത്. അവിടെ വലിയൊരു ലൈബ്രറി ഉണ്ടായിരുന്നു. അവിടെ മുഴുവൻ സമയവും സിനിമകൾ കാണിക്കുമായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിലെ ഏകാന്തത ഒഴിവാക്കാൻ ഞാൻ അഭയം തേടിയത് ലൈബ്രറിയിൽ ആയിരുന്നു. അന്ന് നേടിയ അറിവും പിന്നെ അരവിന്ദേട്ടനുമൊത്തുള്ള സിനിമകളും എന്നെ ഏറെ സഹായിച്ചു.

തിരിച്ചു വന്നപ്പോൾ Kerala State Film Development Corporation - ഇൽ ടെക്നിക്കൽ ഹെഡ് ആയി ജോലി കിട്ടി. ആ ജോലി ഞാൻ നന്നായി ആസ്വദിച്ചു, കാരണം അന്നത്തെ ഏറ്റവും പുതിയ സംവിധാനങ്ങളുമായി ആ സ്റ്റുഡിയോ ഡിസൈൻ ചെയ്യാൻ എനിക്ക് അവസരം കിട്ടി.

KSFDC-യിൽ ജോലി കിട്ടുന്നതിനു മുമ്പ് കുറച്ചുനാൾ മദ്രാസ്സിൽ പോയിരുന്നു. സിനിമക്കാരനായത് കൊണ്ട് വാടകയ്ക്ക് വീട് കിട്ടാൻ വളരെ ബുദ്ധിമുട്ടുണ്ടായി. ഭാര്യക്ക് അവിടെ ടെലിഫോൺ ഓപ്പറേറ്റർ ആയി ജോലി കിട്ടിയതു കൊണ്ട് അത് പറഞ്ഞാണ് താമസിക്കാൻ വീട് സംഘടിപ്പിച്ചത്. ആറുമാസത്തോളം എനിക്ക് സ്ഥിരമായ വരുമാനമില്ലാതിരുന്നതുകൊണ്ട് രാത്രിയിൽ തെലുങ്ക് സിനിമയിൽ ടൈറ്റിൽ എടുക്കാൻ പോകുമായിരുന്നു. ഭാര്യയുടെ അച്ഛൻ ഡോക്ടർ പി.കെ. ആർ വാര്യർ ഇടയ്ക്കിടെ അവിടെ വന്നു വീട്ടിലേക്കാവശ്യമായ എല്ലാ സാധനങ്ങളും വാങ്ങി വച്ച് പോകുമായിരുന്നു. മനുഷ്യബന്ധങ്ങളുടെ സ്നിഗ്ധത, മനുഷ്യനന്മകൾ, മനുഷ്യനെപറ്റിയുള്ള വ്യാകുലതകൾ ഒക്കെ ഉൾക്കൊള്ളുന്ന കഥകൾ എന്റെ സിനിമയിൽ കടന്നു വരുന്നതിനു കാരണമായത് ആ അനുഭവങ്ങൾ ആവാം എന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ.

**മധു:** അരവിന്ദനുമൊത്താണ് താങ്കളുടെ സിനിമയിലേക്കുള്ള പ്രവേശനം. 'തമ്പി'ന്റെ ഛായാഗ്രഹണത്തിനു ദേശീയപുരസ്കാരം നേടുമ്പോൾ അങ്ങേക്ക് 26 വയസ്സാണ്. അരവിന്ദൻ മനസ്സിൽക്കണ്ടത് ഞങ്ങൾക്കു കാണിച്ചുതന്നത് അങ്ങാണ്. ആർട്ടിസ്റ്റ് നമ്പൂതിരിയും അന്ന് തൊട്ടേ അങ്ങയുടെ സിനിമാ പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു. ആ ഒരു സഹയാത്രയെക്കുറിച്ചു ഞങ്ങൾക്ക് കൂടുതൽ അറിയണമെന്നുണ്ട്.

**ഷാജി എൻ കരുൺ:** 1974-ഇൽ പൂനെ ഇൻസ്റ്റിറ്റിയൂട്ടിൽ നിന്നും പാസ്സായി മദ്രാസിൽ ഞാനെത്തുമ്പോൾ, "പുസ്തകം നോക്കി പാചകം ചെയ്യുന്നവർ" എന്നായിരുന്നു ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വന്നവർക്കു അവിടെയുള്ള ഇമേജ്. ഈയൊരു സാഹചര്യത്തിലാണ് 'കാഞ്ചനസീത'യുടെ ഛായാഗ്രഹണത്തിന് എനിക്കും, മൂണാൾദായുടെ ചിത്രത്തിന്റെ ഛായാഗ്രഹണത്തിനു മഹാജനം ഒക്കെ സംസ്ഥാന, ദേശീയ അവാർഡുകൾ ലഭിക്കുന്നത്. അരവിന്ദേട്ടൻ തന്റെ ചലച്ചിത്രത്തിലേക്കു എന്നെ സ്വീകരിക്കാനുള്ള കാരണം, എന്റെ ഇൻസ്റ്റിറ്റ്യൂട്ട് ബാക്ക്ഗ്രൗണ്ട് തന്നെയാവണം.

അരവിന്ദേട്ടൻ നല്ലൊരു ചിത്രകാരനായിരുന്നു. ഒരു ഛായാഗ്രാഹകനെ സംബന്ധിച്ചിടത്തോളം, ചിത്രകാരനായൊരു സംവിധായകനോടൊപ്പം ജോലി ചെയ്യുക എന്നത്, ഏറ്റവും സായൂജ്യകരമായ അനുഭവമാണ്.

കാഞ്ചനസീതയിൽ, പ്രകൃതിയാണ് സീത എന്ന് സംവിധായകൻ പറയുമ്പോൾ, ഒരു ഛായാഗ്രാഹകന് അതൊരു വെല്ലുവിളിയാണ്. അതിനെ അഭിമുഖീകരിക്കുമ്പോൾ ഞാൻ പ്രകൃതിയെ കണ്ട രീതിയും എന്റെ അനുഭവനങ്ങളും, ഓർമകളും ഒക്കെ ഉപയോഗപ്പെടുത്തി, അദ്ദേഹം മനസ്സിൽക്കണ്ടത് എനിക്ക് ഫിലിമിലൂടെ കാണിച്ചു കൊടുക്കേണ്ടിയിരുന്നു. അതിൽ ഞാൻ എത്രത്തോളം വിജയിച്ചു എന്നറിയില്ല, പക്ഷെ അദ്ദേഹത്തിന് ഇഷ്ടപ്പെട്ടു എന്ന് തോന്നുന്നു.

പിന്നെ ഞങ്ങൾ തമ്മിൽ ഉള്ള രസതന്ത്രം. ഞങ്ങൾ രണ്ടു പേരും അധികം സംസാരിക്കാത്ത പ്രകൃതക്കാരായിരുന്നു. തമ്പിന്റെ സ്ക്രിപ്റ്റ് നാല് പേജ് മാത്രമായിരുന്നു. അത് പടിപടിയായി വികസിപ്പിച്ചാണ് സിനിമയാക്കിയത്. ആയിടക്ക്, ഞാൻ

ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനിൽ ജോലി ചെയ്തിരുന്ന സമയത്ത് അന്നത്തെ ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രിയായിരുന്ന ശ്രീ. അദ്വാനി അവിടെ വന്നു. ദേശീയപുരസ്കാര ജേതാവായ ഛായാഗ്രാഹകനാണെന്നു എം.ഡി എന്നെ പരിചയപ്പെടുത്തിയപ്പോൾ, ആ സിനിമകൾ കണ്ടിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞതായി ഓർക്കുന്നു. അങ്ങനെ സിനിമക്കുള്ളിലും പുറത്തുമുള്ള വളർച്ചക്ക് അരവിന്ദനുമൊത്തുള്ള പ്രവർത്തിപരിചയം എന്നെ സഹായിച്ചു. അദ്ദേഹത്തിന്റെ ഒട്ടു മിക്ക ചിത്രങ്ങളുടെയും ഭാഗമാവാൻ എനിക്ക് ഭാഗ്യം ലഭിച്ചു. കാവാലവും ആർട്ടിസ്റ്റ് നമ്പൂതിരിയുമെല്ലാം ആ യാത്രയുടെ ഭാഗമായി.

**ദീപ്തി:** സർ, സംവിധായകന്റെ മേലങ്കി അണിഞ്ഞത് ഏഴ ചിത്രങ്ങൾക്കാണ്. ഓരോ ചിത്രവും ഓരോ നാഴികക്കല്ലുകൾ, കന്നി ചിത്രമായ 'പിറവി'ക്കു, കാൻ ഫിലിം ഫെസ്റ്റിവൽ പുരസ്ക്കാരമടക്കം മുപ്പതിലധികം അന്താരാഷ്ട്ര ബഹുമതികൾ, അതിലെ ഒരു രംഗം നമുക്കിപ്പോൾ അൽപ്പം കണ്ടു നോക്കാം

*(രഘുവിനെ അന്വേഷിച്ചുള്ള യാത്ര കഴിഞ്ഞു, സഹോദരി വീട്ടിൽ തിരിച്ചെത്തിയ സമയം. അച്ഛൻ മകളോട് ചോദിക്കുന്നു. "കാത്തിരിക്കേണ്ടെ? പിന്നെ എന്തിനാ ഞാൻ അവന്റെ അച്ഛനായെ? ദേവകി എന്തിനാ അവന്റെ അമ്മയായെ? നീയെന്തിനാ അവന്റെ ഓപ്പോളായേ? കാത്തിരിക്കണ്ടാത്രേ...നല്ല കാര്യമായി...)*

അങ്ങയുടെ ഓരോ സിനിമയും, വീണ്ടും കാണുമ്പോൾ വ്യത്യസ്ത അർത്ഥതലങ്ങൾ സമ്മാനിക്കുന്നു, ഉദാഹരണത്തിന് പിറവിയിലെ കാത്തിരിപ്പ്.

**ഷാജി എൻ കരുൺ**: കാത്തിരിപ്പ് എന്നത് മനുഷ്യന്റെ ഏറ്റവും വലിയ ഒരു നന്മയാണ്. നമ്മൾ എന്തിനു വേണ്ടി കാത്തിരിക്കുന്നു? ഒരു നല്ല കാലം വന്നുകാണാൻ വേണ്ടിയുള്ള പ്രവർത്തനം ഒരു കാത്തിരിപ്പാണ്. ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിലുള്ളൊരു കാത്തിരിപ്പ് ഒരുപക്ഷെ എന്റെ എല്ലാ സിനിമയിലും ഉണ്ട്. പിറവി സ്വന്തം മകന് വേണ്ടിയുള്ള കാത്തിരിപ്പിന്റെ കഥയാണ്. ആ മകൻ ഈ സിനിമയിൽ അദൃശ്യനാണ്.

എഴുപത്തഞ്ചു വയസ്സുള്ള പ്രേംജിയെ എന്തിനാണ് അച്ഛനായി അഭിനയിപ്പിച്ചത് എന്ന ചോദ്യം പലരും ചോദിക്കുകയുണ്ടായി. സിനിമയിൽ അച്ഛന്റെ ഇമേജ് എങ്ങനെയും ഉപയോഗിക്കാം, അങ്ങനെ തന്നെ അമ്മയുടെയും മകന്റെയുമൊക്കെ. ഇതിൽ മകൻ അദൃശ്യനാവുമ്പോൾ, നമ്മളിൽ ഓരോരുത്തരും സ്വന്തം ജീവിതത്തിൽ കാത്തിരിക്കുന്ന വ്യക്തിയുടെ രൂപം ആ മകന് കൽപ്പിച്ചു നൽകുന്നു. സിനിമ ഒരു സ്വകാര്യാനുഭവമായി മാറുന്നു - ആ അദൃശ്യത അങ്ങനെ സിനിമയിൽ ഉപയോഗിക്കപ്പെടുന്ന ഒരു ഉപകരണമായി മാറുന്നു. ഈ അദൃശ്യതക്കു അടിവരയിടാൻ പിറവിയുടെ കാരണമായ മഴയെയും ഉപയോഗിച്ചിരിക്കുന്നു.

കാൻ ചലച്ചിത്ര മേളയിൽ പിറവി പ്രദർശിപ്പിച്ചു കഴിഞ്ഞതിനു ശേഷം തീയറ്ററിൽ ഒറ്റക്കിരുന്നിരുന്ന ഒരു വൃദ്ധ സ്ത്രീയെ കാണാൻ ഇടയായി. രണ്ടാം ലോകമഹായുദ്ധത്തിൽ കാണാതായ മകനെ കാത്തിരിയ്ക്കുന്ന ഒരു അമ്മയായിരുന്നു അത്. കാത്തിരിപ്പിന്റെ ആ സർവ്വജനീനസ്വഭാവമാവാം പിറവിക്കു ഇത്രയും ജനശ്രദ്ധ നേടിക്കൊടുത്തത്.

**ദീപ്തി:** സാർ മഴയുടെ കാര്യം പറഞ്ഞു. അങ്ങയുടെ ഓരോ സിനിമയിലും പ്രകൃതി ഒരു അന്തർധാരയായി പ്രവർത്തിക്കുന്നത് കാണാം. - പ്രകൃതി ശക്തി, കണ്ണീരു തോരാത്ത മഴ, ആകാശം അങ്ങനെ...

**ഷാജി എൻ കരുൺ:** കണ്ണീര് ഏറ്റവും വിശുദ്ധമായ ഒന്നാണ്. കണ്ണീരിന് ഉപ്പുണ്ട് എന്ന് നാം പറയുമ്പോൾ, ഒരുപാട് അർത്ഥതലങ്ങൾ അതിനുണ്ട്. ഉപ്പ് എന്നത് കണ്ണീരിനെ പ്രകൃതിയുമായി ബന്ധപ്പെടുത്തുന്നു. അതുപോലെ ജീവിതത്തിലെ പല കാര്യങ്ങളും പ്രകൃതിയുമായി ബന്ധപ്പെടുത്തിയാണ് നാം ചിന്തിക്കുന്നത്. ആ ബന്ധത്തെ സിനിമയിലും നമ്മൾ ഉപകാരണമാക്കുന്നു.

വളരെക്കാലം മുൻപു വരക്കപ്പെട്ട ചിത്രങ്ങൾ നോക്കു. അവയിലെല്ലാം പ്രകൃതിയുടെ പല രൂപത്തിൽ കടന്നു വരുന്നു. മൈക്കൽ അഞ്ചലോയുടെയും റെംബ്രന്റെയും ഒക്കെ ചിത്രങ്ങളിൽ ഈ സാന്നിധ്യം കാണാം. എന്നാൽ ആധുനിക കാലത്തെ ചിത്രങ്ങളിൽ ഈ ബന്ധം പൊയ്പ്പോവുന്നതായാണ് കാണുന്നത്. അത് ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്.

**മധു:** അങ്ങയുടെ പിന്നീട് വന്ന ചിത്രങ്ങളായ വാനപ്രസ്ഥം, സ്വപാനം, ഒരു പരിധി വരെ 'കുട്ടിസ്രാങ്ക്' എന്നിവയിൽ എല്ലാം കാലാകാരന്റെ ജീവിതത്തിലൂടെയാണ് അങ്ങ് ഒരു കാലഘട്ടത്തിന്റെയോ സമൂഹത്തിന്റെയോ, അവരുടെ പ്രതിസന്ധികളുടെയോ ഒക്കെ കഥ പറയുന്നത്. സമൂഹത്തിൽ ന്യൂനപക്ഷമായ കലാകാരൻ, എന്ത് കൊണ്ടാണ് ഒരു മഹാഭൂരിപക്ഷത്തിന്റെ കഥ പറയാനുള്ള നിമിത്തമായി മാറുന്നത്?

കലാകാരന്റെ പ്രതിസന്ധികൾ, അവന്റെ പോരാട്ടങ്ങൾ ഒക്കെ അങ്ങയുടെ സിനിമയിൽ കാണാം - അതിൽ ഒരു ആത്മാശമുണ്ടോ?

**ഷാജി എൻ കരുൺ:** സമാന്തര സിനിമയിൽ പ്രവർത്തിക്കുന്ന എല്ലാവരും നേരിടുന്ന ഒരു പ്രതിസന്ധി ഉണ്ട് – പ്രത്യേകിച്ചും സാമ്പത്തിക തലത്തിൽ. എന്റെ മൂന്ന് സിനിമകൾ ഏറ്റവും നല്ല സിനിമക്കുള്ള ദേശീയ അവാർഡ് നേടി. എന്നിട്ടും ഇന്നും എന്റെ ഒരു സിനിമക്ക് വേണ്ടി പണമിറക്കാൻ തയ്യാറുള്ളവർ കുറവാണ്. എല്ലാ നല്ല കലകളിലും കലാകാരന്മാർ ഈ പ്രതിസന്ധി നേരിട്ടേ പറ്റൂ.

ഒരു പാട് 'layers' ഉപയോഗിക്കാനാവുമെന്നത് സിനിമ എന്ന മാധ്യമത്തിന്റെ ശക്തിയാണ്.

വാനപ്രസ്ഥത്തിലെ കലാകാരന്റെ ഐഡന്റിറ്റി ക്രൈസിസ്, സ്വപാനത്തിൽ തന്റെ സ്നേഹത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾ ഇതെല്ലാം, പല തരം പ്രതിസന്ധികളിലൂടെ വരുന്നതാണ്. പക്ഷേ സിനിമയിൽ അത് കാണിക്കുമ്പോൾ അതോടൊപ്പം ചേർത്ത് ഞാൻ ഒളിപ്പിച്ചു വയ്ക്കുന്ന ഒരുപാട് layers ഉണ്ട്. സഹൃദയൻ സിനിമ ഓരോ തവണ കാണുമ്പോഴും പുതിയ തലങ്ങൾ അനാവൃതമാവുന്നു. അരവിന്ദന്റെയും സത്യജിത് റായുടെയും സിനിമകൾ പോലെ, ലോകത്തിലെ എല്ലാ നല്ല സിനിമകളും ഓരോ വട്ടം കാണുമ്പോഴും പുതിയ അനുഭവമായി മാറുന്നതിനു കാരണവും മറ്റൊന്നല്ല.

ഞാനൊളിപ്പിച്ച തലങ്ങൾ സിനിമ കാണുന്നവർ തിരിച്ചറിയും എന്ന ധൈര്യത്തിലാണ് ഞാൻ സിനിമയെടുക്കുന്നത്. ഇവിടെ ചോദിക്കപ്പെട്ട പല ചോദ്യങ്ങളും ഞാൻ പ്രേക്ഷകരെ കൂട്ടിക്കൊണ്ടു പോകാൻ ശ്രമിച്ച തലങ്ങളിലേക്ക് അവർ എത്തി

എന്നതിന് തെളിവാണ്. ഞാനതിൽ ഏറ്റവും സന്തോഷിക്കുന്നു.

**ദീപ്തി:** ലോകസിനിമയിൽ, നിർമിക്കപ്പെടുന്ന ചിത്രങ്ങളുടെ എണ്ണമെടുത്താൽ ഇന്ത്യൻ സിനിമ വളരെ മുന്നിലാണ്. എന്നാൽ മികവിന്റെ കാര്യത്തിൽ നമ്മൾ എവിടെയാണ് എത്തിനില്ക്കുന്നത്?

**ഷാജി എൻ കരുൺ**: ഡിജിറ്റൽ യുഗത്തിന്റെ വരവോടെ സിനിമ നിർമ്മിക്കുന്നത് മുൻപുള്ളതിനേക്കാൾ എളുപ്പമായി. പല രാജ്യങ്ങളും പുതുതായി ഈ രംഗത്തേക്ക് കടന്നു വരുന്നുമുണ്ട്. പല രാജ്യങ്ങളിൽ നിന്നും സ്വത്വാന്വേഷണത്വര നിറഞ്ഞ പല സിനിമകളും വരുന്നു. ഇന്ത്യയിൽ പ്രധാനമായും വിനോദോപാധിയായിട്ടാണ് നിലനിന്നത്. പക്ഷെ നല്ല സിനിമയെ വിനോദോപാധി എന്നതിനേക്കാൾ സാംസ്കാരിക പ്രവർത്തനമായാണ് കാണേണ്ടത്. അത് ഇപ്പോഴും ബുദ്ധിപരമായ വ്യായാമമാണ് – A food for brain എന്ന് പറയാം. ആ സമീപനം നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സമയമാണിപ്പോൾ. സിനിമയെന്നത് അത് കണ്ടുകൊണ്ടിരിക്കുന്ന നിമിഷത്തിൽ മാത്രം ആഘോഷിക്കേണ്ട ഒന്നായി മാറുന്നു. ഫേസ് ബുക്കിലൊക്കെ ഒന്ന് കണ്ണടച്ചു തുറക്കുമ്പോഴേക്കും ലക്ഷക്കണക്കിന് like കിട്ടുകയും അടുത്ത നിമിഷത്തിൽ മറന്നു പോകുകയും ചെയ്യുന്ന കാലത്ത് സിനിമ എന്നത് നൈമിഷികമായ ആഘോഷത്തിനു ശേഷം മറന്നു പോകേണ്ട ഒന്നാണോ, അതോ എന്നെന്നേക്കുമായി ചരിത്രത്തിന്റെ ഭാഗമായി മാറേണ്ട ഒന്നാണോ എന്ന് നാം ചിന്തിക്കണം. ഈ ചോദ്യത്തെ എല്ലാ നല്ല കലാപ്രവർത്തകരും അഭിമുഖീകരിക്കേണ്ട തുണ്ട്. ചരിത്രത്തിന്റെ ഭാഗമാകാനുള്ള ശ്രമത്തിൽ ജയാപജയങ്ങൾ വിഷയമല്ല – ആ ശ്രമമാണ് പ്രധാനം.

**ദീപ്തി:** അങ്ങയുടെ ഏറ്റവും പുതിയ സിനിമയായ 'ഓള്'-ന്റെ പണിപ്പുരയിൽ നിന്നാണ് അങ്ങ് ഇവിടെ എത്തിയിട്ടുള്ളത്. 'ഓള്'നെക്കുറിച്ച് രണ്ടു വാക്ക്?

**ഷാജി എൻ കരുൺ:** ഒരുപക്ഷെ സ്നേഹത്ത്നെക്കുറിച്ച് ഞാനിതുവരെ പറഞ്ഞതിൽ നിന്ന് വളരെ വ്യത്യസ്തമായ ഒരു തലമാണ് ഈ സിനിമയിൽ പ്രത്യക്ഷപ്പെടുന്നത്. ബലാത്സംഗം ചെയ്യപ്പെട്ട ഒരു പെൺകുട്ടി മനസ്സിൽ ഒളിപ്പിച്ചുവച്ച സ്നേഹത്തെ പറ്റിയുള്ള ഒരന്വേഷണമാണ് ഈ സിനിമ – നഷ്ടപ്പെട്ടുപോയ ഒരു ജീവിതം ഒളിപ്പിച്ചു വച്ച സ്നേഹഭാവങ്ങൾ എന്ന് പറയാം.

അവസാനിപ്പിക്കുന്നതിന് മുൻപ് ഒരു വാക്ക് കൂടി. ഒരു കലാകാരന്റെ പ്രഥമപരിഗണന നൻമയുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുക എന്നതാണ്. Intelligent ആയ സമൂഹമാണ് ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്ത്. അത്തരം ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിൽ ഏറ്റവും പ്രധാനമായ കർമ്മം നിർവഹിക്കുന്നത് കലാകാരൻമാരാണ് – അത് ചിത്രകാരനായാലും വിദൂഷകനായാലും സിനിമാ പാട്ടുകാരനായാലും പ്രവർത്തകരായാലും. കലാകാരന്റെ ഈ ധർമ്മമാണ് ഏറ്റവും പ്രധാനം എന്ന് വിശ്വസിച്ച് അത്തരമൊരു സൃഷ്ടികർമ്മത്തിന്റെ ഭാഗമാവാൻ ശ്രമിക്കുന്ന ഒരു വ്യക്തി ആണ് ഞാൻ.

*തയ്യാറാക്കിയത്:*

*പ്രിയ കിരൺ: അഡ്വക്കേറ്റ്. ബ്ലോഗർ. ആനുകാലികങ്ങളിൽ പതിവായി എഴുതുന്നു.*



# തകഴിയുടെ രണ്ടിടങ്ങഴി



**Dr Ninan Daniel; Rtd G.P**

*Has been a long-standing well-wisher of 'Sruthi'. He is proud of his Central Travancore heritage and he has a special interest in the interface between literature and social changes*

കാലമാണ് എഴുത്തുകാന്റെ മാറ്റ് പരിശോധിക്കുന്നതെങ്കിൽ തകഴി ശിവശങ്കരപ്പിള്ളയുടെ രണ്ടിടങ്ങഴി, ചെമ്മീൻ എന്നീ കൃതികളെ സംബന്ധിച്ചിടത്തോളം ഈ വാക്കുകൾ തികച്ചും അർത്ഥവത്താണ്.

രണ്ടിടങ്ങഴി ആദ്യമായി പുറത്തുവന്നത് 1948-ൽ ആണ്. ഏഴുപതിറ്റാണ്ടിനു ശേഷവും ഈ നോവൽ വ്യാപകമായി സ്വീകരിക്കപ്പെടുന്നുവെന്ന് പ്രസാധകൻ രവി ഡി.സി. അഭിപ്രായപ്പെടുന്നു.

കുട്ടനാടിന്റെയും അവിടെ പകലന്തിയോളം പണിയെടുത്ത് കേരളത്തിനുണ്ണാൻ നെല്ലുവിളയിച്ച കർഷകത്തൊഴിലാളികളുടെയും ജീവിതം യഥാതഥമായി ആവിഷ്കരിക്കുന്നതിൽ അസാമാന്യമായ വിജയമാണ് ഈ നോവലിലൂടെ തകഴി കൊയ്തെടുത്തത്. ചൂഷിതർ, ചൂഷകർക്കെതിരെ പൊരുതുന്നതിന്റെ ചരിത്രകഥ, അകൃത്രിമമായ, മലയാളത്തനിമ നഷ്ടപ്പെടാത്ത ഭാഷയിൽ പറയുകയാണ് തകഴി, അത്യുക്തിയോ, അതിഭാവുകത്വമോ കലർത്താതെ. ഈ ഭാഷയും ഇതിന്റെ ലാളിത്യവുമായിരിക്കണം വിദേശ ഭാഷകളിലേക്കും ഈ കൃതി വിവർത്തനം ചെയ്യപ്പെട്ടതിനു കാരണം.

ചിരുത-കോരൻ ദമ്പതിമാരുടെ ജീവിതം അഗ്നിപരീക്ഷണങ്ങളെ അതിജീവിക്കുന്ന വീരോജ്ജ്വലവും വികാരനിർഭരവുമായ കഥ, തകഴി ഹൃദയഹാരിയായി അവതരിപ്പിച്ചിരിക്കുന്നു. അതോടൊപ്പം തന്നെ, പ്രഭാതം മുതൽ പ്രദോഷം വരെ പാടങ്ങളിൽ പണിയെടുത്ത് കുട്ടനാടിനെ കേരളത്തിന്റെ നെല്ലറയാക്കി മാറ്റിയ കർഷകത്തൊഴിലാളികൾ വർഗ്ഗബോധത്തോടെ ഉണർന്നെഴുന്നേറ്റ് ചൂഷണത്തെ പരാജയപ്പെടുത്തുന്ന രാഷ്ട്രീയ-സാമൂഹ്യസമരചരിത്രം അനാവരണം ചെയ്യപ്പെടുകയാണ്.

വീട്ടിലും പുഞ്ചപ്പാടത്തും നന്നായി വേല ചെയ്യുന്ന ആരോഗ്യവതിയായ ചിരുതയെ കാണാൻ എട്ടിൽ തറയിൽ എത്തിയ നീലമ്പേരൂർക്കാരൻ കോരനും ചമ്പക്കുളത്തുകാരൻ ചാത്തനും ഉൾപ്പെട്ട ചെറുപ്പക്കാരിൽ ചിരുതയ്ക്കിഷ്ടപ്പെട്ടതു കോരനെയാണ്. അവളുടെ അച്ഛൻ ആവശ്യപ്പെട്ട പെമ്പണം - അമ്പതു രൂപയും ഇരുപത്തിയഞ്ചു പറ നെല്ലും - ഉണ്ടാക്കിയെടുക്കാൻ, കോരൻ പുഷ്പവേലിൽ ഔസേപ്പ് മുതലാളി എന്ന വൻകൃഷിക്കാരന്റെ ഓണപ്പണിയിൽ ഏർപ്പെട്ടു. ഒരു ദിവസത്തെ കൂലി രണ്ടിടങ്ങഴി നെല്ലാണ്. തന്റെ കുടുംബാംഗങ്ങളുടെ എതിർപ്പിനെ അവഗണിച്ച് കോരൻ ചിരുതയെ വേളികഴിച്ചു.

പുഷ്പവേലിൽ ഔസേപ്പിന്റെ ആറു പാടങ്ങളിലേക്കും വച്ച് ഏറ്റവും നല്ല കൃഷി കോരന്റെ കാവൽപ്പാടത്തായിരുന്നു. പകലന്തിയോളം പണിയെടുത്ത് കോരൻ അവന്റെ കടമ നിറവേറ്റി. കോരന്റെ പാടത്തെ നെല്ല് കുതിച്ചു വളരുകയാണ്. ഔസേപ്പിന്റെ മറ്റു പാടങ്ങളിലെയും കൃഷി ഒന്നാംതരം തന്നെ.

വൻകിടകൃഷിക്കാരുടെയും മുതലാളിമാരുടെയും ജന്മിമാരുടെയും താത്പര്യങ്ങൾ സംരക്ഷിക്കാൻ 'സ്റ്റേറ്റ് കോൺഗ്രസ്സ്' എന്ന പേരിൽ ഒരു രാഷ്ട്രീയകക്ഷി രൂപം കൊണ്ട് പ്രവർത്തനം ആരംഭിച്ചു. പള്ളിക്കാരും പട്ടക്കാരും എൻ.എസ്.എസ് കരയോഗങ്ങളും എസ്.എൻ.ഡി.പി യോഗവുമെല്ലാം സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പിന്നിൽ അണിനിരന്നു. കർഷകത്തൊഴിലാളികളെയെല്ലാം ആ സംഘടനയിൽ അംഗങ്ങളാക്കി.

ആ വർഷത്തെ കൊയ്ത്തു കഴിഞ്ഞപ്പോൾ, കറ്റയുടെ കാര്യത്തിൽ കോരൻ വലിയ തമ്പ്രാനുമായി ഇടഞ്ഞു. തന്റെ ചുമതലയുള്ള പാടത്തിൽ നിന്ന് ലഭിച്ച വിളവിന്റെ കണക്കറിയാൻ കോരൻ ആവശ്യപ്പെട്ടു. ഔസേപ്പ് ആ ആവശ്യം നിരസിച്ചു. തമ്പ്രാന്റെ കണക്കുകൂട്ടൽ കള്ളമാണെന്ന് കോരൻ തുറന്നടിച്ചത് ഔസേപ്പിനെ കോപാകുലനാക്കി.

കോരൻ വികാരവിവശനാവുകയാണ്. "ഈ തമ്പുരാൻ എന്നു പറയുന്നവനെ എന്തിനു വിശ്വസിക്കണം? ഈ നെല്ലുണ്ടാക്കുന്നതിന് അയാൾക്ക് എന്തു പാടുവന്നു?" അന്നാദ്യമായി അവനു തോന്നി, അവന്റെ പ്രയത്നഫലം മുഴുവൻ ആ കുനിഞ്ഞിരുന്ന് കണക്കു കൂട്ടുന്ന പിശാച് അപഹരിച്ചെന്ന്; അവന്റെ രക്തം ഊറ്റിക്കുടിക്കുന്നുവെന്ന്. അവനും കഴിയണം; അവനും അവകാശമുണ്ട്. അവൻ വേല ചെയ്യുന്നുണ്ട്... ആ നെല്ലും പണവും അവന്റെ കൂടിയാണ്... ആരുടെയും സൗജന്യം വേണ്ട! ഉച്ചത്തിൽ നിലവിളിച്ചാൽ എന്തെന്ന് കോരനു തോന്നി. അവന്റെ അവകാശം തന്നില്ലെങ്കിൽ അവനതു പിടിച്ചു പറ്റുമെന്ന്.

കുട്ടനാട്ടിലെങ്ങും നെൽക്കൂലി ഇല്ലാതായി. അതു കൃഷിക്കാർ എല്ലാവരും കൂടി യോജിച്ചെടുത്ത ഒരു തീരുമാനമായിരുന്നു. ഇതിനെ നേരിടാൻ കോരന്റെ കർഷകത്തൊഴിലാളികൾ യോഗം കൂടി. അങ്ങനെ പാവപ്പെട്ടവർ ഒന്നിച്ചപ്പോൾ മേലാളരോട് തങ്ങളുടെ അവകാശങ്ങളെപ്പറ്റി പറയാൻ കീഴാളർക്ക് ധൈര്യം വന്നു. ആ താലൂക്കിലെ പ്രമുഖനായ സ്റ്റേറ്റ് കോൺഗ്രസ്സുകാരന്റെ വീട്ടിൽ നിന്നും പുറപ്പെട്ട നെല്ലു നിറച്ച വള്ളം ആ യോഗത്തിൽ സംബന്ധിച്ച ചില "പറയരും പുലയരും" കൂടി പിടിച്ചു. മേലാളരുടെ ദേഷ്യം കോരനു നേരെ തിരിഞ്ഞു.

തിരുവിതാംകൂർ നിയമസഭയിലേക്കുള്ള പൊതുതെരഞ്ഞെടുപ്പ് സമാഗതമായിരിക്കുന്നു. ആ കരയിലെ ഒരു വമ്പിച്ച കൃഷിക്കാരനാണ് സ്റ്റേറ്റ് കോൺഗ്രസ്സ് സ്ഥാനാർത്ഥി. മറ്റൊരു സ്വതന്ത്ര സ്ഥാനാർത്ഥിയുമുണ്ട്. രണ്ടു കക്ഷികളും തമ്മിൽ വാശിയേറിയ മത്സരം നടക്കുന്നു. അതിനിടയിൽ കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളുടെ ഒരു യൂണിയനും രജിസ്റ്റർ ചെയ്യപ്പെട്ടു. താമസിയാതെ കർഷകത്തൊഴിലാളി യൂണിയൻ ആ തെരഞ്ഞെടുപ്പിന്റെ ഭാഗധേയത്തെ നിർണ്ണയിക്കുന്ന ഒരു പ്രധാന ഘടകമായിത്തീർന്നു. സ്വതന്ത്രസ്ഥാനാർത്ഥി ഒരു ഭീമമായ തുക യൂണിയന് നൽകാമെന്ന് വാഗ്ദാനം ചെയ്തു. യൂണിയൻ പ്രവർത്തകസമിതി കോരന്റെ വീട്ടിൽ യോഗം ചേർന്ന്, ദീർഘമായ പര്യാലോചനയ്ക്കു ശേഷം ആ വാഗ്ദാനം തിരസ്കരിച്ചു.

അധികാരത്തിൽ വന്നാൽ സ്റ്റേറ്റ് കോൺഗ്രസ്സ് എല്ലാവരുടെയും താത്പര്യത്തെ സംരക്ഷിക്കുമെന്നും പാവപ്പെട്ടവന്റെ അവശതകൾ പരിഹരിക്കുമെന്നും പ്രസ്താവനയിറക്കി. യൂണിയൻ നേതൃത്വത്തിന്റെ നിർദ്ദേശമനുസരിച്ച് കീഴാളർ മൊത്തമായി കോൺഗ്രസ്സ് സ്ഥാനാർത്ഥിയെ വോട്ടു നൽകി വിജയിപ്പിച്ചു. തങ്ങൾ ജയിപ്പിച്ച സ്ഥാനാർത്ഥി മന്ത്രിയായത് കുട്ടനാട്ടിലെ കീഴാളർക്ക് പ്രതീക്ഷയ്ക്ക് വക നൽകി. കർഷകത്തൊഴിലാളികളുടെ ഒരു വിശേഷാൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ട് നേതാവ് നരേന്ദ്രൻ പ്രസ്താവിച്ചു. "ഈ സർക്കാർ പാവപ്പെട്ടവനു വേണ്ടി എന്തു ചെയ്യുമെന്നറിയട്ടെ". അതൊരു മുന്നറിയിപ്പായിരുന്നു.

കുട്ടനാട്ടിലെ മുതലാളിവർഗ്ഗം പേടിക്കുക തന്നെ ചെയ്തു. 'പറയനും' 'പുലയനും' ഒന്നിച്ചു കൂടിയിരിക്കുന്നു; അവർ വളർന്നു കഴിഞ്ഞു, ഉണർന്നു കഴിഞ്ഞു.

ദിവസം രണ്ടു കൂലിയേൻ നെല്ലും ബാക്കിക്ക് സർക്കാർ നിരക്കുവച്ചുള്ള പണവും എന്ന നിലയിൽ കൂലിയുടെ നിരക്കു മാറി. തൊഴിലാളികൾക്ക് അതൊരു വമ്പിച്ച വിജയമായിരുന്നു.



കോരൻ യൂണിയന്റെ ജീവനാഡിയാണ്. അവന് കുട്ടനാട്ടിലെ കീഴാളരുടെ ഇടയിൽ നല്ല സ്ഥാനമാണ്. ആ പ്രാമാണ്യത്തിൽ ചിരുത അഭിമാനം കൊണ്ടു. പാവപ്പെട്ട പറയനോടും പുലയനോടും ചെയ്യുന്ന അഴിമതികളെക്കുറിച്ച് അവൻ ആവേശത്തോടെ വിവരിക്കുമ്പോൾ അവളുടെ രക്തത്തിനു ചൂടുപിടിക്കാറുണ്ട്. എന്നാൽ അവളുടെ മന:സ്സമാധാനം കെടുത്തുന്ന ചില ചിന്തകളുമുണ്ട്. പറയനും പുലയനും അറിയാത്ത ഇരുളിൽ കളങ്ങളിലെ കച്ചിക്കൂനകൾക്കിടയിലും കണ്ണെത്താത്ത ദൂരത്തോളം പരന്നുകിടക്കുന്ന നെൽപ്പാടങ്ങളുടെ വരമ്പുകളിലും വച്ചു നടക്കുന്ന അസാന്മാർഗ്ഗിക ചെയ്തികൾ. കുട്ടനാടൻ പറയന്റെയും പുലയന്റെയും പരമ്പരാഗതമായ സംസ്കാരത്തിന്റെ ജീവനാഡി ചാരിത്ര്യബോധമാണ്. അവന്റെ പെണ്ണിന്റെ ചാരിത്ര്യം അപകടത്തിലാണെന്നറിഞ്ഞാൽ ആ അതിമാനുഷ കരുത്ത് എങ്ങനെ പ്രതികരിക്കുമെന്ന് പറയുക വയ്യ.

ഒരു രാത്രി കോരൻ ചിരുതയോട് തന്റെ യൂണിയൻ പ്രവർത്തനപരിപാടി വിശദമാക്കി - "ഇനി മുന്നിൽ നീണ്ടു കിടക്കുന്ന കാലം അപകടകരമാണെന്നും തങ്ങളുടെ അവശതകൾ പരിഹരിക്കാനും അവകാശങ്ങൾ നേടിയെടുക്കുവാനു വേണ്ടി ജീവൻ-മരണ സമരം ആവശ്യമാണെന്നും".

കുട്ടനാട്ടിലെ കർഷകത്തൊഴിലാളി, അവന്റെ പരിമിതമായ അവകാശങ്ങൾ യൂണിയൻ മുഖാന്തിരം ആവശ്യപ്പെട്ടു. കൃഷിക്കാരനോടു മാത്രമല്ല; സർക്കാരിനോടും. അവനു നെല്ലു കൂലി അളക്കുന്നത് അവന്റെ മുൻപിൽ വച്ചു വേണമെന്നും കൂലി ഇടങ്ങഴി നിറച്ചളക്കണമെന്നും നിലത്തിലുണ്ടാകുന്ന വിളവിന്റെ ഒരംശം അവനു കിട്ടണമെന്നും തമ്പുരാന്റെ ലാഭം അവന്റെ വേലക്കൂലിയാണെന്നും അവൻ തുറന്നടിച്ചു.

നാട്ടുനീളെ കർഷകത്തൊഴിലാളി യോഗങ്ങളും ഘോഷയാത്രകളും നടന്നു. പ്രധാനപ്പെട്ട യൂണിയൻ പ്രവർത്തകർ, കോരൻ ഉൾപ്പെടെ ഒളിവിലാണ്. ഒരു രാത്രി ആറ്റിൽക്കൂടി നീന്തിയൊഴുകി ആ ചെറ്റക്കുടിലിൽ എത്തിയ കോരനെ ചിരുത ഒരു സന്തോഷവാർത്ത അറിയിക്കുകയാണ്; താൻ ഗർഭവതിയാണെന്ന്. കോരൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി.

ഒരു പാതിരായ്ക്ക് തന്റെ എല്ലാമെല്ലാമായ ചിരുതയെ കാമാർത്തിയോടെ ബലമായി അപമാനിക്കാൻ ശ്രമിച്ച പുഷ്പവേലിൽ കൊച്ചുതമ്പ്രാനെ കോരൻ അവന്റെ കുടിലിൽ വച്ചു

തന്നെ തല്ലിക്കൊന്നു. ഈ കൊലപാതകം കുട്ടനാട്ടിലെ കർഷക മുതലാളിവർഗ്ഗത്തെ നടുക്കി. പുലയനും പറയനും മർദ്ദിക്കപ്പെട്ടു. ഒളിവിൽ പോയ കോരൻ പിടിക്കപ്പെട്ടു. കൊലപാതകത്തിന് 15 വർഷത്തേക്ക് ജീവപര്യന്തം തടവുശിക്ഷയും ലഭിച്ചു.

കോരന്റെ നിർദ്ദേശപ്രകാരം സഹതൊഴിലാളി ചാത്തൻ ചിരുതയുടെ സംരക്ഷണം ഏറ്റെടുത്തടുത്തു. സഹോദരനും സഹോദരിയും പോലെ അവർ ജീവിതം തുടരുന്നു. കോരൻ അവളെ ചാത്തനെ ഏൽപ്പിച്ചതാണ്. എന്നാൽ ഒരു പറയന്റെ പറകിയായി മാത്രം ജീവിതം അവസാനിപ്പിക്കാൻ ചിരുത ദൃഢനിശ്ചയമെടുത്തു കഴിഞ്ഞിരുന്നു.

തൊഴിലാളിസമൂഹം സംഘടിച്ചതോടെ കുട്ടനാട്ടിലെങ്ങും ഒരു സംഘർഷാവസ്ഥ ഉളവായി. സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും മണ്ണിന്റെ മക്കൾ ഉണർന്നു തുടങ്ങി. കുട്ടനാട്ടിൽ ഘോഷയാത്രകളും പൊതുയോഗങ്ങളും സർക്കാർ നിരോധിച്ചു. നിരോധനത്തെ ലംഘിച്ച് തൊഴിലാളികൾ ആർപ്പുവിളികളോടെ പ്രകടനം നടത്തി. പടച്ചാലിൽ പട്ടാളവെടിവയ്പ്പിൽ അനേക മനേകം പേർ മരിച്ചു വീണപ്പോൾ ചിരുത ഒരു ആൺകുഞ്ഞിന് ജന്മം നൽകി. ചാത്തനാണ് പ്രസവശുശ്രൂഷയിൽ സഹായിച്ചത്.

കുട്ടനാട്ടിലെ രക്തസാക്ഷികൾക്കുവേണ്ടി രാജ്യമാകെ ഒറ്റക്കെട്ടായി ഉണർന്നു. നാടാകെ സ്റ്റേറ്റ് കോൺഗ്രസ്സ് കീഴ്ഘ ടകങ്ങളെ സാധാരണക്കാരൻ പിടിച്ചെടുത്തു. മന്ത്രിസഭ ഉടഞ്ഞു എന്നു തന്നെയല്ല; പടച്ചാൽ കൊലപാതകികളെ പരസ്യമായി വിചാരണ ചെയ്യണം എന്ന ആവശ്യം മുഴങ്ങി.

ചിരുതയുടെ തറയിൽ അവളുടെ രക്ഷകർത്താവായി, കുഞ്ഞിന് അമ്മാവനും അച്ഛനുമായി ചാത്തനുണ്ട്. കുഞ്ഞിനുവേണ്ടി (വെളുത്ത എന്നാണ് കുഞ്ഞിന്റെ പേര്) യാണ് ചാത്തൻ ജീവിക്കുന്നത്. ചാത്തൻ ആരോഗ്യവാനായിരി ക്കാനാണ് ചിരുത ജീവിക്കുന്നത്. അകം നിറഞ്ഞ കൃതജ്ഞ തയോടെ.

വെളുത്തയ്ക്ക് ഏതാണ്ട് അഞ്ചു വയസ്സായപ്പോൾ ഒരു സുപ്രഭാതത്തിൽ കുട്ടനാട് കർഷകത്തൊഴിലാളി യൂണിയനിൽ കർമ്മനിരതനാകുവാൻ ചാത്തൻ ചിരുതയോട് യാത്ര പറഞ്ഞി റങ്ങി; വെളുത്തയെ വാരിയെടുത്ത് ചുംബിച്ചുകൊണ്ട്. ചാത്തൻ യൂണിയൻ ക്യാമ്പിൽ ചെന്നു കയറി; അവിടെ വച്ച് കോരനെ കണ്ടുമുട്ടുകയാണ്. തന്റെ കുഞ്ഞിന്റെയും ചിരുതയുടെയും കാര്യ ങ്ങൾ അന്വേഷിക്കവേ "അമ്മാമാ" എന്നൊരു വിളി "ഇതാ നിന്റെ അച്ഛനെ നോക്ക്" എന്നു പറഞ്ഞുകൊണ്ട് ചാത്തൻ വെളുത്തയെ കോരനു കൈമാറി. ചിരുതയുടെ കൈ പിടിച്ചു കോരന്റെ കൈയ്യിൽ വച്ചുകൊടുത്തപ്പോൾ കോരനും ചിരുതയും ഒന്നായി.

അധികം അകലെയല്ലാതെ ഒരു മുദ്രാവാക്യം മുഴങ്ങുകയാണ്

*"വിപ്ലവം ജയിക്കട്ടെ*
*യൂണിയൻ ജയിക്കട്ടെ"*

നാളെയുടെ ശബ്ദമായ വെളുത്ത അവന്റെ കൊച്ചു കൈ ചുരുട്ടി ഉയർത്തിക്കൊണ്ട് വിളിച്ചു പറഞ്ഞു.

*"കൃഷിഭൂമി കർഷകർക്ക്"*

പൗരുഷത്തിന്റെയും സന്മാർഗ്ഗത്തിന്റെയും പ്രതിരൂപമായ ചാത്തൻ, സ്ത്രീത്വത്തിന്റെ വെടിപ്പും വിശുദ്ധിയും പവിത്രതയും കാത്തു സൂക്ഷിച്ച് പതിനഞ്ചു വർഷം കോരനു വേണ്ടി കാത്തിരുന്ന ചിരുത, ആദർശശാലിയായ വിപ്ലവകാരി കോരന്റെ പുന:സമാഗമം – ഇത്ര മാത്രം വികാരതരളിതമായ ഉദാത്തമായ ശുഭപര്യവസായിയായ രംഗം സൃഷ്ടിക്കുവാൻ തകഴി മാമന് മാത്രമേ കഴിയൂ.

കുട്ടനാടിന്റെ മണ്ണിൽ ഒരു നവയുഗപ്പിറവിക്കു വിത്തുപാകിയ തകഴി ശിവശങ്കരപ്പിള്ള സാമൂഹ്യനീതിയുടെ പ്രബോധകനും പ്രയോക്താവും പ്രവാചകനുമായിരുന്നു. പള്ളീലച്ചന്റെ സുവി ശേഷ പ്രഘോഷണ തീക്ഷ്ണതയെ വെല്ലുന്ന ഒരു ആർജ്ജവം അദ്ദേഹത്തിന്റെ പദവിന്യാസത്തിൽ ദർശിക്കുവാൻ സാധിക്കും. ഒരുകാലത്ത് സവർണ്ണ ജനവിഭാഗങ്ങളുടെ കുത്തകയായിരുന്ന മലയാളഭാഷാ സാഹിത്യത്തെ, അരമനയിൽ നിന്ന് അങ്ങാടി പ്പുറത്തും കടപ്പുറത്തും നെൽപ്പാടങ്ങളിലുമെത്തിച്ച തകഴി മാമന് വിശ്വസാഹിത്യത്തിന്റെ നെറുകയിലാണ് സ്ഥാനം.

**നറുങ്ങ്:10**
Which legendary Malayalam lyricist used to write songs under the pseudonym BALA MURALI ?

# ഒരു വട്ടം കൂടി
# എന്റെ പാഠപുസ്തകങ്ങൾ

1956 ലെ സംസ്ഥാന രൂപീകരണത്തിന് ശേഷം കേരളത്തിലെ സംസ്ഥാന സർക്കാർ സിലബസ് വിദ്യാലയങ്ങളിൽ പഠിച്ചിട്ടുള്ളവരെല്ലാം ഉപയോഗിച്ചിരുന്ന പുസ്തകങ്ങളാണ് "കേരള പാഠാവലി മലയാളം". ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ് വരെ ഓരോ വർഷത്തിനും ഓരോ പുസ്തകം. എട്ടോ പത്തോ കൊല്ലം കൂടുമ്പോൾ "പുസ്തകം മാറും". പാഠപുസ്തകങ്ങൾ സമഗ്ര പരിഷ്കരണത്തോടെ ഡി.പി.ഇ.പി സമ്പ്രദായത്തിലേക്ക മാറ്റിയ 1994 വരെ ഓരോ സ്റ്റാൻഡേർഡിനും നാലോ അഞ്ചോ പതിപ്പുകൾ ആകെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. മുകളിൽ പറഞ്ഞ കാലയളവിൽ കേരളത്തിലെ സ്കൂളുകളിൽ പഠിച്ചവരെല്ലാം ഇതിൽ ഏതെങ്കിലും പുസ്തകത്തിലെ രണ്ടുവരി കവിതയോ ഗദ്യപാഠങ്ങളിലെ ഒരു ചെറിയ ഭാഗമോ ഓർക്കാതിരിക്കില്ല. കവിതാശകലങ്ങൾ ഓർമ്മയിൽ നിൽക്കാനാവും കൂടുതൽ സാധ്യത. പാട്ടുകളും കവിതകളും ആണല്ലോ എപ്പോഴും കാലാതിവർത്തിയായി നിലനിൽക്കുന്നത്.

ഈ പഴയ മലയാളം പാഠപുസ്തകങ്ങൾ ഒന്നുകൂടി വായിക്കണമെന്നത് കഴിഞ്ഞ പത്തുപതിനഞ്ചു കൊല്ലമായി എന്റെ മനസ്സിലുള്ള ഒരാഗ്രഹം ആയിരുന്നു. ഇപ്പോഴും ഓർമയിൽ നിൽക്കുന്ന പല കവിതാ ശകലങ്ങളും നുറുങ്ങുകൾ പോലെ മനസ്സിൽ അവശേഷിക്കുന്ന ഗദ്യപാഠങ്ങളും ആ ആഗ്രഹത്തെ ശക്തിപ്പെടുത്തിക്കൊണ്ടിരുന്നു. കവിതകൾ പലതും ഇന്ന് അച്ചടിരൂപത്തിലും സാമൂഹ്യമാധ്യമങ്ങളിൽ ആലാപന രൂപത്തിലും ലഭ്യമാണ്. പക്ഷേ ഗദ്യ പാഠങ്ങളുടെ കാര്യം അങ്ങനെയല്ല. "വക്കീലന്മാരുടെ കൊളമ്പും" "ആ തണുത്ത വെളുപ്പാൻ കാലത്തെ തീവണ്ടിയാത്ര"യും കാച്ചിൽ കൃഷ്ണപിള്ളയും കൂട്ടരും കാണിച്ച "അല്പത്തരങ്ങളും" "കവിത"യെക്കുറിച്ചുള്ള വിജ്ഞാനപ്രദമായ ലേഖനവും എല്ലാം ഇനിയൊരിക്കലും കാണാൻ കഴിയാത്തവിധം നഷ്ടമായെന്ന് കരുതിയിരിക്കുകയായിരുന്നു.

അങ്ങനെ ഇരിക്കുമ്പോഴാണ്, പൊതുജനങ്ങൾക്ക് അപ്രാപ്യമായി നിന്നിരുന്ന ഈ പാഠ പുസ്തകങ്ങളെല്ലാം തേടിപ്പിടിച്ചെടുത്ത് ഡി.സി ബുക്സ് "ഒരുവട്ടം കൂടി എന്റെ പാഠപുസ്തകങ്ങൾ" എന്ന പേരിൽ പ്രസിദ്ധീകരിക്കുന്നു എന്ന പരസ്യം 2018 ജൂലൈ മാസത്തിൽ നാട്ടിൽ വച്ച് കണ്ടത്. എറണാകുളത്തെ ഡി.സി ബുക്സിൽ പുസ്തകം ബുക്ക് ചെയ്യാൻ ഒട്ടും ആലോചിക്കേണ്ടിവന്നില്ല. ഡിസംബറിൽ നാട്ടിൽ ചെന്നപ്പോൾ പുസ്തകങ്ങൾ കിട്ടി. അച്ചടിച്ച പുസ്തകങ്ങൾക്ക് പുറമേ ഇ-ബുക്ക് രൂപത്തിലും ഈ പുസ്തകങ്ങൾ ലഭ്യമാണ്. പ്രവാസികൾക്ക് വളരെ പ്രയോജനകരമായ ഇ-ബുക്ക് വാങ്ങാൻ ഡി.സി ബുക്സിന്റെ വെബ് സൈറ്റിൽ സൗകര്യമുണ്ട്. പുസ്തകത്തിലെ ചില ഭാഗങ്ങൾ, പ്രത്യേകിച്ച് കവിതകൾ ഓഡിയോ ബുക്ക് ആയി ഉൾപ്പെടുത്തിയിട്ടുള്ളത് കവിതകൾ പാടിക്കേൾക്കാനും ഉപകരിക്കും.

വായിച്ചു തുടങ്ങിയപ്പോൾ തന്നെ പ്രതീക്ഷക്കൊത്ത സംതൃപ്തിയും ഗൃഹാതുരത്വം നിറഞ്ഞ അനുഭൂതിയും സമ്മാനിച്ച ഈ പുസ്തകങ്ങൾ മലയാളഭാഷയെയും സാഹിത്യത്തെയും സ്നേഹിക്കുന്നവർക്ക് ഒരു അമൂല്യ നിധിയായിരിക്കും എന്നതിൽ സംശയമില്ല.

ശ്രുതിരേഖയുടെ വായനക്കാർക്ക് ഈ പുസ്തകങ്ങളെ പരിചയപ്പെടുത്തുക എന്നതാണ് ഈ കുറിപ്പിന്റെ ഉദ്ദേശം. പാഠപുസ്തകങ്ങളെയോ ഈ പ്രസിദ്ധീകരണത്തെയോ കുറിച്ച് ആഴത്തിലുള്ള ഒരു പഠനമോ വിമർശനമോ നടത്താൻ ഞാൻ ശ്രമിക്കുന്നില്ല എന്ന് ആദ്യമേ പറഞ്ഞു കൊള്ളട്ടെ. മലയാളത്തിലെ ഗവേഷകരായ ശ്രീ ഇ. ശ്രീജിത്ത്, ഡോ. പി.കെ തിലക് എന്നിവർ എഴുതിയ രണ്ടു പഠനങ്ങൾ ആദ്യ വാല്യത്തിന്റെ തുടക്കത്തിൽ ചേർത്തിട്ടുണ്ട്. കേരളത്തിലെ മലയാളപാഠപുസ്തകങ്ങളുടെ ചരിത്രവും പ്രസക്തിയും



*Dr. Chovodath Unnikrishnan*

*Originally from North Paravur, he currently lives in Wakefield, West Yorkshire. He is interested in history and Malayalam literature, and is a passionate reader.*



വിശകലനം ചെയ്യുന്ന പ്രസ്തുത ലേഖനങ്ങൾ വളരെ വിജ്ഞാനപ്രദമാണ്.

മൂന്ന് വാല്യങ്ങളായി പ്രസിദ്ധീകരിച്ചിട്ടുള്ള ഈ പുസ്തകങ്ങളിൽ 1949-ലെ ഒന്നാം പാഠമാണ് ആദ്യപുസ്തകമായി ചേർത്തിരിക്കുന്നത്. ബാക്കിയെല്ലാ പുസ്തകങ്ങളും "കേരള സംസ്ഥാന പാഠാവലി" എന്ന് പേരിട്ടിരിക്കുമ്പോൾ സംസ്ഥാന രൂപീകരണത്തിന് മുൻപ് പ്രസിദ്ധീകരിച്ച ഈ ഒന്നാംപാഠത്തിന്റെ പേര് "ദേശീയ പാഠാവലി" എന്നാണ്. എല്ലാ ഒന്നാം പാഠങ്ങളും ആരംഭിക്കുന്നത് നമുക്ക് സുപരിചിതമായ "തറ" യിൽ തന്നെ. തുടർന്ന് പന, പറ, വല എന്നിങ്ങനെ ബാല മനസ്സുകളെ അക്ഷരങ്ങളുടെ ലോകത്തേയ്ക്ക് കൈ പിടിച്ച് കയറ്റാൻ ഈ ഒന്നാം പാഠങ്ങൾ വഹിച്ചിട്ടുള്ള പങ്ക് നിസ്സാരമല്ല. അവസാന പുറങ്ങളിൽ വാചകങ്ങളും ലഘു കഥകളും നിറഞ്ഞ ഈ പുസ്തകങ്ങൾ പിന്നീടുള്ള പതിപ്പുകൾ ആയപ്പോഴേക്കും ബഹുവർണ്ണമായി എന്നതൊഴിച്ചാൽ ഏതാണ്ട് അതേ രീതി തന്നെ പിന്തുടരുന്നു എന്ന് നമുക്ക് കാണാം. രണ്ട്, മൂന്ന് തുടങ്ങിയ ക്ലാസുകളിലെ പുസ്തകങ്ങളിൽ കുട്ടികളിൽ സ്വഭാവഗുണങ്ങൾ വളർത്താനും സാമൂഹ്യബോധം വികസിപ്പിക്കാനും ഉതകുന്ന തരത്തിലുള്ള ലേഖനങ്ങളും കഥകളും കുട്ടിക്കവിതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ചെറിയ സ്റ്റാൻഡേർഡുകളിലെ പുസ്തകങ്ങളിൽ പുസ്തകപ്രസിദ്ധീകരണസമിതിയിലെ അംഗങ്ങൾ തന്നെ എഴുതി തയ്യാറാക്കിയ പാഠങ്ങൾ ഉൾപ്പെടുത്തിയിരിക്കുമ്പോൾ ഉയർന്ന ക്ലാസ്സുകളിൽ പ്രസിദ്ധരായ എഴുത്തുകാരുടെ കൃതികളിൽ നിന്നും തെരഞ്ഞെടുത്ത ഭാഗങ്ങൾ ചേർത്തിരിക്കുന്നു.

ഒന്ന് മുതൽ ഏഴു വരെ സ്റ്റാൻഡേർഡുകളിലെയും പത്താം ക്ലാസ്സിലെയും മൂന്നോ നാലോ പുസ്തകങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളപ്പോൾ എട്ട്, ഒൻപത് ക്ലാസ്സുകളിലെ രണ്ട് പതിപ്പുകളേ ഇതിൽ കാണുന്നുള്ളൂ. പഴയ പുസ്തകങ്ങളുടെ പ്രതികൾ തേടിപ്പിടിക്കാൻ പ്രസാധകർ നേരിട്ട ബുദ്ധിമുട്ടുകൾ ശ്രീ രവി ഡി.സി യുടെ ആമുഖത്തിൽ വിവരിച്ചിട്ടുണ്ട്. അതാകാം ചില ക്ലാസ്സുകളിലെ പുസ്തകങ്ങൾ മറ്റു ചിലവയെ അപേക്ഷിച്ച് കുറവായി കാണുന്നതിന്റെ കാരണം.

കാലികപ്രസക്തി നിലനിർത്തുന്ന ഉള്ളടക്കങ്ങൾ ഒന്നാം പാഠത്തിൽ പോലും നമുക്ക് കാണാം. 1949 ൽ പ്രസിദ്ധീകരിച്ച ഒന്നാം പാഠത്തിൽ "ചൊവ്വരദേശം കൊച്ചി രാജാവ് ഭരിക്കുന്നു" എന്ന് കൊടുത്തിരിക്കുന്നു. കേരള സംസ്ഥാന രൂപീകരണത്തിന് മുൻപത്തെ രാഷ്ട്രീയത്തിന്റെ ഒരു ചെറിയ സ്ഫുരണം നമുക്കിവിടെ ദർശിക്കാം.

മലയാളം പാഠപുസ്തകങ്ങളിലെ ഒരു പ്രധാന വിഭാഗമാണല്ലോ കവിതകൾ. ആദ്യകാല കവിതകൾ മുതൽ ആധുനിക കവികളുടെ കവിതകൾ വരെ വലിയ ഒരു നിര തന്നെ ഈ പുസ്തകങ്ങളിൽ നമുക്ക് കാണാൻ കഴിയും. ചെറുശ്ശേരിയും എഴുത്തച്ഛനും കുഞ്ചൻ നമ്പ്യാരും പലതവണ ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നതായി കാണാം. "കൃഷ്ണഗാഥ" യിലെ കണ്ണന്റെ വികൃതികൾ പല കവിതാഭാഗങ്ങളായി കൊടുത്തിരിക്കുന്നത് ചെറുപ്രായത്തിലുള്ള കുട്ടികളെ രസിപ്പിച്ചിരിക്കാൻ ഇടയുണ്ട്. പണ്ട് പഠിച്ചിരുന്ന കാലത്ത് ഈ പ്രത്യേകത ശ്രദ്ധിച്ചിരുന്നോ എന്നിപ്പോൾ ഓർക്കാൻ കഴിയുന്നില്ല. മലയാളത്തിലെ ആദ്യ കാല കവിതകളും ആശാൻ, ഉള്ളൂർ, വള്ളത്തോൾ, ജി, ഇടപ്പള്ളി, ചങ്ങമ്പുഴ, വൈലോപ്പിള്ളി, ബാലാമണിയമ്മ തുടങ്ങി സുഗതകുമാരി, ഒ.എൻ. വി വരെയുള്ള ഇരുപതാം നൂറ്റാണ്ടിലെ പ്രമുഖ കവികളുടെ മനോഹര കവിതകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഈ പുസ്തകങ്ങൾ വായിക്കുമ്പോൾ ഒരു നല്ല കവിതാ സമാഹാരം തരുന്ന അനുഭൂതി നമുക്ക് ലഭിക്കുന്നു എന്നതിൽ സംശയമില്ല.

ഗദ്യപാഠങ്ങൾ പലതിലെയും നുറുങ്ങുകൾ ഇപ്പോഴും മനസ്സിൽ തങ്ങിനിൽക്കുന്നുണ്ടെന്ന് പുസ്തകത്തിലെ താളുകൾ മറിച്ചുനോക്കുമ്പോൾ നമുക്ക് ബോധ്യപ്പെടും. അഴിമതിക്കാരനായ പാറാവുകാരന് തനിക്കുകിട്ടുന്നതിൽ പാതി അടി നൽകാൻ അഭ്യർത്ഥിച്ച കഥയും ഉത്താനപാദരാജാവിന്റെ മകൻ ധ്രുവരാജകുമാരന്റെ കഥ, നീലക്കുറുക്കന്റെ കഥ തുടങ്ങി പലതും മനസ്സിലേക്കോടിയെത്താൻ ഇതിന്റെ പുറങ്ങളിലൂടെ ഒന്ന് കണ്ണോടിയ്ക്കുകയേ വേണ്ടൂ. പല പ്രമുഖ വ്യക്തികളുടെയും ജീവിതത്തെക്കുറിച്ചുള്ള ലേഖനങ്ങൾ ധാരളമായി പാഠപുസ്തകങ്ങളിൽ ഉണ്ടായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. ജോർജ് വാഷിംഗ്ടൺ, സ്വാതി തിരുനാൾ, മുഹമ്മദ് നബി, യേശു ക്രിസ്തു, ഫ്ലോറൻസ് നൈറ്റിൻഗേൽ, സോക്രട്ടീസ് തുടങ്ങി അനേകം മഹദ് വ്യക്തികളെ കുട്ടികൾക്ക് പരിചയപ്പെടുത്താൻ ഇവ സഹായിച്ചിട്ടുണ്ട്. ഇവരിൽ പലരെയും കുറിച്ച് ഉറച്ച ഒരു അടിസ്ഥാനധാരണ മനസ്സിൽ വേരുപിടിക്കുവാൻ തീർച്ചയായും ഈ പാഠപുസ്തകങ്ങൾ എന്നെ സഹായിച്ചിട്ടുണ്ട്.

സാഹിത്യപഞ്ചാനൻ പി.കെ നാരായണപിള്ള, കേസരി ബാലകൃഷ്ണപിള്ള, സി.ജെ തോമസ്, കൈനിക്കര കുമാരപിള്ള, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, കെ.പി കേശവമേനോൻ, ജോസഫ് മുണ്ടശ്ശേരി, കുറ്റിപ്പുഴ കൃഷ്ണപിള്ള തുടങ്ങി മലയാളത്തിലെ പഴയ തലമുറയിലെ കരുത്തുറ്റ ഗദ്യകാരന്മാരുടെ ലേഖനങ്ങൾ ഒരിക്കൽക്കൂടി ഒരു കൂട്ടം പുസ്തകങ്ങൾ വഴി നമുക്ക് അനുഭവിക്കാൻ കഴിയുന്നു എന്നത് ഒരു വലിയ കാര്യമായി ഞാൻ കരുതുന്നു.

ഉയർന്ന ക്ലാസ്സുകളിലെ പുസ്തകങ്ങളിൽ സാഹിത്യ സംബന്ധിയായതും തത്വചിന്താത്മകവും ആയ പാഠങ്ങളോടൊപ്പം ശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ലേഖനങ്ങളും ധാരാളമായി കാണാൻ കഴിയും. ആയിരത്തി തൊള്ളായിരത്തി എൺപതുകളിലെയും തൊണ്ണൂറുകളിലെയും

പാഠപുസ്തകങ്ങളിൽ ടെലിവിഷൻ, കമ്പ്യൂട്ടർ തുടങ്ങി താരതമ്യേന ആധുനികങ്ങളായ ശാസ്ത്രവിഷയ ങ്ങൾ പ്രാമുഖ്യത്തോടെ വിവരിക്കുന്നു.

ഈ പാഠപുസ്തകങ്ങൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്ന ഒരുകാര്യം ഇതിലെ ഉള്ളടക്കത്തിന്റെ ചരിത്രം, മലയാള സാഹിത്യത്തിന്റെ, പ്രത്യേകിച്ച് കവിതയുടെ ചരിത്രത്തിന്റെ ഒരു നേർരേഖ നമ്മുടെ മുൻപിൽ അവതരിപ്പിക്കുന്നു എന്നതാണ്.

"ശ്രുതി"യെയും യു.കെ.യിലെ കലാസാംസ്കാരിക രംഗത്തെയും സംബന്ധിച്ച് ചാരിതാർത്ഥ്യകരമായ ഒരു കാര്യം കൂടി രേഖപ്പെടുത്തിക്കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. സർവ്വശ്രീ വി. മധുസൂദനൻ നായർ, പ്രഭാ വർമ്മ, പി.കെ രാജശേ ഖരൻ എന്നിവരാണ് പ്രസിദ്ധീകരണത്തിന്റെ എഡിറ്റർമാർ. ഇവരിൽ വി. മധുസൂദനൻ നായർ "ശ്രുതി" യുടെയും യു.കെ യിലെ മറ്റൊരു സാംസ്കാരിക സംഘടനയായ "കല" യുടെയും അതി ഥിയായി ഇവിടെ വന്ന് നമ്മോടു സംസാരിച്ചിട്ടുള്ളവരാണ്. പ്രഭാവർമ്മ കഴിഞ്ഞ വർഷം "കല" യുടെ മുഖ്യാതിഥിയായിരുന്നു. പി.കെ രാജശേഖരൻ ഈ വർഷം "ശ്രുതി" യുടെ മുഖ്യാതി ഥികളിൽ ഒരാളായി പങ്കെടുക്കുന്നു. മലയാളപുസ്തക പ്രസിദ്ധീ കരണരംഗത്ത് നാഴികക്കല്ലായി മാറിയേക്കാവുന്ന ഈ പുസ്തക ങ്ങൾക്കു പിന്നിൽ പ്രവർത്തിച്ചവർ "ശ്രുതി" യുടെയും "കല" യുടെയും സുഹൃത്തുക്കളും സഹകാരികളും ആണ് എന്ന് പറയുന്നത് ഈ സംഘടനകൾക്ക് അഭിമാനകരമായ ഒരു സംഗതിയാണ്.

**നറുങ്ങ്-11**

Identify this exemplary political figure

Translated H.G. Wells' "A Short History of the World" into Malayalam

Stood first in SSLC examination in Kochi state and later won gold medal for graduation at St. Joseph's College, Tiruchirappalli

The first Finance Minister of Kerala



# CHANGE IS THE ONLY CONSTANT



Breeze George

*Has been active in Sruthi since 2010, predominantly through dance and drama programmes. At present she is the youth representative of Sruthi and continues to showcase her talent and interest through classical and folk arts of Kerala.*

The impact of social media upon democratic processes has been largely increasing the access between politicians and citizens. The people today play a significant role in shaping and propelling change in society as well as the political status quo of the country. Although democracies have been established, access to citizens and understanding their interests was never achieved fully. However, the shift is predominant in the political arena due to social media because of the direct and instant connection with the members of public. Some examples include signing petitions, use of hashtags, sharing videos and nominating people to do tasks to initiate campaigns. There are multifarious advantages and disadvantages to these which I shall discuss furthermore.

If one recalls the reason why each of us joined social media platforms like Facebook, Twitter or Instagram; it would be to connect with friends, family, for business networking or for other personal and social reasons. I think ten years back the relevance of Facebook or Twitter as a platform to fundraise for a good cause or to propel change or stand up for justice was not the initial reasons as to why we joined such platforms. From this perspective, I think social media has emerged to be a socio-political networking platform for all users. It is a space or a platform that reflects the international community we live in. I understand it as a social world media because it incorporates every user who has a profile.

It is important to understand that change is the only constant because random nature of time and our environment. As humans we have an inner sphere, a private sphere of close connections and a public sphere of community, nation and world. These layers are all condensed into the platform of social media as you share your interests in your profile, your communication with close members and your communication with the rest of the public. Then, social media is a world within our world that has the power to showcase the scale and intensity of the impact of the injustices in the physical world. The relevance




of any matter is heightened when the number of cases increases. It is the magnitude of sexual harassment which led to the success of #MeToo campaign.

As much as we are social animals, we have a private, concealed side which is protective of the social image we create for ourselves. Some indicate it is blown out of proportion, others cannot gather their opinion on it, some listen and choose not to react, and some take a strong stance to propel change. Whatever each of us thinks, it is undeniable that the magnitude of sexual misconduct or harassment across the globe was an issue hidden and hushed for a long time due to the norms of our social cultures. If unheard stories from some of the most high-profile empowered women of Hollywood and Westminster must come to the forefront after decades, then, we must redefine and reform what we consider as conventional ways or mindset.

However, an issue with the #MeToo movement is the lack of clarity of those unheard experiences of misconduct, the validity of some of those accusations and the argument of what relevance a ten-year old issue has today? The level of complexity is multifarious, and solutions cannot be made to every individual case so easily. Yet, what can be discerned is an immediate and significant need for policies that will instil order of conduct between colleagues at a workplace. It is necessary to define what normal behaviour is at workplace. This is the change happening in international companies, governments and organisations.

The greatest strength of social media is that it embodies the values and principles of equality, freedom and opportunity that every activist of feminism, humanism and equality advocates. Social media is the only platform whereby every user has an equal right free from a patriarchal history, a hierarchical structure or any form of discrimination or barriers. It does not even have borders like nation -states; allowing the free will to message, react, share and create content. Social media cannot be discarded as a virtual reality then, because it is a space where people with access to internet can connect, participate, discuss and make a difference in the real world. However, some words used to value content in social media are 'viral', 'movement', 'trending', which sets an expectation of the minimum scale of audience a content or subject needs to reach to be rendered as a significant campaign or movement. Soon after the #MeToo movement, Alyssan Milano (actress who first started the outpouring of #MeToo tweets) also started supporting children rights and used the #HerToo which has not had a global outreach as the MeToo movement. Success rate is defined in the form of number of followers who retweets, shares the post or uses the hashtag. This sometimes undermines the significance of the issue and the objective it is trying to reach.

**Me too campaign**

#MeToo has become the defining cultural phenomenon of the Trump era. The campaign was triggered after Mr Trumps elections when a video of his arbitrary remarks was released. The wave really led on when Alyssa Milano tweeted about her personal experience with harassment and abuse. The string of allegations faced by Harvey Weinstein is one of the most significant case of justice being served. All these allegations from high profile celebrities to teachers, government officials and members of public have come out with their individual experiences of sexual harassment. The reach of this campaign has been international even, so hitting the highest political governing bodies like European Parliament.

In the case of the campaign it was largely women who were sexually harassed by men. However, it is also for those women who sexually harassed their subordinate men or women. Some have argued that #MeToo has 'gone too far' almost as a form of male lynching in social media. This is where clarity and a dignified approach is needed to understand that this is about not men or women, it is about human experiences that were not supposed to happen in the first place. It is a trigger to revisit the workplace morale and bring new policies to avoid any misconduct. An interesting fact is that, each country had its own variations to the MeToo movement such as 'Balance Ton Porc' in France, 'Quella Volta Che' in Italy and 'Yo Tambien' in Spain.

In India, following the Delhi gang rape case, there has been much political debate and social dialogue on the security and safety of women in India. The #MeToo movement in India has become frail because of the same fear of being shamed by society has led to anonymous cases. The anonymity of numerous cases leads to a vague sense of what is happening. Therefore, as much as the MeToo campaign allows and is tolerant of people to be anonymous, it is necessary for information and evidence to come out to the public so that experience of the sexual assault and the name of the offender pushes forward arrest, convictions and legislative change. For a movement to come out of the virtual reality of social media into the physical world this sense of clarity must be achieved. It asks for women to come out of the vicious circle of being controlled by others and overcome the fear of being shamed.

In the abduction case of the Malayalee actress, although her identity was known, she preferred to be unnamed in the media and in legal reports, but, due to the high-profile nature of celebrities and their position in the industry, this matter would not be dissolved amongst the many stories in the Malayalam industry. When the need is of social and political change, there is a necessity of strong evidence and drive to seek justice. Fear of being named as characterless or a bad woman is a common reason for restraint from speaking out. Fear of facing the consequences, hence fear of speaking out against those in a senior or more powerful position to you is apparent in this example. But that is the beauty of this campaign that even the unheard stories came to the forefront of billions of people, which exposed the magnitude of the matter in every country.

Participation in propelling a movement forward can have its drawback in social media in the overtly simplified approach to reaction becomes an emoji or smilie. A 'thumbs up' as 'like' and angry emoji as 'dislike' is used as participation in supporting the campaign. This is a kind of delusion that one feels he or she has contributed to the movement without

really delving into the ways of betterment. This is also dangerous because supporting a movement is a collective effort with a specific aim and overtly simplifying it to a 'like' or 'dislike' weakens the larger aim of the movement. Unlike the use of emojis the success of the #MeToo campaign is the hashtag which was posted more than 85 million times. A local issue becomes national and international as community of people interacts rather than being confined to the barriers of nationality, religion and locality.

The impact of social media in our lives and the socio-political environment we live in is noteworthy because it can change our reality the way we want it. A problem in our localities can initiate change politically for the good of everyone. There are further issues within gender and outside of gender that needs to be solved or at least bettered in some way. When most people bear a patriarchal mindset and misogyny is rooted deeply across cultures, it is up to us to identify, discuss and change it. The process to legislation might be gruel, but the sweetness of peace is worth it for those who have endured injustice. This conviction that change can happen when we are unified is the clear message that I discern as a supporter of MeToo campaigns.

**നറുങ്ങ്-12**

This great Malayali physicist was appointed as the minister of state for science and technology and education; he also has an asteroid named in his honour. Can you identify him?






# ഒറ്റനോട്ടത്തിൽ....



**രഞ്ജീവ് കുറുപ്പ്**
*ആബർദീനിൽ നേവൽ ആർക്കിടെക്ടായി ജോലിചെയ്യുന്നു.*

ഉയർന്ന വീതിയേറിയ നെറ്റിത്തടം, നീണ്ട നാസിക, ആജ്ഞാശക്തി സ്ഫുരിക്കുന്ന തേജസ്സുറ്റ കണ്ണുകൾ, വിരിഞ്ഞ മാറ്, ഉറച്ച നീണ്ട ശരീരം, കരുത്തുള്ള മുട്ടോളമെത്തുന്ന കൈകൾ... സ്ത്രീ ശരീ രത്തിന്റെ ലക്ഷണവിലക്ഷണ വിശദീകരണങ്ങൾക്കും വിശകലനങ്ങൾക്കും മലയാള സാഹിത്യത്തിലും അതിലൂടെ മലയാളിയുടെ മനോമുകുരത്തിലെ സങ്കല്പങ്ങൾക്കും യാതൊരു പഞ്ഞവുമില്ല. അത്രയേറെയില്ലെങ്കിലും മേൽവിവരിച്ച തരത്തിലുള്ള രൂപവർണ്ണനയിലൂടെ സദ്ഗുണസമ്പന്നനായ നായക പാത്രസൃഷ്ടി നടത്തുന്ന സാഹിത്യരചനകളും ധാരാളം. അധിനിവേശ ഉപരിവർഗ്ഗത്തിന്റെ ശരീര ലക്ഷണങ്ങൾ സൗന്ദര്യത്തിന് അളവുകോലാകുമ്പോൾ മറ്റുള്ളവർ അനഭിമതരുമാകുന്നു. ശരീരസംപുഷ്ടിയും കായബലവുമുള്ളവർ ശ്രേഷ്ഠനായകന്മാരാകുന്ന ഗോത്രസ്വഭാവത്തിൽ നിന്നും ആധുനിക കോർപ്പറേറ്റുകൾ പോലും ഒട്ടും മോചിതരല്ല. ഒരു വ്യക്തിയെ സ്വഭാവഗുണത്തിലും കഴിവിലുമധികം രൂപഗുണവും ആകാരസൗഷ്ഠവവും നേതൃസ്ഥാനത്തെത്തിക്കുന്നെങ്കിൽ സമൂഹത്തിന്റെ കാഴ്ചപ്പാടുകളെ മുൻപ് ഉദ്ധരിച്ചതുപോലെയുള്ള മാതൃകാപരമായ വിവരണങ്ങൾ വളരെയധികം സ്വാധീനിക്കുന്നുവെന്നുള്ളത് വ്യക്തമാണ്. വർഗ്ഗപരവും വർണ്ണപരവുമായ വിവേചനങ്ങൾക്ക് മറ്റു നരവംശശാസ്ത്രപരമായ എന്തു വിശദീകരണങ്ങളുണ്ടെങ്കിലും മാധ്യമങ്ങളിലും പരസ്യങ്ങളിലും സാഹിത്യ സൃഷ്ടികളിലുമുള്ള മാതൃകാ സ്ത്രീ പുരുഷന്മാർ സമൂഹത്തിന്റെ കാഴ്ചപ്പാടുകളെ വികലമാക്കുന്നുണ്ട്. ഫ്ളോറിഡ യൂണിവേഴ്സിറ്റിയിലെ തിമോത്തി ജഡ്ജിന്റെ പ്രസിദ്ധപ്പെടുത്തിയ ഒരു പഠനത്തിൽ ഒരു വ്യക്തിയുടെ പൊക്കവും വരുമാനവും തമ്മിൽ നേർ പൊരുത്തമുണ്ടെന്ന് കണ്ടെത്തിയിരുന്നു. നിറം, ലിംഗം, രൂപസൗകുമാര്യം, എന്നിങ്ങനെ പലതും ഒരാളുടെ സാമൂഹിക സാമ്പത്തിക ഔദ്യോഗിക ഭാഗധേയങ്ങളെ നിയന്ത്രിക്കുന്ന പ്രധാന ഘടകങ്ങളാണെന്ന് പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. 2017-ൽ പ്രസിദ്ധപ്പെടുത്തിയ 'ലെമ്മി റിവ്യൂ' (The Lemmy Review, 2017) പ്രകാരം ബ്രിട്ടനിൽ കറുത്ത വർഗ്ഗക്കാരനായ ഒരാൾ അറസ്റ്റ് ചെയ്യപ്പെടാനുള്ള സാദ്ധ്യത വെളുത്ത നിറമുള്ള ഒരാളേക്കാൾ മൂന്നിരട്ടി കൂടുതലാണ്. ആ നിറമുള്ള ആൾക്കാരോടുള്ള ഒരു ആധുനിക സമൂഹത്തിന്റെ മുൻവിധിക്ക് പ്രത്യക്ഷോദാഹരണമാണ് ഈ കണക്കുകൾ. നമ്മുടെ കഥാപുസ്തകങ്ങളിലും അമർചിത്ര കഥകളിലും ഇപ്പോഴും അധമനും നീചനു മായ അസുരൻ കറുത്തിരുണ്ട് തടിച്ചവനും ഉരുണ്ട വലിയ മൂക്കുള്ളവനുമാണ്. നമ്മുടെ തന്നെയോ, പൂർവ്വികരുടെയോ ആയ ശാരീരിക ലക്ഷണങ്ങളാണ് ചില പ്രത്യേക സ്വഭാവദൂഷ്യങ്ങളുള്ള കഥാപാത്രങ്ങളെ വിവരിക്കാൻ ഉപയോഗിക്കുന്നത്. കറുത്ത നിറമുള്ള സദ് വ്യക്തികൾക്ക് കറുപ്പിനു പകരം നീല നിറം കൊടുത്ത് കറുത്തവരിൽ നിന്ന് അവരെ വ്യത്യസ്തരാക്കുന്ന അഭ്യാസവും നമ്മൾ നടത്തുന്നു. ആ നിറമുള്ളവർക്ക് നല്ല കഥാപാത്രങ്ങളുമായി ഒരു തരത്തിലും താദാത്മ്യം പ്രാപിക്കാനുള്ള അവസരം ഇതോടെ നഷ്ടപ്പെടുന്നു. ഇത്തരം രൂപവർണ്ണനകൊണ്ട് പാത്രസൃഷ്ടി നടത്തി വളർന്നു വരുന്ന ഒരു സമൂഹത്തെത്തന്നെ നമ്മൾ വികലമായ കാഴ്ചപ്പാടുള്ളവരായി പാകപ്പെടുത്തിയെടുക്കുന്നു. ഇത്തരം stereotype-കളെ സൃഷ്ടിക്കുന്നതിൽ പല ആധുനിക സമൂഹങ്ങളും നമ്മളേക്കാൾ ഒട്ടും പുറകിലല്ല. ഉദാഹരണത്തിന്, 'സിൻഡറെല്ല'യുടെ കഥ വായിച്ചു വളരുന്ന ഒരു കുട്ടിക്ക് അവളുടെ രൂപസൗന്ദര്യം സ്വഭാവനൈർമ്മല്യത്തിന്റെ പര്യായം തന്നെയാണ്. അതു പോലെ തന്നെയാണ് അവളുടെ ദു:സ്വഭാവികളായ അർദ്ധസഹോദരിമാരുടെ വൈരൂപ്യവും. ഇതുപോലെ ചില പ്രത്യേക നിറമുള്ളവരും വൈരൂപ്യമുള്ളവരെല്ലാം സ്വഭാവദൂഷ്യമുള്ളവരാണെന്ന ഒരു അബോധ വിലയിരുത്തലിലേക്കു നയിക്കുമ്പോൾ ലെമ്മി റിവ്യൂവിൽ വെളിപ്പെടുന്നപോലെ സമൂഹം അവരിൽ ചെയ്യാത്ത കുറ്റം ആരോപിക്കുകയും ചെയ്യുന്നു.

വികലമായ ഈ ആർജ്ജിതസൗന്ദര്യസങ്കല്പങ്ങൾ കുട്ടികളുടെ സ്വഭാവരൂപീകരണ

വേളയിൽ അവരിലുളവാക്കുന്ന അപകർഷതാ ബോധവും മുൻപു സൂചിപ്പിച്ച മുൻവിധിപോലെ തന്നെ ദോഷകരമാണ്. ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കണമെങ്കിൽ ഇത്തരം stereotypes ഒഴിവാക്കുകതന്നെ വേണം. ഇടപെടലുകളിലൂടെ ആരോഗ്യകരമായ ബന്ധങ്ങൾ വളർത്തിയെടുക്കാനും കെട്ടുറപ്പുള്ള ഒരു ആധുനിക സമൂഹം കെട്ടിപ്പടുക്കാനും മുൻവിധികൾ ഉപേക്ഷിച്ചേ തീരൂ.

**നറുങ്ങ്-13**

Identify this great Malayali physicist who came close to winning the Nobel Prize ...



# A PLUNGE TO LIVE IN GOD'S OWN COUNTRY – WHAT WE NOW SURELY KNOW



*Dr Shoba Arun*

*sociologist and author, is working as a senior lecturer in Manchester Metropolitan University. She has been and active member of 'Sruthi' since its beginning and has expressed her concerns regarding the problems faced by women in the society*

When we first announced our decision to live in Kerala for a few months- I was surprised by the dose of reactions- are you sure? Why a risk? what a mistake?, not worth it, why experiment, relationship spoiler, too expensive, cultural mismatch, India has changed so much, health scares etc, etc.. Of course, this dented my confidence. We never thought twice when we moved to the UK- life would be better we just assumed, and may be it was .. but when we want to move back to our country of our birth for a period more than the usual holiday, we are made to think not twice but several times- what has happened to us? Once a migrant, always a migrant- that thought propelled us forward. To be honest, there were very few tales of those who finally made it, that live happily back in India. Some returned sooner to the UK, others moved on elsewhere.. so this was indeed a plunge.. and we took it!!

Here I pen our experiences in India/Kerala during our sabbatical and study abroad period. Living in the UK, we wanted our 7 year old daughter to do a study abroad programme and live in Thiruvananthapuram, the city of her paternal grand parents. Being introduced to the City of *Ananthapadmanabhan*, and aptly named as Anantashree- she has regularly visited the city of Thiruvananthapuram during her UK school holidays. This time it was different, she was living in a different country for a longer period, in a new school, making new friends. We were all nervous.

Before we took off, the scare of Nipah haunted us. Even reaching there, the initial months were unsettling given the deluge of floods and rains in the State and the cancellation of Onam festivities came as a blow as we were so looking forward to spending Onam with family after a long time. Kerala witnessed a commendable relief and recovery effort during those last weeks in August and made headlines across the world. It also showed the lines of vulnerability of our lives - the land of ageing parents of ambitious, high achievers scattered in foreign lands, huge concrete structures where rescue

missions were difficult, thrown at the mercy of elements of nature that is too often thrashing the humankind that glorifies its reign over the environment; known as Anthropocene denoting the current geological age. Yet living in Kerala at that time made us able to understand the pain and trauma of disasters and indeed a learning experience for all of us, witnessing the voluntary and community spirit of people around us.

Thiruvananthapuram itself is a changing hub - for those who compare Kochi and *Ananthapuri* - here's some news. The rising Malls (Mall of Travancore, the upcoming Lulu Mall) will soon be a competition for Kochi. The Jatayu Earth Centre of Nature Park promises to be an inspiring eco-tourist venture with the world's largest bird sculpture. Be it pizzas, nuggets or rock climbing, there are no issues of cultural mismatch, the MacDonaldisation era has touched God's Own country! The inflow of foreign cars and improvements in basic infrastructure such as roads and communications have improved the quality of life over the years.

Education is steep learning curve in Kerala, as I learnt from my daughter's experience. The young ones catch up with multilingualism, with Hindi, Malayalam and EVS classes. Doing exams and addressing teachers as Maam!! Sports, fitness and body image is all so important than before. Tennis, Swimming, Zumba are zealously consumed by women and men alike, age no bar! Young children have so many activities, pottery, music or karate. Anantashree loved her tennis classes, whilst curiously poking at the big brown ants that some time fiercely snapped them -with a big ouch…These young stars train with enthusiasm and energy despite a long day at school, and parents or grandparents enjoying an hour on their phones or relaxing during these sessions. Enjoying the warmth of outdoor pools was indeed a bliss, a rarity in the UK. At times, the threat of rain and thunder startled us but we never stopped to enjoy the beauty of the blue waters below the thundering skies and tall trees lined along the poolside.

Yoga classes also pepped up our first hand authentic experience in Indian culture. We could continue Bharatanatyam classes in all its authenticity, relishing the cultural and dance programmes on many occasions such as the Soorya Festival, events at the Vyiloppilli Centre and the Navarathiri events. The festivities of Navarathiri, Diwali, X'mas, Pongal etc. added to the exuberant and jubilant atmosphere living in India. Fireworks were a special joy lighting up the sky and throwing up sparks that we enjoyed with friends over the holidays.

In December, we took a short trip to Sri Lanka, sights from the capital city and the day trip to Galle Fort helped her see how similar Kerala and Sri Lanka were – she was surprised to see that we reached another country in just 45 minutes! Galle Fort in the South-West of the Island was enchanting. These white buildings along the Bay of Galle was built first in 1588 by the Portuguese, then extensively fortified by the Dutch during the 17$^{th}$ century, and then occupied by the British. The historical and architectural heritage has attracted tourists, and revived through efforts of artists, writers, photographers and poets of foreign origin through bars, boutiques, hotels and restaurants. We enjoyed sandwiches, tea and Churros, our favorite Spanish treat from one of the bars located on the premises of the Old Dutch Hospital. One the way back, we stopped to visit the Turtle farms that rescue rare varieties of young turtles, a big lesson and a small step in protect-



*The site where Tipu Sultan was shot killed*

ing our valued ecosystem. The traditional sights of Galle fishermen are becoming a rarity in the country, although we found photo opportunities to pose as a 'Stilt Fisher Girl' that rekindles memories of this ancient way of fishing!

Returning to Kerala, we were constantly amazed at the historic links between the two countries through trade, culture and food - for example, similarities of towns named as Pettah - seen both in Colombo and Thiruvanthapuram. Incidentally, Pettah is defined as a suburb outside a fort in India or Sri Lanka. The mouth watering sea food cuisines, *appams* and *idiappams* and *sambals* linger, whilst the practices of Ayurveda and Buddhism take us back through routes of history.

We made short trips to some Indian cities. Mumbai has changed in many ways - The Bandra-Worli Sealink has changed the landscape, and literally the roadscape in the city which I remember from my last trip in 2006. Ten years into the 2008 Mumbai shootings, we visited some the sites of the shootings which was indeed heart breaking - there were memorials in the lobby of the Taj Mahal Palace Hotel and at the Hotel Trident to remember the fallen heroes. One of the richest homes in the world - Mukehsh Ambani's house $1.5 billion home Antilia towers over the skyline of South Mumbai. All these sights simply need to be experienced. But one cannot deny how everything in this powerhouse is a paradox of inequality—wealth and poverty, with homes of the Bollywood stars from Sharukh Khan's Mannath, to Rekha's house Basera in Bandra- all depict images of modernity and tradition.

Mysuru has become a home of homestays with pleasant trips to nearby towns of Somanathapur, Hampi, Bandipur etc. We forayed into a historical look at Srirangapatnam, a town named for its 12th-century temple dedicated to Shri Ranga. But more known for its proud son who bravely took on the British, sadly Tipu Sultan was killed in 1799 at the hands of the British. His Summer Palace with murals of processions and battle scenes and the Gumbaz Mausoleum where he is laid to rest with his parents is indeed worth a visit. The town itself is closely nestled on the banks of Kaveri, adjacent to the amazing home to migratory birds- Ranganthittu Bird Sanctuary and nesting site for pelicans, spoonbills and white ibis. The ornithologist Salim Ali persuaded the Wodeyar Kings to create this wildlife sanctuary in 1940. It also has the a large number of fresh water crocodiles, seen to be resting calmly on the hard rocks with eyes roving on the visitors.

Chennai - again known to us as Madras- was another short trip combining work and travel. In particular, we wanted to visit Annie Beasant's Theosophical Society, as Anantashree portrayed the role of Annie Beasant during Independence Day Celebrations at her school. This is also known as the "Huddleston Gardens", and spread over a large area with beautiful greenery. Amazingly it has a 450-year-old banyan tree which is known locally as *Adyar aala maram* under

which as many as 3000 people at a time have sat and listened to discourses by J Krishnamurthi, Annie Besant, Maria Montessori and others.

Time at Thiruvananthapuram also meant tremendous opportunities to interact with Kerala Scholars, activists and peers. I was fortunate to be associated with the Centre for Development Studies during this period that enabled me to continue with my work as well as meeting the new generations of researchers from the state. Time with ageing parents, and bonding with grandparents, interactions through weddings and funerals were also precious moments that rekindle bonds.

Time to return to the UK was drawing close. As we prepared to return, this time we were less nostalgic - our extended stay in Kerala helped renew our friendships and confidence. We organised a Leaving party with the theme of Art and Reading at the celebrated Reading Room, which inspires little readers. Tears and hugs flowed, showing how our young bond with their peers so quickly. These memories will always be etched deep. Anantashree feels that she can return anytime to India, and her new friends - as she grows older, the memories of her time in Kerala will enrich her in many ways and for that reason, are glad to have taken this short plunge that rewarded us with a web of nurturing memories and relationships.

